ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : ആഭ്യന്തര കാര്യങ്ങളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി 10-ന്റെ 1984 മാർച്ച് 31 വരെയുള്ള കമ്മിറ്റിയുടെ ആനുകാലിക റിപ്പോർട്ട് ഞാൻ അവതരിപ്പിക്കുന്നു.

VI ധനകാര്യം

1985-86-ലെ ബഡ്ജറ്റിലേക്കുള്ള സപ്ലിമെന്ററി ഗ്രാന്റിനേയും 1979-80, 1980-81, 1981-82, 1982-83 എന്നീ വർഷങ്ങളിലേക്കുള്ള എക്സ് ഗ്രാന്റിനേയും സംബന്ധിക്കുന്നധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ച

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന 26-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുപത്തിയഞ്ച് ലക്ഷത്തിഅൻപത്തിയൊൻപതിനായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കുടുംബാസൂത്രണം എന്ന 19-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1979-80 സാമ്പത്തിക വർഷത്തേക്ക് അഞ്ച് ലക്ഷത്തിഅൻപത്തിയേഴായിരത്തി മുന്നൂറിഎഴുപത്തിഒൻപത് രൂപക്ക് അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മെഡിക്കൽ എന്ന 18-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1980-81 സാമ്പത്തികവർഷത്തേക്ക് ഇരുപത്തിയാറ് ലക്ഷത്തിതൊണ്ണൂറിനാലായിരത്തി അറുനൂറിമുപ്പത്തിയൊൻപത് രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരം എന്ന 42-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1980-81 സാമ്പത്തിക വർഷത്തേക്ക് രണ്ടുലക്ഷത്തിപതിനായിരത്തി അറുനൂറിതൊണ്ണൂറ് രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : പൊതുമരാമത്ത് എന്ന 15-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2600 രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : പോലീസ് എന്ന 12-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 300 രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജയിലുകൾ എന്ന 13-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തികവർഷത്തേക്ക് അഞ്ച് ലക്ഷത്തിഎണ്ണായിരത്തി അറുനൂറിപതിനൊന്ന് രൂപയ്ക്കുള്ളഅധികധാനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : പ്രകൃതിക്ഷോഭത്തിനിരയായവർക്ക് ദുരിതാശ്വാസം എന്ന 27-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40 കോടി രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വനവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭൂനികുതി എന്ന ആറാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തികവർഷത്തേക്ക് അഞ്ചു ലക്ഷത്തി അനുപത്തിയൊൻപതിനായിരത്തി നാനൂററി എഴുപത്തിയൊന്ന് രൂപക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്നും കൂടി റവന്യൂ വകുപ്പു മന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന 11-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തിക വർഷത്തേക്ക് എൺപ്പത്തിയാറായിരത്തി എണ്ണൂററി മുപ്പത്തിനാല് രൂപക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

Minister for Excise (**Shri N. Sreenivasan**) : Sir, I move that a Supplementary Grant of Rupees Seven Lakh and Fifteen Thousand be granted under Demand —Excise.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : വിദ്യാഭ്യാസം കല, സംസ്ക്കാരം എന്ന 17-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പത്തു ലക്ഷത്തി എഴപത്തിഅയ്യായിരത്തി ഒരുന്നൂറ് രൂപക്കുവേണ്ടിയുള്ള ഉപധാനാഭ്യർത്ഥന അനുവദിയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ ശിവദാസൻ) : സർ, സ്റ്റേഷനറിയും അച്ചടിയും ഭരണപരമായ മറ്റ് സർവ്വീസുകളും എന്ന 14-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1980-81 സാമ്പത്തിക വർഷത്തേക്ക് ഒരുകോടി 71 ലക്ഷത്തിപതിനേഴായിരത്തി ഇരപത്തിയഞ്ചുരൂപയ്ക്കുള്ള ഉപധാനാഭ്യർത്ഥന അനുവദിയ്ക്കണമെന്ന പ്രമേയം സഹകരണകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : വ്യവസായങ്ങൾ എന്ന 38-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മുന്നുകോടി ഒരുലക്ഷത്തി അൻപത്തിയോരായിരത്തി എണ്ണൂറ് രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിയ്ക്കണമെന്ന് പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ട്രഷറി അക്കൗണ്ടുകൾ എന്ന പത്താം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തിക വർഷത്തേക്ക് പന്ത്രണ്ട്ലക്ഷത്തി അൻപത്തിയോരായിരത്തി നാനൂററിയൊന്ന് രൂപയുടെ അധികധനാഭ്യർത്ഥന അനുവദിയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പലവക വായ്പകളും മുൻകൂറുകളും എന്ന 45-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തിക വർഷത്തേക്ക് എൺപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി മുന്നൂററിയെൺപത്തിയെട്ട് രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിയ്ക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

Minister for Irrigation (**Sri M. P Gangadharan**) : Sir, I move that the Supplementary Grant of Rs. 100 be granted under demad XXXIX-Irrigation. I also move that the excess grant of Rs. 1,04,03,306 be granted under Demand XXI-public Health Engineering for the year 1980-81. I also move that the excess grant of Rs. 63,25,762 be granted under Demand XXXVIII-Irrigation for the year 1980-81.

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യവികസനം വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സാമൂഹ്യവികസനം എന്ന 37-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നൂറ് രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സാമൂഹ്യവികസനം എന്ന 36-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തിക വർഷത്തേക്ക് മൂന്നുലക്ഷത്തി എഴുപത്തിഅയ്യായിരത്തി അറുനൂറ്റിഅറുപത്തിയേഴ് രൂപയ്ക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, മൃഗസംരക്ഷണം എന്ന 32-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1980-81 സാമ്പത്തിക വർഷത്തേക്ക് 41,786 രൂപയ്ക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : വാഹനനികുതികരം എന്ന 9-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1980-81 സാമ്പത്തികവർഷത്തേക്ക് രണ്ടുലക്ഷത്തി മൂവായിരത്തി ഇരുന്നൂറ്റി മുപ്പത്തിയൊന്ന് രൂപയ്ക്കുള്ള അധികധനാഭ്യർത്ഥന അനുവദിയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വാഹനനികുതികരംഎന്ന 9-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തിക വർഷത്തേക്ക് ഏഴ് ലക്ഷത്തി പതിനെണ്ണായിരത്തി എഴുന്നൂറ്റിയിരുപത്തിമൂന്ന് രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ന്യൂസർവ്വീസ് പ്രൊപ്പോസിഡ്യൂവറാണ് ഇതിന്റെ ഉള്ളടക്കം. ന്യൂസർവ്വീസ് പ്രൊപ്പോസിഡ്യൂവർ എന്നു പറഞ്ഞാൽ ലെജിസ്ലേച്ചർ സ്ക്രൂട്ടിണിക്ക് വൈ പാസ്സ് ചെയ്യുന്നതാണ്. ഇത് വാസ്തവത്തിൽ ജനാധിപത്യപരമായ സമ്പ്രദായമുള്ളതല്ല. ഗവർമെന്റിന് അത്യാവശ്യമാണെങ്കിൽ മനസ്സിലാക്കാം. ന്യൂസർവ്വീസ് പ്രൊപ്പോസിഡ്യൂവർ അഡാപ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട ചില വ്യവസ്ഥകൾ നമ്മുടെ ചട്ടങ്ങളിലുണ്ട്. 152-ാം വകുപ്പിൽ ഒരു വ്യവസ്ഥയുണ്ട്. When funds to meet proposed expenditure on a new service. 152-ാം വകുപ്പനുസരിച്ച് ന്യൂസർവ്വീസ് പ്രൊപ്പോസിഡ്യൂവർ അഡോപ്റ്റ് ചെയ്യുമ്പോൾ റീ-അപ്രോപ്രിയേഷൻ പണമുണ്ടോയെന്നു പറയണം. ഇതിൽ അതുപറഞ്ഞിട്ടില്ല. പല വകുപ്പുകളിലേക്കുമുള്ള ധനാഭ്യർത്ഥനകളിൽ റീ-അപ്രോപ്രിയേഷൻ പണമുണ്ടോയെന്ന് പറയണം. ഇവിടെ പറഞ്ഞിട്ടില്ല. ഇവിടെ ഗ്രാന്റിനുവേണ്ടിയുള്ള അപേക്ഷ കൊണ്ടു വന്നിട്ടുണ്ട്. ഒരു ഉദാഹരണം പറയാം. 25-10-1984-ൽ ആണ് കാസർകോട് ഡിസ്ട്രിക്ട് ലേബർ ഓഫീസ് വേണമെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. ചർച്ച ഒഴിവാക്കി ഇപ്പോൾ അതിന് പണം ചോദിച്ചിരിക്കുന്നു. ഏക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഫ്ളയിങ്ങ് സ്ക്വാഡ് വേണമെന്ന് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് ഒരുമാസം മുൻപ് തീരുമാനമെടുത്തതാണ്. ഇപ്പോൾ അതിന് പണം ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതെല്ലാം നിയമസഭയെ മറികടക്കലാണ്. അപ്രതീക്ഷിതമായിട്ടു വരുന്ന ചെലവ് മനസ്സിലാക്കാം. പക്ഷേ വ്യക്തമായ ഉത്തരവ് ഉണ്ടായിട്ട് അന്ന് ബഡ്ജറ്റിൽ പണം വയ്ക്കാതെ ഇപ്പോൾ സപ്ലിമെന്ററിഡിമാന്റുമായി വരുന്നത് ചട്ടവിരുദ്ധമാണ്. ഇക്കാര്യത്തിൽ റൂളിങ്ങ് നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ചിലപ്പോഴും ഗവൺമെന്റിന്റെ അക്കൗണ്ടിൽ പണം കാണും. പണമില്ലായ്മയില്ല. റീ-അപ്രോപ്രിയേഷൻ മുഖാന്തിരം നൂറു സർവ്വീസ് പ്രൊവിഡ്യൂവർ എടുക്കേണ്ടിവരും, പണമുണ്ട്, പക്ഷേ ചെലവാക്കാൻ നിയമസഭയുടെ അധികാരം വേണം. അങ്ങനെവരുമ്പോൾ ടോക്കൺ പ്രൊവിഷൻ കൊണ്ടുവന്നാൽ മതിയെന്നാണ് ഇതിൽ പറയുന്നത്. ഗവൺമെന്റിന് വേറെ ഫണ്ട് ഉണ്ട്. റീ-അപ്രോപ്രിയേഷൻ പറ്റുമെന്നുണ്ടെങ്കിൽ അതിലേക്ക് ടോക്കൺ പ്രൊവിഷൻ കൊണ്ടുവന്നാൽ മതിയെന്നാണ് ഇതിലെ സാരാംശം. അങ്ങനെയാണ് ചെയ്തിരിക്കുന്നത്.

മി. സ്പീക്കർ : ശ്രീ. വർക്കല രാധാകൃഷ്ണന്റെ ഒബ്ജക്ഷൻ ഓവർറൂൾ ചെയ്യുകയാണ്. ഇത് സാധാരണ നടപടിക്രമം മാത്രമാണ്. അതല്ലാതെ ഇതിൽ പ്രത്യേകിച്ച് ഒന്നുമില്ല.

ശ്രീ. എ. കെ. പത്മനാഭൻ : സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ എല്ലാം ഞാൻ എതിർക്കുകയാണ്. നാല്പത്തിമൂന്നുകോടി അൻപത്തിയഞ്ചുലക്ഷത്തി അൻപത്തിരണ്ടായിരം രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് വിവിധ വകുപ്പുകളിലേക്ക് വേണ്ടി മന്ത്രിമാർ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിൽ തന്നെ നാല്പതുകോടി രൂപ നമ്മുടെ സംസ്ഥാനത്ത് ഇതേ വർഷം പ്രകൃതിക്ഷോഭത്തിന്റെ ഫലമായി ഉണ്ടായ നാശനഷ്ടം നികത്താൻ വേണ്ടിയാണ് ചോദിച്ചിട്ടുള്ളത്. മൂന്ന് കോടി രൂപ വ്യവസായ വകുപ്പിനുവേണ്ടിയാണ് നീക്കിവച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെയാകെ ബാധിക്കുന്ന വെള്ളപ്പൊക്കത്തിന്റേയും ഉരുൾപൊട്ടലിന്റേയും ഫലമായുണ്ടായ നഷ്ടം നികത്തേണ്ടതാണ്. ഞങ്ങളാരും അതിനെ ചോദ്യം ചെയ്യുന്നില്ല. നാല്പതുകോടി രൂപ പ്രകൃതിക്ഷോഭം മൂലമുണ്ടായ നഷ്ടങ്ങൾക്ക് എതിരെ നടപടികൾ എടുക്കാൻ വേണ്ടി ചോദിക്കുമ്പോൾ നിങ്ങൾ എന്തിനാണ് അതിനെ എതിർക്കുന്നത് എന്ന് ധനകാര്യമന്ത്രി ചോദിച്ചേക്കാം. പക്ഷേ ഈ വർഷം ആദ്യമായിട്ടല്ല നമ്മുടെ സംസ്ഥാനത്ത് പ്രകൃതിക്ഷോഭം ഉണ്ടാകുന്നത്. മുൻപും നമ്മുടെ സംസ്ഥാനത്ത് പ്രകൃതിക്ഷോഭവും വരൾച്ചയും ഉണ്ടായിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കഴിഞ്ഞ വർഷം കോഴിക്കോട് ജില്ലയിൽ ഉണ്ടായ ഉരുൾ പൊട്ടലിന്റെ ഫലമായി ഭീമമായ നഷ്ടം കൃഷിക്കാർക്ക് ഉണ്ടായിട്ടുണ്ട്. ആ വരൾച്ചയുടെ സന്ദർഭത്തിൽ കൃഷിക്കാർക്കുണ്ടായ നഷ്ടം നികത്താൻ ഈ സംസ്ഥാനത്ത് എന്ത് നടപടി എടുത്തുവെന്ന് കഴിഞ്ഞയാഴ്ചയിൽ നിയമസഭയിൽ ചോദ്യോത്തരവേളയിൽ വ്യക്തമായി പറഞ്ഞതാണ്. നമ്മുടെ സംസ്ഥാനത്ത് ആകെ നാല്പത്തിയെണ്ണായിരത്തോളം ഏക്കർ ഭൂമിയിൽ ഭാഗികമായോ പൂർണ്ണമായോ കൃഷി നാശം സംഭവിച്ചുവെന്ന് കൃഷിവകുപ്പുമന്ത്രി പറഞ്ഞു. പത്തുകോടി രൂപയുടെ നഷ്ടം കൃഷിക്കാർക്ക് ഉണ്ടായിട്ടുണ്ടെന്നാണ് പറഞ്ഞത്. എത്രകോടി രൂപ കൃഷിക്കാർക്ക് നാശനഷ്ടം കൊടുത്തു ? രണ്ടുലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപയാണ് നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർക്ക് വരൾച്ചയുണ്ടായതിന് കൊടുത്തത്. അത് ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശത്ത് മാത്രമാണ് കൊടുത്തത്. ബാക്കിയുള്ള പ്രദേശങ്ങളിൽ എന്തുകൊണ്ട് കൊടുത്തില്ല ? വരൾച്ചയുടെ കാലഘട്ടത്തിൽ കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുകപോലും എങ്ങനെയാണ് വിനിയോഗിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

എന്ന് നമുക്കറിയാം ജലസേചനവകുപ്പിലാണ് പൂർണ്ണമായി അത് ഉപയോഗപ്പെടുത്തിയത്. കൃഷിനാശം സംഭവിച്ച ആളുകൾക്ക് ലഭിക്കേണ്ട തുക ആ സന്ദർഭത്തിൽ പൈപ്പ് വാങ്ങാൻ വേണ്ടിയാണ് ദുരുപയോഗപ്പെടുത്തിയത് എന്ന ആരോപണം നിയമസഭയിൽ വന്നതാണ്.

കഴിഞ്ഞവർഷം കോഴിക്കോട് ഉരുൾപൊട്ടലുണ്ടായി 17 പേർ മരിച്ചു പോയി. ധനകാര്യ-മന്ത്രി അവിടെ പോയിട്ടുണ്ട്. മറ്റുമന്ത്രിമാരും അവിടെ പോയിട്ടുണ്ട്. ആ കൃഷിക്കാരുടെ കുടുംബാംഗങ്ങളെ കെട്ടിപ്പിടിച്ചുകൊണ്ട് ധനകാര്യമന്ത്രി പറഞ്ഞതാണ്, 'ഞാൻ ധനകാര്യമന്ത്രിയായിരിക്കുന്ന സന്ദർഭത്തിൽ കൃഷിനാശം സംഭവിച്ച ആളുകൾക്ക് ഉടനെ നഷ്ടപരിഹാരം കൊടുക്കുമെന്ന്'. എത്ര സംഖ്യ കൊടുത്തുവെന്ന് ധനകാര്യമന്ത്രിക്ക് പറയാൻ കഴിയുമോ ? കോഴിക്കോട് ജില്ലയിലെ പല പ്രദേശങ്ങളും അദ്ദേഹം സഞ്ചരിച്ചു അദ്ധ്വാനവർഗ്ഗത്തിന്റെ മുൻപിൽ കണ്ണീരൊലിപ്പിച്ചു കൊണ്ട് ധനകാര്യമന്ത്രി പറഞ്ഞു.' നാശനഷ്ടങ്ങൾക്ക് പ്രതിഫലം കൊടുക്കുവാൻ നിയമത്തിന്റെ എല്ലാ നൂലാമാലകളും എടുത്തുമാറ്റിയിട്ടാണ് ഞാൻ വന്നത്, എന്ന്. ഒരു പൈസപോലും ഇതുവരെ കൊടുത്തിട്ടില്ല.

സർ, മുമ്പ് പ്രകൃതിക്ഷോഭം ഉണ്ടായ രണ്ട് സന്ദർഭങ്ങളിലും ഒരു ചില്ലിക്കാശുപോലും കൊടുക്കാത്ത സർക്കാരാണ് ഈ വർഷത്തെ പ്രകൃതി ക്ഷോഭത്തിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് 40 കോടി രൂപ നീക്കിവയ്ക്കണമെന്ന് ആവശ്യപ്പെടുന്നത്. അത് അനുവദിച്ചുകൊടുക്കാൻ കഴിയുമോ ? ഇത് കിട്ടിക്കഴിഞ്ഞാൽ നിങ്ങൾ എന്തിനുവേണ്ടിയാണ് ഇത് ഉപയോഗപ്പെടുത്തുക ? നിങ്ങൾ ഇത് ദുരുപയോഗപ്പെടുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മുമ്പു കേന്ദ്രത്തിൽ നിന്നു കിട്ടിയ സഹായത്തിന്റെ പേരിൽ വളരെയേറെ വിവാദങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. അന്ന് ധനകാര്യമന്ത്രിയും റവന്യുവകുപ്പുമന്ത്രിയും വ്യത്യസ്തകക്ഷികളിൽ നിന്ന് സംഖ്യയുടെ പരിധി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരസ്പരം പോരാടി. അന്ന് കിട്ടിയ പരിമിതമായ സംഖ്യ പോലും ദുരുപയോഗപ്പെടുത്തിയ ആളുകളാണ് ഇന്ന് 40 കോടി രൂപയുടെ ധനാഭ്യർത്ഥനകളുമായി ഇവിടെ വന്നിരിക്കുന്നത്. ഇൻഡസ്ട്രീസ് വകുപ്പിനുവേണ്ടി 3 കോടി രൂപ ആവശ്യപ്പെടുന്നു. എന്തിനുവേണ്ടിയാണത്? കൃഷിഡെവലപ്മെന്റ് കോർപ്പറേഷനുവേണ്ടിയാണ് അത് ആവശ്യപ്പെടുന്നു. കശുവണ്ടിരംഗത്തു മാത്രമാണോ പ്രശ്നമുള്ളത് ? ഈ സംഖ്യ കൊടുത്തുകൊണ്ട് ആ രംഗത്തെ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കഴിയുകയില്ല, കൈത്തറി സംഘങ്ങൾക്ക് റിബേറ്റിനത്തിൽ കഴിഞ്ഞ വർഷം കൊടുക്കാനുള്ള സംഖ്യ ഇതുവരെ കൊടുത്തിട്ടില്ല. 3 കോടി രൂപ കശുവണ്ടി രംഗത്തേക്ക് മാത്രം നീക്കിവച്ചതുകൊണ്ട് കാര്യമില്ല. റിബേറ്റിനത്തിൽ കൈത്തറിസംഘങ്ങൾക്ക് കൊടുക്കാനുള്ള സംഖ്യ അടിയന്തിരമായി കൊടുത്തു തീർക്കണം.

പൊതുമരാമത്തുവകുപ്പുമന്ത്രി 2600 രൂപയാണ് പോദിച്ചത്. വികസനരംഗത്ത് ഇവിടെ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. എം. എൽ. എ. റോഡുകളിൽ ഒന്നും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 26 പുയിയ റോഡുകൾക്ക് ടോക്കൺ എമൗണ്ട് വച്ചിട്ട് എന്താണ് ഇവിടെ ചെയ്യാൻ പോകുന്നത് ? വികസനരംഗത്ത് ഒന്നും ചെയ്യുന്നില്ലെന്നു മാത്രമല്ല ഉള്ള വിവസനം പോലും മുടക്കുന്ന നടപടികളാണ് ഈ സംസ്ഥാനത്ത് നടക്കുന്നത്. ലാൻഡ് അക്വിസിഷൻ നടപടികളൊക്കെ സ്റ്റേ ചെയ്യുന്ന സമീപനമാണ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സ്വീകരിച്ചിരിക്കുന്നത്. പേരാമ്പ്ര പഞ്ചായത്തിൽ മാർക്കറ്റിനു വേണ്ടി ഒരേക്കർ രണ്ടുസെന്റ് ഭൂമി അക്വയർ ചെയ്യാൻ നടപടികൾ പൂർത്തിയായി. അതിന് അവാർഡ് പോലും നിശ്ചയിച്ച

LIBRARY ARCHIVES Kerala Legislative Assembly

ഘട്ടത്തിലാണ് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി അത് സ്റ്റേ ചെയ്തത്. എന്താണ് അതിനു കാരണം. ആ സ്ഥലത്തിന്റെ ഉടമ ഒരു വലിയ പണക്കാരനാണ്. ആ പണക്കാരൻ ഇവിടെ വന്നു തദ്ദേശസ്വയംഭരണവകുപ്പു മന്ത്രിയുടെ കയ്യിൽ ഒരു പെറ്റീഷൻ കൊടുത്തു. ഉടൻ തന്നെ അതിൽ നടപടി ഉണ്ടായി. 7-ാം തീയതി പെറ്റീഷൻ കൊടുത്തു. 10-ാം തീയതി സ്റ്റേ കൊടുത്തു. വികസന പ്രവർത്തനങ്ങളെ തടയുന്ന നടപടിയാണിത്. പേരാമ്പ്രയിലുള്ള എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളും, ഡോ. കെ. ജി. അടിയോടി എം പി. അടക്കമുള്ള ആളുകളും നിവേദനം കൊടുത്തിട്ടുള്ളതാണ്. എല്ലാ രാഷ്ട്രീയപാർട്ടികളും ആവശ്യപ്പെട്ടിട്ടു ഒരു വ്യക്തിക്കുവേണ്ടി അകാരിസിഷൻ നടപടി സ്റ്റേ ചെയ്യുന്നതിനു നടപടി സ്വീകരിച്ച ഒരു വകുപ്പാണ് പഞ്ചായത്ത് വകുപ്പ് ഇങ്ങനെ വിവിധ രംഗങ്ങളിൽ അനുവദിക്കപ്പെടുന്ന സംഖ്യകളെല്ലാം ദുർത്തടിക്കുന്ന ആളുകളാണ് 42 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളുമായി ഇവിടെ വന്നിരിക്കുന്നത്. ഈ ഉപധനാഭ്യർത്ഥനകളും പാസ്സാക്കിക്കൊടുത്താൽ അവർ അത് ദുരുപയോഗപ്പെടുത്തും. അത് ഈ രാജ്യത്തെ അർഹതപ്പെട്ട ആളുകൾക്ക് ലഭിക്കാൻ സാദ്ധ്യതയില്ല. അതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. കെ. തോമസ് : സർ, ഞാൻ ഈ സപ്ലിമെന്ററി ഗ്രാന്റുകളെ പിൻതാങ്ങുന്നു. നമ്മുടെ സംസ്ഥാനത്തെ 6-ാം പഞ്ചവൽസരപദ്ധതി ഉദ്ദേശിക്കുന്നതിലും കുറഞ്ഞ കമ്മിയുമായി കടന്നുപോയിരിക്കുകയാണ്. 7-ാം പദ്ധതിക്കുള്ള അടങ്കൽ നിശ്ചയിച്ചു കഴിഞ്ഞു. 1100 കോടി രൂപയുടെ കമ്മിയുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. നമ്മൾ എത്ര സംഭരിക്കണം? കേന്ദ്രത്തിൽ നിന്നും എത്ര ലഭിക്കും എന്നുള്ളതിനെ സംബന്ധിച്ചു വിവാദങ്ങൾ നിലനിൽക്കുന്നത്. ഈ സാഹചര്യത്തിലാണ് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും രൂക്ഷമായ പ്രകൃതിക്ഷോഭം ഉണ്ടായത്. നീണ്ട 60 വർഷത്തിനുശേഷം ഇപ്പോഴാണ് ഇത്ര ഭീകരമായ നാശനഷ്ടങ്ങൾ കേരളത്തിനുണ്ടാകുന്നത്. പ്രകൃതിക്ഷോഭം മൂലം 736 കോടി രൂപയുടെ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ടെന്നു കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്താൻ നമുക്കു കഴിഞ്ഞു നമ്മുടെ മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും ഈ തുക മുഴുവൻ കേന്ദ്രം തരണമെന്നാവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ മൂന്നു നാലു ദിവസമായി ഡൽഹിയിൽ കഴിയുകയാണ്. കേരളം ഭരിക്കുന്ന മുഖ്യമന്ത്രി കേന്ദ്രത്തിൽ ചെന്ന് ഓച്ഛാനിച്ച് നിൽക്കുകയല്ലെന്നു എന്റെ സ്നേഹിതൻ രാജന് മനസ്സിലായിക്കാണും. മുഖ്യമന്ത്രിയുടെ പ്രഖ്യാപനം പത്രങ്ങളും റേഡിയോയും വഴി അറിഞ്ഞുകാണുമല്ലോ ? പ്രകൃതിക്ഷോഭം മൂലമുണ്ടായ നഷ്ടം മുഴുവൻ കേന്ദ്രം തരണമെന്നു അസന്നിഗ്ദ്ധമായി ആവശ്യപ്പെട്ടിരിക്കുകയാണ്. അതു മുഴുവൻ ഗ്രാന്റായി തന്നെ തരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എനിക്ക് അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാരോടു പറയാനുള്ളത് നമ്മുടെ സംസ്ഥാനത്തോടു സ്നേഹമോ താൽപ്പര്യമോ ഉണ്ടെങ്കിൽ ഈ ഗവൺമെന്റുമായി ഇപ്പോഴെ സഹകരിക്കണം. കേന്ദ്രത്തെ ഇക്കാര്യങ്ങളൊക്കെ ബോദ്ധ്യപ്പെടുത്താനും പ്രതിപക്ഷത്തിന്റെ ചുമതല നിർവ്വഹിക്കാനും എന്തുകൊണ്ട് നിങ്ങൾ മടി കാണിക്കുന്നു? എന്തിനാണ് കല്ലടയിലും ഇടമലയാറിലുമൊക്കെ പോയി വിഷമിക്കുന്നത്? ഇപ്പോഴെ ചർച്ച ചെയ്യാനുള്ള കാര്യം നമ്മുടെ അന്നത്തെ ബുദ്ധിമുട്ടുകളാണ്. കേന്ദ്രത്തോടു സഹായം ആവശ്യപ്പെടുന്നതിനു മുഖ്യമന്ത്രിയും ഈ ഗവൺമെന്റും മാത്രം ശ്രമിച്ചാൽ പോര. നമുക്കു കിട്ടാനുള്ള തുക മുഴുവൻ കിട്ടുന്നതിനു പ്രതിപക്ഷം കൂടി ശ്രമിക്കണം. കല്ലട ഡാമിൽ ചോർച്ചയുണ്ടായി എന്നു ചോദ്യോത്തര സമയത്ത് ഇറിഗേഷൻ വകുപ്പുമന്ത്രി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. കല്ലട ചോർച്ചയുണ്ടായത് 300 അടിക്ക് താഴെയുള്ള ബ്ലോക്കുകളിലാണ്. 300 അടിക്ക് താഴെയുള്ള ബ്ലോക്കുകളുടെ പണി നടന്നത് ഈ ഗവൺമെൻറിൻെറ കാലത്തല്ല. മുൻ ഗവൺമെൻറുകളുടെ കാലത്താണ്. എനിക്ക് പറയാനുള്ളത് അതൊന്നുകൂടി തറപ്പിച്ചു പറയണമെന്നാണ്. മുൻഗവൺമെൻറുകളെന്നു പറയുമ്പോൾ 77-നുശേഷം ഇവിടെ ധാരാളം ഗവൺമെൻറുകളുണ്ടായിട്ടുണ്ട്.

ശ്രീ. വി. കെ. രാജൻ : സർ, മുൻഗവൺമെൻറുകളുടെ കാലത്ത് നടത്തിയ പണിയിലാണ് ചോർച്ചയുണ്ടായതെന്ന് നിങ്ങൾ പറയുന്നു. അതു സംബന്ധമായ എല്ലാ കാര്യങ്ങളും പുറത്തുകൊണ്ടുവരുന്നതിന് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ നിങ്ങൾ തയ്യാറുണ്ടോ ? അങ്ങനെ എൻക്വയറി നടത്തിയാൽ മുൻഗവൺമെൻറ് കുറ്റവാളിയെന്നു തെളിഞ്ഞാൽ ആ ബാദ്ധ്യത അവർ ഏൽക്കണം.

ശ്രീ. കെ. കെ തോമസ് : ബഹുമാനപ്പെട്ട രാജൻ പറയുന്നതനുസരിച്ചല്ല ഇവിടെ കാര്യങ്ങൾ നടക്കുന്നത്. ആരോപണങ്ങൾ ഉന്നയിച്ചാൽ അതു തെളിയിക്കുന്നതിനു വേറെ മാർഗ്ഗങ്ങൾ ഗവൺമെൻറ് ഉണ്ടാക്കിയിട്ടുണ്ട്. ആ മാർഗ്ഗമനുസരിച്ചു കമ്മീഷൻെറ മുമ്പിൽ പോയി ആരോപണം ഉന്നയിക്കാൻ നിങ്ങൾക്ക് തടസ്സമുണ്ടോ ? വാളെടുത്തവനെല്ലാം വെളിച്ചപ്പാടെന്നു പറയുന്നതുപോലെയാണ് രാജൻ ഈ സഭയിൽ പെരുമാറുന്നത്. (ബഹളം) ഇങ്ങനെ പല ആരോപണങ്ങളും പലരും പറയും. ബഹുമാനപ്പെട്ട ബേബിജോണിനെപ്പറ്റി ഞങ്ങളുടെ പ്രദേശത്തൊക്കെ പറയും അദ്ദേഹം വലിയ പണക്കാരനാണ്. അദ്ദേഹത്തിന് കപ്പലുണ്ട് എന്നൊക്കെ. പക്ഷെ ഞങ്ങളാരും അതു വിശ്വസിക്കുകയില്ല. കാരണം, പണം ഉണ്ടെന്നു സ്ഥാപിക്കാനാണ് അദ്ദേഹത്തിന് കപ്പലുണ്ടെന്നു പറയുന്നത്. എല്ലാപേരും ഇങ്ങനെയൊക്കെ പറയും. ശ്രീ. ഗംഗാധരനെക്കുറിച്ചും പഴയ വിരോധം വച്ചുകൊണ്ട് ഇങ്ങനെയൊക്കെ പറഞ്ഞുകളയാം എന്നുള്ള ധാരണ ശരിയല്ല എന്നാണ് എനിക്ക് ഖേദപൂർവ്വം പറയാനുള്ളത്. പ്രകൃതിക്ഷോഭം മൂലമുണ്ടായ കെടുതികൾക്ക് 786 കോടി രൂപ തരണമെന്നാണ് സംസ്ഥാനമുഖ്യമന്ത്രി ശ്രീ. കരുണാകരൻ കേന്ദ്രത്തോടു ആവശ്യപ്പെട്ടിരിക്കുന്നത്. അതുമുഴുവൻ ഗ്രാൻറായിട്ട് തരണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

സർ, ഈ സംസ്ഥാനത്തിൻെറ ഭരണം എക്കാലവും നിയന്ത്രിച്ചിട്ടുള്ളത് കോൺഗ്രസാണ്. സംസ്ഥാനത്തിൻെറ വിവേശേഷിയെപ്പറ്റി അറിയാവുന്നത് കോൺഗ്രസിനാണ്. അതാണ് കോൺഗ്രസ് ഈ വക കാര്യങ്ങളെ സംബന്ധിച്ചൊക്കെ പരാമർശിക്കുകയും ചെയ്യുന്നത്. അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറപ്പിച്ചു പറയുന്നത് പണം ഞാൻ കൊണ്ടുവരാമെന്ന്. ബഹുമാനപ്പെട്ട ശ്രീ. നായനാർ പ്രതിപക്ഷ നേതാവെന്ന ഉത്തരവാദിത്വം മറക്കിലെടുത്ത് കേന്ദ്രത്തോടു ഒന്നഭ്യർത്ഥിക്കാമായിരുന്നു, ഞങ്ങളുടെ മുഖ്യമന്ത്രി ആവശ്യപ്പെട്ടിരിക്കുന്ന അത്രയും തുക ഗ്രാൻറായി നൽകാൻ തയ്യാറാകണമെന്ന് ആവശ്യപ്പെടാമായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇടമലയാറിലെ ചോർച്ചയെക്കുറിച്ചു ഇവിടെ പറഞ്ഞു വിദഗ്ദ്ധ സംഘത്തിൻെറ റിപ്പോർട്ടനുസരിച്ചു കാര്യങ്ങൾ നടന്നതാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്.

ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം സ്വർണ്ണം അഗ്നിയിൽ ഉരുകുന്തോറും കൂടുതൽ വിശുദ്ധിയുള്ളതായി മാറുന്നതു പോലെ ഈ ഗവൺമെൻറു ഈ നിങ്ങൾ നടത്തുന്ന എല്ലാ അഗ്നിപരീക്ഷകളേയും അതിജീവിച്ചുകൊണ്ട് കൂടുതൽ ഉറപ്പുള്ളതും സുരക്ഷിതവുമായി മുന്നോട്ടു നീങ്ങുകയാണ്. എന്തിന് അസൂയപ്പെടുന്നു. അതുകൊണ്ട് ഞാൻ എടുത്തു പറയുന്നത് നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കുന്ന കെടുതിയിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടത്തെ ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടണം. അല്ലാതെ ഇടമലയാറിലും കല്ലടയിലുംപോയി തലയിടണ്ട. 2-ാം തീയതി പോവുകയാണെന്ന് പറഞ്ഞു അവിടെപോയി കുഴപ്പങ്ങളൊന്നും ഉണ്ടാക്കരുത്. അതിനൊന്നും ശ്രമിക്കാതെ ഈ സഭയിൽ നമ്മുടെ രാജ്യത്തിന്റെ പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യാനും കേന്ദ്രം മുഴുവൻ തുകയും അനുവദിച്ചു തരുന്നതിനുവേണ്ടി നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ വാദഗതികളോടൊപ്പം നിങ്ങളും ശബ്ദിക്കണം എന്ന് വിനീതമായി പ്രതിപക്ഷത്തോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ സപ്ലിമെന്ററി ഡിമാൻറുകളെ പിന്താങ്ങുന്നു.

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഞാൻ ഈ സപ്ലിമെന്ററി ഡിമാൻറുകളെ എതിർക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ നടുവിൽ നമ്മുടെ സംസ്ഥാനം നില്ക്കുമ്പോഴാണ് ഈ വെള്ളപ്പൊക്കകെടുതികളും നമ്മുടെ സംസ്ഥാനത്തുണ്ടായത്. ഈ സപ്ലിമെന്ററി ഡിമാൻറിൽ 40 കോടി രൂപ പ്രളയ കെടുതികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കണം എന്ന ഉദ്ദേശത്തിലാണ് ഗവൺമെൻറ് ഇവിടെ കൊണ്ടു വന്നിരിക്കുന്നത് എന്ന് എനിക്കുമുമ്പ് സംസാരിച്ച മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ധനകാര്യകമ്മീഷന്റെ നിഗമനം അനുസരിച്ച് ഇതുപോലെ പ്രകൃതിക്ഷോഭം ഉണ്ടായി കഴിഞ്ഞാൽ ഈ സംസ്ഥാനത്തുണ്ടാകാവുന്ന നാശനഷ്ടങ്ങളുടെ കണക്കുകൂട്ടി കഴിഞ്ഞതിനുശേഷം അതിന്റെ 25 ശതമാനം ചെലവുകൂടി സംസ്ഥാനഗവൺമെൻറു വഹിക്കണം എന്നാണ് പറയുന്നത്. ആ കണക്കനുസരിച്ചാണെങ്കിൽ ഈ 40 കോടി രൂപയുടെ അധികചെലവു ഈ വർഷം ഈ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കണം എന്ന് നമ്മുടെ സംസ്ഥാന ഗവൺമെൻറും ധനകാര്യമന്ത്രിയും ആഗ്രഹിക്കുന്നുവെങ്കിൽ 160 കോടി രൂപയുടെ കെടുതികൾ മാത്രമേ ഈ സംസ്ഥാനത്തുണ്ടായിട്ടുള്ളോ? കേന്ദ്രത്തിന് ഇപ്പോൾ നമ്മൾ സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടത്തിൽ 786 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ് പറയുന്നത് ആ 786 കോടി രൂപ പൂർണ്ണമായും അംഗീകരിച്ചുതരുമെന്നാണ് ശ്രീ. കെ. കെ. തോമസ് ഇവിടെ പറഞ്ഞത്, 786 കോടി രൂപ പൂർണ്ണമായും അംഗീകരിച്ചു തന്നാൽ 194 കോടി രൂപ നമ്മൾ ചെലവാക്കണം. ആ 194 കോടി രൂപ ചെലവാക്കുന്നില്ലായെന്നുള്ളതുകൊണ്ടുതന്നെ ഈ 160 കോടി രൂപയിൽ താഴെ മാത്രമേ കേന്ദ്രം അനുവദിക്കാൻ പോകുന്നുള്ളൂ എന്നാണോ ഇതിന്റെ അർത്ഥം. 100 ശതമാനം ഗ്രാൻറു വേണം എന്ന ആവശ്യം എല്ലാ മേഖലകളിൽനിന്നുമുണ്ടായി. 100 ശതമാനം ഗ്രാൻറുണ്ടാവുകയില്ലായെന്നുള്ളതിന്റെ മറ്റൊരു സൂചനയാണ് ഈ സപ്ലിമെൻറി ഡിമാൻറായി ഇപ്പോൾ ഇത്രയും തുകകൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് 40 കോടി രൂപ സപ്ലിമെൻറി ഡിമാൻറായി കൊണ്ടുവന്നിരിക്കുന്നുവെന്നുള്ളതുകൊണ്ട് പ്രളയ കെടുതികൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുംവേണ്ടി എതിർക്കുന്നുവെന്ന ഒരു ധാരണ ഉണ്ടാകാതിരിക്കാൻവേണ്ടിയാണ് ഞാൻ ആദ്യമേ ഇത് സൂചിപ്പിച്ചത്. എന്തൊക്കെ വന്നാലും ഈ ഗവൺമെൻറാണല്ലോ ഈ പ്രവർത്തനങ്ങൾ നടത്തുന്നത്.

ശ്രീ. കെ. കെ. തോമസ്. ഇവിടെ പറഞ്ഞത് സ്വർണ്ണം തീയിൽ കൂടുതൽ ജ്വലിച്ചുവരുന്നതുപോലെ, കൂടുതൽ ശക്തിയായി വരുന്നതുപോലെ നിങ്ങൾ അപ്പുറത്തുനിന്ന് എത്ര അഴിമതിയാരോപണങ്ങൾ ഞങ്ങളുടെമേൽ ഉന്നയിച്ചാലും ഞങ്ങൾ കരുത്തരായി വരും എന്നാണ്. ഇത് മാനംമര്യാദയുള്ളവർക്ക് പറ്റിയ പണിയാണോ? ആരോപണങ്ങൾ ഉന്നയിക്കുക, അഴിമതിയുടെ ചെളിക്കുണ്ടിൽ ഒരു ഗവൺമെൻറു വീഴുക, അങ്ങനെ അഴിമതിയെപ്പറ്റി എത്ര ആരോപണങ്ങൾ ഉന്നയിച്ചാലും അതെല്ലാം സ്വന്തം കഴുത്തിൽ മാലകൾ

LIBRARY ARCHIVES Kerala Legislative Assembly

പോലെ ചാർത്തിക്കൊണ്ട് അന്തസായി നടന്നത് ഒരു ഗവൺമെൻറിന് ഭൂഷണമാണോ? മാനംമര്യാദയുള്ളവർക്ക് ഭൂഷണമാണെന്ന് നമുക്ക് തീരുമാനിക്കാൻ കഴിയുമോ?

ഇവിടെ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ചർച്ചകളിൽ ഈ സംസ്ഥാനത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രധാനപ്പെട്ട ചില പ്രശ്നങ്ങളും ഉന്നയിക്കുകയുണ്ടായി. ഇന്ന് ഭരണകക്ഷിയിൽനിന്ന് ആദ്യമേ സംസാരിച്ച മെമ്പർമാർക്കും കല്ലടയും ഇടമലയാറും തൊടാതെപോകാൻ കഴിഞ്ഞില്ല. സപ്ലിമെൻററിഗ്രാൻറു അനുവദിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ചാണ് സാധാരണ ഗതിയിൽ ഭരണകക്ഷിയിൽനിന്നും പ്രസംഗിക്കുന്ന ഒരു മെമ്പർസംസാരിക്കേണ്ടത്. പക്ഷേ ഇടമലയാറിലും കല്ലടയിലും ഭരണകക്ഷിയിൽപ്പെട്ടവരും കുടുങ്ങിപ്പോയി. ശ്രീ. കെ. എം. മാണി മാത്രമല്ല ഇടമലയാറിലെ ടണലിൽ ഇറങ്ങിയത് ഭരണ കക്ഷിമെമ്പർമാരും ഈ ടണലിൽ ഇറങ്ങേണ്ട ഒരു സ്ഥിതിയാണ് നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കുന്നത്. കഴിഞ്ഞ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഇത്രയും ആ പണം ഒരു ഗവൺമെൻറിനെ ഏല്പിച്ചുകഴിഞ്ഞാൽ അവർ എന്ത് ചെയ്യുന്നുവെന്ന് പരിശോധിക്കാൻ നമക്ക് അവകാശമില്ലേ. കഴിഞ്ഞ കാവലത്ത് വരുത്തിയുണ്ടായപ്പോഴും നമ്മുടെ സംസ്ഥാനത്തിന് അനുവദിച്ച തുക എങ്ങനെ ചെലവഴിച്ചു എന്നതിൻെറ എത്രയോ കഥകളും ഈ നിയമസഭയുടെ വേദിയിൽ തന്നെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അഴിമതിയുടേയും സ്വജനപക്ഷപാതത്തിൻേറയും ധൂർത്തിൻേറയും ചെളിക്കുണ്ടിലായ ഒരു ഗവൺമെൻറാണ് ഇവിടെയിരിക്കുന്നത്. അഴിമതിക്കും ധൂർത്തിനും ഗിന്നസ് ബുക്കിൽ പേർ ചേർക്കാൻ അർഹതയുള്ള ഏക ഗവൺമെൻറ് നമ്മുടെ ഗവൺമെൻറാണ് എന്നുള്ള നിലയിലേക്ക് ഇന്ന് വന്നുകൊണ്ടിരിക്കുകയാണ്.

ഈ കഴിഞ്ഞ കാലങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നത്. മന്ത്രിമാർ നേട്ടങ്ങളുണ്ടാക്കി എന്നുള്ള കാര്യത്തിൽ എനിക്കും തർക്കമില്ല. അവർ ധാരാളം നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞകാലങ്ങളിൽ അരങ്ങ് തകർത്താടിയ പലരും ഇന്ന് അവശകലാകാരൻമാരെപ്പോലെ ഇവിടെ ഇരുപ്പുണ്ട്, അങ്ങനെ തകർത്താടിയ പലരും ഇന്ന് അവശകലാകാരൻമാരെപ്പോലെ ആയിട്ടുണ്ടെങ്കിൽ അവരുടെ പ്രവർത്തനങ്ങളും ഈ സംസ്ഥാനത്തിൻെറ പ്രവർത്തനങ്ങളെ എങ്ങനെ ബാധിച്ചിട്ടുണ്ട് എന്ന് പരിശോധിക്കുകയും ഈ പണം എങ്ങനെ ചെലവഴിച്ചു എന്ന് പരിശോധിക്കുകയും ചെയ്യേണ്ടത് നമ്മുടെ ചുമതലയാണ്. ഇടമലയാർ പവ്വർ ടണലിലും ഇടമലയാർ ടണൽ നിർമ്മാണത്തെക്കുറിച്ചും, സർജ്ഷാഫ്റ്റിൻെറനിർമ്മാണത്തെക്കുറിച്ചും അവിടെയുള്ള ചോർച്ചയെക്കുറിച്ചുമെല്ലാം ഇവിടെ ചർച്ച ചെയ്തു. കല്ലട ഡാമിൽ ചോർച്ചയുണ്ടായതിനെക്കുറിച്ചു ചോദിച്ചപ്പോഴും ബഹു:മന്ത്രി പറഞ്ഞത് ഡാമിൽ വെള്ളം കെട്ടിനില്ക്കുന്നതുകൊണ്ടാണ് ചോർച്ചയുണ്ടാകുന്നത് എന്നാണ്. വെള്ളംകെട്ടിനിറുത്താനല്ലാതെ വേറെ എന്തിനാണ് ഡാം നിർമ്മിച്ചത്.

ഇടമലയാറിനെ സംബന്ധിച്ചിടത്തോളം ശ്രീ. കെ. എം. മാണി അധികാരം ഏറെറടുത്ത് ഏതാനും നാളുകൾക്കുമുമ്പ് അദ്ദേഹത്തിൻെറ മുൻഗാമി അദ്ദേഹത്തെ ഇടമലയാറിൻെറ ടണലിൽ ഇറക്കി. അദ്ദേഹത്തിൻെറ പടം ഞാൻ കണ്ടു. അദ്ദേഹം വളരെ വിഷമിച്ചാണ് ആ ടണലിൽ ഇറങ്ങിയത്. ആ ടണലിൽ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി ഇറങ്ങാനുണ്ടായ സാഹചര്യം എന്താണ്? ഈ കഴിഞ്ഞ നാളിൽ ഇടമലയാർ ടണൽ നിർമ്മാണത്തിൻേറയും ഇടമലയാർ കൺസ്ട്രക്ഷനെ സംബന്ധിച്ചും ധാരാളം ആക്ഷേപങ്ങളും ഈ നിയമസഭയിൽ ഉയർന്നു വരുകയുണ്ടായി. ഇന്നവിടെ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധനക്ക് വച്ചിരുന്ന പാറ കണ്ടിട്ടില്ലായെന്ന് പറയുന്നു. നാളെ ടണൽ തന്നെ കാണാതാകുമോ എന്നറിയാൻ പാടില്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ ആഫീസിൽ ഫയലുകളും പോലും കാണുന്നില്ല. ഇത്തരമൊരു സാഹചര്യം, വളരെ സംശയകരമായ ഒരു സാഹചര്യം ഇന്നുണ്ടായിരിക്കുകയാണ്. ഇടമലയാർ ഡാമിന്റെ കൺസ്ട്രക്ഷനെ സംബന്ധിച്ചിടത്തോളം ഞാൻ തന്നെ ഈ നിയമ സഭയിൽ ഇതിനുമുമ്പ് ആക്ഷേപങ്ങളും ഉന്നയിച്ചിട്ടുണ്ട്. കഴിഞ്ഞ കാലത്തെ ആ ടണലിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ കാര്യത്തിൽ കാര്യക്ഷമതയില്ലാത്ത പ്രവർത്തനവും ഏറ്റവും മോശപ്പെട്ടവർക്കുംകൊണ്ട് വളരെയേറെ അപകടങ്ങളും ഉണ്ടായിട്ടുണ്ട് എന്നുള്ളതാണ് സത്യം. ഇടമലയാറിൽ ടണൽ നിർമ്മിച്ചത് തൊഴിലാളികളാണ . ഇലക്ട്രിസിറ്റി ബോർഡിൽ നേരത്തെ പണിയെടുത്തു കൊണ്ടിരുന്ന തൊഴിലാളികളാണ് അവിടെ കോൺട്രാക്ട് പ്രവർത്തനം നടത്തികൊണ്ടിരുന്നത്. അവർ നേരിട്ട് ബോർഡിന്റെ ചുമതലയിൽ ഇടമലയാർ ഡാമിന് ആവശ്യമായ ടണൽ നിർമ്മിക്കുകയുണ്ടായി.

സർ, ആ തൊഴിലാളികൾക്ക് സ്ഥിരം ജോലി കൊടുക്കണമെന്ന് ആവശ്യപ്പെട്ടപ്പോഴും ആ ടണലിന്റെ നിർമ്മാണ പ്രവർത്തനങ്ങളും നിറുത്തിവയ്ക്കുകയും ഗവൺമെന്റും ഇലക്ട്രിസിറ്റി ബോർഡും ഇടപെട്ട് ആ പ്രശ്നത്തിൽ പരിഹാരത്തിനാവശ്യമായ നടപടി സ്വീകരിക്കാത്തതിന്റെ ഫലമായി വർഷങ്ങളോളം അത് നീണ്ടുപോയി. ഇരുപതു മീറ്റർ ഇപ്പുറത്തു വച്ച് വരെ ആ ടണൽ പൂർത്തിയാക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിൽ പണിയെടുത്തുകൊണ്ടിരുന്ന തൊഴിലാളികളും എസ്റ്റാബ്ലിഷ്മെന്റ് എന്നുണ്ടിനാണ് ജോലിയെടുത്തുകൊണ്ടിരുന്നത്. ഇതിനു മുമ്പുള്ള മറ്റു അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ 30 മുതൽ 75 ശതമാനംവരെ കൂടുതൽ തുക കൊടുത്ത് ആ പണി നടത്തിക്കൊണ്ടിരുന്നുവെങ്കിൽ ഇന്ന് എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റിനും തൊഴിലാളികളും പണിയെടുത്തുകൊണ്ടു വരികയായിരുന്നു. ആ തൊഴിലാളികളും അതിനുള്ളിലെ കോൺക്രീറ്റ് ലൈനിങ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും പൂർണ്ണമായും തങ്ങളുടെ ചുമതലയിൽ നടത്താമെന്നും പറഞ്ഞിട്ട് ഇലക്ട്രിസിറ്റി ബോർഡ് സമ്മതിച്ചില്ല. പതിനഞ്ച് ലക്ഷം രൂപ ഇലക്ട്രിസിറ്റിബോർഡ് അവർക്ക് കോമ്പൻസേഷൻ കൊടുത്തിട്ട് പിരിച്ചുവിട്ടുകൊണ്ട് പുതിയ ഒരു കോൺട്രാക്ടറെ പണിയേൽപ്പിച്ചു. പതിനഞ്ച് ലക്ഷം രൂപ കോമ്പൻസേഷൻ കൊടുത്തത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് നിഷേധിക്കാൻ സാധിക്കുമോ ? അതുപോലെതന്നെ 95 മീറ്റർ നീളവും 20 മീറ്റർ ഡയമീറ്ററുമുള്ള ഒരു സർജ്ഷാഫ്റ്റ് നിർമ്മാണത്തിനുവേണ്ടി ടെണ്ടർ വിളിച്ചു. ആദ്യം 25 ശതമാനം എബൗ ആയി കോട്ടു ചെയ്തുകിട്ടിയ സന്ദർഭത്തിൽ ആ ടെണ്ടർ അംഗീകരിച്ചില്ല. ആ ടെണ്ടർ അംഗീകരിക്കാതെ വീണ്ടും ടെണ്ടർ ചെയ്തു. അപ്പോഴും 60 ശതമാനം എബൗ ആയി കോട്ട് ചെയ്തു. അപ്പോഴും പല സാങ്കേതിക കാരണങ്ങളാൽ ആ ടെണ്ടർ അംഗീകരിച്ചില്ല. അതിനുശേഷം 120 ശതമാനം എബൗ കോട്ടുചെയ്തപ്പോഴും ടെണ്ടർ അംഗീകരിക്കാത്ത സാഹചര്യത്തിൽ വീണ്ടും ഷെഡ്യൂൾഡ് റിവൈസ് ചെയ്തു. ഉണ്ടായിരുന്ന എസ്റ്റാബ്ലിഷ്മെന്റിന്റെ ഇരട്ടിയോടടുപ്പിച്ച് ഷെഡ്യൂൾ റിവൈസ്ചെയ്ത് വീണ്ടുമൊരു ടെണ്ടർ വിളിച്ചു. അങ്ങനെ ടെണ്ടർ വിളിച്ച സാഹചര്യത്തിലാണ് സജീവെന്ന കോൺട്രാക്ടർ വരുന്നത്. സജീവ് ഇലക്ട്രിസിറ്റി ബോർഡിന്റെ റിക്കാർഡിൽ കോൺട്രാക്ടറല്ല. പക്ഷേ മറ്റൊരാളിന് 7 ശതമാനം കമ്മിഷൻ കൊടുത്ത് അദ്ദേഹം കോൺട്രാക്ടറായി. അങ്ങനെ കോൺട്രാക്ടറായി വന്നപ്പോഴും അദ്ദേഹം പറഞ്ഞത്, സർജ്ഷാഫ്റ്റിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും വളരെ വിഷമകരമായ സാഹചര്യത്തിൽ ചെയ്യേണ്ടതായതുകൊണ്ട് 200 ശതമാനം എബൗ ആയിട്ട് എകിലും ഈ വർക്ക് തന്നാൽ മാത്രമേ ഇത് ചെയ്യാൻ കഴിയുകയുള്ളുവെന്നാണ്. അതിനുശേഷം

11 A.M.]

LIBRARY ARCHIVES Kerala Legislative Assembly

നെഗോഷിയേഷൻ നടത്തി ഈ കോൺക്രീറ്റ് ചെയ്യേണ്ട ജോലി വളരെ വിഷമകരമായ ഒന്നാണെന്നുള്ളതുകൊണ്ട് 163 ശതമാനം എന്നു ആയിട്ട് ടെണ്ടർ ഫിക്സ്ചെയ്തു. 25 ശതമാനം, 60 ശതമാനം, 120 ശതമാനം എന്നിങ്ങനെ എന്നു ആയി കാട്ടുചെയ്തവർക്ക് കൊടുക്കാതെ ഷെഡ്യൂൾ റിവൈസ്ചെയ്ത് 163 ശതമാനം എന്നു ആയിട്ട് കൊടുത്തുവെങ്കിൽ അതിന്റെ പിന്നിൽ എന്തെങ്കിലും ഉണ്ടോയെന്ന് പരിശോധിക്കാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി തയ്യാറാകണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. അതിന്റെ ഫലമായി ഒരു കോടിയിലധികം രൂപയുടെ നഷ്ടം ഇലക്ട്രിസിറ്റി ബോർഡിന് ഉണ്ടായിട്ടുണ്ട്. ലാഭം ആർക്കാണ് ഉണ്ടായിട്ടുള്ളതെന്ന് കൃത്യമായ കണക്കുകൾ എന്റെ കയ്യിലില്ല. അതുകൊണ്ട് ഞാൻ അത് ഉന്നയിക്കുന്നില്ല. ഒരു കോടിയിലധികം രൂപയുടെ കൃത്യമായ നഷ്ടം കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിനുണ്ടായി. അങ്ങനെ ടെണ്ടർ കൊടുത്തുകഴിഞ്ഞതിനുശേഷം ഇപ്പോളുള്ള പ്രചരണം ഡിസൈനിന്റെയും മറ്റുമുള്ള കുഴപ്പങ്ങൾകൊണ്ടാണ് ഈ തകരാറുകൾ ഉണ്ടായിട്ടുള്ളതെന്നാണ്. ഇടമലയാർ പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം 1979 ജനുവരിയിൻ പബ്ലിഷ് ചെയ്ത ഒരു പ്രോഷറാണ്. അത് ഇലക്ട്രിസിറ്റിബോർഡ് ഔദ്യോഗികമായി പബ്ലിക് ചെയ്തതാണ്. അതിൽ പറഞ്ഞിട്ടുണ്ട്, സെർജ്ഷാഫ്റ്റിന്റെ സിമന്റ് കോൺക്രീറ്റ് സെർജ്ഷാഫ്റ്റിൽ നടത്തണമെന്ന്. ഇത് വളരെ വിഷമകരമായ ഒരു ജോലിയായതുകൊണ്ട് അത് എന്നു ആയി കാട്ടു ചെയ്യണം. അതിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് വച്ചതിനുശേഷം കോൺട്രാക്ടർ കോൺക്രീറ്റ് നടത്തിയിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡ് ഈ കോൺക്രീറ്റിംഗ് ഒഴിവാക്കിയിട്ടുള്ളതുമാണ്.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിട്ടിയും ഇടമലയാർ പ്രോജക്ടിന് ആവശ്യമായ മെഷീനറി സപ്ലൈചെയ്യുന്ന ഭേരത് ഹെവി ഇലക്ട്രിക്കൽസും ആവർത്തിച്ചാവർത്തിച്ച് കോൺക്രീറ്റ് ലൈനിംഗ് വേണമെന്ന് ആവശ്യപ്പെട്ടു. എന്നിട്ടും ആ കോൺക്രീറ്റ് ലൈനിംഗ് ഒഴുവാക്കിയത് എന്തിനാണ്? ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രി അന്വേഷിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. എസ്റ്റിമേറ്റിൽ കോൺക്രീറ്റ് ലൈനിംഗിനെ സംബന്ധിച്ച് പറയുന്നുണ്ടെങ്കിൽ, ടെണ്ടർചെയ്തത് എഗ്രിമെന്റിൽ പറയുന്നുണ്ടെങ്കിൽ, ഡിസൈനിൽ പറയുന്നുണ്ടെങ്കിൽ ഈ പ്രത്യേക ഘട്ടത്തിൽ (ബഹളം) ഇതൊക്കെ 1983-നു ശേഷമുള്ള കാര്യങ്ങളാണ് ജോർജ്. 1983-നു ടെണ്ടർ അംഗീകരിച്ചു കഴിഞ്ഞതിനുശേഷം ഇത് ഒഴിവാക്കിയെന്നുണ്ടെങ്കിൽ അത് അന്വേഷിക്കണം. ഇന്ന് ഇലക്ട്രിസിറ്റിബോർഡിന്റെ ഔദ്യോഗിക അറിയിപ്പിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞദിവസം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുകയുണ്ടായി, ആ പണി പൂർത്തിയായതിനുശേഷമാണ് ആ പാറയ്ക്ക് ബലക്ഷയമുള്ളതായി മനസ്സിലാക്കിയത് എന്നാണ്. അങ്ങനെ പാറയ്ക്ക് ബലക്ഷയമുണ്ടെങ്കിൽ വളരെ വലിയ അപകടം ഇനിയും ഉണ്ടാകാനിരിക്കുന്നതേയുള്ളു. സർജ്ഷാഫ്റ്റും അതുപോലെതന്നെ ഇപ്പോഴത്തെ ടണലും ഒരേ പാറയിലാണ് ഉണ്ടാക്കിയിരിക്കുന്നത്. ഒരേ പാറയിൽ ടണലും സർജ്ഷാഫ്റ്റും ഉണ്ടാക്കിയിരിക്കുന്നതെങ്കിൽ, ആ പാറയ്ക്ക് ബലക്ഷയമുണ്ടെങ്കിൽ ഇനിയും അപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഡിസൈനിന്റെ കാലഘട്ടത്തിൽ ടണൽ ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് അന്ന് എസ്റ്റിമേറ്റ് തയ്യാറാക്കിയ സന്ദർഭത്തിൽ ഡിസൈനിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്.

Cement Concrete lining with reinforcement wherever necessary.

പാറ ദുർബലമാണെങ്കിൽ, റിഇൻഫോഴ്സ്ഡ് കോൺക്രീറ്റ് സിസ്റ്റം അവിടെ ഉണ്ടാക്കണമെന്ന് ഡിസൈനിൽ പറഞ്ഞിട്ടുണ്ടെങ്കിൽ ഈ ടണലിന്റെ പ്രവർത്തനത്തിനിടയിൽ അത് എസ്റ്റിമേറ്റിൽ കൊള്ളിച്ചിട്ടുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടില്ല. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതിനുവേണ്ടി എസ്റ്റിമേറ്റിൽ നൂറ് ടൺ കമ്പി പ്രത്യേകം റിഇൻഫോഴ്സ്മെൻറ് കോൺക്രീറിനു് നിശ്ചയിച്ചിരുന്നു. നൂറ് ടൺ കമ്പി അതിനുവേണ്ടി മാറ്റിവച്ചിരുന്നുവെങ്കിൽ 15 ടൺ കമ്പി മാത്രമേ അതിനുവേണ്ടി ഉപയോഗിച്ചിട്ടുള്ളു അതിന്റെ അർത്ഥം ആ പണി നടത്തിയിട്ടില്ലായെന്നാണ്. പാറ ദുർബല മാണെങ്കിൽ ഡിസൈനിൽ നിശ്ചയിച്ചിരിക്കുന്നതനുസരിച്ച് പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലായെന്നുള്ളതാണ് സത്യം. അയ്യായിരം മീറ്റർ ഗ്രൗട്ടിങ്ങ് നടത്തുന്നതിനുവേണ്ടി എസ്റ്റിമേറ്റിൽ പ്രാവിഷനുണ്ടായിരുന്നു. അതിനു വേണ്ടി മൂവായിരം ചാക്ക് സിമൻറ് ഉപയോഗിച്ചതായി ഇടമലയാറിന്റെ കണക്കുകൾ പരിശോധിച്ചാൽ കാണാൻ കഴിയും... എന്നാൽ 287 മീറ്റർ മാത്രമേ അവിടെ ഗ്രൗട്ടിംഗ് നടത്തിയതായി കാണാൻ കഴിയുകയുള്ളു. വളരെ മോശപ്പെട്ട പ്രവർത്തനങ്ങളാണ് ഈ കോൺട്രാക്ടർ നടത്തിയിട്ടുള്ളത്. കോൺട്രാക്ടറുടെ പാർട്ടിയെന്താണെന്നു് എന്നെ സംബന്ധിച്ചിടത്തോളം പ്രശ്നമല്ല. ഇതിന്റെ കോൺട്രാക്ടർ കെ. സി. പൗലോസാണ്. കെ. സി. പൗലോസിനു് ഏഴു ശതമാനം സൂപ്പർവിഷൻ ചാർജ് കൊടുത്ത് സജീവനെന്നു പറയുന്ന കോൺട്രാക്ടർ ആണ് ആ കോൺട്രാക്ടറ് ഏറ്റെടുത്തത്. ഈ നിയമസഭയിലെ മെമ്പർമാർ, ലേബർ കമ്മീഷണർ, ഉദ്യോഗസ്ഥൻമാർ എന്നിവർ വിളിച്ചുകൂട്ടിയ കോൺഫറൻസുകളിൽ സജീവൻ പങ്കെടുത്തിട്ടുണ്ടെന്നുള്ളതിനു് നിയമസഭാ സാമാജികൻമാർ സാക്ഷികളായിട്ടുണ്ട്. ഡോ. കെ. സി. ജോസഫ് അതിനെക്കുറിച്ച് തർക്കിക്കേണ്ട. എല്ലാ കാല ഘട്ടത്തിലും അഴിമതി പ്രവർത്തനങ്ങൾ നടത്തിയെന്നു മാത്രമല്ല, ഇങ്ങനെ വളരെ മോശമായ പ്രവർത്തനങ്ങൾ നടത്തി..... .....ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇങ്ങനെ മോശമായ പ്രവർത്തനങ്ങൾ നടത്തിയതിനു് കാരണമെന്താണ്? ഇലക്ട്രിസിറ്റിബോർഡിന്റെ ചെയർമാൻ 4-7-1984-ൽ വൈദ്യുതിഭവനിലെ ചീഫ് എഞ്ചിനീയർക്കയച്ച കത്തിൽ പറയുന്നത്, 1985 മൂന്നാം മാസത്തിൽ ഈ പദ്ധതി കമ്മീഷൻ ചെയ്യണം, അങ്ങനെ കമ്മീഷൻ ചെയ്യണമെങ്കിൽ രണ്ട് ഷിഫ്റ്റ് പോരാ; മൂന്നു ഷിഫ്റ്റ് വേണം; അതുപോലെതന്നെ ഇന്ന് പ്രവർത്തിക്കുന്ന വേഗത പോരാ, വേഗത ഇനിയും കൂടണം. ഇങ്ങനെ വേഗതകൂട്ടി 1600 മീറ്റർ ടണലിന്റെ കോൺക്രീറ് ലൈനിംഗ് പൂർത്തിയാക്കിയിരുന്നെങ്കിൽ മാത്രമേ 1985 മൂന്നാം മാസത്തിൽ ഇതു കമ്മീഷൻ ചെയ്യാൻ കഴിയുകയുള്ളു. 4-7-1984-ൽ ഈ കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡിലെ ചീഫ് എഞ്ചിനീയർ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. ആ കോൺഫറൻസിൽ ഒരു തീരുമാനമുണ്ടായി. ഈ നിയമസഭയെയും ജനങ്ങളെയും അത്ഭുതപ്പെടുത്തുന്ന ഒരു തീരുമാനമായിരുന്നു അത്. ഒരു കോൺക്രീറ് പ്രവർത്തനം നടത്തുമ്പോൾ ആ കോൺക്രീറ് പ്രവർത്തനത്തിനു് സിമൻറ് മാനുവലിൽ പറയുന്നത് ഏറ്റവും മിനിമം ഇരുപത്തിനാല് മണിക്കൂർ സെറ്റാകുന്നതിനു് ട്രീറ്റ്മെൻറിനു് വേണ്ടിവരുമെന്നാണ്. കുറഞ്ഞത് ഇരുപത്തിനാല് മണിക്കൂറെങ്കിലും വേണം. 48 മണിക്കൂർവരെ സാധാരണ ഉപയോഗിക്കാറുണ്ട്. നമ്മുടെ വീടുകളിൽ സാധാരണ ഏഴു ദിവസം കഴിഞ്ഞേ എടുക്കാറുള്ളു. പ്രത്യേക സംവിധാനങ്ങളുള്ളതുകൊണ്ട് ഇരുപത്തിനാല് മണിക്കൂർ എങ്കിലും വേണമെന്ന് പറയുന്നു. അങ്ങനെ ഇരുപത്തിനാലു മണിക്കൂർ വേണമെന്നുള്ള സിമൻറ് മാനുവലിലെയും ഇതുവരെയുള്ള കീഴ്വഴക്കങ്ങളെയും ലംഘിച്ചുകൊണ്ട് 12 മണിക്കൂർ ആക്കാൻ തീരുമാന മെടുത്തു. ആ കത്തിന്റെ ഫോട്ടോസ്റ്റാറ്റ് ഞാൻ മേശപ്പുറത്തു വയ്ക്കാം. പന്ത്രണ്ട് മണിക്കൂറായി തീരുമാനമെടുത്തുന്നതിനുശേഷം ഞാനും.....

ശ്രീ. പി. സി. ജോർജ്: കുഴിയിൽ വീണ പന്നിക്ക് കല്ലും തടിയുമെന്നാണ് പറയുന്നത്. ഇനി ഇതു വേണോ കാനം?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കാനം രാജേന്ദ്രൻ : അദ്ദേഹം ചോദിക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ആരൊക്കെ അധികാരത്തിൽ ഇരുന്നുവോ അവരെക്കുറിച്ചെല്ലാം അന്വേഷണം നടത്തുന്നതിന് എനിക്ക് വിരോധമില്ല. ഒരു ജുഡീഷ്യൽ അന്വേഷണംതന്നെ നടത്തണം. അതിന്റെ പേരിൽ ശ്രീ. ബാലകൃഷ്ണപിള്ളയെ രക്ഷപ്പെടുത്താൻവേണ്ടി ശ്രീ. ജോർജ് വാദിക്കേണ്ട. അങ്ങ് ഒരു ദൈവവിശ്വാസിയാണ്. അങ്ങേയ്ക്കുകൂടി ഈ കാര്യങ്ങളൊക്കെ അറിയാവുന്നതാണ്. സ , 4-7-1984 ലെ തീരുമാനമനുസരിച്ച് നമ്പർ ഡി. ബി. 6/96/81-82 11/07 തീയതി 30-7-1984 അനുസരിച്ച് സൂപ്രണ്ടിംഗ് എൻജിനീയർ-ഇടമലയാർ പ്രോജക്ട് സെക്ഷനിലെ സൂപ്രണ്ടിംഗ് എൻജിനിയർ-കോതമംഗലം എക്സിക്യൂട്ടീവ് എൻജിനീയർക്ക് ഇടമലയാറിൽ അയച്ച കത്തിൽ പറയുന്നു, വീണ്ടും അത് പത്തു മണിക്കൂറാക്കി ചുരുക്കണമെന്ന്? 24 മണിക്കൂറിന് 12 മണിക്കൂറാക്കാൻ തീരുമാനമെടുത്തു. സർ, വീണ്ടും അത് പത്തു മണിക്കൂറാക്കാൻ തീരുമാനമെടുത്തു. കോൺക്രീറ്റ് പത്തു മണിക്കൂർ സെറ്റായാൽ അവിടെയിരിക്കും എന്നതിൽ വല്ല ഉറപ്പുമുണ്ടോ? പത്തു മണിക്കൂറാക്കാൻ തീരുമാനമെടുത്തെങ്കിലും അതു വക വയ്ക്കാതെ അപ്പോഴേതന്നെ ഇടിഞ്ഞു പൊളിഞ്ഞു വീണു. അങ്ങനെ കോൺക്രീറ്റ് ലൈനിംഗിൽ വളരെ മോശപ്പെട്ട പ്രവർത്തനം നടത്തിയതിന്റെ ഫലമായി ഇന്ന് കുഴപ്പമുണ്ടായിരിക്കുകയാണ്. ഇന്ന് പത്രത്തിൽ ഒരു വാർത്തയുണ്ട്. എൻജിനീയർമാർക്ക് അസുഖം. ഇലക്ട്രിസിറ്റി ബോർഡിലെ എൻജിനീയറായിട്ടുള്ള ശ്രീ. രാമചന്ദ്രനും അതുപോലെതന്നെ എക്സിക്യൂട്ടീവ് എഞ്ചിനീയർ അരവിന്ദാക്ഷനും ടെക്നിക്കൽ കമ്മിറ്റി വന്നപ്പോൾ ലഘുവായ ഹൃദ്രോഹബാധ ഉണ്ടായതിനെത്തുടർന്ന് കോതമംഗലം ആശുപത്രിയിൽ പോവുകയും അവിടെ നിന്ന് നിർദ്ദേശാനുസരണം സംസാരിക്കാൻ പാടില്ലായെന്നു പറഞ്ഞ് വിശ്രമിക്കുകയുമാണ്. അവർക്ക് ഹൃദ്രോഹമെങ്കിലും ഉണ്ടായി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച യഥാർത്ഥ വില്ലന് ഹൃദ്രോഗബാധയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. അദ്ദേഹം പാക്കെ അറിയപ്പെടുന്ന ഹൃദയ ശൂന്യനാണ്. അതുകൊണ്ട് കഴിഞ്ഞ കാലയളവിൽ നമ്മുടെ സംസ്ഥാനത്ത് ഇത്രയേറെ മോശപ്പെട്ട തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി വളരെ തെറ്റായ നടപടികൾ സ്വീകരിച്ച ഒരു സാഹചര്യമുണ്ടായി.

സർ, ഇടമലയാറിലെയും കല്ലടയിലെയും പ്രോജക്ടുകളെ സംബന്ധിച്ച് ഈ നിയമസഭയിൽ വരികയും പത്രങ്ങളിൽ വാർത്തകൾ വരികയും ചെയ്ത സാഹചര്യത്തിൽ ഞങ്ങൾ ഇവിടെയുള്ള ഏഴു നിയമസഭാ സാമാജികൻമാർ സബ്ജക്ട് കമ്മിറ്റി 3 ന്റെ ചെയർമാനായ ഇറിഗേഷൻ വകുപ്പുമന്ത്രി ശ്രീ. ഗംഗാധരന് ഒരു കത്തു കൊടുത്തു. സബ്ജക്ട് കമ്മിറ്റി 3 അടിയന്തിരമായി കൂടണമെന്നും സബ്ജക്ട് കമ്മിറ്റി 3 ലെ അംഗങ്ങൾ ഇടമലയാറും കല്ലടയും സന്ദർശിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പറഞ്ഞ് ഞങ്ങൾ കത്തു കൊടുത്തു. ഇന്നലെ അതിന് മറുപടി കിട്ടി, ഞാൻ ആ മറുപടി വായിക്കാം. സബ്ജക്ട് കമ്മിറ്റി വിളിച്ചുകൂട്ടണമെന്നു പറഞ്ഞുകൊണ്ട്, ചർച്ച നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാന് കത്തു കൊടുത്താൽ കിട്ടുന്ന മറുപടി ഇതാണോയെന്ന് അങ്ങ് പരിശോധിക്കണം. "ഇടമലയാർ, കല്ലട പ്രോജക്ടുകൾ സന്ദർശിക്കാൻ സബ്ജക്ട് കമ്മിറ്റിക്ക് സൗകര്യമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള താങ്കളുടെ 23-7-1985-ലെ കത്ത് ഇറിഗേഷൻ സെക്രട്ടറിയുടെ നടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്." ആരാണ് സർ ഇറിഗേഷൻ സെക്രട്ടറി? സബ്ജക്ട് കമ്മിറ്റി 3 ലെ യോഗം കൂടണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയും ഈ യോഗത്തിൽ സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങൾ

ഇടമലയാറും കല്ലടയും സന്ദർശിക്കാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കണമെന്ന് പറഞ്ഞപ്പോഴും കുറവാളികളെ രക്ഷിക്കാൻവേണ്ടി, മൂടി വയ്ക്കാൻവേണ്ടി ഇപ്പോഴും ഇറിഗേഷൻ മന്ത്രി, സബ്ജക്ട് കമ്മിറ്റി-3 ലെ ചെയർമാൻ, സെക്രട്ടറിക്ക് അയച്ചുകൊടുത്തിരിക്കുകയാണ്.

ശ്രീ. കെ. എം. മാണി : എനിക്ക് കിട്ടിയ ലെറ്റർ ഞാൻ എല്ലാ സൗകര്യങ്ങളും ഉണ്ടാക്കണമെന്ന് പറഞ്ഞ് എഴുതിക്കൊടുത്തിട്ടുണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ : ബഹുമാനപ്പെട്ട മാണിയുടെ കാര്യമല്ല ഞാൻ പറയുന്നത്. ഇത് സബ്ജക്ട് കമ്മിറ്റി-3 ന്റെ ചെയർമാനായ ഇറിഗേഷൻ മന്ത്രി, വാട്ടർ ആൻഡ് പവ്വർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ശ്രീ. ഗംഗാധരനെപ്പറ്റിയാണ്. ശ്രീ. ഗംഗാധരൻ ചെയർമാനായിട്ടുള്ള സബ്ജക്ട് കമ്മിറ്റി-3 ലെ അംഗങ്ങളായ ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. കെ. പി. അരവിന്ദാക്ഷൻ, ശ്രീ. ജിനദേവൻ, ശ്രീ. പി. കുമാരൻ, ശ്രീ. ലോനപ്പൻ നമ്പാടൻ, ശ്രീ. എ വി. താമരാക്ഷൻ, എന്നീ ഏഴ് അംഗങ്ങളും എഴുതിക്കൊടുത്ത കത്താണ്. ധിക്കാരം കാണിക്കുന്നതിനും ഒരതിരു വേണം. ഇങ്ങനെ ഒരു കത്തു കൊടുത്തപ്പോൾ ചെയർമാൻ ഇറിഗേഷൻ സെക്രട്ടറിയുടെ പരിഗണനയ്ക്കയച്ച് ആവശ്യമായ നടപടികളും സ്വീകരിക്കണമെന്നു പറഞ്ഞു. സബ്ജക്ട് കമ്മിറ്റി ചെയർമാനും കത്തെഴുതിയാൽ ഇതാണോ സാധാരണ നടപടി ?

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. സബ്ജക്ട് കമ്മിറ്റി വിളിച്ചുകൂട്ടണമെന്നു ആവശ്യപ്പെട്ടുകൊണ്ട് സബ്ജക്ട് കമ്മിറ്റി അംഗങ്ങളായ ഏഴു മെമ്പർമാർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനു രേഖാമൂലം എഴുതിക്കൊടുത്ത കത്ത് പരിഗണനയ്ക്കായി അയച്ചുകൊടുത്തിരിക്കുന്നു എന്നു പറയുന്നത് സബ്ജക്ട് കമ്മിറ്റിയെ അവഹേളിക്കലല്ലേ, സഭയോടുതന്നെ ഉത്തരവാദപ്പെട്ട കമ്മിറ്റി എന്ന നിലയിൽ ആ കമ്മിറ്റിയോടുള്ള അവഹേളനമല്ലേ ? ഇത് അനുവദിക്കാൻ പറ്റുമോ ? ഓർഡറിലാണോ ?

ശ്രീ. ഇ. കെ നായനാർ : സർ, എം. എൽ. എ. മാരുടെ ശില്പശാലയിൽ അംഗീകരിച്ചിരിക്കുന്നത് മന്ത്രിമാരുടേതിനു തുല്യ പദവി എം. എൽ. എ. മാർക്കുണ്ടെന്നാണ് ഒരു സ്വീകരണത്തിനു പോയാൽ, ഡെപ്യൂട്ടി സെക്രട്ടറിയെയല്ല അദ്ധ്യക്ഷം വഹിപ്പിക്കുന്നത്. ഇപ്പോഴാണെങ്കിൽ ഏഴ് എം. എൽ. എ. മാർ കൂടി സബ്ജക്ട് കമ്മിറ്റിൽ എഴുതി ചോദിച്ചു. സ്റ്റാറാറസ് മാത്രമല്ലല്ലോ ഇത് അസംബ്ലിയിൽപ്പെട്ടതല്ലേ ? ഇതുസംബന്ധിച്ച് ഗൗരവമായി അന്വേഷിച്ച് നടപടി എടുക്കണം. അതിനുവേണ്ടി സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തണം ? നടപടിയെടുക്കണം.

ശ്രീ. എ. സി. ഷൺമുഖദാസ് : ചെയർമാൻ ഒരു കത്തു കൊടുത്താൽ ചെയർമാൻ യോഗം വിളിക്കുകയോ അല്ലെങ്കിൽ അതിന്റെ മറ്റു കാര്യങ്ങളും അറിയിക്കുകയോ ചെയ്യുന്നതിനു പകരം സെക്രട്ടറിക്ക് ഫോർവേഡ് ചെയ്യുന്നത് നിയമസഭയെ ധിക്കരിക്കലാണ്. നിയമസഭയുടെ അധികാര പരിധിയിൽപ്പെടുന്ന കാര്യമാണ് ഇത്. ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെടുന്ന കാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ നടന്ന കാര്യങ്ങളെ സംബന്ധിച്ച് സ്പീക്കറുമായി ബന്ധപ്പെടുകയും അതിനു തക്കതായ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിക്കുകയും ചെയ്യും.

ശ്രീ. കാനം രാജേന്ദ്രൻ : ഈ വിധത്തിലുള്ള പ്രവർത്തനങ്ങളും നടത്തുന്ന ഒരു ഗവൺമെന്റെന്ന നിലയിലാണ് ഈ സപ്ലിമെന്ററി ഗ്രാന്റ് കൊണ്ടു വന്നതിൽ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, സപ്ലിമെന്ററി ഗ്രാന്റിൽ ഇതൊന്നുമില്ല. പിന്നെ ഞാൻ ഇത് കേട്ടിരുന്നേയുള്ളു. ഇടമലയാറിനെപ്പറ്റി പറയുമ്പോൾ എനിക്ക് എതിർക്കാൻ ഒക്കുകയില്ല. ഈ ചർച്ചയേ.....

ശ്രീ, കാനം രാജേന്ദ്രൻ : അത് ശരിയല്ല. ഈ ഗവൺമെന്റിന്റെ പെർഫോമൻസിനെപ്പറ്റി ഈ സഭയിൽ പറയാനുള്ള അവകാശം എനിക്കുണ്ട്. ഈ ഗവൺമെന്റിന്റെ കൈയിൽ പണം ഏൽപ്പിച്ചാൽ.....

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ഇവിടെ ഉത്തരവാദപ്പെട്ട ധനകാര്യമന്ത്രി ചർച്ച .....എന്നു പറഞ്ഞു. ഇത് ഈ സഭാ രേഖകളിൽ ഉണ്ടാകുമോ ?

ശ്രീ. കെ. എം. മാണി : അതിന്റെ മലയാളത്തിലുള്ള അർത്ഥം വളരെ ഭേദ്യമാണ്. മലയാളത്തിലുള്ള അർത്ഥത്തിൽ ഒരു കുഴപ്പവുമില്ല.....

..... (ബഹളം).....

ശ്രീ. ബേബി ജോൺ : അങ്ങാണ് ഈ സഭയെ നിയന്ത്രിക്കുന്നതും നയിക്കുന്നതും. വഴിവിട്ട് പോകുന്നുവെങ്കിൽ അങ്ങേക്ക് നിയന്ത്രിക്കാൻ കഴിയും. ഒരു മെമ്പർ ചർച്ച .....എന്നു പറയുന്നത് അങ്ങയെയും ഈ സഭയെയും അവഹേളിക്കുന്നതാണ്.

..... (ബഹളം).....

ശ്രീ. കെ. എം. മാണി : ഇവിടെ അങ്ങയോടോ സഭയോടോ എനിക്ക് ഒരനാദരവും ഇല്ല..... എന്ന വാക്കിന്റെ അർത്ഥം ഇറെലവൻറ് എന്നു മാത്രമേയുള്ളു.

മി. ഡെപ്യൂട്ടി സ്പീക്കർ : മന്ത്രി ഏതർത്ഥത്തിൽ പറഞ്ഞാലും ശരി ഈ സഭയുടെ നടപടി ക്രമത്തിൽ അത് ഉണ്ടായിരിക്കുന്നതല്ല.

ശ്രീ. കാനം രാജേന്ദ്രൻ : ഒരു സഭാ മെമ്പർ എന്ന നിലയിൽ ഈ ഗവൺമെന്റ് കൊണ്ടുവരുന്ന അധിക ധനാഭ്യർത്ഥനകളെ എതിർക്കുന്നത് ഏതടിസ്ഥാനത്തിലെന്നുള്ളത് മുൻകാല അനുഭവങ്ങളിൽ വച്ചുകൊണ്ടാണ്.

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ലിസ്റ്റ് ഓഫ് ബിസിനസ് പ്രകാരം മൂന്നാമത്തെ അജണ്ടയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പേരിൽ ഈ സഭയിൽ വച്ച പേപ്പറുകളുണ്ട്.

III (2)

(2) Finance Accounts of the Government of Kerala for the year 1988-84.

(3) Appropriation Accounts of the Government of Kerala for the year 1983-84.

ഇതൊക്കെ സപ്ലിമെന്ററി ഡിമാൻറിൽ ചർച്ചയ്ക്ക് അംഗങ്ങൾക്ക് ആവശ്യമുള്ള കാര്യമാണ്. ഇതുവരെ ഞങ്ങൾക്ക് അത് തന്നില്ല. ഞങ്ങൾ ചർച്ചയിൽ പങ്കെടുക്കുമ്പോൾ മന്ത്രി ഇതു പറയുകയും ഇവിടെ തരേണ്ട പേപ്പറുകൾ തന്നുയെന്നും മേശപ്പുറത്തു വച്ച പേപ്പറുകൾ അംഗങ്ങൾക്ക് വിതരണം ചെയ്തിരിക്കുന്നത് ശരിയാണോ ? അതിനാവശ്യമായ നടപടികൾ എടുക്കണം.

ശ്രീ. കാനം രാജേന്ദ്രൻ : ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജെ. ലൂക്കോസ് : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്നകളെക്കുറിച്ച് സംസാരിച്ച അവസരത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ എല്ലാം കല്ലടയിലും ഇടമലയാറിലും ഉണ്ടായ ചോർച്ചയെ ബന്ധപ്പെടുത്തി മന്ത്രിമാർ വിശദമായി സൂചിപ്പിച്ചിട്ടുണ്ട്. ഇന്നു രാവിലെയും ഇതിനെപ്പറ്റിസൂചിപ്പിച്ചു. കൂടാ, ഇടമലയാർ തുടങ്ങിയ ഡാമിന്റെ പ്രശ്നങ്ങളും ഈ സംസ്ഥാനത്തെ ജനങ്ങളിൽ ഭീതി ഉണ്ടാക്കുകയും ആവശ്യമില്ലാതെ ചർച്ചകളും നീട്ടിക്കൊണ്ടും പോകുന്ന സംഭവം ഒഴിവാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് പ്രകൃതിക്ഷോഭത്തിന്റെ ഫലമായി ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ 40 കോടി രൂപ ഉൾപ്പെടെ ഈ ഉപധനാഭ്യർത്ഥനയിൽ സൂചിപ്പിച്ചിട്ടുണ്ട്. ബഹുമപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും പ്രളയക്കെടുതിയുടെ ഫലമായിട്ടുള്ള 756 കോടി രൂപയുടെ കണക്ക് അവതരിപ്പിച്ചുകൊണ്ട്, ഡൽഹിയിൽ, പരമാവധി തുക നേടിയെടുക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. നമുക്കു ലഭിക്കേണ്ട തുക പൂർണ്ണമായും ഗ്രാന്റായി ലഭിക്കണം, നമ്മുടെ സംസ്ഥാനത്ത് താറുമാറായി കിടക്കുന്ന റോഡുകൾ. അതുപോലെതന്നെ വീട് നഷ്ടപ്പെട്ട ആളുകൾ, കൃഷി നഷ്ടപ്പെട്ട ആളുകൾ-കുട്ടനാടൻ മേഖലയിൽ, വടക്കൻ കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ, നെൽകൃഷിയെല്ലാം പൂർണ്ണമായി നശിച്ച്, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകൾ, അവരെ സഹായിക്കണം. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തിന് ആവശ്യമായ അരി ഉൽപ്പാദനം പൂർണ്ണമായി നശിച്ചിരിക്കുന്ന സാഹചര്യത്തിൽ അവരുടെ കണ്ണുനീർ ഒപ്പുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. റോഡായാലും, അതെല്ലാം സംരക്ഷിക്കപ്പെടണം. അങ്ങനെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്ന 40 കോടി രൂപയുടെ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. അതൊക്കെ പറയുന്ന അവസരത്തിൽ കഴിഞ്ഞകാലങ്ങളിൽ ഇവിടെ ലഭിച്ച ഇങ്ങനെയുള്ള തുകകളെല്ലാം ദുർവിനിയോഗം ചെയ്തു എന്നുള്ള ആരോപണമാണ് പറയുന്നത്.

നമുക്കറിയാം, കഴിഞ്ഞ വരൾച്ച ഉണ്ടായ അവസരത്തിൽ കേന്ദ്രഗവൺമെന്റിൽ നിന്ന് ലഭിക്കാവുന്ന ആനുകൂല്യവും മറ്റ് ഏജൻസികളിൽ നിന്ന് ലഭിക്കാവുന്ന ആനുകൂല്യങ്ങളുമെല്ലാം ഉപയോഗിച്ചുകൊണ്ട്, സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും നിലവിലുള്ള വാട്ടർസപ്ലൈസ് കീം വികസിപ്പിക്കുന്നതിനും പുതിയ വാട്ടർസപ്ലൈസ് കീം ഏർപ്പെടുത്തുന്നതിനും, അങ്ങനെ കൂടി വെള്ളമെത്തിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് പരിശ്രമിച്ചിട്ടുണ്ട്. അതുപോലെതന്നെ വെള്ളപ്പൊക്ക കെടുതി ഉണ്ടായ അവസരത്തിൽ റോഡ് സംരക്ഷിക്കുന്നതിന് ബണ്ട് സ്ഥാപിച്ച് ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഈ ഗവൺമെന്റ് ശ്രമിച്ചു. ഉദാഹരണമായി, എം. സി. റോഡിൽ നാഗമ്പടം മുതൽ പട്ടിത്താനം വരെയുള്ള 12 കിലോമീറ്റർ റോഡ് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ തരത്തിൽ ആറ് ഇഞ്ച്, ഏഴ് ഇഞ്ച് കനത്തിൽ നിർമ്മിച്ചിരിക്കുന്നു. ബണ്ടുകൾ സ്ഥാപിച്ചാൽ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാൻ സാധിക്കുമെന്നുള്ളതിന്റെ തെളിവാണ് ആ റോഡ്. നമ്മുടെ സംസ്ഥാനത്ത് വികസനപ്രവർത്തനങ്ങൾ, പ്രത്യേകിച്ച് റോഡുകൾ സംരക്ഷിക്കാൻ ബുദ്ധിമുട്ടുള്ള അവസരത്തിൽ, ഉള്ള റോഡുകൾ നശിച്ച സാഹചര്യത്തിൽ, തെരഞ്ഞെടുത്ത വില്ലേജുകളിൽ പാവപ്പെട്ടവർക്ക് വീട് വച്ചുകൊടുക്കുന്നതിനും, നാശം സംഭവിച്ച വീടുകൾക്കുപകരം സ്ഥിരമായ വീട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കി കൊടുക്കുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഒരു വർഷം 50,000 വീടുകളാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ ഇപ്പോൾ സർക്കാർ ആഗ്രഹിക്കുന്നത് പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം ഭാഗികമായും പൂർണ്ണമായും വീട് നശിച്ചവർക്ക് യഥാക്രമം 750 രൂപയും 1,500 രൂപയും കൊടുത്ത് സഹായിക്കുന്നതിനുപകരം, 600 രൂപയുടെ വീടുകൾ സ്ഥിരമായി നിർമ്മിച്ചു കൊടുക്കാനാണ് നമ്മുടെ സംസ്ഥാനത്തുള്ള കോളേജുകളിലെ എൻ.എസ്.എസ്. നേയും മറ്റ് സന്നദ്ധ സംഘടനകളെയും ക്ഷണിച്ചു കൊണ്ട് കോൺഫറൻസ് സംഘടിപ്പിച്ചതിന്റെ ഫലമായി ഓരോ വില്ലേജിലും നൂറ് വീടുകൾവീതം നിർമ്മിക്കാൻ കോളേജിലെ എൻ.എസ്.എസ്. കോ-ഓർഡിനേറ്റേഴ്സും കോളേജ് അദ്ധ്യാപകരും മുന്നോട്ടു വന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം തന്നെ ഗാന്ധിജി സർവ്വകലാശാലയുടെ കീഴിലുള്ള കോളേജ് അദ്ധ്യാപകൻമാർ അതിൽ പങ്കെടുത്തു. അങ്ങനെ നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട ആളുകളെ ഉദ്ധരിക്കുന്നതിന്, നാശനഷ്ടം വന്നിരിക്കുന്ന റോഡുകൾ സംരക്ഷിക്കുന്നതിന്, കുട്ടനാടൻ പാടശേഖരങ്ങളിൽ ബണ്ട് നിർമ്മിക്കുന്നതിന് അങ്ങനെ എല്ലാ തലത്തിലും അതിനുവേണ്ടിയുള്ള ശ്രമങ്ങളിൽ സർക്കാർ ഏർപ്പെട്ടിരിക്കുന്നു. ഈ ഗവൺമെൻറിന് ലഭിക്കുന്ന തുക ഫലപ്രദമായി ഉപയോഗിക്കുന്നു എന്നുള്ള കാര്യത്തിൽ ആരും സംശയിക്കേണ്ടതില്ല. ഈ അവസരത്തിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. വിജയദാസ് : സർ, ഞാൻ ഈ സപ്ലിമെൻററി ഡിമാൻസിനെ എതിർക്കുന്നു. ഈ ഡിമാൻറിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും സ്വന്തം ആശ്രിതർക്ക് ചെയ്തു കൊടുത്തതാണ്. ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ പുതിയ തസ്തിക സൃഷ്ടിച്ചത് കൂട്ടത്തിലുണ്ട്. അതുപോലെതന്നെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് വളരെമുമ്പ് കാസർകോട് ജില്ലയിൽ ഒരു പുതിയ ലേബർ ആഫീസ് ഉണ്ടാക്കി ആ ലേബർ ആഫീസിന്റെ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാതെ ഇപ്പോൾ സപ്ലിമെൻററിയായി അവതരിപ്പിച്ചിരിക്കുന്നു. അതുപോലെതന്നെ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ രണ്ട് സ്പെഷ്യൽ സ്കാഡ് ഉണ്ടാക്കുന്നതിന് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് ഒരു മാസം മുമ്പ് തീരുമാനമെടുത്തതാണ് അതും ബഡ്ജറ്റിലില്ല. ഇത്തരം കാര്യങ്ങൾ നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ അവതരിപ്പിക്കുന്നതാണ് വകുപ്പു മന്ത്രിമാർ ശ്രമിച്ചിരിക്കുന്നത്. ഈ സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി എവിടെനിൽക്കുന്നുവെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. യഥാർത്ഥമായ പ്രശ്നത്തിൽനിന്നും വഴുതി മാറിക്കൊണ്ടുപോകാനാണ് ബഹുമാനപ്പെട്ട മന്ത്രിമാണിയുടെ ശ്രമം. ആറാം പഞ്ചവൽസരപദ്ധതി അവസാനിച്ചപ്പോൾ 300 കോടി രൂപ കമ്മി എന്നാണ് കണക്ക്. അത് താൽക്കാലികമായി തീരുമാനിച്ചിട്ടുള്ളതാണ്. ഇനിയും അതിനേക്കാൾ കൂടുമെന്നാണ് കണക്ക്. ഏഴാം പഞ്ചവൽസരപദ്ധതി അവസാനിക്കുമ്പോൾ 600 കോടി രൂപ കമ്മി വരും. രണ്ടുംകൂടി കൂടിയാൽ ഉണ്ടാകുന്ന കമ്മി, കഴിഞ്ഞകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ എത്രമാത്രം കൂടുമെന്ന് ആലോചിക്കേണ്ടതാണ്. ഒരു കാര്യം ഞാൻ സൂചിപ്പിച്ചു. കഴിഞ്ഞ ആറാം പഞ്ചവൽസര പദ്ധതിയിൽ ഉദ്യോഗസ്ഥൻമാർക്ക് ഡി.എ കൊടുത്ത ഇനത്തിൽ 500 കോടിരൂപ വേണ്ടിവന്നു. കേന്ദ്രഗവൺമെൻറിന്റെ തെറ്റായ സാമ്പത്തികനയത്തിന്റെ അടിസ്ഥാനത്തിൽ വിലവർദ്ധനവും പണപ്പെരുപ്പവും ഉണ്ടായതുകൊണ്ടു മാത്രമാണ്, ഈ രാജ്യത്തെ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമായി മാറിയത്. അതിന്റെ പേരിലാണ്, ജീവനക്കാർക്ക് താൽക്കാലിക ആശ്വാസം എന്നുള്ള നിലയിൽ ഡി.എ. അനുവദിക്കേണ്ടിവന്നത്. ഏഴാം പഞ്ചവൽസര പദ്ധതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്ന പണപ്പെരുപ്പവും വിലവർദ്ധനവും ഈ രാജ്യത്തെ ജനങ്ങളേയും ജീവനക്കാരേയും എവിടെ കൊണ്ടുചെന്നെത്തിക്കുമെന്ന് നമ്മൾ ആലോചിക്കേണ്ടിയിരിക്കുന്നു. ആ യാഥാർത്ഥ്യം കാണാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി തയ്യാറാകുമോ എന്നുള്ളതാണ് പ്രശ്നം. ഇവിടെ പ്രതിപക്ഷം സഹകരിക്കുന്നില്ലായെന്ന് പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ഓവർ ഡ്രാഫ്റ്റ് നിറുത്തിയ സാഹചര്യത്തിൽ കേരളത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ വഴി മുട്ടിനിൽക്കുന്ന ഈ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പ്രശ്നത്തെ കുറിച്ച് ചർച്ച ചെയ്യാനും കേന്ദ്രത്തിൽനിന്ന് അർഹമായത് ചോദിച്ച് വാങ്ങാനും ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഒരുമിച്ച് തയ്യാറാകുമോ ? ഈ സംസ്ഥാനത്ത് ഉണ്ടായിരുന്ന സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ നിന്ന് കിട്ടാനുള്ളതു് ഗൗരവപൂർവ്വം ചോദിച്ച് വാങ്ങാൻ ഇവരെകൊണ്ട് ആവില്ല എന്ന് കഴിഞ്ഞകാല അനുഭവം തെളിയിച്ചിരിക്കുന്നു. ആ സാഹചര്യത്തിൽ പ്രതിപക്ഷത്തോടൊപ്പം നിന്നുകൊണ്ട് ചർച്ചചെയ്തും. തീരുമാനിച്ച് വാങ്ങാൻ ശ്രീ. മാണിയും ശ്രീ. കരുണാകരനും തയ്യാറാകുമോ കഴിഞ്ഞ കാല അനുഭവം ഞാൻ പറയാതെതന്നെ നിങ്ങൾക്ക് അറിയാം ഗവൺമെന്റിന് കഴിഞ്ഞകാല അനുഭവത്തിന്റെ വെളിച്ചത്തിൽ ഒരൊറ്റ കാര്യം പോലും ചോദിച്ച് വാങ്ങാൻ കഴിഞ്ഞിട്ടില്ല. കോ ഫാക്ടറിയുടെ കാര്യം എന്തായി ? തീരദേശ റയിൽവേയുടെ കാര്യം എന്തായി ? മൽസ്യത്തൊഴിലാളി കുടുംബത്തിന് മണ്ണെണ്ണ ഉപയോഗിച്ച് ബോട്ട് ഓടിക്കാൻ കൊടുക്കുന്ന കാര്യം എന്തായി ? അന്താരാഷ്ട്ര വിമാനത്താവളം എന്തായി? ശ്രീ. ഉമ്മൻചാണ്ടി അവതരിപ്പിച്ച ഗൾഫ് രാജ്യങ്ങളിൽ പോകുന്ന യാത്രക്കാരുടെ യാത്രകൂലി കുറയ്ക്കുന്ന കാര്യം എന്തായി ? റബ്ബർ ഇറക്കുമതി എവിടെപോയി ? നാഴികയ്ക്കു നൂറുവട്ടം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ഡൽഹിയിൽ പോകുന്നുണ്ട്. എവിടെ പോയി നാളികേരത്തിന്റെ താങ്ങുവില ? വെളിച്ചെണ്ണ ഇപ്പോൾ ഇറക്കുമതി ചെയ്യുകയില്ലായെന്നു പറഞ്ഞു എത്ര കാലത്തേക്ക് ? ഒരു മാസത്തേക്ക് എന്നാണ് ? ഒരു മാസം വേണം വെളിച്ചെണ്ണ അവിടെ നിന്നും ഡൽഹിയിൽ എത്താൻ. ആ ഒരു മാസത്തേക്ക് ഇറക്കുമതി ചെയ്യുകയില്ലായെന്നാണ് പറയുന്നത്. കേരളത്തിന് അർഹമായ ഒരൊറ്റ കാര്യം പോലും കേന്ദ്രത്തിൽനിന്ന് ചോദിച്ചു വാങ്ങാനുള്ള തന്റേടവും സൻമനസും ഈ ഗവൺമെന്റിനില്ലാത്തതുകൊണ്ട്, പ്രതിപക്ഷത്തെകൂടി പങ്കെടുപ്പിച്ച് ചർച്ചചെയ്ത് ഈ കാര്യങ്ങൾ വാങ്ങാൻ നിങ്ങൾ തയ്യാറാണോ എന്നുള്ളതാണ് പ്രധാനപ്രശ്നം.

കേന്ദ്രത്തിന്റെ തെറ്റായ നയങ്ങളെകുറിച്ച് സൂചിപ്പിച്ചാൽ ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. എന്താണ് ഇവിടത്തെ വ്യവസായനയം ? ഇൻഡ്യയിലെ 35 കോടിയിൽപരം വരുന്ന ജനങ്ങൾ ആഹാരവും വസ്ത്രവും കുടിവെള്ളവുമില്ലാതെ കഷ്ടപ്പെടുമ്പോൾ നമ്മൾ ജപ്പാനിൽ നിന്ന് കാറുകൾ ഇറക്കുമതി ചെയ്യുന്നു. ഇറക്കുമതി ചെയ്യുന്നതിന് ഞാൻ കാറുകൾ ഒരൈസേഷന് ഞാൻ എതിരല്ല. പക്ഷേ 35 കോടിയിൽ പരം വരുന്ന ഇൻഡ്യയിലെ ജനങ്ങൾ പട്ടിണി കിടക്കുമ്പോൾ ജപ്പാനിൽ നിന്ന് കാറുകൾ ഇറക്കുമതി ചെയ്യുന്നു. സുസുക്കി മാരുതി. ഇത്രമാത്രം ജനങ്ങൾ പട്ടിണി കിടക്കുമ്പോൾ, ആ ദരിദ്രനാരായണൻമാർക്ക് ഒരു നേരത്തെ ആഹാരം കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ജപ്പാനിൽനിന്ന് ഇറക്കുന്ന കാറുകളിൽ ഇരുന്ന്, ഇൻഡ്യയുടെ വിമാനിൽ കൂടിയാത്രചെയ്യുന്നതു കണ്ടാൽ, ആ ഭരണാധികാരി ആരായിരുന്നാലും അത് തെറ്റ്, തെറ്റ്, തെറ്റ് എന്ന് മൂന്നു പ്രാവശ്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ പോകുന്നു കേന്ദ്രത്തിന്റെ തെറ്റായ നടപടി.

LIBRARY ARCHIVES Kerala Legislative Assembly

ഈ കാര്യങ്ങളൊക്കെ ഞങ്ങൾ സൂചിപ്പിച്ചാൽ, ഞങ്ങൾ പ്രതിപക്ഷം രാജ്യദ്രോഹികളാണെന്നാണ് പറയുന്നത്. (അങ്ങനെ പരാമർശനം ഉണ്ടായി) ഞങ്ങൾ ബഡ്ജറിനെ എതിർത്താൽ രാജ്യദ്രോഹികൾ, ധനകാര്യബില്ലിനെ എതിർത്താൽ രാജ്യദ്രോഹികൾ. ആരാണ് രാജ്യദ്രോഹികൾ ? ഇവിടെ ഇന്നലെയും ഇന്നും കഴിഞ്ഞ ഒരാഴ്ചയായും നീണ്ടുനിൽക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപെടുത്തുകയാണ്. ഇടമലയാറും കല്ലടയും. ഇടമലയാറിലും കല്ലടയിലും വമ്പൻമാരും, സമ്പന്നൻമാരും ചില ഉദ്യോഗസ്ഥൻമാരും ഭരണാധികാരികളും ചേർന്ന് കോടി കണക്കിന് രൂപ സ്വന്തം കീശയിലാക്കിയത് ചൂണ്ടിക്കാണിച്ചാൽ ആചൂണ്ടികാണിക്കുന്നവൻ രാജ്യദ്രോഹിയാണ്. അപ്പുറത്തിരിക്കുന്ന ആളുകൾ ഇതു മുഴുവനും പങ്കിട്ടെടുത്ത് കീശയിലാക്കിയിട്ട് അവർ രാജ്യദ്രോഹികളല്ല. വാൽവ് വാങ്ങിയെന്ന് ചൂണ്ടികാണിച്ച ശ്രീ. കൃഷ്ണൻകുട്ടിയാണോ രാജ്യദ്രോഹി. ശ്രീ. ഇ. കെ. നായനാരാണോ രാജ്യദ്രോഹി, ശ്രീ. ബേബിജോൺ ആണോ രാജ്യദ്രോഹി ? അന്വേഷിക്കാമോ ? നിങ്ങളുടെ കാലത്തല്ല, ഞങ്ങളുടെ കാലത്താണെന്നു പറയുന്ന മന്ത്രിയോട് ഞാൻ ചോദിക്കുന്നു, ശ്രീ. ഇ. കെ. നായനാരുടെ കാലത്ത് നടന്നത് ഉംപ്പെടെ മുൻ ഗവൺമെൻറിൻെറ കാലത്ത് നടന്നതു ഉംപ്പെടെയുള്ള കാര്യങ്ങൾ, കല്ലടയും ഇടമലയാറും അടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെൻറ് തയ്യാറാകുമോ. അന്തസ് ഉണ്ടെങ്കിൽ, ആത്മാഭിമാനമുണ്ടെങ്കിൽ അതിനെകുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഈ ഗവൺമെൻറ് തയ്യാറാകണം. എന്താണ് ഇപ്പോൾ അവസ്ഥാനം വന്നിരിക്കുന്നത് ? ഇടമലയാറിന് തകരാറൊന്നുമില്ലായെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. അതിനെകുറിച്ച് അന്വേഷിക്കാൻ ആളു വരുന്നു. അന്വേഷിക്കുന്നു. അന്വേഷിക്കുമ്പോൾ എന്താണ് ഉണ്ടാകുന്നത് ? ഇപ്പോൾ ഉണ്ടായിരിക്കുന്ന തകരാറ് പരിഹരിക്കാൻ വീണ്ടും 30 കോടി രൂപ കൂടി കൊടുക്കണമെന്നാണ്. 22 കോടി രൂപയിലാണ് ഇടമലയാർ തുടങ്ങിയത്. 788 കോടി രൂപയിലാണ് ഇപ്പോൾ നിൽക്കുന്നത്. ഇനി ഇപ്പോൾ ഉണ്ടായിരിക്കുന്ന തകരാറ് പരിഹരിക്കാൻ 30 കോടി രൂപ കൂടി കൊടുക്കണം. രോഗി ഇച്ഛിച്ചതും പാല്, വൈദ്യൻ കൽപ്പിച്ചതും പാല്.

ഞാൻ ഒരു കഥ പറയാം. ഒരാൾ ഒരു സദ്യയ്ക്ക് ഉണ്ണാനിരുന്നു. സുന്ദരമായ കദളിപ്പഴം. അതെടുത്ത് തൊലിച്ചപ്പോൾ കൈയിൽ നിന്ന് വഴുതി പോയി. പരിശോധിച്ചപ്പോൾ അത് ചെന്നു വീണത് പഞ്ചസാര ചേർത്ത പാലിലാണ്. അതെടുത്ത് ഭക്ഷിച്ചു. ആഹാ, എന്തു മാധുര്യം, എത്ര മനോഹരം. ഇനിയും ഇങ്ങനെ ഉണ്ടാകണം, ഇനി പഴം കഴിക്കുന്നത് എപ്പോഴും പഞ്ചസാര ചേർത്ത പാലിൽ വീണ മതിയാകൂ എന്നാണ്. ഇടമലയാറിന് തകരാറ് ഉണ്ടാക്കി കോടികണക്കിന് രൂപ കീശയിലാക്കിയ ആളുകൾ 30 കോടി രൂപ കൂടി പങ്ക് വയ്ക്കാനുള്ള ശ്രമത്തിലാണ്.

ചില മന്ത്രിമാർ ഇവിടെ ഉറങ്ങുകയാണ്. ചില മന്ത്രിമാരുടെ വകുപ്പുകൾ ഉറങ്ങുന്നു. ചില തൊഴിലാളി സംഘടനകൾ വർക്കിംഗ് പ്രസിഡൻറുമാരെ ഉണ്ടാക്കുന്ന ശ്രമത്തിലാണ്. ഇവിടെ എന്നോ ആരോ ഏതോ പാർട്ടിയോഗത്തിൽ പബ്ലാബ് മോഡൽ പ്രശ്നം എന്ന വാക്ക് ഉച്ചരിച്ചതിൻെറ പേരിൽ ഈ രാജ്യത്തുടനീളം പന്തം കൊളുത്തി പ്രകടനം. ശ്രീ. രമേഷ് ചെന്നിത്തലയുടേയും ശ്രീ. കാർത്തികേയൻേറയും പാർട്ടി ഇന്ന് എവിടെ പോയിരിക്കുന്നു? കോടിക്കണക്കിന് രൂപയുടെ ദേശീയ സമ്പത്ത് ചില ആളുകൾ വെട്ടിവിഴുങ്ങുമ്പോൾ അതിനെതിരായി ശ്രീ. ചെന്നിത്തലയുടെയുത്ത് കോൺഗ്രസ് എവിടെപോയി ? വളരെ ദയനീയമായ സ്ഥിതിയാണ് ഇന്ന് ഈ രാജ്യത്തുള്ളത്. സമ്പത്ത് മുഴുവൻ തകർന്നിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബ്ലേഡ് കമ്പനിക്കാർ നിക്ഷേപകർ വരുമ്പോൾ പൂട്ടി താക്കോലുമായി എന്റെ കൈയിൽ കാശില്ലായെന്ന് പറഞ്ഞ് സ്ഥലം വിടുന്നതുപോലെയാണ്- ബഹുമാനപ്പെട്ട ധനകാര്യമന്ത്രി. അദ്ദേഹം താമസിയാതെ പൂട്ടി താക്കോലുമായി സ്ഥലം വിടുന്ന കാഴ്ച നമുക്ക് കാണേണ്ടിവരും. അത്ര ദയനീയമാണ് ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒഴിക്കൽകൂടി എതിർക്കുന്നു.

ശ്രീ. നാലകത്തു സൂപ്പി : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുതയാണ്. ഒരിക്കൽ വരൾച്ചയുടെ ദുരിതംകൊണ്ട് കഷ്ടപ്പെടുമ്പോൾ അടുത്ത് വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭം മൂലം കഷ്ടപ്പെടുകയാണ്. സാമ്പത്തികമായി പൊതുവേ പരാധീനതയുള്ള കേരളത്തെസംബന്ധിച്ചിടത്തോളം അടിക്കടി ഉണ്ടായ പ്രകൃതിക്ഷോഭം കനത്ത ആഘാതമായിരുന്നുവെന്ന് പറയാതിരിക്കാൻ നിർവൃത്തിയില്ല. ഇക്കാര്യം യഥാവിധം പരിഹരിക്കുന്നതിന്, കേന്ദ്രത്തിൽനിന്ന് അർഹമായ വിധത്തിൽ സംഖ്യ ചോദിച്ചു വാങ്ങുന്ന കാര്യത്തിൽ ഐകൃജനാധിപത്യമുന്നണി ഗവൺമെന്റ് വിജയിച്ചിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. ഏതായാലും ഒന്നു രണ്ട് കാര്യങ്ങൾ പറയാതിരിക്കാൻ നിവൃത്തിയില്ല. നമ്മുടെ പദ്ധതികളുടെ ചോർച്ച പദ്ധതികൾ എക്സിക്യൂട്ട് ചെയ്യുന്നിടത്ത്, അതിന്റെ എക്സിക്യൂഷനിൽ വരുന്ന കാലതാമസം കൊണ്ട് കോടി കണക്കിന് രൂപയുടെ ചോർച്ച ഉണ്ടാകുന്നുണ്ട് എന്നുള്ളത് സത്യമാണ്. അതുകഴിഞ്ഞ്, എക്സിക്യൂഷൻ പ്രവർത്തനത്തിനടയ്ക്കുതന്നെ അത് പൂർത്തിയാകുന്നതിന്, കമ്മീഷൻ ചെയ്യുന്നതിന് മുമ്പുതന്നെ അതിൽകൂടിയുള്ള വെള്ള ചോർച്ച കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തുന്നു എന്നുള്ളതിന് ഉപരി ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഒരു ദുരന്തം കൂടിയാണ്. അതൊരു ദേശീയ ദുരന്തം എന്നുതന്നെ പറയാവുന്നതാണ്. ദേശീയ നഷ്ടം തന്നെ വരുത്തിവയ്ക്കുന്ന ഈ പദ്ധതിയുടെ ചോർച്ചയെ കുറിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തണമെന്നാണ് എന്റെ അഭിപ്രായം. ഏത് ഗവൺമെന്റിന്റെ കാലത്താണ് ഈ വർക്ക് എക്സിക്യൂട്ട് ചെയ്തത്, എന്നാണ് വർക്ക് തുടങ്ങിയത്, ഈ പദ്ധതിയുടെ ഇന്ന ഭാഗം, ഈ പ്രത്യേക പോർഷൻ ഏതു ഗവൺമെന്റിന്റെ കാലത്താണ് പണിഞ്ഞത്. ഏതു മന്ത്രിയായിരുന്നു അന്ന് ചാർജിലുണ്ടായിരുന്നത് എന്നൊക്കെയുള്ള കാര്യങ്ങൾ വിശകലനം ചെയ്തുകൊണ്ട്, അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള പരാമർശനം ശരിയല്ല. ഞാൻ ഏതായാലും അതിന് തയ്യാറല്ല. എനിക്ക് പറയുവാനുള്ളത്, കോടി കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട്, നമ്മുടെ സംസ്ഥാനത്തിന്റെ ഉന്നതിയ്ക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതി അതിൽ ചോർച്ച സംഭവിച്ചാൽ, അത് ആരുടെ കാലത്ത് സംഭവിച്ചു എന്നുള്ളത് നോക്കാതെ ആ സംഭവത്തിന് ഉത്തരവാദി ആരായാലും, ഏത് ഉദ്യോഗസ്ഥനായാലും, ഭരണതലത്തിലുള്ള വരായാലും അതിനെകുറിച്ച് സമഗ്രമായ അന്വേഷണം നടത്തി മാതൃകാപരമായി ശിക്ഷിക്കാനുള്ള ഒരു സംവിധാനം ഈ സംസ്ഥാനത്ത് നടപ്പിലാക്കിയില്ലെങ്കിൽ ഇതുപോലെയുള്ള ചോർച്ചകൾ ഇനിയുമുണ്ടാകും എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ആ കാര്യത്തെ സംബന്ധിച്ചിടത്തോളം ഭരണ പക്ഷമെന്നോ പ്രതിപക്ഷമെന്നോ ഉള്ള വ്യത്യാസം ഞാൻ കാണുന്നില്ല. എനിക്ക് ആ വാദഗതിയോട് യോജിക്കാനും നിവൃത്തിയില്ല. ഇത് വളരെ ഗൗരവമായ ഒരു കാര്യമാണ്. ഇടമലയാർ ഡാമിലെ ചോർച്ചയായലും, കല്ലട ഡാമിലെ ചോർച്ച ആയായും, ഇതൊക്കെ ദേശീയ ദുരന്തങ്ങളാണ്. ആ ദുരന്തങ്ങൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരെ ശിക്ഷിക്കണം. കോടി

LIBRARY ARCHIVES Kerala Legislative Assembly

കണക്കിന് രൂപ വെട്ടിച്ചുകൊണ്ടു നടത്തിയ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ചോദ്യം ചെയ്യാൻ ആളില്ലാതെ വന്നാൽ അത് ഇനിയും ആവർത്തിക്കും എന്നുള്ള കാര്യത്തിൽ സംശയമില്ല. കുറെക്കാരെ കണ്ടുപിടിക്കണം, മാതൃകാപരമായി ശിക്ഷിക്കണം. അതിനുള്ള തന്റേടവും മനക്കരുത്തും ചങ്കൂറ്റവും നിലവിലുള്ള ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനുണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. കഴിഞ്ഞകാലത്തെ ഗവൺമെന്റുകളും ആരോ ആയിക്കൊള്ളട്ടെ, ഏത് മന്ത്രിയോ ആയിക്കൊള്ളട്ടെ, ഏത് ഉദ്യോഗസ്ഥനാ ആയിക്കൊള്ളട്ടെ, ഇന്ന് നിലവിലുള്ളവർ ആരോ ആയിക്കൊള്ളട്ടെ. അതല്ല പരാമർശന വിഷയം. കോടി കണക്കിന് രൂപ ദുർവ്യയം ചെയ്യുന്ന രീതിയിലുള്ള സമീപനം ഏതായാലും അവസാനിപ്പിക്കണം. എങ്കിൽ മാത്രമേ നമുക്ക് മേലിൽ പിടിച്ചുനിറുത്താൻ കഴിയുകയുള്ളൂ. അതല്ലാതെ ഇതിന്റെ പേരിൽ സമയപരിധി വച്ചുകൊണ്ട്, ആരുടെ കാലത്താണ് നടന്നത് എന്ന് പരിമർശിച്ചുകൊണ്ടുള്ള അത്ഥശൂന്യമായ വാദകോലാഹലങ്ങൾ നടത്തുന്നത് അഭിപ്രസ്കതമെന്ന് പറയുന്നില്ലെങ്കിലും, ഇത്തരത്തിലുള്ള വാദഗതികൾ ശരിയല്ലെന്നാണ് എനിക്ക് പറയുവാനുള്ളത്.

മറെറാരു കാര്യം എനിക്ക് പറയുവാനുള്ളത് ഇവിടെ ഇന്ന് ജ. ഓ. (ആർ. ടി.) എം. എസ്. 222-ാം നമ്പർ ആർഡർ അനുസരിച്ച് ഫിനാൻസ് കട്ട് ഏർപ്പെടുത്തിയിരിക്കുകയാണ്. ഏഴാം പദ്ധതി പൂർത്തിയാക്കുന്നതുവരെ ഈ സംസ്ഥാനത്ത് പുതിയ പോസ്റ്റുകളൊന്നും ഉണ്ടാക്കാൻ പാടില്ലെന്നാണ് തീരുമാനിച്ചിട്ടുള്ളത്. വളരെ അടിയന്തിരമായ പോസ്റ്റുകൾ ഉണ്ടാക്കണമെങ്കിൽ, ബന്ധപ്പെട്ട ഒരു കമ്മിറ്റിയുണ്ട്; ആ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് വേണം. നമ്മുടെ കുറ്റം കൊണ്ടല്ലെങ്കിലും കോടി കണക്കിന് രൂപ ചെലവാക്കുമ്പോൾ, പതിനായിരമോ അല്ലെങ്കിൽ ഒന്നോ രണ്ടോ ലക്ഷം രൂപ ചെലവാക്കി അത്യാവശ്യമായ പോസ്റ്റുകൾ ഉണ്ടാക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുവാനുള്ളത്. ഉദാഹരണമായി നേഴ്സുമാർ, അതുപോലെതന്നെ ആശുപത്രികളിലേക്ക് മരുന്ന് എത്തിച്ചുകൊടുക്കാനുള്ള സംവിധാനം. ഇതിലൊക്കെ നിയമം കർശനമായി പാലിക്കുകയും മറ്റിടങ്ങളിൽ അത് പാലിക്കാതെ പോകുകയും ചെയ്യുന്നത് ശരിയല്ല.

സർ, അത്യാവശ്യമായ കാര്യങ്ങൾക്ക് പണം നീക്കിവയ്ക്കണം. ഇത് കമ്മിറ്റികൾക്കായാലും ഇതിന്റെ ആവശ്യകത മനസ്സിലാക്കികൊണ്ട് ആവശ്യവും അനാവശ്യവും വേർതിരിക്കാനുള്ള വിവേചനാധികാരം ഉണ്ട്. ആ വിവേചനബുദ്ധി വിവേകപൂർവ്വമായി ഉപയോഗിക്കാനുള്ള സാമർത്ഥ്യം അവർ കാണിക്കണം. ഈ വിവേചനബുദ്ധി വിവേകത്തോടുകൂടി ഉപയോഗിച്ചുകൊണ്ട് കാര്യങ്ങൾ നിയന്ത്രിക്കാനും ഉത്തരവുകൾ ഉണ്ടാകാനും ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്കു പറയാനുള്ളത്. ഉദാഹരണമൊന്നും ഞാൻ പറയുന്നില്ല. പെരുന്തൽമണ്ണ ആശുപത്രിയുടെ കാര്യം ഞാൻ പലതവണ പറഞ്ഞതാണ്. അതിൽ എനിക്ക് നാണക്കേടുണ്ട്, ലജ്ജയുണ്ട്. ഏതായാലും ഈ ഗവൺമെന്റിന്റെ കാലത്ത് അത് നടക്കുമെന്ന പ്രത്യാശയോടുകൂടി ഞാൻ ഒന്നുകൂടി അതിനെ കാര്യം പറയുകയാണ്.

മറെറാരു കാര്യം എനിക്കുപറയാനുള്ളത് മലപ്പുറം ജില്ലയിൽ ഈയിടെ നടന്ന പി. ഡി. ടീച്ചേഴ്സിന്റെ സെലക്ഷനെക്കുറിച്ചാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് ഇത് നടന്നത്. കഴിഞ്ഞ ജൂണിലാണ് ഇത് നടന്നത്. അന്ന് ടി. ടി. സി. പാസ്സായ 300 പി. ഡി. ടീച്ചേഴ്സിനെ നിയമിക്കുകയുണ്ടായി. ഈ സെലക്ഷന്റെ സമയത്ത് മലപ്പുറം ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ടി. ടി. സി. യുടെ റിസൾട്ട് പബ്ലിഷ് ചെയ്തിട്ടില്ലായിരുന്നു. മനപ്പൂർവ്വമാണ് പബ്ലിഷ് ചെയ്യാതിരുന്നത്. ഇതുമായി ബന്ധപ്പെട്ട തിരുവനന്തപുരത്തുള്ള ഒരു ആഫീസർ ഈ ജില്ലയിലെ റിസൾട്ട് തടഞ്ഞുവയ്ക്കുകയും മറ്റ് ജില്ലകളിലുള്ള ടി. ടി. സി. പാസ്സായവരുടെ ലിസ്റ്റ് വാങ്ങി നിയമിക്കുകയും ചെയ്തു. ഇവരെ നിയമിച്ചത് എങ്ങനെയാണെന്നറിയാമോ ? മറ്റ് ജില്ലകളിലുള്ള ആൾക്കാരെ ഇവിടെയുള്ള ആൾക്കാരുടെ കെയർ ഓഫ് അഡ്രസ് കൊടുത്തുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത് അവരുടെ ലിസ്റ്റ് വാങ്ങിയാണ് നിയമനം നടത്തിയത്. മലപ്പുറം ജില്ലയിലെ സ്ഥാപനങ്ങളിൽ പഠിച്ച് ടി. ടി. സി.പാസായവർ ഇരിക്കേയാണ് മറ്റ് ജില്ലകളിൽ നിന്നുള്ളവരെ നിയമിച്ചത്. ഇത് തെറ്റായ നടപടിയാണ്. അത് കഴിഞ്ഞതിനുശേഷം 18, 19 തീയതികളിൽ വീണ്ടും പി. ഡി; ടീച്ചേഴ്സിന്റെ ഇന്റർവ്യൂ നടന്നു. അതിലും മലപ്പുറം ജില്ലയിൽ നിന്നു പാസ്സായ കുട്ടികളെ ഉൾപ്പെടുത്തിയില്ലെന്നുള്ളത് ഒരു ദുഃഖ സത്യമാണ്. ഇത് അവസാനിപ്പിക്കണം. മലപ്പുറം ജില്ലയിലെ ഡി. ഡി. ഓഫീസിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ഉണ്ട്. ധിക്കാരപരമായ നടപടികളാണ് അദ്ദേഹത്തിന്റേത്. എം. എൽ. എ. മാരല്ല മന്ത്രിമാരല്ല ആര് പറഞ്ഞാലും അദ്ദേഹം ചെവിക്കൊള്ളുകയില്ലെന്നുള്ളതാണ് വാസ്തവം. അദ്ദേഹം അദ്ദേഹത്തിന് ഇഷ്ടമുള്ളവരെ വരുത്തി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്യിപ്പിച്ച് അവർക്ക് മാത്രം നിയമനം കൊടുക്കുന്നു. ഈയൊരു രീതിയാണ് അവിടെ നടക്കുന്നത്. ഏതായാലും നിയമിച്ചു കഴിഞ്ഞവരെ പിരിച്ചുവിടാൻ നിവൃത്തിയില്ല. ഇനിയും 120 പോസ്റ്റുകൂടി വേക്കൻറായി ഉണ്ട്. ആ 120 പേരെ തെരഞ്ഞെടുക്കുമ്പോഴെങ്കിലും മലപ്പുറം ജില്ലയിൽ ടി. ടി. സി. പാസ്സായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത ജോലി കിട്ടാതെ പുറത്തു നിൽക്കുന്നവർക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള ലിസ്റ്റ് ഉണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ പോരായ്മ പല രംഗങ്ങളിലും അനുഭവപ്പെടുന്നുണ്ട്.

എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട (പെരുന്തൽമണ്ണ) പൂങ്കാവനം റിസർവോയറിന്റെ കാര്യം പത്രങ്ങളിൽ വന്നതാണ്. ആ റിസർവോയറിൽ പൊർച്ചയില്ല കാരണം അവിടെ വെള്ളം നിൽക്കുകയില്ല. ആ പദ്ധതി ഉണ്ടാക്കിയിട്ട് എട്ടുപത്തു കൊല്ലമായി. ഇതുവരെ വെള്ളം നിന്നിട്ടില്ല. വെള്ളം വരുന്നതനുസരിച്ച് ഒഴുകിപോവുകയാണ്. അതിനെ ഏതായാലും ചോർച്ച എന്നുപറയാൻ പറ്റുകയില്ല. സിമൻറും കല്ലും എല്ലാം പൊട്ടിപൊളിഞ്ഞു പോവുകയാണ്. ഇന്നുവരെ ആ അണക്കെട്ട് ഉപയോഗിക്കാൻ പറ്റിയിട്ടില്ല. ലക്ഷക്കണക്കിന് രൂപ ചെലവാക്കി ഉണ്ടാക്കിയ അണക്കെട്ടാണ്. അത് നന്നാക്കാനുള്ള മാർഗ്ഗംകൂടി ഇക്കൂട്ടത്തിൽ ആലോചിക്കണം.

വർക്കിംഗ് മന്ത്രിമാരെ നിശ്ചയിക്കുന്നു എന്നു പറഞ്ഞു. വർക്കിംഗ് മന്ത്രിമാരല്ല, വർക്കിംഗ് അറേഞ്ചുമെന്റിന്റെ ഏർപ്പാട് ഉണ്ടാക്കിയതാണ്. എല്ലാക്കാലത്തും അങ്ങനെയാണ്. വർക്കിംഗ് അറേഞ്ചുമെന്റ് മുന്നോട്ടു കൊണ്ടുപോകണം.

നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളമുള്ള കാതലായ പ്രശ്നങ്ങൾക്ക് ഭരണപക്ഷ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഏക അഭിപ്രായം ഉണ്ടാക്കികൊണ്ട് മുന്നോട്ടുപോകാൻ ഒരു വിട്ടുവീഴ്ചാ മനോഭാവം ഇരുഭാഗത്തുനിന്നും (ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും) ഉണ്ടാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് അയാഥാർത്ഥ്യമാണെന്നുള്ളതിന്റെ ഒരു തെളിവാണ് ഈ സപ്ലിമെന്ററി ഡിമാന്റ്. ഈ സപ്ലിമെന്ററി ഡിമാന്റിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും ബഡ്ജറ്റിൽ കൊണ്ടുവരാൻ സാധിക്കുന്നതാണ്. അത് ഈ ഗവൺമെന്റിന് അറിയാവുന്ന കാര്യമാണ്. അത് കൊണ്ടുവരാത്തതിന് പ്രത്യേകം കാരണങ്ങളും ഉണ്ടായിരിക്കാം. ആ കാരണങ്ങളും, ഞാൻ ഊഹിക്കുന്നത്; ഇതെല്ലാം ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയാണെങ്കിൽ ഇതിനുപോലും 43 കോടി രൂപകൂടി കമ്മിയിൽ കൂട്ടേണ്ടിവരും. ആ കമ്മി കുറയ്ക്കാൻവേണ്ടി ഇതൊന്നും അന്ന് ഉൾപ്പെടുത്തിയിട്ടില്ല. ആ കമ്മി വരാതിരിക്കാൻവേണ്ടി ചില പ്രത്യേക യന്ത്രങ്ങളെല്ലാം ഈ സപ്ലിമെന്ററി ഡിമാൻഡിൽ കൊണ്ടുവന്നിട്ടുണ്ട്. അതിലൊന്ന് ന്യൂസർവ്വീസ് പ്രൊസീഡ്യൂവറിൽ ടോക്കൺ പ്രൊവിഷൻ വയ്ക്കുകയാണ്. വളരെ ചുരുക്കംചില കാര്യങ്ങൾക്കാണ് ശരിയായിട്ടുള്ള സംഖ്യ വച്ചിട്ടുള്ളത്. ബാക്കിയുള്ളതെല്ലാം ടോക്കൺ പ്രൊവിഷനാണ്. ടോക്കൺ പ്രൊവിഷൻ വച്ചിട്ടുള്ള ഇവിടെ പാസ്സാക്കിയിട്ടുള്ള ഡിമാൻഡുകളിൽ നിന്നും സംഖ്യതന്നെ റി-അപ്രോപ്രിയേഷൻ വഴി ചെലവാക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അപ്പോൾ പ്രത്യേകം ചെലവുകളൊന്നും കൂടുതലായി വേണ്ടിവരുന്നില്ല. പിന്നെ പറയുന്നത് കുറെ സംഖ്യകളെല്ലാം കണ്ടിജൻസി ഫണ്ടിൽ നിന്നും ചെലവാക്കി കഴിഞ്ഞു അത് റീകൂപ്പ് ചെയ്യാൻ വേണ്ടിയാണെന്നാണ്. നാലു മാസത്തിനകത്ത് ഏതാണ്ട് എട്ടു കോടിരൂപയോളം കണ്ടിജൻസി ഫണ്ടിൽ നിന്ന് ചെലവാക്കി കഴിഞ്ഞിരിക്കുകയാണ്. ഈ ഡിമാൻഡുകളുടെ മറെറാരു പ്രത്യേകത ഈ ചെലവ് എന്ത് ആവശ്യത്തിനു വേണ്ടിയുള്ളതാണെന്നാണ്. 43 കോടിരൂപയുടെ സപ്ലിമെന്ററി ഡിമാൻഡ് കൊണ്ടുവരുമ്പോൾ അതിൽ ഏതാണ്ട് മൂന്നര കോടിരൂപയോളം (3.38) വികസന ചെലവിനുവേണ്ടിയും 40.37 കോടിരൂപ വികസനേതര ചെലവിനുവേണ്ടിയുമാണ്. ഈ സപ്ലിമെന്ററി ഡിമാൻഡുകൊണ്ട് നമ്മുടെ സംസ്ഥാനത്തിലെ വികസനപ്രവർത്തനങ്ങൾക്കൊന്നുംതന്നെ പ്രയോജനം ലഭിക്കാൻ പോകുന്നില്ല. മറിച്ച് ഇതുകൊണ്ട് ദോഷമാണ് വരാൻപോകുന്നത്. കാരണം വികസനേതര ചെലവ് വളരെയധികം വർദ്ധിക്കാൻ പോവുകയാണ്.

രണ്ടാമത് എനിക്ക് ഒരുകാര്യം പറയാനുള്ളത് നാലഞ്ചു ദിവസങ്ങൾക്കു മുമ്പ് കണ്ട ഒരു പത്രവാർത്തയെക്കുറിച്ചാണ്. ദക്ഷിണേന്ത്യയിലെ നാലു സംസ്ഥാനങ്ങളിൽ പ്രധാനമായും മൂന്നു സംസ്ഥാനങ്ങളിൽ-തമിഴ്നാട്, കർണ്ണാടകം, കേരളം-ഇലക്ട്രിസിറ്റിക്ക് കോമൺഗ്രിഡ് ഉണ്ടാക്കിയിരിക്കുന്നു. അത് പ്രകാരം ഏത് സംസ്ഥാനത്തിലാണോ കൂടുതൽ വൈദ്യുതിയുള്ളത് അത് ആ സംസ്ഥാനത്തിൽനിന്ന് മറ്റു സംസ്ഥാനങ്ങളിലേക്കു തനിയേ ഒഴുകിപ്പോകുമെന്നാണ് കണ്ടത്. ഏതായാലും തമിഴ്നാട്ടിൽ കൂടുതൽ വൈദ്യുതി ഇല്ല. അവിടെനിന്ന് വല്ലപ്പോഴും വൈദ്യുതി വന്നു എന്നു വന്നേക്കാമെന്നല്ലാതെ സാദ്ധ്യത കുറവാണ്. കർണ്ണാടകത്തിലും കൂടുതലായി വൈദ്യുതി ഇല്ല. അവിടെ നിന്നും ഇങ്ങോട്ട് വരാനും സാദ്ധ്യത കുറവാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്തിൽ സ്ഥിരമായിട്ട് വൈദ്യുതി കൂടുതലാണ്. കാരണം എന്താണെന്നു പറഞ്ഞാൽ നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളും ഇന്ന് ഇരട്ടിലാണ്; വ്യവസായവൽക്കരണം വേണ്ടത്ര ഇല്ല. അതുകൊണ്ട് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഈ സംസ്ഥാനത്തിന് എത്ര തന്നെ ആവശ്യം ഉണ്ടെങ്കിലും ആ ആവശ്യം നിറവേറാൻവേണ്ടി കൊടുക്കുന്നില്ല എന്നുള്ള കാരണത്താൽ അത് ഉപയോഗിക്കാതെ കിടക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് ഒഴുകിപോകും. ബഹുമാനപ്പെട്ട മുൻ വൈദ്യുതിമന്ത്രി നിരന്തരമായി ഈ സഭയെ അറിയിക്കുന്ന ഒരു കാര്യം ഉണ്ട്. 'ഇക്ട്രിസിറ്റി ബോർഡ് കൂടുതൽ പച്ചയായിരിക്കുന്നു എന്നാണ് അദ്ദേഹം നിരന്തരമായി ഈ

LIBRARY ARCHIVES Kerala Legislative Assembly

സയെ അറിയിക്കുന്നത്. ചുമപ്പിൽനിന്ന് പച്ചയിലേയ്ക്ക് അദ്ദേഹം ഇലക്ട്രിസിറ്റി ബോർഡിനെ കൊണ്ടുവന്നു എന്നല്ലേ പറയുന്നത്. എങ്ങനെ കൊണ്ടുവന്നു എന്നാണ് പറയുന്നത്? ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് വേണ്ടതൊന്നും ചെയ്തുകൊടുക്കാതെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മുഴുവൻ വിൽക്കാൻ ഈ സർക്കാർ ശ്രീമാൻ വളരെയധികം പ്രയോജനപ്പെടുത്തും. അതായത് വിൽപ്പന സ്വയം നടത്തപ്പെടും. അതിന്റെ മീറ്ററിംഗ് മാത്രമേ ആവശ്യമുള്ളൂ. അതുകൊണ്ട് ഞാൻ പറഞ്ഞത് ഈ സംസ്ഥാനത്തിന് വളരെയധികം പ്രയോജനമൊന്നും ഈ സർക്കാർ ശ്രീമാൻ ചെയ്യാൻ പോകുന്നില്ല എന്ന്.

അടുത്തതായി ഒരു കാര്യം പറയാൻ ഞാനുദ്ദേശിക്കുന്നത് ഏതാനും ദിവസങ്ങൾക്കുമുമ്പ് സുപ്രീംകോടതി പുറപ്പെടുവിച്ച അതിപ്രധാനമായിട്ടുള്ള ഒരു വിധിന്യായത്തെപ്പറ്റിയാണ്. ഈ രാജ്യത്തിലെ സർക്കാർ, പൊതുമേഖലാ തുടങ്ങിയ സ്ഥാപനങ്ങളിലെ അർത്ഥ സർക്കാർ മുഴുവൻ ഉദ്യോഗസ്ഥൻമാരേയും വളരെയധികം ബാധിക്കുന്ന ഒരു വിധിയാണ് സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ളത്. അതിന്റെ പ്രത്യാഘാതത്തെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് പഠിക്കണം, ഈ നിയമസഭ പഠിക്കണം. ആർട്ടിക്കിൾ 311-ൽ സബ് ആർട്ടിക്കിൾ (1) പ്രകാരം നോട്ടീസും അന്വേഷണവും കഴിഞ്ഞതിനുശേഷം മാത്രമേ ഒരു ഉദ്യോഗസ്ഥനെ പിരിച്ചു വിടാൻ സാധിക്കുകയുള്ളൂ. എന്നാൽ ആർട്ടിക്കിൾ 311-ൽ സബ് ആർട്ടിക്കിൾ(2) പ്രകാരം അന്വേഷണം കൂടാതെ നോട്ടീസ് കൂടാതെ ഒരു ഉദ്യോഗസ്ഥനെ പിരിച്ചുവിടാം. ഭരണഘടന വന്നതിനുശേഷം സുപ്രീംകോടതി വിധി വരുന്നതുവരെയുള്ള കാലമത്രയും രണ്ടുകാരണങ്ങളിൽ ഒരു ഉദ്യോഗസ്ഥനെ പിരിച്ചുവിടാമെന്ന് ഉറപ്പിച്ചിട്ടുണ്ട്. ഒന്ന് Marals imoolve ചെയ്യുന്ന തരത്തിലുള്ള ഒരു ശിക്ഷ ക്രിമിനൽ കേസിൽ ഉണ്ടാവുകയാണെങ്കിൽ ആ ഗവൺമെന്റ് ഉദ്യോഗസ്ഥനെ പ്രഥമദൃഷ്ട്യാതന്നെ നോട്ടീസ് കൂടാതെ അന്വേഷണം കൂടാതെ പിരിച്ചുവിടാം. രണ്ട്, ഈ രാജ്യത്തിന്റെ പൊതു രക്ഷാതാൽപ്പര്യങ്ങളെ ഓർത്തുകൊണ്ട് for the interest of the security of the state ഒരു അന്വേഷണം നടത്തുന്നത് ഭംഗിയല്ല ക്രമമല്ല എന്നു തോന്നുകയാണെങ്കിൽ ആ അടിസ്ഥാനത്തിൽ നോട്ടീസ് കൂടാതെ അന്വേഷണം കൂടാതെ പിരിച്ചുവിടാം. ഇന്നു സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള മേജർ ജഡ്ജ്മെന്റിൽ. പ്രഖ്യാപിച്ചിട്ടുള്ളത് ഭരണഘടനയിൽ ഉൾക്കൊള്ളാത്ത രണ്ടുകാര്യങ്ങളും ഭരണഘടനയിൽ ഉണ്ടെന്നുള്ളതുള്ളതു കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് ഉദ്യോഗസ്ഥന്റെ പേരിൽ യാതൊരു അന്വേഷണവും നോട്ടീസുകളും കൂടാതെ പിരിച്ചു വിടലും നടപടിയെടുക്കലും ആകാമെന്നാണ്. ഈ രണ്ടു കാര്യങ്ങളിൽ ഗവൺമെന്റ് ഉദ്യോഗസ്ഥൻ അഴിമതിക്കാരനാണെന്നു കാണുകയാണെങ്കിൽ അത്തരത്തിലുള്ള ഉദോഗസ്ഥന്റെ പേരിൽ നോട്ടീസും വേണ്ട അന്വേഷണവും വേണ്ട എന്ന് പറയുന്നത് വലിയ പ്രശ്നമായിട്ട് ഈ രാജ്യത്ത് ഉണ്ടാകുമെന്നാണ് ഞാൻ കണക്കാക്കുന്നത്. ഈ രാജ്യത്തെ സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന ഉദ്യോഗസ്ഥൻമാർ വളരെയധികം ഭയാശങ്കകളോടുകൂടിയാണ് ഈ സാഹചര്യത്തിൽ കഴിഞ്ഞുകൂടുന്നത്. ഈ ഒരു കാര്യം കണക്കിലെടുത്തുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഇതിനെതിരായി എന്തെങ്കിലും നീക്കം ചെയ്യാൻ പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അല്ലെങ്കിൽ നമ്മുടെ സർവ്വീസസ് വളരെയധികം ബുദ്ധിമുട്ടിലേക്ക് നീങ്ങിക്കൊണ്ടിരിക്കും.

പോസ്റ്റ് ആൻഡ് ടെലഗ്രാഫ് ഡിപ്പാർട്ട്മെന്റ്, റെയിൽവേ തുടങ്ങിയവ വലിയ പൊതുമേഖലാ സ്ഥാപനങ്ങളാണ്. നമ്മുടെ സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

പതിനായിരക്കണക്കിന് ആളുകളും ആ രണ്ടു കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നുണ്ട്. വളരെ ചെറിയ നിലവാരത്തിലുള്ള ഉദ്യോഗസ്ഥൻമാർക്കും സുപ്രീംകോടതി പറയുന്ന ഈ അധികാരം വിനിയോഗിക്കുവാൻ കഴിയും. അത് വിനിയോഗിക്കുന്നതിൽ സ്വാർത്ഥപരമായ, രാഷ്ട്രീയപരമായ പല കാരണങ്ങളും വന്നുകൂടിയേക്കാം. അതിന്റെ ദുരിതങ്ങൾ ഈ ഉദ്യോഗസ്ഥൻ അനുഭവിക്കേണ്ടിവരും. സുപ്രീം കോടതി തന്നെ, അഞ്ചു ജഡ്ജിമാരും ഈ ജഡ്ജ്മെന്റിനെതിരായി ആലോചിക്കേണ്ടതുണ്ട്. ഇന്ന് അയ്യായിരം കേസുകളിലാണ് വിധിപറഞ്ഞിട്ടുള്ളത്. പതിനായിരക്കണക്കിന് റെയിൽവേ ഉദ്യോഗസ്ഥൻമാരുടെ കേസുകളും ഏതാണ്ട് ഈ തരത്തിലുള്ള കേസുകളും ഇന്ന് സുപ്രീംകോടതിയിൽ ഉണ്ട്. ഈ സഭ സുപ്രീം കോടതിയോട് ഈ ജഡ്ജിമെന്റ് റവ്യൂ ചെയ്യണമെന്ന് അപേക്ഷിക്കേണ്ടതുണ്ട്. ആ ജഡ്ജമെന്റ് റവ്യൂ ചെയ്യാത്ത പക്ഷം ഭരണഘടനാ ഭേദഗതി ഉണ്ടാകേണ്ടതായിട്ടുള്ള കാര്യത്തെപ്പറ്റി സംസ്ഥാന ഗവൺമെന്റും ഈ സഭയും ആലോചിച്ച് വേണ്ട നിർദ്ദേശം കൊടുക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ സപ്ലിമെന്ററി ഡിമാൻറിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ രണ്ടു വിഭാഗം ആളുകൾ ഇന്ന് ഈ സെക്രട്ടേറിയറ്റിനു മുൻപിൽ ധർണ്ണ നടത്തുകയാണ്. പഴയ കൊച്ചി രാജ്യത്തെ പഴക്കം ചെന്ന ഒരു ടെക്സ്റൈൽ സ്ഥാപനമായ സീതാറാം മില്ലിലെ തൊഴിലാളികളും ആ മില്ലിന്റെ ഇന്നത്തെ ദുരവസ്ഥയിൽ നിന്നും രക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരന്തരമായി നടത്തിയ നിവേദനങ്ങളും സർക്കാർ വേണ്ടത്ര ചെവിക്കൊള്ളാത്തതിനെതിരെ പ്രതിഷേധിച്ചുകൊണ്ട് ശക്തമായ അഭിപ്രായങ്ങളും രാഷ്ട്രീയ ചിന്താഗതികൾക്കതീതരായി ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ആയിരത്തിലധികം തൊഴിലാളികളും ഈ സ്ഥാപനത്തിൽ പണിയെടുക്കുന്നുണ്ട്. ഇന്നുകാലത്ത് ബഹുമാനപ്പെട്ട മന്ത്രി, ശ്രീ. കെ.പി. പ്രഭാകരന്റെ ഇതിനെക്കുറിച്ചുള്ള ഒരു സബ്മിഷനു മറുപടിയായി പലതും ഇവിടെ പറയുകയുണ്ടായി. എങ്കിലും ഒരു യാഥാർത്ഥ്യം അവശേഷിക്കുന്നു. നിലവിലുള്ള വ്യവസായ സ്ഥാപനത്തിന്റെ സുരക്ഷിതമായ് പ്രവർത്തനത്തിന് അനുകൂലമായ സമീപനമല്ല കഴിഞ്ഞ കുറച്ചുകാലമായി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത് എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. സ്വകാര്യ മേഖലയിലുണ്ടായിരുന്ന ആ പഴയ ടെക്സ്റൈൽസ് സ്ഥാപനം 1959-ൽ അഗ്നിക്ക് ഇരയായതിനുശേഷം പത്തു പന്ത്രണ്ടുവർഷക്കാലം പ്രവർത്തനരഹിതമായിക്കിടന്നു. കോടതിയുടെ നിർദ്ദേശാനുസരണം വീണ്ടും പ്രവർത്തനാനുമതികിട്ടി പ്രവർത്തനം ആരംഭിച്ച ആ സ്ഥാപനത്തിൽ ആധുനികമായ സജ്ജീകരണങ്ങളും പ്രോസസ്സിംഗ് യൂണിറ്റിലും സ്പിന്നിംഗ് യൂണിറ്റിലും ഉണ്ടായി. എങ്കിലും വീവിംഗ് വിഭാഗത്തിൽ വേണ്ടത്ര മോഡേണൈസേഷൻ സാദ്ധ്യമാകാത്തതുകൊണ്ട് തൊഴിലില്ലാത്ത ഒരു സാഹചര്യം അവിടെ ഉണ്ടായിരിക്കുകയാണ്. വ്യവസായങ്ങളും ഈ രാജ്യത്തുണ്ടാകണം എന്നു പറയുന്ന സർക്കാർ നല്ലനിലയിൽ നടന്നുവന്നിരുന്ന ഒരു വ്യവസായ സ്ഥാപനത്തെ രക്ഷിക്കാനുള്ള ചുമതലയിൽനിന്നും ഒഴിഞ്ഞുമാറുന്നു. അത് ക്ഷന്തവ്യമായ ഒരു അപരാധമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇൻഡ്യയിൽ ടെക്സ്റൈൽ ഇൻഡസ്ട്രിയിൽ വിദഗ്ദ്ധനായ ഡാ. മേത്ത എന്ന ഒരാളെ അതിന്റെ പ്രവർത്തനത്തെക്കുറിച്ച അന്വേഷിക്കുവാൻ നിയോഗിച്ചിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം ഉള്ള കാര്യങ്ങൾ പോലും ചെയ്യാൻ സർക്കാർ തയ്യാറായിട്ടില്ല. അടിയന്തിരമായി പല നവീകരണ പ്രവർത്തനങ്ങളും പല രംഗങ്ങളിലും ആവശ്യമുണ്ട്. സീതാറാം മില്ലിൽ നിർമ്മിക്കുന്ന തുണിത്തരങ്ങൾ വളരെ പ്രശസ്തി ആർജ്ജിച്ചവയാണ്. അതിന്റെ ഉല്പന്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ ഓർഡറനുസരിച്ച് കൊടുക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. വർക്കിംഗ് ക്യാപ്പിറ്റൽ ഇല്ലാതെ വളരെയധികം ബുദ്ധിമുട്ടുന്നു. 1983-ൽ ഡെൽഹിയിൽ വച്ച് നടന്ന വിവിധ ഡിപ്പാർട്ടുമെന്റൽ മേധാവികളും കേരളാ സർക്കാരിന്റെ ഉദ്യോഗസ്ഥൻമാരും പങ്കെടുത്ത ചർച്ചയുടെ അടിസ്ഥാനത്തിൽ ബാങ്കിൽനിന്നും സഹായധനം കൊടുക്കാമെന്നു സമ്മതിച്ചുവെങ്കിലും അതിനാവശ്യമായ ഗാരന്റി നൽകാൻ വർഷങ്ങളും കഴിഞ്ഞിട്ടും സർക്കാർ തയ്യാറായിട്ടില്ല എന്ന യാഥാർത്ഥ്യം അവശേഷിക്കുകയാണ്. സർ, ഈ ബഡ്ജറ്റിൽ ടോക്കണായിപ്പോലും പ്രൊവിഷൻ വച്ചിട്ടില്ല എന്നുള്ളതിന് ന്യായീകരണമെന്താണെന്നു പറയാനുള്ള ബാദ്ധ്യത ധനകാര്യ വകുപ്പുമന്ത്രിക്കുണ്ട്. കേരളാ ടെക്സ്റ്റൈൽ കോർപ്പറേഷന് നാല്പതുലക്ഷം രൂപയും പുതുതായി വ്യവസായ സ്ഥാപനങ്ങളും ആരംഭിക്കാൻ 200 ലക്ഷം രൂപയും കഴിഞ്ഞ പ്രാവശ്യം വക കൊള്ളിച്ചപ്പോഴും നിലവിലുള്ള ഒരു വ്യവസായ സ്ഥാപനം ആയിരത്തിലധികം തൊഴിലാളികളും ഉപജീവനം നടത്തുന്ന ഒരു വ്യവസായ സ്ഥാപനത്തിനുവേണ്ടി ഒരു നയാപൈസപോലും വയ്ക്കാത്തതിന് എന്തു നീതീകരണമാണുള്ളതെന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. വ്യവസായ സ്ഥാപനങ്ങളുണ്ടാക്കുന്നതിന് ഞാൻ വിരുദ്ധമല്ല. കണ്ണൂരിലോ, കോഴിക്കോട്ടോ മലപ്പുറത്തോ വ്യവസായ സ്ഥാപനങ്ങളുണ്ടായിക്കൊള്ളട്ടെ, എല്ലാ ജില്ലകളിലും വ്യവസായ സ്ഥാപനങ്ങളും ഉണ്ടായിക്കൊള്ളട്ടെ അത് സന്തോഷകരമായ കാര്യമാണ്. പക്ഷേ പുതിയ സൃഷ്ടി നടത്തുന്നതിനുമുമ്പ് ജീവനുള്ളവയ്ക്ക് ചെലവിനു കൊടുക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട് എന്ന് ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആയിരത്തിലേറെ തൊഴിലാളികളും പ്രവർത്തിക്കുന്ന സീതാറാം മില്ലിന്റെ ദൈനംദിന പ്രവർത്തനത്തിനനുകൂലമായ സാഹചര്യമുണ്ടാക്കാൻ ഒരു നയാപൈസപോലും ബഡ്ജറ്റിൽ പ്രൊവിഷൻ വച്ചിട്ടില്ല. അതിനു ന്യായീകരണമെന്താണെന്നു ധനകാര്യ വകുപ്പുമന്ത്രി പറയണം.

മറ്റൊരു കൂട്ടരും സെക്രട്ടേറിയറ്റിനുമുൻപിൽ ധർണ്ണ നടത്തുന്നുണ്ട്. എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളാണ് അവർ. കേരളത്തിലെ അതിപ്രശസ്തമായ ഒരു എഞ്ചിനീയറിംഗ് കോളേജാണ് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ്. ആ കോളേജ് ആരംഭിക്കുമ്പോഴത്തെ അവിടെ പ്രവേശിപ്പിക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണത്തെക്കാളും നാലിരട്ടിയോളം വിദ്യാർത്ഥികളെ ഇപ്പോഴും അവിടെ പ്രവേശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അന്നത്തെ സൗകര്യങ്ങളിൽ മാറ്റം ഒന്നും വരുത്തിയിട്ടില്ല. ഡിവിഷൻ വർദ്ധിപ്പിച്ചു അഡ്മിഷൻ വർദ്ധിപ്പിച്ചു. മുൻപ് ഉണ്ടായിരുന്നതിനേക്കാളും മൂന്നും നാലും ഇരട്ടിയോളം വിദ്യാർത്ഥികളെ പ്രവേശിക്കുമ്പോഴും മുൻപുണ്ടായിരുന്ന സൗകര്യങ്ങളും വർദ്ധിപ്പിക്കുവാൻ സർക്കാർ തയ്യാറായിട്ടില്ല. ഈ കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞത് ആവശ്യമായ പ്രൊവിഷൻ വച്ചിട്ടുണ്ടെന്നാണ് അവിടത്തെ വിദ്യാർത്ഥികളും ഹോസ്റ്റലിൽ അന്തിയുറങ്ങാൻ കഴിയാത്തതുകൊണ്ട് സർക്കാരിന്റെ ഗസ്റ്റ് ഹൗസായ രാമനിലയം കയ്യേറുകയുണ്ടായി. പകൽ ക്ലാസ് മുറിയിൽ ഇരിക്കേണ്ട വിദ്യാർത്ഥികളും കഴിഞ്ഞ ദിവസം പായും കിടക്കയും തലയണയുമായി ക്ലാസ് മുറി കയ്യേറുകയും ചെയ്തു. ഇതിനെതിരെ ശബ്ദമുയർത്തേണ്ടിയിരിക്കുന്നു. പുതിയ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാക്കാൻ ലക്ഷക്കണക്കിനു രൂപ ചെലവിടുന്ന സർക്കാർ നിലവിലുള്ള പ്രൊഫഷണൽ കോളേജായ തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് അന്തിയുറങ്ങാനുള്ള സൗകര്യംപോലും ചെയ്തുകൊടുക്കാത്തതിന് ന്യായീകരണമെന്താണ് ? ഈ വക കാര്യങ്ങൾക്ക് പ്രൊവിഷൻ വയ്ക്കണം. സർക്കാരിന് ആവശ്യാനുസരണം പണം ചെലവഴിക്കാം. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തിന്റെ താല്പര്യങ്ങളും ജനങ്ങളുടേ താല്പര്യങ്ങളും കണക്കിലെടുത്തു കൊണ്ട് പ്രയോറിറ്റി അടിസ്ഥാനത്തിൽ പണം ചെലവഴിക്കാനുള്ള ധാർമ്മികമായ സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

[ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ലഭിക്കുന്ന ധനം വിനിയോഗിക്കുന്ന കാര്യത്തിലും നമ്മുടെ രാജ്യത്ത് ഇപ്പോൾ നിലവിലുള്ള ഇക്കോണമിക് ഘടനയിലുണ്ടാക്കിത്തീർക്കുന്ന കാര്യത്തിലും ഗവൺമെന്റ് തത്പരീക്ഷ കാണിക്കുന്നില്ല എന്നതുകൊണ്ടും, നീതിബോധം കാണിക്കുന്നില്ല എന്നതുകൊണ്ടുമാണ് ഞാൻ ഇതിനെ എതിർക്കുന്നതെന്ന് ആദ്യമായി ചൂണ്ടിക്കാണിക്കുകയാണ്. ഈ സപ്ലിമെന്ററി ഡിമാന്റിൽ തന്നെ എന്റെ ഈ ആരോപണത്തിന് വ്യക്തമായ തെളിവുണ്ട്. നീതിബോധം കാണിക്കുന്നില്ല എന്ന എന്റെ പരാതിക്ക് ഞാൻ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ വിദ്യാഭ്യാസവകുപ്പിനു വേണ്ടി പോദിച്ച ധനാഭ്യർത്ഥനയിൽ ഒരിടത്ത് 'സി' ഫൈറ്റത്തിൽ പറഞ്ഞിട്ടുണ്ട്. 12 NOON]

(c) In the current years budget there is atok en provision of Rs. 130 for construction of building for the Government College, Kattappana. Later Government have decided to take over the required land for the college from the sponsoring committee paying a land value of Rs. 6 lakhs. Since the work is in progress a Supplementary Grant is sought.

സ്പോൺസറിംഗ് കമ്മിറ്റിക്കാർ കോളേജിനുള്ള സ്ഥലം വാങ്ങിച്ചു. സ്പോൺസറിംഗ് കമ്മിറ്റിയ്ക്ക് ആറു ലക്ഷം രൂപ കൊടുത്തിട്ടാണ് ലാന്റ് ഗവൺമെന്റ് വാങ്ങിച്ചത്. ഞാൻ ചോദിക്കുന്നത് ഈ മാനദണ്ഡം കേരളത്തിൽ എല്ലായിടത്തും എടുത്തിട്ടുണ്ടോ എന്നതാണ്. കട്ടപ്പന ഇടുക്കിയിലാണെന്നുള്ളതു നേര്. കട്ടപ്പനയുടെ കാര്യത്തിലും, ഇടുക്കിയുടെ കാര്യത്തിലും ചിലർക്ക് താല്പര്യമുണ്ടെന്നുള്ളതും നേര്. പക്ഷേ വിദ്യാഭ്യാസരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന മലബാറിൽ പല കോളേജുകളും സ്ഥാപിച്ചപ്പോഴും സ്പോൺസറിംഗ് കമ്മിറ്റി ഭൂമി വാങ്ങി ഗവൺമെന്റിനു കൊടുത്തതിനുശേഷമാണ് സ്ഥാപിച്ചത്. ഇവിടെ സ്പോൺസറിംഗ് കമ്മിറ്റി തുച്ഛമായ വിലയ്ക്ക് ഭൂമി വാങ്ങിക്കാൻ പരിശ്രമിച്ചുവെങ്കിലും അവർക്ക് ഗവൺമെന്റ് പാരിതോഷികം കൊടുത്തു ആറു ലക്ഷം രൂപ. എന്തിനു ഈ കച്ചവടത്തിനു ഗവൺമെന്റ് കൂട്ടുനിൽക്കുന്നു എന്നു ഞാൻ ചോദിക്കുകയാണ്. സ്പോൺസറിംഗ് കമ്മിറ്റിയോട് ഭൂമി വാങ്ങിച്ച് രണ്ടാം കച്ചവടംനടത്തി ഗവൺമെന്റ് അവർക്ക് ആദായമുണ്ടാക്കിക്കൊടുത്തു. ഇത് നീതിബോധമില്ലാത്ത സമീപനമാണെന്ന് വിനയപൂർവ്വം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അത്തരം പ്രകടമായ കാരണങ്ങളാൽ കൊണ്ടുതന്നെയാണ് ഞാൻ എതിർക്കുന്നത്. ഇവിടെ പുതിയ തസ്തികകളെക്കുറിച്ചു പറഞ്ഞു. പുതിയ തസ്തികകൾ രാജ്യത്ത് വേണ്ടിവരും. ഞങ്ങൾ എതിരൊന്നുമല്ല. പക്ഷേ പുതിയ തസ്തികകൾ ഉണ്ടാക്കുന്ന സമയത്ത് ആ കാര്യത്തിലും ഒരു നീതിബോധം കാണിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. ഓരോ ഡിപ്പാർട്ടുമെന്റിലും കൂട്ടുന്ന തസ്തികകളെക്കുറിച്ച് ഇവിടെ പറഞ്ഞു. വളരെ അത്യാവശ്യമായ പല തസ്തികകളും കൂട്ടാൻ ഗവൺമെന്റ് വൈമുഖ്യം കാണിക്കുന്നു. നമ്മുടെ സബ്ജക്ട് കമ്മിറ്റി ചൂണ്ടിക്കാണിച്ച ചില കാര്യങ്ങളുണ്ട്. ഇവിടെ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് എന്നു പറഞ്ഞ് ഒരു വിഭാഗമുണ്ട്. അവരിൽ പലരും കേന്ദ്ര ഗവൺമെന്റ് അയച്ച കത്തു പ്രകാരം ഡ്യൂലി കാളിഫൈഡല്ല. മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം

LIBRARY ARCHIVES Kerala Legislative Assembly

നേടിയ ആളെ കെമിക്കൽ ഇൻഡസ്ട്രിയിലേക്ക് പറഞ്ഞയച്ചാൽ അദ്ദേഹം എന്താണ് ചെയ്യുക ? എന്താണ് മനസ്സിലാക്കാൻ കഴിയുക ? അതാണ് ഇവിടെ നടക്കുന്നത്. കെമിക്കൽ വ്യവസായം വർദ്ധിച്ചുവരികയും പുതിയ സാങ്കേതികവിദ്യ ഉണ്ടാവുകയും ചെയ്തിട്ടുള്ള പരിതഃസ്ഥിതിയിൽ ഇത്തരം വ്യവസായത്തിന്റെ സ്ഥിതി മനസ്സിലാക്കാൻ കഴിയുന്ന ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിന് തസ്തികകൾ വർദ്ധിപ്പിക്കേണ്ടതാവശ്യമാണ്. പ്രത്യേകിച്ചു ഭോപാൽ ദുരന്തംപോലെയുള്ള ദുരന്തങ്ങളുണ്ടായിട്ടുള്ള പശ്ചാത്തലത്തിൽ നമ്മുടെ സംസ്ഥാനത്തെ കെമിക്കൽ എഞ്ചിനീയറിംഗിലും, മെഡിക്കൽ പ്രൊഫഷണിലുമെല്ലാം യോഗ്യതയുള്ളവരെ നിയമിക്കണമെന്ന് കേന്ദ്ര ഗവൺമെൻറിന്റെ സർക്കുലറുണ്ട്. അതിനെക്കുറിച്ച് എന്തു ചെയ്തു എന്നു ഞാൻ ചോദിക്കുകയാണ്. പോലീസിലേക്ക് നാല് കോച്ചിനെ നിയമിക്കണമെന്നും അതിന്റെ തസ്തികയെക്കുറിച്ചും ഇവിടെ പറഞ്ഞിട്ടുണ്ട്. ഞാൻ എതിരൊന്നു മല്ല. കരാട്ടയും കളരിപ്പയറ്റും പഠിച്ചവരേയാണത്രേ ഇനി കോച്ചായി നിയമിക്കാൻ പോകുന്നത്. ഇതൊന്നും പഠിക്കാത്ത വിഭ്രാന്തൻമാരെ കൊണ്ടുവന്നിട്ട് തന്നെ ഇത് ഉപദ്രവംകൊണ്ട് നാട്ടുകാർ ഇപ്പോഴും പറയുന്നത് ഇവരുടെയൊക്കെ ദണ്ഡനം ഏൽക്കുംമുമ്പ് ഉടയതമ്പുരാൻ അങ്ങോട്ടുവിളിച്ചാൽ മതിയെന്നാണ്. ഇനിയിപ്പോഴും കരാട്ടയും, കളരിപ്പയറ്റഭ്യാസവുംകൂടി പഠിച്ചവർ വരികയാണെങ്കിൽ ഇവിടെ എന്തു സംഭവിക്കുമെന്നറിയില്ല. അതിരിക്കട്ടെ. പക്ഷേ അത്യാവശ്യമായിട്ടുള്ള കാര്യങ്ങൾക്കുകൂടി ഉണ്ടാകേണ്ടതാവശ്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെൻറിന്റെ നിർദ്ദേശത്തെക്കുറിച്ച് സംസ്ഥാന ഗവൺമെൻറ് എന്തുപറയുന്നു എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. വ്യവസായ പരീക്ഷണശാലയ്ക്കുവേണ്ടി വാങ്ങിച്ചിട്ടുള്ള ഉപകരണവും ഒരു അമ്പാസഡർ കാറും മൂന്നു നാലു കൊല്ലമായിട്ട് വെറുതെ കിടക്കുകയാണ്. നമുക്ക് അതുപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പ്രത്യേകിച്ചും ഈ കാലഘട്ടങ്ങിൽ വ്യവസായതൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും മറ്റും ആ വ്യവസായ ആരോഗ്യ പരീക്ഷണശാല ആവശ്യമാണ്. അതു സംബന്ധിച്ചുള്ള നടപടികളും ഗവൺമെൻറ് എടുത്തിട്ടില്ല. അത്തരം കാര്യങ്ങളും ചെയ്യണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

മറെറാരുകാര്യം എനിക്ക് പറയാനുള്ളത് ഇക്കോണമി കട്ടിനെക്കുറിച്ചാണ്. ഇക്കോണമി കട്ട് വേണം. ചില പ്രത്യേത പരിതഃസ്ഥിയിൽ ഇക്കോണമികട്ട് ഇല്ലാഞ്ഞാൽ ഒന്നും നടക്കുകയില്ല. പക്ഷേ ഇക്കോണമികട്ട് ഏർപ്പെടുത്തുമ്പോഴും കുറച്ച് കണ്ണീൽച്ചോരയുള്ള സമീപനം എടുക്കണം. സിനിമാതൊഴിലാളികളുടെ മിനിമം വേജസിന് ഒരു കമ്മിറ്റിയുണ്ടാക്കി. ആ കമ്മിറ്റിയുടെ കാലാവധി ആറു മാസമാണ്. ഇവിടെ ബന്ധപ്പെട്ട മന്ത്രിയില്ല. ആറു മാസമാണ്. ഇവിടെ ബന്ധപ്പെട്ട മന്ത്രിയില്ല. ആറുമാസത്തിനുള്ളിൽ ഒരൊറ്റ യോഗംപോലും സിനിമാതൊഴിലാളികളുടെ മിനിമം വേജസ് കമ്മിറ്റിക്ക് കാരണം പ്രൊഫഷില്ല, ഓഫീസില്ല, മറ്റുസൌകര്യമൊന്നുമില്ല. അഞ്ചു പൈസ ആ കമ്മിറ്റിക്ക് കൊടുത്തിട്ടില്ല. അവസാനം ആ കമ്മിറ്റിയിലെ പ്രതിനിധികളും കൂടിയാലോചിച്ച് ഒരു കമ്മിറ്റി കൂടാൻ ഏർപ്പാട് ചെയ്യണമെന്നു പറഞ്ഞപ്പോഴും ചെയർമാൻ പറഞ്ഞു കടലാസ് വാങ്ങാൻ പൈസയില്ല, നിങ്ങൾ കൊണ്ടുവന്നാൽ കമ്മിറ്റികൂടാമെന്ന്. അങ്ങനെ നിൽക്കുന്നു. ആറുമാസം കഴിഞ്ഞിട്ടും ആ കമ്മിറ്റിയുടെ ഒരൊറ്റ മീറ്റിംഗ് പോലും വിളിച്ചുകൂട്ടാൻ കഴിഞ്ഞിട്ടില്ല. ഇക്കോണോമി കട്ടാണത്രേ. ഇക്കോണമികട്ട് ഏർപ്പെടുത്തണം. പക്ഷെ എന്തിനിത്തരം ഇക്കോണമികട്ട് എന്നു ഞാൻ ചോദിക്കുകയാണ്.

മറെറാന്ന് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് നമുക്ക് തിടുക്കവും ബുദ്ധിമുട്ടുണ്ട്. ചില കാര്യങ്ങളിൽ നിയന്ത്രണങ്ങളേർപ്പെടുത്തണം,

LIBRARY ARCHIVES Kerala Legislative Assembly

ചെലവ് ചുരുക്കണം. പക്ഷെ ഇവിടെ നടക്കുന്ന ചില ദുർവ്യയങ്ങളെക്കുറിച്ച് ആലോചിക്കാൻ നാം ബാധ്യസ്ഥരാണ്. സർക്കാരിന് കുറെ പ്രസിദ്ധീകരണങ്ങളുണ്ട്. ഞാൻ അവയെക്കുറിച്ച് നോക്കുകയായിരുന്നു. ധാരാളം പ്രസിദ്ധീകരണങ്ങളുണ്ട്. പബ്ലിക് റിലേഷൻ ഡിപ്പാർട്ടുമെന്റിന് ജനപഥം മലയാളത്തിൽ മാത്രം പബ്ലിസിറ്റി കൊടുത്താൽ പോരാ എന്ന് വിചാരിച്ച് ഇതിന്റെ പതിപ്പ് ഇംഗ്ലീഷിലുമുണ്ട്. വികസനവകുപ്പിന് ഗ്രാമഭൂമി, ഖാദി വ്യവസായബോർഡിന് ഗ്രാമദീപം, പഞ്ചായത്തുവകുപ്പിന് പഞ്ചായത്തുരാജ്, വ്യവസായവകുപ്പിന് വ്യവസായ കേരളം, കൃഷി വകുപ്പിന് കേരള കർഷകൻ, സഹകരണവകുപ്പിന് സഹകരണവീഥി, കെൽട്രേ ണിന് കെൽട്രോൺ ന്യൂസ്, പി. ഡബ്ലിയൂ. ഡി. ക്ക് റിബ്, ആരോഗ്യവകുപ്പിന് സുസ്ഥിതി, തൊഴിൽ വകുപ്പിന് തൊഴിൽരംഗം, വിദ്യാഭ്യാസവകുപ്പിന് വിദ്യാരംഗം. ഇതൊക്കെ സഹിക്കാം. കെ. എസ്. ആർ. ടി. സി. എന്നു പറയുന്ന കേരളാ സ്റ്റേറ്റ് റീയലി ടെറിബിളം കോർപ്പറേഷനും ഉണ്ട്, ട്രാൻസ്പോർട്ട് റിവ്യു. രണ്ടു ലക്ഷം രൂപയാണ് ഈ പ്രസിദ്ധീകരണങ്ങൾക്ക് ഓരോ പ്രാവശ്യത്തേയും പ്രിന്റിംഗ് ചാർജ്. ഒരു എഡിറ്റർ, ഒരു സബ് എഡിറ്റർ, ഒരു ഫോട്ടോ ഗ്രാഫർ, ഒരു ഔട്ട്ഡോർ യൂണിറ്റ്. എന്തിനാണ് സർ ? മെഡിക്കൽ കോളേജിന് മരുന്നില്ല. കോഴിക്കോട് മെഡിക്കൽ കോളേജിനെക്കുറിച്ച് ഇന്ത്യൻ എക്സ്പ്രസിൽ വന്ന റിപ്പോർട്ട് this hospital is Cronically ill എന്നാണ്. ഇന്ത്യൻ എക്സ്പ്രസിൽ വന്ന റിപ്പോർട്ടാണ്. അവിടെ ജനങ്ങൾ അത്രയും ബുദ്ധിമുട്ടുന്നു. എന്നിട്ട് ഈ പ്രസിദ്ധീകരണത്തിന് രണ്ടുലക്ഷം രൂപ ഓരോ പ്രാവിശ്യവും ചെലവഴിക്കുന്നു. ആരാണ് ഇതൊക്കെ വായിക്കുന്നത്. ഞാൻ ചോദിക്കട്ടെ ഇതിന്റെ റാപ്പർ പൊളിച്ചുനോക്കുന്നുണ്ടോ ആളുകൾ ? വെറുതേ മന്ത്രിമാരുടെ വിവിധ പോസിലുള്ള ഫോട്ടോ അതിന്റെ ഫ്രണ്ട് പേജിൽ പ്രസിദ്ധീകരിക്കും. ഒരിക്കൽ ചിരിച്ചുനിൽക്കുന്നത്, ഒരിക്കൽ കൈ കൂപ്പി നിൽക്കുന്നത് ഇതൊക്കെ പ്രസിദ്ധീകരിക്കാൻവേണ്ടി ഈ സംസ്ഥാനത്തിന്റെ ഖജനാവ് ധൂർത്തടിക്കുന്ന വിധത്തിലുള്ള ഇമ്മാതിരി ദുർവ്യയങ്ങൾ അവസാനിപ്പിക്കണമെന്നും ഇക്കോണമിക് കട്ട് ഏർപ്പെടുത്തുന്നകാര്യത്തിൽ തത്വദീക്ഷകാണിക്കണമെന്നും അങ്ങനെ ഈ സംസ്ഥാനത്തെ രക്ഷിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങനെ ഒരു ക്രിയാത്മകമായ ശൈലി ഇതുവരെ എടുക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. അതുകൊണ്ട് ഇതിനോട് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. കണ്ണുകുത്തിപ്പൊട്ടിക്കൽ സംഭവത്തിലൂടെ കുപ്രസിദ്ധമായ ബഗൽപൂർ കേരളത്തിലും ആവർത്തിച്ചിരിക്കുന്നു. പാലായിലെ തേട്ടുമുടമ ഫിലിപ് പോലീസുകാരുടെ സഹായത്തോടെ ശ്രീധരനെന്ന ഒറക്കണ്ണനായ തൊഴിലാളിയെ കയ്യുംകാലും വരിഞ്ഞുകെട്ടിയിട്ട് മറേറ കണ്ണിൽ ആസിഡ് ഒഴിച്ച് അന്ധനാക്കി. മൂന്നു പോലീസുകാരെ ഇതു സംബന്ധിച്ച് സസ്പെൻഡ് ചെയ്തിട്ടുണ്ടെന്ന് മന്ത്രി 25-7-1985-ന് എന്റെ ചോദ്യത്തിൽ മറുപടി തരികയുണ്ടായി. തൊടുപുഴ മണ്ഡലത്തിലെ കരിങ്കുന്നം പോലീസ് സ്റ്റേഷനിൽ ഇതുപോലെ തോട്ടമുടമയ്ക്കുവേണ്ടി കണ്ണിൽ ആസിഡൊഴിച്ച് കണ്ണ് കളയുകയുണ്ടായി. അദ്ധ്വാനവർഗ്ഗത്തിന്റെ കണ്ണിൽ ആസിഡൊഴിച്ച് അവരെ അന്ധരാക്കുന്ന കൊടും ക്രൂരതയാണ് ഇവിടെ നടക്കുന്നത്. സർവ്വീസിലുള്ള പോലീസുകാർ തമ്മിൽ അടിയും കുത്തും വെടിവയ്പും നടത്തിയ ഫലമായി 15 കേസുകളെടുത്തിട്ടുണ്ടെന്നും 39 പോലീസുകാരുടെ പേരിൽ കേസുകളെടുത്തിട്ടുണ്ടെന്നും മന്ത്രി മറുപടി പറയുകയുണ്ടായി. പോലീസ് സ്റ്റേഷനുകളിൽ കാബറയും കണ്ണുകുത്തിപ്പൊട്ടിക്കലുമാണ് നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പാലായിലെ പ്രിയ റബ്ബർ ഇൻഡസ്ട്രീസ് ഡയറക്ടർ ജയിംസ് ചെറിയാനും, ചെയർമാൻ എം. ഡി. ജോസഫും കൂടി 40 ലക്ഷം രൂപയുടെ നികുതിവെട്ടിപ്പ് സെൻട്രൽ എക്സൈസ് വകുപ്പിൽ നടത്തി. മന്ത്രിമാരുടെ മണ്ഡലങ്ങളിൽ അവരുടെ മൂക്കിനുതാഴെയാണ് ഈ സംഭവങ്ങൾ നടക്കുന്നത്. സിദാർത്ഥൻ കാട്ടുങ്ങലിനെ കാട്ടുകള്ളനെന്നുവിളിച്ച് അധിക്ഷേപിച്ച ഡി. എസ്. ഒ. വിനെ അവർ മുമ്പ് ആവശ്യപ്പെട്ടതനുസരിച്ച് അവരുടെ സൗകര്യാർത്ഥം ഇടുക്കിയിലേക്ക് മാറ്റി. റിട്ടയർ ചെയ്യാൻ ഒരു കൊല്ലമില്ലാത്ത ഇടുക്കി ഡി. എസ്. ഒ. വിനെ വയനാട്ടിലേക്കും മാറ്റി. ബഹുമാനപ്പെട്ട സ്പീക്കറും, മുഖ്യമന്ത്രിയും നൽകിയ ഉറപ്പനുസരിച്ച് ഇവരിൽ ആരെയാണ് രക്ഷിച്ചിരിക്കുന്നത്. സസ്പെൻഷൻ ഒരു ശിക്ഷയാണോ ? കെ. റ്റി. ഡി. സി. യുടെ എം. ഡി. സ്ഥാനം നവംബറിൽ അവസാനിക്കുന്ന എസ്. കെ. പിള്ളയ്ക്ക് അതേ സ്ഥാപനത്തിൽ ജനറൽ മാനേജരായി സ്ഥിരംനിയമനം നൽകുകയുണ്ടായി. 1300-1900 രൂപ ശമ്പളസ്കെയിലാണ് കൊടുക്കുന്നത്. ഗുരുതരമായ 20 കുറ്റങ്ങൾ ആരോപിച്ചുകൊണ്ട് ഔഷധിയുടെ എം. ഡി. സ്ഥാനത്തുനിന്ന് സസ്പെൻഡ് ചെയ്തുകൊണ്ട് വിജിലൻസ് അന്വേഷണം നടത്തി കുറ്റങ്ങൾ തെളിഞ്ഞിരിക്കുകയാണ്. കെ. റ്റി. ഡി. സി. യിലും ഇപ്പോൾ അദ്ദേഹത്തിന്റെ പേരിൽ വിജിലൻസ് അന്വേഷണം നടക്കുകയാണ്. മുഖ്യമന്ത്രിയുടെ സ്പെഷ്യൽ സെക്രട്ടറി സി. പി. നായരുടെ അടുത്ത ബന്ധുവാണ് എസ്. കെ. പിള്ള, ആഭ്യന്തര വകുപ്പുമന്ത്രിക്കും വിജിലൻസ് വകുപ്പിനും അപമാനമാണിത്. മുഖ്യമന്ത്രി ആഭ്യന്തരവകുപ്പുമന്ത്രിയുടെ നേരെ നടത്തിയ കയ്യേറ്റമാണിത്. മുഖ്യമന്ത്രി അഴിമതിയ്ക്ക് കൂട്ടുനിൽക്കുകയാണ്. ബീഹാറിൽ ക്രിസ്ത്യൻ മിഷണറിമാരെ വകവരുത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലും അത് ആവർത്തിക്കുകയാണ്. സംസ്ഥാനത്ത് വ്യാപകമായി, തൃശ്ശൂർ ജില്ലയിൽ പ്രത്യേകിച്ചും, ദേവാലയാക്രമണങ്ങൾ നടക്കുകയാണ്. തൃശ്ശൂർ ജില്ലയിലെമ്പാടും പന്തംകൊളുത്തി പ്രകടനം നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നലേയും നടന്നു. ഈ സഭയിലെ നിരവധി എം. എൽ. എ. മാർ ആ പ്രകടനങ്ങൾ കണ്ടതാണ്.

മാർപ്പാപ്പയുടെ കേരള സന്ദർശനത്തിന്റെ സ്മരണക്കായി ഭാരത അപ്പോസ്തലനായ സെന്റ് തോമസ്സിന്റെ രക്തസാക്ഷിത്വ ദിനമായ ജൂലൈ 3 പൊതുഒഴിവ് ദിവസമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വളരെ വർഷങ്ങളായി കേരളത്തിലെ മതമേലദ്ധ്യക്ഷൻമാർ, സമുദായനേതാക്കൻമാർ ഈ ആവശ്യം ഉന്നയിക്കുന്നതാണ്. മാർപ്പാപ്പയുടെ സന്ദർശനത്തിന്റെ സ്മരണക്കായും അടുത്ത ജൂലൈ 3 പൊതു ഒഴിവ് ദിവസം ആക്കണം. മാസംതോറും ഗുരുവായൂരപ്പനെ തൊഴുത് അന്നദാനവും തോറും കയറിയിറങ്ങി മുസ്ലീം സ്ട്രീറ്റ് റോഡ് ഉൽഘാടനം ചെയ്യുന്ന മുഖ്യമന്ത്രി മുച്ചീട്ടുകളി അവസാനിപ്പിച്ച് സംസ്ഥാനത്ത് മതസൗഹാർദ്ദം നിലനിർത്തണം. വിശ്വാസികളുടെ മൊത്തവ്യാപാരികളാണ് അപ്പുറത്തിരിക്കുന്നവർ. അവർ ഈ രാജ്യത്ത് മതസൗഹാർദ്ദം നിലനിറുത്തുന്നതിനുവേണ്ടി ആത്മാർത്ഥമായി സഹായിക്കണമെന്നും തൃശ്ശൂർ ജില്ലയിലെങ്ങും വ്യാപകമായി നടക്കുന്ന ദേവാലയാക്രമണങ്ങളിലെ,ക്ഷേത്രക്കൊള്ളകളിലെ പ്രതികളെ പിടിക്കണമെന്നും; കനകമല കുരിശുപള്ളി തകർത്തവരെ പിടിക്കാൻ സാധിച്ചിട്ടില്ല, ഒരാഴ്ചയ്ക്കകം പിടിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു കൊടുത്തതാണ്, മാസം ഒന്നാകാൻ പോകുകയാണ്, ആ കേസിസിലെ പ്രതികളെ അടിയന്തിരമായി പിടിക്കണം എന്നും ആവശ്യപ്പെട്ടുകൊണ്ട് ഈ ഉപ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ഉപ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. വികസനപ്രവർത്തനങ്ങളുടെ കാര്യത്തിലും സാമൂഹ്യപ്രവർത്തനങ്ങളുടെ കാര്യത്തിലും സമൂഹത്തിലെ താഴെക്കിടയിലുള്ള ജനങ്ങൾക്ക് പരിരക്ഷ നൽകുന്ന കാര്യത്തിലും ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയ പ്രവർത്തനങ്ങൾ ആത്മാർത്ഥമായി കലവറ കൂടാതെ പരിശോധിക്കുകയാണെങ്കിൽ ഇന്ന് ഇവിടെ നടന്ന വിമർശനങ്ങൾക്ക് അടിസ്ഥാനമുണ്ടാകുകയില്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. റെക്കാർഡുകൾ സൃഷ്ടിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് ഈ മേഖലയിൽകഴിഞ്ഞ മൂന്നുവർഷങ്ങളായി ഈ സംസ്ഥാനത്ത് നടന്നു വരുന്നത്. വികസനപ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയുന്നുണ്ടോ എന്നു പരിശോധിക്കുമ്പോൾ ഭരണകൂടം കാര്യക്ഷമമാക്കണമെന്നുള്ള ആവശ്യകതയാണ് നമ്മുടെ മുമ്പിൽ ഉയർന്നുവരുന്നത്. ഗവൺമെൻറ് കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്ന സന്ദർഭങ്ങളിൽ ഇന്നു തുടർന്നുവരുന്ന നടപടി ക്രമങ്ങളും നൂലാമാലകളും, അത് പ്രവർത്തനരംഗത്ത് വിജയിപ്പിക്കുവാൻ പറ്റാത്ത പ്രതികൂലമായ സാഹചര്യങ്ങൾ ഉണ്ടാക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. ഈ സാഹചര്യത്തിന് മാറ്റം ഉണ്ടാകണമെങ്കിൽ ഭരണരംഗം കാര്യക്ഷമമാക്കുവാൻ അതിന് അനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇവിടെ കാലാകാലങ്ങളിൽ ഭരണ പരിഷ്ക്കാരങ്ങളെക്കുറിച്ച് കമ്മീഷനുകളെ വച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ട്. ആ റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾതന്നെ നടപ്പിലാക്കുവാൻ ഗവൺമെൻറുകൾ തയ്യാറായിട്ടില്ല. വളരെ കൊല്ലങ്ങളായി തുടർന്നുവരുന്ന നടപടിക്രമങ്ങൾ, ഭരണരംഗത്തുള്ള നൂലാമാലകൾ, ഇവ ഒഴിവാക്കിക്കൊണ്ട് ഇത്തരം കാര്യങ്ങളിൽ ജനങ്ങളെ സംബന്ധിച്ചിടത്തോളം പരാതി ഉണ്ടാകാത്ത രീതിയിൽ പ്രശ്നങ്ങൾക്ക് അടിയന്തിരമായി പരിഹാരം കാണുന്ന രിതിയിൽ ഭരണരംഗത്ത് കാര്യമായ മാറ്റങ്ങൾ ഉണ്ടാകണമെങ്കിൽ ആ രംഗത്ത് അനിവാര്യമായ മാറ്റം ഉണ്ടാകണം. അതിന് ധീരമായ നടപടി സ്വീകരിക്കണം. ഇന്നും സ്റ്റാറ്റസ്കോ തുടർന്നുകൊണ്ടുപോകാനുള്ള ഒരു നിലപാടാണ് ഗവൺമെൻറിന്റെ ഭാഗത്തുനിന്നും പലപ്പോഴും ഉണ്ടാകുന്നത്. മാറിമാറി വരുന്ന ഗവൺമെൻറുകളെല്ലാംതന്നെ ഈ നിയമത്തെക്കുറിച്ച് ആലോചിക്കാൻ തയ്യാറാകുന്നില്ല. ഈ ബഡ്ജറ്റിൽ വികസനപ്രവർത്തനങ്ങൾക്കും മറ്റുമായി നീക്കിവയ്ക്കുന്ന തുക ചെലവഴിക്കുന്ന കാര്യത്തിൽ അത് ചെലവഴിക്കേണ്ട രംഗത്ത് എത്തുന്നതുവരെയുള്ള നടപടിക്രമങ്ങളുടെ കാലതാമസം, ആ കാലതാമസങ്ങളൊക്കെ പിന്നിട്ടുകൊണ്ട് നടപടിക്രമങ്ങളൊക്കെ പാലിച്ചുകൊണ്ട് അത് നടപ്പിലാക്കുമ്പോൾ ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക മുഴുവനും ചെലവഴിക്കാതെ ഗണ്യമായ ഒരുഭാഗം ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നു എന്നുള്ളതാണ് അടിസ്ഥാനപരമായ പ്രശ്നം.

ഇന്ന് പൊതുമരാമത്തു വകുപ്പിന്റെ കീഴിലായാലും ഇറിഗേഷൻ വകുപ്പിന്റെ കീഴിലായാലും മറ്റേതു ഡിപ്പാർട്ടുമെൻറിന്റെ കീഴിലായാലും, ബഡ്ജറ്റിലൂടെ നീക്കിവയ്ക്കപ്പെടുന്ന സംഖ്യ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി നീക്കി വയ്ക്കുന്ന തുകയുടെ 25 ശതമാനം വരെയെങ്കിലും ആ പ്രവർത്തിക്കുവേണ്ടി ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയിലാണ് കാര്യങ്ങൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. ഇടത്തട്ടുകാർ ചൂഷണം ചെയ്യപ്പെടുന്നു, നമുക്കറിയാം വർക്കിന്റെ കാളിറ്റി ഇന്ന് ഇല്ലാതായിത്തീർന്നിരിക്കുകയാണ്. അതിന്റെ തകരാറുകളെ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള പരാമർശനങ്ങളാണ് കുറെ നാളുകളായി നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇടമലയാർ ഡാമിനെക്കുറിച്ചും കല്ലട ഡാമിനെക്കുറിച്ചുമെല്ലാം വളരെയേറെ ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. പല വികസന പ്രവർത്തനങ്ങളെക്കുറിച്ചും പ്രോജക്റ്റുകളെക്കുറിച്ചും പരാതികളും ഉയർന്നുവന്നിട്ടുണ്ട്. ഈ പരാതികളെല്ലാം അന്വേഷിച്ചുനോക്കിയാൽ അടിസ്ഥാനപരമായ കാരണം വർക്കുകളുടെ ക്വാളിറ്റി ഇല്ലാതായിത്തീർന്നിരിക്കുന്നതാണ് പ്രധാന കാരണമെന്നു കാണാം. കരാറുകാരും കോൺട്രാക്ടർമാരും ഉദ്യോഗസ്ഥൻമാരും ഇന്ന് ബ്യൂറോക്രസിയെ നിയന്ത്രിക്കുന്നു. അവർക്കനുകൂലമായി കാര്യങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്ന ഒരു സാഹചര്യം ഉണ്ടായാൽ ആ സാഹചര്യത്തിന് എതിരായി കർശനമായ ഒരു ചെറുത്തു നിൽപ്പ് ഭരണകൂടത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായില്ലെങ്കിൽ വളരെ ഗുരുതരമായിട്ടുള്ള ഒരു സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ ഉണ്ടാകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇടമലയാർ, കല്ലട ഡാമുകളെക്കുറിച്ച് വളരെയേറെ വിമർശനങ്ങൾ ഉണ്ട്, ഇവയൊക്കെ ഈ ഗവൺമെന്റിന്റെ കാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള വർക്കുകളല്ല. കല്ലട ഡാമിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് ഇരുപത് വർഷത്തോളമായി. ഇടമലയാർ ഡാം തന്നെ ഈ ഗവൺമെന്റിനു മുമ്പുള്ള ഗവൺമെന്റിരുന്ന കാലത്ത് പ്രവർത്തനം ആരംഭിച്ചതാണ്. പാകപ്പിഴകളുണ്ടായിട്ടുണ്ടെങ്കിൽ, അതിന് പോരായ്മകൾ ഉണ്ടായിട്ടുണ്ടെങ്കിൽ, അതിന് തകരാറ് ഉണ്ടായിട്ടുണ്ടെങ്കിൽ ആ കാര്യത്തെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കേണ്ടതാണ് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതേക്കുറിച്ച് എല്ലാഭാഗത്തു നിന്നും പരാതികളും വിമർശനങ്ങളും ഉണ്ടായതിനേത്തുടർന്ന് ജനങ്ങൾ ഇന്ന് വളരെയേറെ ഭയചകിതരാണ്. ഇടമലയാർ ഡാമിന് എന്തെങ്കിലും തകരാറുണ്ടായാൽ സ്വാഭാവികമായും ബുദ്ധിമുട്ടുണ്ടാകുന്നത് ഞാൻ പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തിനാണ്. ഈ ഡാമിന്റെ ഉദ്ദേശം തന്നെ ആലുവായിലെ പെരിയാറിൽ വെള്ളം വർദ്ധിപ്പിക്കുക പെരിയാറിൽ ഉപ്പു കയറുന്നത് തടയുകതുടങ്ങിയവകൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഇടമലയാർ ഡാം ഉണ്ടാക്കുവാനുള്ള നീക്കം ഉണ്ടായത്, അപ്പോൾ സ്വാഭാവികമായും ജനങ്ങൾക്ക് ഭയമുണ്ടാക്കത്തക്ക രീതിയിലുള്ള വിവാദങ്ങളും പരാമർശങ്ങളും നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുണ്ട് ആ ഭയം ഒഴിവാക്കാൻ ആ രംഗത്ത് എന്തെങ്കിലും പാളിച്ചകളുണ്ടായിട്ടുണ്ടെങ്കിൽ പോരായ്മകളുണ്ടായിട്ടുണ്ടെങ്കിൽ അത് കരാറുകാരുടെ ഭാഗത്തുനിന്നായാലും ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്ന് ആയാലും കാരണക്കാരായ ആളുകൾക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് മടിച്ചു നിൽക്കുമെന്ന് ഞാൻ കരുതുന്നില്ല. ആ കാര്യത്തിൽ വളരെയേറെ മുന്നോട്ടു പോകുവാൻ തയ്യാറുള്ള മന്ത്രിമാരാണ് ഇന്ന് ഈ വകുപ്പിന്റെ ചുമതല വഹിച്ചുകൊണ്ടിരിക്കുന്നത്. ഏതായാലും വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഇതുപോലുള്ള വളരെയേറെ വിപുലമായ ലക്ഷ്യത്തോടുകൂടിയ പ്രോജക്റ്റുകൾക്ക് രൂപം കൊടുക്കേണ്ട സന്ദർഭങ്ങളിൽ ആ പ്രോജക്റ്റുകൾക്കുവേണ്ടി നീക്കി വയ്ക്കുന്ന തുക ഇടത്തട്ടുകാരും കരാറുകാരും പങ്കിട്ടു കൊണ്ടുപോകാനിടയാകാതെ, ക്വാളിറ്റിയില്ലാതാക്കാനുള്ള സാഹചര്യം ഉണ്ടാക്കാതെ, നല്ല രീതിയിൽ നടത്തുവാൻ കഴിയുന്ന ഒരു സംവിധാനം നമ്മുടെ നാട്ടിൽ ഉണ്ടാകേണ്ടതാണ് എല്ലാപേരുടെയും ആവശ്യമാണ്. ഇന്ന്, നമ്മുടെ പല പ്രവർത്തികളുടെയും ക്വാളിറ്റി—റോഡുകളുടെ കാര്യത്തിലായാലും പാലങ്ങളുടെ കാര്യത്തിലായാലും കെട്ടിടങ്ങളുടെ കാര്യത്തിൽ ആയാലും ആരും ആക്ഷേപം ഉയർത്തിയില്ലെങ്കിൽത്തന്നെയും വളരെയേറെ മോശമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന് കാരണം 100 രൂപ ചെലവഴിച്ചു പൂർത്തിയാക്കേണ്ട ഒരു വർക്കിന് യഥാർത്ഥത്തിൽ ഇന്ന് ചെലവഴിക്കുന്നത് 25 രൂപ മാത്രമാണ് എന്നുള്ളതാണ് ഒരു വസ്തുതയാണ്. ഇന്ന് ആ വർക്ക് സൂപ്പർവൈസ് ചെയ്യേണ്ട ഉദ്യോഗസ്ഥൻമാർ ആരായിരിക്കണമെന്ന് തീരുമാനിക്കുന്നത് കരാറുകാർ ആണ്, എഞ്ചിനീയർമാർ . ആരായിരിക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിക്കുന്നത് കരാറുകാരാണ്, ആരാണ് ആ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് എന്ന് തീരുമാനിക്കുന്നത് കരാറുകാരാണ്. ആ നിലയിൽ ഇന്ന് ഒരു ദൂഷിത വലയത്തിനകത്ത് കാര്യങ്ങൾ എത്തിയിരിക്കുകയാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അന്ന് എന്തെല്ലാം പറഞ്ഞാലും കഴിഞ്ഞ രണ്ടുമൂന്നു കൊല്ലക്കാലംകൊണ്ട് വളരെയേറെ വികസനപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. നമ്മുടെ ഗ്രാമപ്രദേശത്തായാലും നഗരപ്രദേശത്തായാലും വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ റെക്കാർഡ് രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങളാണ് ഈ ഗവൺമെൻറിൻെറ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ളത്. പക്ഷേ ആ ചെലവഴിച്ച തുക യഥാർത്ഥത്തിൽ ആ പ്രദേശത്ത് ശാശ്വതമായി പ്രയോജനപ്പെടാത്ത സാഹചര്യം ഉണ്ടാകാതെ പോകുന്നു. കാരണം ഇന്ന് കാളിറ്റിയുള്ള വർക്കുകൾ ഉണ്ടാകുന്നില്ല. കാളിറ്റിയുള്ള വർക്കുകൾ ഉണ്ടാകണമെങ്കിൽ അതിന് പര്യാപ്തമായ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്ന സത്യസന്ധരായ ഉദ്യോഗസ്ഥൻമാർ ഉണ്ടാകണം, സത്യസന്ധരായ ഉദ്യോഗസ്ഥൻമാർ ഉണ്ടാകണമെങ്കിൽ കരാറുകാർ ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കുന്ന സാഹചര്യം ഇല്ലാതാകണം. ഇന്ന് കരാറുകാരാണ് പലപ്പോഴും പല സാഹചര്യങ്ങളിലും ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കുന്നത് എന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നുണ്ട്. ഇത് ഈ ഗവൺമെൻറ് വന്നതിനുശേഷം ഉള്ള കാര്യമല്ല. ഇത് കഴിഞ്ഞ കുറേ നാളുകളായി തുടർന്നു വരുന്ന കാര്യമാണ്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെൻറ് ഉണ്ടായിരുന്നപ്പോഴും അതിന് മുമ്പുള്ള ഗവൺമെൻറ് ഉണ്ടായിരുന്നപ്പോഴും ഈ നടപടി തുടർന്നു വരികയാണ്. നമുക്കെല്ലാപേർക്കും അറിയാം അതേ ഉദ്യോഗസ്ഥൻമാർ തന്നെയാണ് ഗവൺമെൻറുകൾ മാറി മാറി വന്നാലും പലപ്പോഴും നിർണ്ണായകമായ സ്ഥാനങ്ങളിൽ ഏതുകാലത്തും വന്നു ചേരുന്നത് എന്ന്. അത് നിഷേധിച്ചിട്ട് കാര്യമില്ല. ഇതിൽ മാറ്റം ഉണ്ടാകണമെങ്കിൽ ഈ കാര്യങ്ങളിലെല്ലാം നമുക്ക് രാഷ്ട്രീയ രഹിതമായ ഒരു സമീപനം ഉണ്ടാകണം. ആ സമീപനം ഉണ്ടായെങ്കിൽ മാത്രമേ സത്യസന്ധരായ കൊള്ളാവുന്ന സ്വതന്ത്രമായി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന വർക്കുകൾ സൂപ്പർവൈസ് ചെയ്യാൻ കഴിയുന്ന സത്യസന്ധമായ ഒരു നിലപാട് സ്വീകരിക്കാൻ കഴിയുന്ന ഉദ്യോഗസ്ഥൻമാരെ ഈ രംഗത്ത് നിയമിക്കുവാൻ സാധിക്കൂ. ആ സമീപനം ഉണ്ടാകാത്തതുകൊണ്ടാണ് പലപ്പോഴും ഇത്തരത്തിലുള്ള പരാതികൾ ഉണ്ടാകുന്നത്.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, കരാറുകാരുടെ ഇഷ്ടത്തിനനുസരിച്ചാണ് ഉദ്യോഗസ്ഥൻമാരെയും എഞ്ചിനീയർമാരെയും പോസ്റ്റു ചെയ്യുന്നതെന്നു പറഞ്ഞു. കഴിഞ്ഞ മൂന്നു വർഷമായി അങ്ങയുടെ പാർട്ടിയുടെ കയ്യിലാണ് അധികാരം. ആ കാര്യത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് കരാറുകാരെ താഴ്ത്തിക്കൊണ്ടുവരാൻ ശ്രമിച്ചുകൂടേ ?

ശ്രീ, കെ. മുഹമ്മദാലി : കഴിഞ്ഞ കാലങ്ങളിൽ മാറി മാറി വന്ന ഗവൺമെൻറുകൾ സ്വീകരിച്ചുവന്ന സമീപനമാണ് അത്. ആ സമീപനത്തിൽ മാറ്റം ഉണ്ടാകേണ്ടതാണ്. അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ഉദ്യോഗസ്ഥൻമാരുടെ കാര്യത്തിൽ അനാവശ്യമായ ഇടപെടലുകൾ നടത്തുന്നത് ഒഴിവാക്കണം, പലപ്പോഴും നമ്മളെല്ലാം ഇടപെടലിന് തയ്യാറാകുന്നത് കൊള്ളരുതാത്ത ഉദ്യോഗസ്ഥൻമാർക്കുവേണ്ടിയാണ്. ഇന്ന് കൊള്ളാവുന്ന മാന്യൻമാരായ ഉദ്യോഗസ്ഥൻമാർക്ക് പ്രധാന മേഖലകളിൽ പ്രവർത്തനങ്ങളുടെ ചുമതല വഹിക്കാൻ പറ്റാത്ത ഒരു സാഹചര്യം രാഷ്ട്രീയക്കാർ ഉണ്ടാക്കിയിരിക്കുകയാണ്. അതിനു മാറ്റമുണ്ടാകണം. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം വിശാലമായ ലക്ഷ്യത്തോടുകൂടിയുണ്ടാക്കിയ പ്രോജക്റ്റുകളും വർക്കുകളും സൂപ്പർവൈസ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാർക്കും ആ വർക്കിന്റെ കാളിറ്റി നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻമാർക്കും വർക്ക് ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്കും സ്വതന്ത്രമായി കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള സാഹചര്യം ഉണ്ടാകണമെങ്കിൽ അതിനുള്ള സൗകര്യങ്ങളെല്ലാം ഉണ്ടാകണം. നമ്മുടെ പ്രോജക്ട്സിന്റെ കാര്യം അറിയാം. എല്ലാ രാഷ്ട്രീയ പ്രവർത്തകർക്കും യൂണിയനുകൾക്കും ഉണ്ട്. കരാറുകാർക്ക് അനുകൂലമായും പ്രതികൂലമായും കരാറുകാർ തമ്മിലുള്ള മൽസരങ്ങളിൽ പങ്കു ചേർന്നുകൊണ്ടുള്ള സമീപനങ്ങൾ നമ്മുടെ എല്ലാ രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയൻ നേതാക്കളും സ്വീകരിച്ചു വരുന്ന ചിത്രം നമ്മുടെ മുൻപിലുണ്ട്. ഇത്തരം കാര്യങ്ങളിൽ വളരെ ആത്മാർത്ഥമായ സമീപനം നാം സ്വീകരിച്ചുവെങ്കിൽ മാത്രമേ ഒരു മാറ്റം ഉണ്ടാക്കാൻ കഴിയുകയുള്ളു. വർക്കുകൾക്ക് കാളിറ്റി ഉണ്ടാക്കണം. വർക്കുകൾക്കു വേണ്ടി വച്ചിരിക്കുന്ന മുഴുവൻ തുകയും ആ വർക്കിനുവേണ്ടി ഉപയോഗിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ഈ നടപടി ക്രമങ്ങളിലും മാറ്റം ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കണം.

നഗരപരിഷ്ക്കാരങ്ങളെക്കുറിച്ച് വളരെയേറെ കാഴ്ചപ്പാടോടുകൂടി മുന്നോട്ടു പോകുന്ന ഒരു ഗവൺമെൻറാണ് ഈ സംസ്ഥാനത്ത് അധികാരത്തിൽ ഇരിക്കുന്നത്. നിർഭാഗ്യവശാൽ വിചിത്രമായ പല നടപടികളും ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്. ഇക്കാര്യം ഇതിനുമുമ്പും ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ് എറണാകുളത്ത് ജി.സി.ഡി.എ. യുടെ നേതൃത്വത്തിൽ, കൊച്ചിനഗരവുമായി ബന്ധപ്പെട്ട ഒരാശയത്തിനുപോലും ബുദ്ധിമുട്ട് ഉണ്ടാക്കാത്ത ഒരു സ്കീമിന് രൂപം കൊടുക്കുകയുണ്ടായി. 64 ഏക്കർ വരുന്ന, ഒരാൾ പോലും താമസിക്കാത്ത, ഒരു ദ്വീപ് ഡവലപ്പ് ചെയ്തത് ഒരു ഉഗ്ര നഗരമായി മാറാനുള്ള നടപടികൾക്ക് ഗ്രോത്ത് കൊച്ചി ഡവലപ്പ്മെൻറ് അതോറിട്ടി രൂപം കൊടുത്തു. അതിന് അംഗീകാരത്തിനുവേണ്ടി തിരുവനന്തപുരത്തയച്ചു. നിർഭാഗ്യവശാൽ അതിൽ ആവശ്യമില്ലാത്ത ഇടപെടലുകളുണ്ടായി. ഒരു സ്വകാര്യ ഏജൻസിക്കുവേണ്ടി നിർഭാഗ്യവശാൽ ഈ വകുപ്പിന്റെ ചുമതലയുള്ള ഒരു ഗവൺമെൻറ് സെക്രട്ടറി മുൻകൈയെടുത്ത് വളരെ പക്ഷപാതപരമായ ഒരു തീരുമാനമെടുക്കുകയുണ്ടായി. ഈ കാര്യത്തെക്കുറിച്ച് ഗവൺമെൻറ് ഗൗരവമായി ആലോചിക്കേണ്ടതാണ്. ജി. സി. ഡി.എ യും ഗവൺമെൻറുമായിട്ട് നടത്തിയിട്ടുള്ള കത്തിടപാടുകളെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്തുകയാണെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമില്ലാതെ ഗവൺമെൻറ് സെക്രട്ടറി ഇടപെട്ടിട്ടുള്ള വളരെമോശമായ കാര്യങ്ങൾ വെളിച്ചത്തുവരുമെന്ന കാര്യത്തിൽ സംശയമില്ല. ഗവൺമെൻറിന്റെ ഒരു പദ്ധതി ഗവൺമെൻറിന്റെ നിയന്ത്രണത്തിലുള്ള ഒരു ഏജൻസി തന്നെ നടത്തേണ്ടതാണ് അനിവാര്യമാണ്. സാധാരണ ഡവലപ്പ്മെൻറ് അതോറിട്ടികൾ ഇത്തരം വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പരാതി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നു, ജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നുവെന്നുള്ളതാണ്. ഇത് ജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുമില്ലാതെ, ഒരാളെ പോലും മാറ്റി താമസിപ്പിക്കാതെ വളരെ നല്ല ഒരു സ്കീം രൂപപ്പെടുത്തി അത് നടപ്പിലാക്കാൻ ശ്രമിച്ചു. ജനങ്ങൾക്ക് പ്രയോജനകരമായിട്ടുള്ള രീതിയിൽ അത് ലാഭകരമായി നടത്താമെന്ന് മനസ്സിലായപ്പോൾ ഒരു സ്വകാര്യഏജൻസിക്കുവേണ്ടി അനാവശ്യമായ ഇടപെടലുകൾ ഒരു ഗവൺമെൻറ് സെക്രട്ടറി നടത്തി.

<u>ശ്രീ. കാനം രാജേന്ദ്രൻ</u> : വൈപ്പിൻ വിഷമദ്യ ദുരന്ത കേസിലെ പ്രതിയുടെപ്പടെയുള്ള എറണാകുളത്തെ ഏറ്റവും ധനികരായിട്ടുള്ള ചില കച്ചവടക്കാരാണ് ഈ സ്വകാര്യ ഏജൻസിയെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി : സാമ്പത്തികമായി വളരെ സ്വാതന്ത്ര്യമുള്ള ആളുകളാണ് ആ ഏജൻസിയുടെ പുറകിലുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ഇതിന് മുൻകൈയെടുക്കാൻ സാഹചര്യം ഉണ്ടാക്കിക്കൊടുക്കുന്നതിന് പകരം ഇത് ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഏജൻസികളെ ഏൽപ്പിച്ചുകൊടുത്തുകൊണ്ട് അത് മുന്നോട്ടുകൊണ്ടുപോകുവാനുള്ള സാഹചര്യം ഉണ്ടാക്കണം. അതിന് അടിയന്തിരമായി ശ്രദ്ധ പതിക്കണം. ഇതിനെ ഒന്നുകൂടി പിന്താങ്ങുന്നു.

ശ്രീ. സി. ജി. ജനാർദ്ദനൻ : സർ, ഒരു കൂട്ടുകുടുംബത്തിലെ പിശുക്കനായ കാരണവർ കഷ്ടിച്ച് തട്ടിക്കൂട്ടി കുടുംബത്തെ രക്ഷപ്പെടുത്തുന്നതുപോലെ നമ്മുടെ വിദഗ്ദ്ധനായ ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ശ്രമം നടത്തുമ്പോൾ പ്രതിപക്ഷത്തിന് ലിയ പരിവേം. നാളെ നമ്മുടെ മുഖ്യമന്ത്രിയും ശക്തനായ ശ്രീ. ജോസഫും മടങ്ങി വരുമ്പോൾ കേരളത്തിന്റെ ചരിത്രത്തിൽ മുൻപ് കിട്ടാത്തവിധം സംരക്ഷണം നമുക്ക് കിട്ടും. ശ്രീ. രാജീവ് ഗാന്ധി ഈ രാജ്യത്തെ ജനങ്ങളെ നയിക്കുന്നതുകൊണ്ടുള്ള പരിവേം കൊണ്ടാണ് പ്രതിപക്ഷം ഇതിനെ എതിർക്കുന്നത്. ഞാൻ ഒരു കാര്യം നിങ്ങളോട് ചോദിക്കട്ടെ സ്വാതന്ത്ര്യം കിട്ടിയ കാലഘട്ടത്തിൽ ഒരു രൂപായ്ക്ക് 100 പൈസ തിരിച്ച് ജനങ്ങൾക്കായാലും വകുപ്പിനായാലും കിട്ടുമായിരുന്നു. ആ ശ്രാഫ് അവിടെ നിന്ന് കീഴ്പോട്ട് വന്നിട്ട് പത്തു പൈസ മുതൽ 25 പൈസ എന്ന സ്ഥിതിയിലേക്ക് വന്നു. എങ്ങനെയാണ് അത് 25 പൈസയിൽ നിന്ന് 32 പൈസയിലേക്ക് മാറിയിരിക്കുന്നത്. കുറച്ച് കാലം കൂടി കഴിയുമ്പോൾ 50 പൈസയിൽ നിന്ന് 66 പൈസയിലേക്ക് എത്തിയേക്കും.

വളരെ വിദഗ്ദ്ധമായി നിങ്ങൾ ചില കാര്യങ്ങൾ പറഞ്ഞു. ഇവിടെ അഴിമതി നടത്തുന്നു, ആകെ കുഴപ്പമാണ് എന്ന്. ഈ അഴിമതിക്ക് ശാശ്വതമായ പരിഹാരം ഉണ്ടാക്കാൻ പ്രതിജ്ഞാബദ്ധമായ ഒരു ഗവൺമെന്റ് എന്ന നിലയിൽ ഈ ഗവൺമെന്റ് ശ്രമങ്ങൾ നടത്തുന്നു. ആ ശ്രമങ്ങളിൽ ഇലക്ട്രിസിറ്റി വകുപ്പ് എന്നും സംരക്ഷണം തരേണ്ട വകുപ്പാണ്. ആ വകുപ്പിൽ ഉന്നയിച്ച രീതിയിലുള്ള അപകടമാണ് നടത്തുന്നതെങ്കിൽ അത് കണ്ടുപിടിക്കാൻ ഒരു വിദഗ്ദ്ധ സംഘത്തെക്കൊണ്ട് പരിശോധിപ്പിക്കണം. ആ വിദഗ്ദ്ധ സംഘത്തിന്റെ പരിശോധനയിൽ തെറ്റ് ചെയ്തിട്ടുണ്ടെന്ന് ബോദ്ധ്യമായാൽ അത് തിരുത്താൻ ഇന്ന് അഴിമതി നിരോധന കമ്മീഷനുണ്ട്. കഴിഞ്ഞ ഒരു വർഷമായി അഴിമതി നിരോധന കമ്മീഷന് ഒരു ജോലിയുമില്ലാതിരുക്കുകയാണ്. ശ്രീ. രാജീവ് ഗാന്ധിയുടെ പ്രധാനമായ ലക്ഷ്യം ഈ രാജ്യത്ത്, അഴിമതി അവസാനിപ്പിക്കുക എന്നതാണ്. ഈ ഘട്ടത്തിൽ അഴിമതി നിരോധന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന രീതിയിൽ ആവശ്യമായ ഭേദഗതികളും ആ നിയമത്തിൽ വരുത്തണം. ഒരു മാറ്റം ഇവിടെ ഉണ്ടാകാൻ ആഗ്രഹിക്കുന്നു. ഈ കാലഘട്ടത്തിൽ ആ മാറ്റത്തിനുവേണ്ടി ശ്രമിക്കുന്ന ഞങ്ങളെ കുറ്റം പറയാൻ ശ്രമിക്കരുതെന്നു പറയാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : ബഹുമാനപ്പെട്ട സി. ജി. ജനാർദ്ദനൻ 12 കോടി രൂപയുടെ അഴിമതിയാരോപണം എക്സൈസ് വകുപ്പുമന്ത്രിക്കെതിരായി രേഖാമൂലം സ്പീക്കർക്ക് എഴുതിക്കൊടുത്തു. അതും കൊണ്ട് അദ്ദേഹം ഒളിച്ചോടിപോയി.

ശ്രീ. സി. ജി. ജനാർദ്ദനൻ : സർ, അതിനെക്കുറിച്ച് എല്ലാ ആളുകൾക്കും അറിയാവുന്നതാണ്. അത് ഇവിടെ ഉന്നയിക്കേണ്ട കാര്യമില്ല. കഴിഞ്ഞ ജൂലൈ മാസം 24-ാം തീയതി ഈ നിയമസഭയിൽ ഞാൻ ഉന്നയിച്ചു. പിറ്റേ ദിവസം

LIBRARY ARCHIVES Kerala Legislative Assembly

സ്പീക്കർ എന്നെ അടിച്ചു പുറത്താക്കി. ആ പ്രശ്നങ്ങളെല്ലാം അഴിമതി നിരോധന കമ്മീഷന്റെ മുൻപിൽ ഇരിക്കുന്ന ഘട്ടത്തിൽ എന്നെക്കൊണ്ട് എന്തെങ്കിലും പറയിപ്പിക്കാൻ ശ്രീ. നമ്പാടൻ മാസ്റ്റർ ശ്രമിച്ചാൽപോലും ഞാൻ അതിന് തയ്യാറില്ല.

ശ്രീ. സി. കെ. തങ്കപ്പൻ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. നമ്മുടെ മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും ഇപ്പോഴും ഈ സഭയിലില്ല. അവർ ഡൽഹിയിലാണെന്നാണ് മനസ്സിലായത്. നാളികേരത്തിന്റെ താങ്ങുവിലയും വെള്ളപ്പൊക്കക്കെടുതികളിൽ നിന്ന് രാജ്യവാസികളെ രക്ഷിക്കാനുള്ള വമ്പിച്ച ധനവുമൊക്കെയായിട്ട് ഇന്നോ നാളെയോ അവർ രണ്ടുപേരും തിരുവനന്തപുരം വിമാനത്താവളത്തിൽ വന്നിറങ്ങും. താങ്ങുവിലയും സഹായ ധനവുമൊക്കെ കൊണ്ടുവരുന്ന ഈ മന്ത്രിമാരെ പച്ചപ്പരവതാനി വിരിച്ചു സ്വീകരിച്ചുകൊണ്ടുവരാൻ അപ്പുറത്തിരിക്കുന്ന ഭരണകക്ഷി നേതാക്കൻമാരോട് ഞാൻ ആവശ്യപ്പെടുകയാണ്. കഴിഞ്ഞ ജൂലൈയിൽ ഉണ്ടായ വെള്ളപ്പൊക്കവും പേമാരിയും നിമിത്തം കൊല്ലം ജില്ലയിൽ 64 കോടി 80 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി. ദുരിതം അനുഭവിക്കുന്ന കൊല്ലം ജില്ലയിലെ പാവപ്പെട്ട ആളുകളെ സഹായിക്കാൻ എന്തെങ്കിലും ഒരു കർമ്മപരിപാടി ഗവൺമെൻറിന്റെ പക്കലുണ്ടോ ? ഇല്ലായെന്നാണ് ഇതുവരെയുള്ള അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. അവിടെ മുക്കാൽ ലക്ഷത്തോളം വരുന്ന കയർത്തൊഴിലാളികളും അത്രയും തന്നെ കശുവണ്ടിത്തൊഴിലാളികളും രണ്ട് ലക്ഷത്തിനുമേൽപ്പെട്ട ബീഡിത്തൊഴിലാളികളും ഉണ്ടായിരം ഹരിജനങ്ങളുൾപ്പെടെ 3 ലക്ഷം കർഷകത്തൊഴിലാളികളുമുണ്ട്. ഞങ്ങളൊക്കെ പങ്കെടുത്ത, കൊല്ലം ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ വച്ച് രണ്ടാഴ്ചത്തെ സൗജന്യറേഷൻ കൊടുക്കാമെന്ന് തീരുമാനിച്ചതാണ്. ആ സൗജന്യറേഷൻ പരിമിതപ്പെടുത്തിയെന്നു മാത്രമല്ല. അഫക്റ്റഡ് ഏരിയായിൽ മാത്രം കൊടുത്താൽ മതിയെന്ന് തീരുമാനിച്ചിരിക്കുകയാണ്. ഈ തീരുമാനംമൂലം കൊല്ലം ജില്ലയിലെ ലക്ഷക്കണക്കിന് പാവപ്പെട്ട ആളുകൾക്ക് സൗജന്യറേഷൻ പോലും നിഷേധിച്ചിരിക്കുകയാണ്. എനിക്ക് ഗവൺമെൻറിനോട് അഭ്യർത്ഥിക്കാനുള്ളത് നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ വെള്ളപ്പൊക്കക്കെടുതികളനുഭവിക്കുന്ന കേരളത്തിലെ ജനങ്ങൾക്ക് രണ്ടാഴ്ചത്തെ സൗജന്യറേഷൻ കൊടുക്കാനുള്ള സൻമനസ്സ് കാണിക്കണമെന്നാണ്.

ഇവിടെ കല്ലട ഡാം പ്രശ്നത്തെക്കുറിച്ച് അപ്പുറത്തും ഇപ്പുറത്തും ഉള്ള മെമ്പർമാർ പ്രസംഗിച്ചു. എനിക്ക് പറയാനുള്ളത് കല്ലട ഡാം നിർമ്മാണത്തെ സംബന്ധിച്ച് കേരളത്തിനു പുറത്തുള്ള ഒരു വിദഗ്ദ്ധ സംഘത്തെക്കൊണ്ട് അന്വേഷിപ്പിക്കണം. അതോടൊപ്പം തന്നെ ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെൻറ് തയ്യാറാകണം. കല്ലട ഡാമിന്റെ പ്രവർത്തനത്തിലുണ്ടായ തകരാറുകൾ മുൻ ഗവൺമെൻറിന്റെ കാലത്തുണ്ടായതാണെന്നു പറഞ്ഞു കൈ മലർത്തിക്കാണിക്കുന്ന ഒരു മന്ത്രിയാണ് ഇവിടെയുള്ളത്. ഇതിൽ നടന്നിട്ടുള്ള അഴിമതികളും സിമൻറ് കുംഭകോണവുമൊക്കെ പുറത്തു കൊണ്ടുവരണമെങ്കിൽ ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെൻറ് തയ്യാറാകണം. ഇതുവരെ നടന്നിട്ടുള്ള വർക്കുകൾ പരിശോധിച്ചപ്പോൾ സാമാന്യമായി എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, വിവിധ കാലങ്ങളിലായി വിവിധ കോൺട്രാക്ടർമാർ എയിഡ് വർക്ക്, എമർജൻസി വർക്ക് എന്നൊക്കെപ്പറഞ്ഞു ഏതാണ്ട് 6 കോടിയോളം രൂപ തട്ടിക്കൊണ്ടുപോയിട്ടുണ്ടെന്നാണ്. സിമൻറിന്റെ കള്ളക്കടത്തിനെ സംബന്ധിച്ച് ടെക്നിക്കൽ എക്സാമിനർ ഗവൺമെൻറിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു പത്രങ്ങളിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞതാണ്. സിമൻറ് മോഷണവും അഴിമതിയും നടന്നതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

കല്ലട ഡാമിന് ചോർച്ച ഉണ്ടായതെന്നാണ് അദ്ദേഹത്തിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞത്. തെൻമല സിമൻറിന്റെയും കമ്പിയുടേയും കള്ളക്കടത്ത് ഏറിയയാണ്. കോലഞ്ചേരിയിൽ ഒരു കാൺട്രാക്ടറുടെ രണ്ട് നില കെട്ടിടം ബുൾഡോസർ വച്ച് ഇടിച്ചുനിരത്തി പകരം അംബരചുംബിയായ മൂന്നുനില കെട്ടിടം പണിതിട്ടുണ്ട്. കോലഞ്ചേരിയിൽ പണിത ആകാശം മുട്ടെയുള്ള പ്രൈവറ്റാശുപത്രി കെട്ടിടത്തിന്റെ കാര്യവും ഡാമിന്റെ പരിസരത്ത് താമസിക്കുന്ന ആളുകളെ അങ്ങാടിപ്പാട്ടായി പറയുന്ന കാര്യങ്ങളാണ്. ഇതിനെക്കുറിച്ച് ഒരു അന്വേഷണം നടത്താൻ തയ്യാറാണോ ? ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് ഇൻഡ്യയുടെ ചെയർമാൻ നമ്മുടെ ജലസേചന വകുപ്പുമന്ത്രിയുടെ ഉറ്റ മിത്രമാണ്. അദ്ദേഹം പണിത 20 ലക്ഷത്തോളം രൂപ ചെലവു വരുന്ന ഒരു കെട്ടിടമുണ്ട്. അതിന് 5 പൈസയുടെ സിമൻറ് പോലും പുറത്തുനിന്നു വാങ്ങിച്ചിട്ടില്ല. ഈ കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ ഈ ഗവൺമെൻറ് തയ്യാറാകണം. ഈ ഉപ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. പി. ഭാസ്കരൻ : സർ, ഞാൻ ഈ ഉപധാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പക്ഷേ ഒരു ഉപാധി മാത്രം. ഈ പണം കൃത്യമായും പക്ഷപാതമില്ലാതെയും ഉപയോഗിക്കണം. കണ്ണൂർ ജില്ല എല്ലാ രംഗത്തും പിന്നിലാണ്. ആ അവഗണനയ്ക്ക് ഒരു പരിഹാരം ഉണ്ടാകണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. കണ്ണൂരിനോടുള്ള ചിറ്റമ്മ നയം അവസാനിപ്പിക്കണം. കണ്ണൂർ ജില്ലാ ആശുപത്രിക്ക് ഒരു കെട്ടിടം പണിതിട്ട് രണ്ട് വർഷം ആയെങ്കിലും ഇതുവരെ അത് ഉൽഘാടനം ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇത് കണ്ണൂരിനോടുള്ള അവഗണനയുടെ ഒരു ഭാഗമാണ്. അടിയന്തിരമായി ഈ കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിക്കണം. ആശുപത്രിക്കടുത്തുള്ള മിലിറ്ററി സ്ഥലം സർക്കാരിന് വിട്ടുതരാൻ തയ്യാറാണ്. ആ സ്ഥലം ഏറ്റെടുത്തു ആശുപത്രിയുടെ പ്രവർത്തനം വികസിപ്പിക്കണം. കണ്ണൂരിൽ താവക്കര അണ്ടർബ്രിഡ്ജിനോടനുബന്ധിച്ച റോഡ് പണി ആരംഭിച്ചിട്ട് 3 വർഷമായി. അന്തരിച്ച ശ്രീ. സി. എച്ച്. മുഹമ്മദ് കോയയാണ് ആ പണി ഉൽഘാടനം ചെയ്തത്. ഇ. അഹമ്മദായിരുന്നു അദ്ധ്യക്ഷൻ. ഞാൻ ആശംസാ പ്രാസംഗികനായിരുന്നു. 2 മാസമായി അതിന്റെ പണി നിർത്തിവച്ചിരിക്കുകയാണ്. 1030 പേർ ഒപ്പിട്ട ഒരു ഭീമ ഹർജി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അഹമ്മദ് സാഹിബ്ബിനും പൊതുമരാമത്തു വകുപ്പുമന്ത്രിക്കും കൊടുത്തിട്ടുണ്ട്. കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ച രണ്ട് എം. എൽ. എ. റോഡിന്റെ പണിയും ആരംഭിച്ചിട്ടില്ല. എം. എൽ. എ. റോഡുകളുടെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കണം. എം. എൽ. എ. മാരെ പരിഹാസ്യരാക്കരുത്. കണ്ണൂർ കോഴിക്കോട് ജില്ലകളിലെ ടി. സി. എച്ച്. അദ്ധ്യാപകരുടെ കാര്യം ഒരു മാനുഷിക പ്രശ്നമായി പരിഗണിച്ച് ഇൻ സർവ്വീസ് കോഴ്സ് ഏർപ്പെടുത്തിക്കൊണ്ട് അവർക്ക് അംഗീകാരം നൽകണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ 3 സ്ക്കൂൾ മാനേജർമാർ നടത്തിയ അനാസ്ഥയുടെ ഫലമായി 3 സ്ക്കൂളിലെ അദ്ധ്യാപകരുടെ ജൂൺ മാസത്തെ ശമ്പളം തടഞ്ഞു വച്ചിരിക്കുകയാണ്. ഇരുപതും ഇരുപത്തിയൊന്നും കൊല്ലം സർവ്വീസുള്ള അദ്ധ്യാപകൻമാരാണ്. ആ അദ്ധ്യാപകൻമാർ നിവേദനവുമായി ഇവിടെ വന്നിരുന്നു. ഈ പ്രശ്നം പരിഹരിക്കണം. മാനേജരൻമാരുടെ തെറിനു് അദ്ധ്യാപകൻമാരെ ശിക്ഷിക്കുന്ന സമ്പ്രദായം നിർത്തൽ ചെയ്യണം.

ശ്രീ. ടി. കെ. അബ്ദു : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. കാലാകാലങ്ങളിൽ ഗവൺമെൻറ് ഉപധനാഭ്യർത്ഥനയുമായി സഭയെ സമീപിക്കുകയെന്നുള്ളത് പതിവാണ്. അങ്ങനെ ധനാഭ്യർത്ഥന പാസ്സാക്കികിട്ടിക്കഴിഞ്ഞാൽ അത് ഉപയോഗിക്കുന്നതിന് ചില സംവിധാനങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഈ പണം ഉപയോഗിക്കുന്നത് വെറും ധൂർത്തടിക്കലിനു മാത്രമാണ്. ഇതുപോലെ പണം ധൂർത്തടിക്കുന്ന ഒരു ഗവൺമെൻറും ഈ അടുത്ത കാലത്ത് നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടില്ല. ഈ രാജ്യത്ത് ഇ ഭ്യസ്ഥവിദ്യരടക്കമുള്ള അനേകായിരങ്ങൾ തൊഴിലില്ലായ്മ മൂലം കഷ്ടപ്പെടുകയാണ്. എന്നാൽ ഉയർന്ന തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് ഡിപ്പാർട്ടുമെൻറിൽ നിന്നും പെൻഷൻ പറ്റുന്ന ഉദ്യോഗസ്ഥൻമാരെ അതേ ശമ്പളത്തിൽ നിയമിക്കുന്ന സമ്പ്രദായം ഇവിടെ തുടർന്നുപോകുകയാണ്. ഉദാഹരണത്തിന് ശ്രീ. എസ്. കെ. പിള്ള, ടൂറിസ്റ്റ് ഡെവലപ്പ്മെൻറ് കോർപ്പറേഷനിലെ ഒരു ഉദ്യോഗസ്ഥനാണ്. അടുത്തമാസം അദ്ദേഹം പെൻഷൻ പറ്റി പിരിയും. ഇപ്പോൾ അദ്ദേഹത്തെ അതിൻെറ ചെയർമാനായി നിയമിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുത്തു കഴിഞ്ഞുവെന്നാണ് പത്രറിപ്പോർട്ട്, ഇങ്ങനെ ഉയർന്ന ഉദ്യോഗസ്ഥൻമാർ പെൻഷൻപറ്റി പിരിഞ്ഞാലും അവരെ അതേ ശമ്പളത്തിൽ തന്നെ സ്ഥിരമായി നിർത്തുകയെന്നുള്ളത് നമ്മുടെ കേരളാ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ആക്ഷേപകരമാണ്. ധാരാളം ആളുകൾ നമ്മുടെ രാജ്യത്ത് തൊഴിലില്ലാതെ കഷ്ടപ്പെടുകയാണ്.

ഇപ്പോൾ 17 മന്ത്രിമാരാണുള്ളത്. നേരത്തെ 19 മന്ത്രിമാർ ഉണ്ടായിരുന്നു. വരൾച്ചയുടെ കാലത്തു ഫ്ളഡ് ഡാമേജ് ഉണ്ടാകുന്ന കാലത്തും ഒക്കെ തന്നെ അതിൻെറ പേരിൽ ചെലവഴിക്കുന്ന പണം ഒരു ഇരുപത് ഇരുപത്തഞ്ച് മണ്ഡലത്തിൽ ഒതുക്കി നിർത്തി പങ്കിട്ടെടുക്കുന്ന സ്ഥിതിയാണ് ഇവിടെയുള്ളത്. കേരള സംസ്ഥാനത്ത് ഒട്ടാകെയുള്ള കെടുതിയെ സംബന്ധിച്ച്, അത് പരിശോധിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുപകരം ഇത്തരത്തിലുള്ള ഒരു ധൂർത്താണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. രണ്ട് വർഷത്തിനു മുമ്പ് എൻെറ മണ്ഡലത്തിനു വടക്കേയറ്റം, അവിടെ സത്താർ അയിലണ്ട് എന്ന ഒരു പ്രദേശമുണ്ട്. കൊടുങ്ങല്ലൂർ കായലിൻെറ നടുക്ക് കിടക്കുന്ന സ്ഥലം അവിടെ വാട്ടർ സപ്ലൈ ഉദ്ഘാടനം ചെയ്യുന്നതിന് വന്നത് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ശ്രീ. എ. പി. ഗംഗാധരനാണ്. അവിടെ ഒരു "പുട്ട് പാത്ത്" പണിതുകൊടുത്ത് ആ നാട്ടിലെ ജനങ്ങളെ രക്ഷിക്കുമെന്ന് അദ്ദേഹം അന്നവർക്ക് ഉറപ്പു കൊടുത്തു. രണ്ട് കൊല്ലമായിട്ടും ഇപ്പോഴും അതവിടെ നടന്നിട്ടില്ല. കോടിക്കണക്കിനു രൂപയുടെ പൈപ്പ് വാങ്ങിച്ച് രാജ്യത്തൊക്കെയിടുന്നുണ്ട്. എൻെറ നിയോജകമണ്ഡലത്തിൽ പല സ്ഥലത്തും ഇനിയും ഇത് കടന്നുചെല്ലാത്ത പ്രദേശങ്ങളുണ്ട്. ആ രീതിയിലാണ് ഇത് കൈകാര്യം ചെയ്യുന്നതെങ്കിൽ വളരെ ബുദ്ധിമുട്ടാണ്.

ഇവിടെ വെള്ളപ്പൊക്കവും ദുരിതാശ്വാസ പ്രവർത്തനങ്ങളുമെല്ലാമുണ്ടായിട്ടുണ്ട്. എറണാകുളം കളക്ടറേറ്റിൽ യോഗം വിളിച്ചുകൂട്ടിയ അവസരത്തിൽ അവിടെ പ്രധാനമായ രണ്ട് സംഗതികളാണ് പൊന്തിവന്നത്. ഒന്ന് ചേന്നമംഗലം വടക്കേക്കര ഏരിയായിൽ നെയ്ത്തു തൊഴിലാളികളാണ് ബഹുഭൂരിപക്ഷവും. ഈ വെള്ളപ്പൊക്കത്തിൻെറ ഫലമായി അവരുടെ പാവും തറിയുമെല്ലാം നശിച്ചുപോയതുകൊണ്ട് അടിയന്തിര സഹായം കൊടുക്കുന്നതാണെന്ന് പറഞ്ഞ് ഒരു തീരുമാനം എടുത്തിട്ട് ഇന്നുവരെ യാതൊരു സഹായവും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെ ലക്ഷക്കണക്കിനു രൂപയുടെ മടല് അവിടെ ഒഴുകിപ്പോയിട്ടുണ്ട്. വ്യവസായ വകുപ്പു മുൻകൈയെടുത്ത് അതിനെപ്പറ്റി അന്വേഷിച്ച് നഷ്ടം തിട്ടപ്പെടുത്തി അവർക്കു എന്തെങ്കിലും സഹായം ചെയ്യണമെന്ന് പറഞ്ഞിട്ട് യാതൊരു ഭാനേഷണവും നടത്തിയിട്ടില്ല. കേന്ദ്രത്തിൽ നിന്നും പണം കിട്ടിയാലും കിട്ടിയില്ലെങ്കിലും ശരി ഈ ഗവൺമെൻറിനു ചെയ്യാവുന്ന ചില ചില്ലറ സഹായങ്ങൾ പോലും ചെയ്യുന്നതിൽ സജ്ജന പക്ഷപാതം കാണിക്കുന്നുവെന്നാണ് എനിക്കുള്ള പ്രധാനപ്പെട്ട ആക്ഷേപം. അങ്ങനെയുള

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഗവൺമെൻറ് കൊണ്ടുവരുന്ന ധനാഭ്യർത്ഥനകളെ എന്തിനുവേണ്ടി പിന്താങ്ങണം. എല്ലാ ഗവൺമെൻറും എല്ലാ കാലത്തും ധനാഭ്യർത്ഥനകൾ കൊണ്ടുവരാറുണ്ട്, പാസ്സാക്കിയെടുക്കാറുണ്ട്. അങ്ങനെ കൊണ്ടുവരുന്ന സന്ദർഭത്തിൽ നമ്മുടെ രാജ്യത്തുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, നമ്മുടെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ഇവ പരിഹരിക്കുന്നതിനുള്ള സൻമനസ്സ് ഗവൺമെൻറ് കാണിക്കണം.

ഡാം ചോർച്ചയെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഇപ്പോൾ ആ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി എന്തുകൊണ്ട് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകുന്നില്ല. ഒരു പക്ഷേ അദ്ദേഹം കുറേക്കാരനല്ലായിരിക്കാം. ഓർമ്മയിൽ രണ്ട് മൂന്ന് വർഷത്തിനുമുമ്പ് ഈ ഡാമിൻെറ പണി നടന്നുവരുമ്പോൾ അവിടെ അഴിമതി നടക്കുന്നുവെന്ന് അന്ന് എം. എൽ. എ. ആയിരുന്ന സഖാവ് എസ്. തോമസ് അഴിമതിയുടെ അക്കമിട്ട് വളരെ ശക്തിയായി വാദിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് അന്ന് അന്വേഷിച്ചില്ല. ഇപ്പോൾ പ്രത്യക്ഷത്തിൽ ഇത് തകർച്ചയിലേക്ക് എത്തി. ഡാമുകളുടെ ഇതുപോലുള്ള തകർച്ചമൂലം നമ്മുടെ രാജ്യത്തെ ദേശീയ സമ്പത്ത് നശിക്കുകയാണ്. ആ നാശം ഒരു ദിവസം കൊണ്ടോ ഒരു വർഷംകൊണ്ടോ പരിഹരിക്കാൻ കഴിയുന്നതല്ല. അത്രമാത്രമുള്ള ഒരുദേശീയ വിപത്ത് നമ്മുടെ രാജ്യത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നു. അത് ഭാവിയിൽ അപകടം ചെയ്യും എന്ന് പറഞ്ഞിട്ട് അതിനെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകുന്നില്ല. അങ്ങനെ ഈ ഗവൺമെൻറ് സ്വീകരിച്ചുവരുന്ന ഓരോ നയമെടുത്തു പരിശോധിച്ചാലും ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുന്ന കാര്യങ്ങളെടുത്തു പരിശോധിച്ചാലും അവിടെയെല്ലാം അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവുമാണ് കാണുന്നത്. എന്നാൽ ഇവിടെ രണ്ട് വ്യവസായങ്ങൾക്ക് വളർച്ചയുണ്ട്. ആ രണ്ട് വ്യവസായങ്ങൾ ഈ രാജ്യത്തെ കരിഞ്ചന്തയും കള്ളനോട്ടുമാണ്. കേരള സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒരു വ്യവസായമാണ് കള്ളനോട്ട്. അത് കൈകാര്യം ചെയ്യുന്നത് ആരാണെന്ന് ചോദിച്ചാൽ ഭരണകക്ഷിക്കു സ്വാധീനമുള്ള മുഴുവൻ ആളുകൾക്കും അതിൽ പങ്കുണ്ട്. 2000 രൂപ കൊടുത്താൽ 4000 രൂപയുടെ കള്ളനോട്ട് കിട്ടും. ഇത് അങ്ങാടി പരസ്യമാണ്. രണ്ട് ദിവസത്തിനു മുമ്പ് കോൺഗ്രസ്സിൻെറ ഭരണ കക്ഷിയിലെ വിശ്വസ്തനായ, സത്യസന്ധനായ ഒരു നേതാവ് എന്നോടു സംസാരിച്ചു.

'എൻെറ അബ്ദുക്കെ രാജ്യത്ത് കിടക്കപ്പൊറുതിയില്ല, എന്നോടും വന്നു ചോദിക്കുന്നു ഇത് ചെലവാക്കുന്നതിനു സഹായിക്കുകയില്ലേ' എന്ന്. എന്നാൽ അയാൾ ഇതുമായിട്ട് യാതൊരു ബന്ധവുമുള്ളയാളല്ല. ഇതിനെ സംബന്ധിച്ച് പോലീസിൽ പരാതിപ്പെട്ടാൽ യാതൊരു പ്രയോജനവുമില്ല. പോലീസിൻെറ അറിവോടുകൂടിത്തന്നെയാണ് ഈ കാര്യങ്ങളെല്ലാം നടക്കുന്നത്. അങ്ങനെ കള്ളനോട്ടും കരിഞ്ചന്തയും വ്യാപകമായി വർദ്ധിച്ചിട്ടുള്ള ഈ രാജ്യത്ത് ഗവൺമെൻറ് ധനാഭ്യർത്ഥനയുമായി അസംബ്ലിയിൽ വന്ന് അത് പാസ്സാക്കി ജനങ്ങളെ ദ്രോഹിക്കേണ്ട വല്ല കാര്യവുമുണ്ടോ? ഈ രാജ്യത്ത് കൊള്ളരുതായ്മ നടത്തുന്നതിന് എല്ലാ സൗകര്യങ്ങളുമുള്ളപ്പോൾ ജനങ്ങളെ ദ്രോഹിച്ച് ജനങ്ങളുടെമേൽ കൂടുതൽ നികുതി ചുമത്തി പണമുണ്ടാക്കേണ്ട വല്ല കാര്യവുമുണ്ടോ? നിങ്ങളിതു പാസ്സാക്കിയെടുക്കും. ദയവായി നിങ്ങളിത് പാസ്സാക്കിയെടുത്ത് പണം ചെലവുചെയ്യുമ്പോൾ വളരെ കഷ്ടപ്പെടുന്ന പിന്നോക്കം നിൽക്കുന്ന ചില മണ്ഡലങ്ങൾക്കും ചില സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുകൂടി പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞയാഴ്ചയിൽ എന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്രശ്നത്തെ സംബന്ധിച്ച് പറഞ്ഞപ്പോൾ (അന്ന് നഹാ സാഹിബ് ഉണ്ടായിരുന്നില്ല) 5 മീറ്റർ വീതിയുള്ള ഒരു ചെറിയ തോട്ടിൽ ഒരു പാലമിടണമെന്ന് പറഞ്ഞപ്പോൾ അതിന് ഒരു ബദൽ സംവിധാനമുണ്ടാക്കാമെന്നാണ് പറഞ്ഞത്. ആ പാലം—പൂവപ്പള്ളി പാലം ഇന്ന് തകർന്നു കിടക്കുകയാണ്. സർ സി. പി. രാമസ്വാമിയുടെ ഔദാര്യംകൊണ്ട് ഉണ്ടാക്കിയ ഒരു പാലമാണത്. അതു തകർന്നു. ഒരു വിഭാഗം ജനങ്ങൾ സംഘടിച്ച് തോട് കുടച്ചു കെട്ടി. ഒരു വിഭാഗം അത് തുറക്കുന്നതിന് തയ്യാറെടുത്ത് അവിടെ നില്ക്കുന്നു. എന്നും അവിടെ വഴക്കുണ്ടാകാവുന്ന ഒരു സ്ഥിതിയാണ്. പണ്ട് കാലം മുതൽ അതിലെ വണ്ടി സഞ്ചരിക്കുന്നതാണ്. ഇപ്പോൾ അടച്ചുകെട്ടിയിരിക്കുകയാണ്. ഒരു വിഭാഗം ആളുകൾ അതിലെ റോഡുണ്ടാക്കി വണ്ടിയുമെല്ലാം കൊണ്ടു പോകുന്നുണ്ട്. ഇത്തരം വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന ചില പ്രദേശങ്ങൾക്ക് ചില ചെറിയ സൗകര്യങ്ങൾപോലും ഉണ്ടാക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല. നിങ്ങളുടെ കൈയിലുള്ള പണം നിങ്ങൾ പത്ത് പതിനേഴു മന്ത്രിമാരെ നിലനിർത്തുന്നതിനുവേണ്ടി, നിങ്ങളെ സഹായിക്കുന്ന കുറെ ആളുകൾക്കായി പങ്കിട്ടെടുത്ത് ചെലവാക്കുകയാണ്. ഈ രാജ്യത്ത് എന്തു നടക്കുന്നു. റോഡിൽകൂടി സഞ്ചരിക്കാൻ നിവർത്തിയില്ല. എന്റെ പ്രദേശത്തെ റോഡുമുഴുവൻ കുണ്ടും കുഴിയുമായി കിടക്കുകയാണ്. പാലമുള്ളിടത്തെല്ലാം 'പാലം അപകടത്തിൽ' എന്ന ബോർഡ് കാണാം. പാലത്തിനു സമീപമെത്തിയാൽ പിന്നെ ഇറക്കലും കേറലുമാണ്. പറവൂരേക്കു പോകുന്ന ഒരാൾക്ക പറവൂരും മറ്റു വൈപ്പിൻകരയുമൊക്കെയായിട്ട് ആകെ ബന്ധമുള്ള ഒരു സ്ഥലമാണ് കൊടുമ്പിത്താനം പാലം. അതിലെ പോകാൻ കഴിയില്ല. അതിനൊരു ബദൽ സംവിധാനമുണ്ടാക്കി. ഇപ്പോൾ ആ റോഡിൽ കൂടി സഞ്ചരിക്കാൻ കഴിയുന്നില്ല. കഴിഞ്ഞ ഒരു ദിവസം അവിടെ വണ്ടിയിൽ ഞാൻ സഞ്ചരിക്കുകയായിരുന്നു. കൂടെ ശ്രീ. കോട്ടക്കുഴി സുകുമാരനുമുണ്ടായിരുന്നു. വണ്ടി ഒന്നിടിക്കുകയുണ്ടായി. ശ്രീ. കോട്ടക്കുഴി സുകുമാരനും ഞാനും വീണ് ഞാനും വീണു. ഇന്നലെ ഞാൻ പറവൂരിൽനിന്നും നാലു പ്രാവശ്യം കയറിയിറങ്ങിയാണ് അവിടെയെത്തിയത്. നമ്മുടെ വണ്ടികൾക്കൊന്നും നല്ല ടയറില്ല. പത്ത് ആം വണ്ടിയിൽ കയറിയാൽ ടയർ പൊട്ടിപോകും. ഇന്നലെ രണ്ടു പ്രാവശ്യം അങ്ങനെ ടയർ പൊട്ടി. ഇതെല്ലാമാണ് നമ്മുടെ രാജ്യത്തെ സ്ഥിതി. അപ്പോൾ വണ്ടിയിൽ യാത്ര ചെയ്യാൻ നിവർത്തിയില്ല. റോഡിൽ കൂടി നടക്കാൻ നിവർത്തിയില്ല. എന്നിട്ട് ഈ രാജ്യത്ത് കഷ്ടപ്പാടാണ് ദാരിദ്ര്യമാണ് എന്നെല്ലാം പറയുമ്പോൾ അനുവദിക്കുന്ന ഫണ്ട് നിങ്ങൾ ഇതുപോലുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കണം. പണ്ട് ചെയ്തിരുന്നതുപോലുള്ള ധൂർത്ത് ഒന്നവസാനിപ്പിക്കണം. ഈ രാജ്യത്തെ ദാരിദ്ര്യവും ബുദ്ധിമുട്ടും, കഷ്ടപ്പാടും സാമ്പത്തിക പ്രതിസന്ധിയും കണക്കിലെടുത്ത് ധൂർത്ത് ഒന്നവസാനിപ്പിച്ച്, ഈ രാജ്യത്തെ രക്ഷിക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. സി. ജോർജ്]

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, ഞാനീ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. 1980-81-ൽ ചില അധികച്ചെലവുകൾ ഉണ്ടായതിനു കൂടിയാണ് ഇപ്പോൾ ഈ ധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് ഭരണപക്ഷത്തിനു മാത്രമല്ല, പ്രതിപക്ഷത്തിനും ഇത് പാസ്സാക്കേണ്ട ഉത്തരവാദിത്വമുണ്ട്. മൃഗസംരക്ഷണവകുപ്പിലേക്ക് ആവശ്യപ്പെട്ടിട്ടുള്ളതുക 1980-81-ൽ ചെലവഴിച്ചതാണ്. കഴിഞ്ഞ ഒരാഴ്ചക്കാലമായി ഇടമലയാർ,

LIBRARY ARCHIVES Kerala Legislative Assembly

കല്പന എന്നീ ഡാമുകളുടെ പോർച്ചയെക്കുറിച്ച് സംഘടിതമായ ആരോപണങ്ങളും ഉന്നയിക്കുന്നതിൽ ഒരു പ്രത്യേക വിരോധമാണ് പ്രതിപക്ഷം പ്രകടിപ്പിക്കുന്നത്. ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ഉള്ള വ്യത്യാസം ഇല്ലാതെ ഈ രാജ്യത്തിന്റെ പൊതുവായ ഒരു പ്രശ്നമെന്നുള്ള നിലയിൽ, രാഷ്ട്രീയത്തിന്റെ നിറം കാണാതെ നമ്മുടെ രാജ്യത്തിന്റെ ഭാവിയെ ഭീഷണിപ്പെടുത്തുന്ന ഒരു കാര്യമെന്നുള്ള നിലയിൽ യഥാർത്ഥ്യബോധത്തോടുകൂടി വേണം ഇതിനെ കാണേണ്ടതെന്നാണ് എന്റെ അഭിപ്രായം. ഗവൺമെന്റ് വളരെ ഉത്തരവാദിത്വബോധത്തോടുകൂടി ഇന്ന് ലഭിക്കാവുന്ന ഏറ്റവും വലിയ സാങ്കേതിക വൈദഗ്ധ്യം വച്ചുകൊണ്ട് തന്നെ ഇതിന് പരിഹാരം കാണാമെന്നും അത് നാവശ്യമായ നടപടികളും സ്വീകരിക്കാമെന്നും ആവർത്തിച്ചാവർത്തിച്ച് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിമാരും ഉറപ്പു നൽകിയിട്ടും ദിവസവും ഡാമുകളെക്കുറിച്ച് ആരോപണങ്ങളും ഉന്നയിച്ചുകൊണ്ട് ജനങ്ങളെ ഭയപ്പെടുത്തുന്ന രീതിയിലേക്ക് കാര്യങ്ങളെ നീക്കുന്ന ഒരടവ് പ്രതിപക്ഷം ഇവിടെ സ്വീകരിച്ചിരിക്കുകയാണ്. ചിലർക്ക് ആരോപണങ്ങളും ഉന്നയിക്കുന്നത് ഒരു വ്യവസായം ആയിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ആരോപണങ്ങളും എല്ലാ കാലത്തും ഉണ്ടാകും. ഈ രാജ്യത്തിന്റെ പൊതുജീവിതത്തെ അഴിമതി മലീമസമാക്കുന്നുവെന്ന് കാണുമ്പോഴാണ്, നമ്മുടെ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക മണ്ഡലങ്ങളെ മൂല്യശോഷണം നടത്തിക്കുന്ന, ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ടാണ് ഐക്യജനാധിപത്യമുന്നണി ചരിത്രപരമായ ഒരു അഴിമതി നിരോധനബില്ല് പാസ്സാക്കി നടപ്പിലാക്കിയത്. ഈ ബില്ല് നടപ്പിലാക്കിയിട്ടും നമ്മുടെ സമൂഹത്തിൽ അഴിമതിക്ക് ഒരു വിരാമം ഇടാൻ കഴിഞ്ഞിട്ടില്ലായെന്നു മാത്രമല്ല, അഴിമതി നടത്താനുള്ള പ്രോൽസാഹനംപോലും നഷ്ടപ്പെട്ടിട്ടില്ല എന്നുദ്ഘോഷണം കരുതാൻ. ഇതിന് ഭരണകക്ഷിക്കാരോ മന്ത്രിമാരോ മാത്രമല്ല ഉത്തരവാദികളാണ് എന്റെ പക്ഷം. നാമെല്ലാവരും ഇതിനുത്തരവാദികളാണ്. പൊതുജീവിതത്തെ കാർന്നുതിന്നുന്ന അർബ്ബുദമായി മാറിയിട്ടുള്ള ഈ അഴിമതിയുടെ അടിവേരുകൾ അന്വേഷിക്കുമ്പോൾ അതിൽ ഈ സഭയിലെ എല്ലാ താൽപര്യക്കാരെയും കാണാൻ കഴിയുമെന്നുള്ളതാണ് സത്യം. മാറി മാറി ഭരിച്ചപ്പോഴെല്ലാം ആ ശക്തികൾ ഇവിടെ നൃത്തം ചവിട്ടിയിട്ടുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. അഴിമതി നടത്തുന്നതും, അഴിമതി വളർത്തുന്നതും നിർവ്വചനങ്ങളിൽ ഒതുങ്ങാത്ത രീതിയിലുള്ള ഒരു സാംക്രമികരോഗമായി ഇതിനെ വളർത്തുന്നതും എല്ലാം സംഘടിതരായ, സമ്പന്നരായ ഒരു വിഭാഗം രാഷ്ട്രീയ കങ്കാണിമാരും നിക്ഷിപ്തതാൽപര്യക്കാരും ചില ഉദ്യോഗസ്ഥൻമാരുമാണ് എന്നാണ് എന്റെ അഭിപ്രായം. അവരെ നിയന്ത്രിക്കാൻ നമുക്കു സാധിച്ചിട്ടില്ല. ഭരണപക്ഷത്തിനെതിരായി പ്രതിപക്ഷം രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയോടുകൂടി ആരോപണങ്ങളും ഉന്നയിക്കുകയും ആ ആരോപണങ്ങളെക്കുറിച്ച് മറുപടിയിൽ ഭരണകക്ഷി പറയുകയും ചെയ്തുകൊണ്ട് രംഗങ്ങൾ അവസാനിക്കുന്നുവെന്നുള്ളത് വളരെ ഖേദകരമായ ഒരു യാഥാർത്ഥ്യമാണ്. പൊതുജീവിതത്തിലെ ചില അഴിമതികളും നിയന്ത്രിക്കാൻ എം. എൽ. എ. മാരേയും മന്ത്രിമാരെയും ഡയറക്ടർബോർഡ് അംഗങ്ങളെയും സൊസൈറ്റി പ്രസിഡൻറുമാരെയും പഞ്ചായത്ത് പ്രസിഡൻറുമാരെയും ഉൾപ്പെടുത്തി ബില്ലുകൾ നിർമ്മിച്ചുവെങ്കിലും അതിന്റെ പരിധിയിലൊന്നുമൊതുങ്ങാതെ, ഈ രാജ്യത്തെ ജനാധിപത്യ സ്ഥാപനങ്ങളെപ്പോലും നശിപ്പിക്കുന്ന രീതിയിലുള്ള അഴിമതി വളർത്താനും അഴിമതിയെ പ്രോൽസാഹിപ്പിക്കാനും അഴിമതിയിൽക്കൂടി പണം സമ്പാദിക്കുന്ന ഈ രാജ്യത്തെ ചൂഷകവർഗ്ഗത്തിന് എന്നും കൂട്ടുനിൽക്കുന്ന ഒരു വിഭാഗം ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടായെന്ന് ഭരണപക്ഷ–പ്രതിപക്ഷ വ്യത്യാസമില്ലാതെ ചിന്തിക്കണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് പറയാനുള്ളത്. രാഷ്ട്രീയ മേധാവിത്വശക്തിയെ വളർത്തി കൊണ്ട് ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ ഭരണം ഈ രാജ്യത്ത് സാർവ്വത്രികമായി അഴിമതി ഉണ്ടാക്കുന്നുവെന്നാണ് എന്റെ പക്ഷം. അതുകൊണ്ട് നമ്മുടെ സിവിൽസർവ്വീസിനെ സംബന്ധിച്ചിടത്തോളം അവർ നടത്തുന്ന യാഥാർത്ഥ്യമില്ലാത്ത ചട്ടങ്ങളും നിയമങ്ങളും ലംഘിച്ചുകൊണ്ട് നിരന്തരമായി ഉണ്ടാക്കുന്ന ഉത്തരവുകളും അതുവഴി പണം സമ്പാദിക്കുന്ന ഒരു വിഭാഗം ആളുകളെയും നമുക്ക് കാണാൻ കഴിയും. സിവിൽസർവ്വീസിൽ ഇന്ന് നിലവിലുള്ള അഴിമതി തടയുന്നതിനും ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കാനും നിയമങ്ങളും ചട്ടങ്ങളും പൊളിച്ചെഴുത്ത് നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അഴിമതിക്കാരായ ചെറിയ വിഭാഗം ആളുകൾ ക്രൂരമായ രീതിയിൽ കുറ്റകൃത്യങ്ങൾ നടത്തിയിട്ട്, വ്യക്തമായി കൊള്ള നടത്തിയിട്ട്, ജാതിയുടെയും പ്രാദേശികത്വത്തിന്റെയും പ്രാദേശിക താൽപര്യത്തിന്റെയും ഒക്കെ പേരിൽ വിഘടനശക്തികളുടെ വികാരങ്ങളെ കൂട്ടിച്ചേർത്തുകൊണ്ട് ഈ കുറ്റകൃത്യങ്ങളിൽനിന്ന് ഒഴിവാക്കുന്ന സംഭവങ്ങൾ നമ്മുടെ ദൃഷ്ടിയിൽ ഉണ്ട്. അത് ബഹുമാനപ്പെട്ട നായനാരുടെയും ഇ. എം. എസ്സിന്റെയും കാലത്തും ഉണ്ടായിട്ടുണ്ട് സത്യസന്ധനായ ശ്രീ. നായനാർ 21 മാസക്കാലത്തെ ഭരണം അവസാനിപ്പിച്ച് അദ്ദേഹം ഒരു ഇൻറർവ്യൂവിൽ പറയുകയുണ്ടായി, കൈക്കുലിയുടെ സ്വാദ് ഞാൻ മനസ്സിലാക്കിയെന്ന്. ലക്ഷക്കണക്കിന് രൂപയുടെ വ്യവസായം നടത്തുന്ന വ്യവസായികളും, അദ്ദേഹത്തിന്റെ ചില സുഹൃത്തുക്കളും ഇവിടെ സംഭാഷണത്തിനിടയിൽ ഈ കാര്യം നടത്തിക്കൊടുക്കണമെന്നു ചോദിച്ച അവസരങ്ങളിലെല്ലാം ബീഫ്കേസിൽ നോട്ടുകെട്ടുകളുമായി മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പുറത്ത് ഇരുന്ന ആളുകളെ അദ്ദേഹം തന്നെ വിരൽചൂണ്ടി അറസ്റ്റ് ചെയ്യേണ്ടിവരുമെന്നു പറഞ്ഞ സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഇങ്ങനെ വിപ്ലവാചാര്യൻമാരുടെ നേതാവായ ശ്രീ. നായനാർക്കുപോലും ഈ സ്ഥിതി വന്നിട്ടുണ്ടെങ്കിൽ പിന്നെ പറയാനുമില്ല. ഇവിടെ ഇത് സാർവ്വത്രികമായി കൊടികുത്തിവാഴുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിനെതിരായി ശക്തമായി വിരൽ ചൂണ്ടേണ്ടതെ ഒരാവശ്യമാണ്. ഇവിടെ സാധാരണഗതിയിൽ പൊതുപ്രവർത്തകൻമാരാണ് അഴിമതിക്കാർ എന്നുള്ള ധാരണ വളർന്നുവന്നിരിക്കുന്നു. അത് വളർത്തുന്നതിൽ സമ്പന്ന ന്യൂനപക്ഷവും ഒരു വിഭാഗം ഉദ്യോഗസ്ഥൻമാരും വിജയിക്കുന്നുവെന്നുവേണം കരുതാൻ. ആ രീതി മാറണം. രാഷ്ട്രീയക്കാർ സർവ്വതന്ത്രസ്വതന്ത്രർ ആണെന്നുള്ള വാദഗതി ശരിയല്ല. യഥാർത്ഥമായ കാര്യങ്ങൾക്കുവേണ്ടി സത്യസന്ധമായി വാദിച്ചതിന്റെ പേരിൽ ആക്ഷേപത്തിനുപോലും ഇരയായ സന്ദർഭമുണ്ടായ ഒരു വ്യക്തിയാണ് ഞാൻ. പൊതുജീവിതത്തിൽ പൊതുരാഷ്ട്രീയപ്രവർത്തകർക്ക് ഉള്ള അവസ്ഥയെ ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടി നമ്മൾ രാഷ്ട്രീയവ്യത്യാസമില്ലാതെ നടപടികൾ സ്വീകരിക്കണം. ഒരു പുതിയ നവീകരണത്തിനുവേണ്ടി നമ്മൾ എല്ലാവരും ശാസ്ത്രീയമായി അഴിമതിയെക്കുറിച്ചും അഴിമതി നടത്തുന്നവരെക്കുറിച്ചും അഴിമതിയുടെ ഉറവിടത്തെക്കുറിച്ചും ഒരു ശക്തമായ പ്രചരണം നടത്തണം.

എന്റെ അനുഭവം ഞാനിവിടെ വിശദീകരിക്കാം. പത്തുനാൽപ്പതുകൊല്ലങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന ഒരു മൊത്തവ്യാപാരം. നാട്ടിക നിയോജകമണ്ഡലത്തിലെ ഒരു സൊസൈറ്റിയിലെ ആ മൊത്തവ്യാപാരം സ്പ്ലിറ്റ് ചെയ്യരുതെന്ന് ശക്തമായ ഭാഷയിൽ ആവശ്യപ്പെട്ടു. ശ്രീ. കേളപ്പന്റെയും പി. കെ. ഗോവിന്ദൻനായരുടെയും കോങ്ങാട്ടിൽ രാമന്റെയും നേതൃത്വത്തിൽ ഉടലെടുത്ത സ്വതന്ത്ര്യ സമരചരിത്രത്തിന്റെ ഭാഗമായി, പ്രതിഛായയായി

LIBRARY ARCHIVES Kerala Legislative Assembly

നിലകൊർള്ളുന്ന ആ സ്ഥാപനത്തെ സ്പ്ലിറ്റ് ചെയ്യരുത് എന്ന് ശക്തിയായി വാദിച്ചതിന്റെ പേരിൽ ഒരു ഉദ്യോഗസ്ഥ എന്നെ ആക്ഷേപിക്കുകയുണ്ടായി. അതിന്റെ വസ്തുതയിലേക്ക് സന്ദർഭം കിട്ടിയപ്പോൾ ഞാൻ കടക്കുകയാണ്. ഈ രീതിയിലുള്ള അനുഭവം ഈ രാജ്യത്തെ ഒരു എം. പി. എ. ക്കും ഉണ്ടാകാൻ പാടില്ല. രാഷ്ട്രീയക്കാർ അഴിമതിക്കാരും കൊള്ളരുതാത്തവരുമാണെന്നുള്ള സ്ഥിതി മാറണം. ചില കാലഘട്ടങ്ങളിൽ ഇവിടെ എന്താണ് നടക്കുന്നത് ? താഴെക്കിടയിലുള്ള ചില ഉദ്യോഗസ്ഥൻമാർ മന്ത്രിയുമായി നേരിട്ട് പരിചയമുണ്ടെങ്കിൽ ആ മന്ത്രിയെ കൈമണിയടിക്കേണ്ട ഒരു ഗതികേട് നമ്മുടെ സംസ്ഥാനത്ത് വളർന്നുവന്നിട്ടുണ്ട്. അത് മാറണം. ഈ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം അവരെക്കുറിച്ച് വിജിലൻസ് ഉദ്യോഗസ്ഥൻമാർ അന്വേഷിച്ചാൽ എന്താണ് കാര്യം ? ഞാൻ ഒരു പൊതുമേഖലാ സ്ഥാപനത്തിൽ ഇരുന്ന സമയത്ത് വ്യക്തമായ അഴിമതിയുണ്ടെന്ന് മനസ്സിലാക്കി ആ സ്ഥാപനത്തിൽ നിന്ന് രാജിവച്ച് ഇറങ്ങിപ്പോന്നവനാണ്. ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിന്റെ കൊള്ളകൊടുക്ക് കൂട്ടുനിൽക്കാൻ കഴിയില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ വിജിലൻസ് നടത്തുന്ന അന്വേഷണങ്ങൾ സത്യസന്ധമാണോ ? അതിലെനിക്ക് പരാതിയുണ്ട്, അമർഷമുണ്ട്. നമ്മുടെ ഉദ്യോഗസ്ഥ രംഗത്ത് ഇന്ന് നിലനിൽക്കുന്ന വിജിലൻസ് അന്വേഷണം പോരാ, സാമ്പത്തികമായും സാർവ്വത്രികമായും സമൂഹത്തിൽ ഇന്നു നടക്കുന്ന സിമൻറ് കാണാതെ വന്നാലും, സ്ക്കൂൾ കെട്ടിടം വീണാലും, തിയേറ്ററുകളിൽ നീലച്ചിത്രങ്ങൾ ഓടിയാലും അതുമായി ബന്ധപ്പെട്ട മന്ത്രിമാരെയും ഭരണകക്ഷിയേയും മാത്രം ആരോപണം ഉന്നയിക്കുന്ന സ്ഥിതി മാറണം. ഈ സമൂഹത്തിൽ നടമാടുന്ന ഇത്തരം സാമൂഹ്യ വൈകൃതങ്ങളെക്കുറിച്ച് പരസ്യമായി പറയാനും അതിന് എതിരായി പ്രതിരോധനിര കെട്ടിപ്പടുക്കുവാനും പ്രതിപക്ഷക്കാർ മുന്നോട്ടു വരണമെന്നാണ് എനിക്ക് പറയാനുള്ളത്. കല്ലട, ഇടമലയാർ എന്നീ ഡാമുകളുടെ പണി ഈ ഗവൺമെൻറിന്റെ ഭരണകാലത്ത് മാത്രം നടത്തിയതല്ല. അവിടെ സി. ഐ. റ്റി. യു. യൂണിയൻകാരുണ്ട്, അതിന് രാഷ്ട്രീയ നേതൃത്വവുമുണ്ട്. ഇതുപോലുള്ള രാഷ്ട്രീയ നേതൃത്വത്തിന് എന്തുകൊണ്ട് നിർമ്മാണ കാലഘട്ടങ്ങളിൽ ആ ആരോപണങ്ങൾ ഉന്നയിക്കുകയും തെറ്റുകൾ തിരുത്തുകയും ഈ നിർമ്മാണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുവാനും കഴിയുമായിരുന്നില്ലേ ? ഇതിൻ നിന്നെല്ലാം പങ്കുപറ്റി മാരണങ്ങൾ ഉണ്ടാക്കിയ ആളുകൾ ഇവിടെ വന്ന് അഴിമതിക്ക് എതിരായി പറയുന്നതിൽ യാതൊരാത്മാർത്ഥതയുമില്ലെന്നാണ് എനിക്കു പറയാനുള്ളത്. ഞങ്ങൾ ഇത്തരത്തിൽ അഴിമതി നടത്താൻ ആഗ്രഹിച്ചിട്ടില്ല.

അതുകൊണ്ടുതന്നെയാണ് ഈ ബില്ല് ഇവിടെ കൊണ്ടുവന്ന ചരിത്രപരമായ ഒരു തീരുമാനമെടുത്ത് ഈ സമൂഹത്തിൽ നടമാടുന്ന അഴിമതിക്കെതിരായി ശക്തിയായി വിരൽചൂണ്ടാൻ ഞങ്ങൾ തയ്യാറായതെന്ന് പറയാനാഗ്രഹിക്കുകയാണ്. ആരോപണ കർത്താവിനെതിരായി അന്വേഷണം നടത്താതെ ആരോപണ കർത്താവിനെ പിൻതാങ്ങിയവർക്കെതിരായി അന്വേഷണത്തിന് ഉത്തരവിട്ട ശ്രീ. ഇ.എം. എസിന്റെ പാരമ്പര്യം നമുക്ക് മറക്കാൻ പറ്റുകയില്ല. അതുകൊണ്ട് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ കാര്യത്തിൽ പ്രതിപക്ഷത്തിന് താൽപ്പര്യമുണ്ടെങ്കിൽ ജനങ്ങളിലേക്ക് ഇറങ്ങി അഴിമതി നടത്തുന്ന സമ്പന്നരായ ന്യൂനപക്ഷങ്ങൾക്കെതിരായി ശക്തിയായ ഒരു ബോധവൽകരണം നടത്താൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങികൊണ്ട് എൻറെ വാക്കുകൾ അവസാനിപ്പിക്കുന്നു.

1 P. M.]

2/1545/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളിൽ പ്രധാനമായും നാൽപ്പതു കോടി രൂപ ദുരിതാശ്വാസ പ്രവർത്തനത്തിനു വേണ്ടിയുള്ളതാണ്. നാൽപ്പതു കോടി രൂപ ഫലപ്രദമായി ചെലവഴിക്കുന്നതിന് യാതൊരു സംവിധാനവും ഇന്ന് ഇല്ലെന്നുള്ളതുകൊണ്ടും നൽപ്പതു കോടി രൂപ മുൻകാലങ്ങളെപ്പോലെ കൊള്ളയടിക്കപ്പെടുമെന്നുള്ളതുകൊണ്ടുമാണ് ഞാൻ എതിർക്കുന്നത്. ദുരിതാശ്വാസ പ്രവർത്തനത്തിനുവേണ്ടി സംസ്ഥാന ഗവൺമെൻറ് ജില്ലാതലത്തിൽ എം. എൽ. എ. മാരുടേയും താലൂക്കു തലത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും കമ്മിറ്റി ഉണ്ടായിട്ടുണ്ട്. ആ കമ്മിറ്റി ഈ മാസം ആദ്യം കൂടിയതല്ലാതെ പിന്നീട് കേരളത്തിൽ ഒരൊറ്റ ജില്ലയിലും കൂടിയിട്ടില്ല. പുരയ്ക്ക് തീ പിടിക്കുമ്പോൾ വാഴവെട്ടാൻ ശ്രമിക്കുന്നുവെന്ന് പറഞ്ഞതുപോലെ കേന്ദ്രഗവൺമെൻറിൽനിന്ന് കിട്ടിയ എഴുപത്തിയഞ്ച് കോടിയിൽപ്പരം രൂപയും മാറ്റിവയ്ക്കുന്ന തുകയും ഒരുപിടി ഉദ്യോഗസ്ഥൻമാർക്കും അതിന് നേതൃത്വം കൊടുക്കുന്ന ആളുകൾക്കും കൊള്ളയടിക്കാൻ ആയിരിക്കുകയില്ലേ ഉപയോഗിക്കുക. കഴിഞ്ഞ ഒരു മാസമായി ഇതിന്റെ പേരിൽ പണം ചെലവഴിക്കുന്നു. ജില്ലാതലത്തിൽ എം. എൽ. എ. മാരുടെ കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി അറിയുന്നില്ല. താലൂക്കു തലത്തിൽ കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി അറിയുന്നില്ല. ആ വിധത്തിൽ ഈ പണം മുഴുവൻ കൊള്ളയടിക്കാൻ പോകുന്നതുകൊണ്ടാണ് എതിർക്കുന്നത്. മറെറാന്ന് പുതുതായി ആളുകളെ നിയമിക്കാൻ വേണ്ടിയാണ് മന്ത്രിമാരുടേയും മറ്റ് ചില ആളുകൾക്കു വേണ്ടി ഡിപ്പാർട്ടുമെൻറിൽ പ്രമോഷൻ കൊടുക്കാൻവേണ്ടിയൊക്കെയുള്ളതുകൊണ്ടാണ് ഞാൻ എതിർക്കുന്നത്. എനിക്കുമുമ്പ് സംസാരിച്ച കോൺഗ്രസ് 'ഐ' യിലെ മുഹമ്മദാലി വളരെ ഗുരുതരമായ ഒരു ആരോപണം ഉന്നയിച്ചു. എറണാകുളം ജി. സി. ഡി. എ. യുടെ കീഴിലുള്ള 64 ഏക്കർ സ്ഥലം തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി അതിർത്തിയിലുള്ള പൊന്നറ ഐലൻറിലെ 65 ഏക്കർ സ്ഥലത്ത് ഒറ്റ ആളുകളും താമസിക്കാത്ത സ്ഥലമാണ് വെള്ളക്കെട്ടായ സ്ഥമാണ്. ആരേയും കുടിയൊഴിപ്പിക്കേണ്ടതില്ല. 1979 മുതൽ ജി. സി. ഡി. എ. 64 ഏക്കർ സ്ഥലം ഡെവലപ്പ് ചെയ്ത് ഒരു സ്കീം തയ്യാറാക്കാൻ തീരുമാനിച്ചു. ജി. സി. ഡി. എ. ഒരു സ്കീമുമായി മുന്നോട്ടു വന്നപ്പോൾ ചില സ്വകാര്യ വ്യക്തികൾ അതിനെതിരായി നിലപാട് സ്വീകരിച്ചു. അന്ന് ഗവൺമെൻറ് ഒരു കമ്മിറ്റി വിളിച്ചുകൂട്ടി. ഗവൺമെൻറ് പറഞ്ഞത് ഒരു കാരണവശാലും ജി. സി. ഡി. എ. ക്ക് ഈ സ്കീം നടപ്പാക്കാൻ കഴിഞ്ഞില്ലെങ്കിൽ സ്വകാര്യ വ്യക്തികളാണ് നടപ്പാക്കാൻ പോകുന്നതെങ്കിൽ ആ സ്കീമിന്റെ ലാഭം കൊച്ചിൻ കോർപ്പറേഷനും ജി. സി. ഡി. എ. ക്കും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും കൊടുക്കത്തക്ക നിലയിൽ ഈ സ്ഥാപനങ്ങൾക്ക് പ്രാതിനിധ്യം കൊടുത്ത് ഒരു സ്കീം തയ്യാറാക്കികൊടുക്കണമെന്നാണ്. വ്യക്തികൾ അതിന് തയ്യാറായില്ല. ഒടുവിൽ 30-12-1982-ൽ ജി. സി. ഡി. എ. വീണ്ടും ഈ സ്കീം നടപ്പാക്കാൻ തീരുമാനിച്ചു. മാത്രമല്ല ടൗൺ പ്ലാനിംഗ് ആക്ടനുസരിച്ച് ഡീറ്റയിൽഡ് പ്ലാൻ സ്കീം തയ്യാറാക്കി. 8-12-1984-ൽ 64 ഏക്കർ സ്ഥലം ജി. സി. ഡി. എ. തന്നെ ഏറ്റെടുത്ത് അത് വികസിപ്പിച്ച് സ്കീം തയ്യാറാക്കി. ഈ സ്ഥലം അക്വയർ ചെയ്യാൻ നോട്ടിഫിക്കേഷൻ കൊടുത്തു. അവിടെ അധികം കുടികളോ ജൻമിയോ ഇല്ലാത്ത സ്ഥലമാണ്. ഏറ്റവും കുറഞ്ഞ വിലക്ക് കിട്ടും. ആ സ്ഥലം ജി. സി. ഡി. എ. ടൗൺ പ്ലാനിംഗ് ആക്ടനുസരിച്ച് സ്കീം തയ്യാറാക്കി. ഒൻപത് കോടി വരുന്ന സ്കീമാണ് തയ്യാറാക്കിയത്. ഒൻപത് കോടി രൂപ വരുന്ന സ്കീമിന് ആവശ്യമായ സഹായം ഹഡ്കോയും അതുപോലെതന്നെ സാമ്പത്തിക സ്ഥാപനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

നൽകാമെന്ന് ഉറപ്പ് കൊടുത്തു. 28-4-1984-ൽ സെക്ഷൻ 6 അനുസരിച്ച് നോട്ടിഫിക്കേഷൻ ക്യാൻസൽ ചെയ്യണമെന്ന് പറഞ്ഞ് ഉത്തരവ് പുറപ്പെടുവിച്ചു. 24-5-1984-ൽ നോട്ടിഫിക്കേഷൻ ക്യാൻസൽ ചെയ്യണ്ടായെന്ന് ഗവൺമെൻറ് തീരുമിനിച്ചു. 8-10-1984-ൽ ജി.സി.ഡി.എ യുടെ എറണാകുളം ആഫീസിൽ വച്ച് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടി. ആ യോഗത്തിൽ വച്ച് ഈ ജി. സി. ഡി. എ. യുടെ സ്കീമുമായി മുന്നോട്ടു വരാൻ തീരുമാനിച്ചു. അന്നത്തെ മിനിറ്റ്സിന്റെ മൂന്നാമത്തെ തീരുമാനം ഞാൻ വായിക്കാം.

The minutes say that to ensure quality and standards of infrastructural facilities, such infrastructural works would be undertaken and completed by Greater Cochin Development Authority. അതിനുശേഷം ജി.സി.ഡി.എ. 64 ഏക്കർ സ്ഥലത്ത് 9 കോടി രൂപ ചെലവു വരുന്ന ഒരു സ്കീം തയ്യാറാക്കി. ഒടുവിൽ എല്ലാവരേയും അമ്പരപ്പിച്ചുകൊണ്ട് 3-6-1985-ൽ ഗവൺമെൻറ് പുറപ്പെടുവിച്ച ജി.ഒ.ആർ.റ്റി.നമ്പർ 1718/85 എൽ.എ.ആൻറ് എസ്. ഡബ്ലിയു. എന്ന ആർഡർ പ്രകാരം ആ സ്കീം തള്ളിക്കളഞ്ഞുകൊണ്ട് ബീവർ എസ്റ്റേറ്റ് എന്നു പറയുന്ന ഒരു സ്വകാര്യ കമ്പനിക്ക് കൊടുത്തിരിക്കുകയാണ്. ഈ സ്കീം കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ട് ജി.സി.ഡി.എ.യുടെ ചെയർമാൻ പോൾ പി. മാണി വീണ്ടും ഗവൺമെൻറിന് എഴുതിയിരിക്കുകയാണ്. കോൺഗ്രസ് 'ഐ' ക്കാർ അതേക്കുറിച്ച് ആലോചിക്കണം. ഇപ്പോൾ പോൾ പി. മാണിയെ ജി. സി. ഡി. എ. യുടെ ചെയർമാൻ സ്ഥാനത്തുനിന്ന് മാറ്റാൻ മുഖ്യമന്ത്രി തീരുമാനിച്ചിരിക്കുന്നു. എന്താണ് കാരണം പറഞ്ഞിരിക്കുന്നത്. ബീവർ എസ്റ്റേറ്റിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സ്യാലൻ കൊച്ചിൻപോർട്ടിൽനിന്ന് റിട്ടയർ ചെയ്ത രാമകൃഷ്ണനെ ഉയർന്ന തസ്തികയിൽ ഇപ്പോൾ അവിടെ നിയമിച്ചിരിക്കുകയാണ്. ഈ നിലയിൽ മിണ്ടാപൂച്ച കലം ഉടച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീം സ്വകാര്യ വ്യക്തിക്ക് കൈമാറിക്കൊണ്ട് ഏറ്റവും ദ്രോഹകരമായ രീതിയിലാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനെതിരായി ജി.സി.ഡി.എ. അപ്പീൽ കൊടുത്തിരിക്കുകയാണ്. ഇത്തരത്തിലുള്ള ക്രമക്കേടുകളും അഴിമതികളുമാണ് ഈ രംഗത്ത് നടക്കുന്നത്. ഇപ്പോൾ സംസ്ഥാന ഗവൺമെൻറ് കൊപ്ര സംഭരിക്കുന്നതിന് സ്കീം ഉണ്ടാക്കിയിട്ടുണ്ട്. മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേന ചേർത്തലയിൽ ഇപ്പോൾ കൊപ്ര സംഭരിച്ചുകൊണ്ടിരിക്കുകയാണ്. തമിഴ് നാട്ടിൽനിന്ന് വരുന്ന ഉണങ്ങാത്ത കൊപ്രയാണ് ഇപ്പോൾ കൂടുതലായി സംഭരിക്കുന്നത്. ആലപ്പുഴയിലും അതുപോലെ തന്നെ കോട്ടയത്തും കൊല്ലത്തുംനിന്ന് വരുന്ന കൊപ്ര എടുക്കാതെ തമിഴ് നാട്ടിൽനിന്ന് വരുന്ന മോശപ്പെട്ട കൊപ്ര എടുക്കുന്നതുകൊണ്ട് കോടികണക്കിന് രൂപ നഷ്ടം ഉണ്ടാവുകയാണ്. ഉണങ്ങാത്ത കൊപ്ര ചാക്കിൽ കെട്ടിവച്ച് രണ്ടു മാസം കഴിയുമ്പോൾ കൊപ്രയൊന്നും കാണുകയില്ല പൊടി മാത്രമേ കാണുകയുള്ളു. ഇതെക്കുറിച്ച് ഗവൺമെൻറ് അന്വേഷിക്കണം. ഉണങ്ങിയ കൊപ്ര സംഭരിക്കാനുള്ള നടപടി സ്വീകരിക്കണം. ലക്ഷക്കണക്കിന് രൂപ നഷ്ടമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പണം ചെലവഴിക്കുന്നതിന് യാതൊരു നടപടിയുമില്ല. ഈ തുക ഫലപ്രദമായി നേരംവണ്ണം ചെലവഴിക്കുന്നതിനുള്ള സംവിധാനമില്ലാത്തതുകൊണ്ട് ഈ തുക കൊള്ളയടിക്കപ്പെടുമെന്നുള്ളതുകൊണ്ട് ആണ് ഇതിനെ എതിർക്കുന്നത്.

ശ്രീ. പി. സീതിഹാജി : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. പ്രധാനമായും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് എനിക്ക് പറയുവാനുള്ളത്,

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്ക് അറിയില്ലെങ്കിൽ പട്ടിണി കിടക്കാം. വെള്ളമില്ലെങ്കിൽ കുടിക്കാതിരിക്കാം. പക്ഷേ മനുഷ്യന് നടക്കാനുള്ള റോഡ് നന്നാക്കാൻ എവിടെനിന്നെങ്കിലും പണം കാണണം. 700 കോടി കിട്ടും, 600 കോടി കിട്ടും, ഡൽഹിയിൽ പോയിരിക്കുന്നു, കാത്തിരിക്കുന്നു എന്നൊക്കെ പറയുന്നുണ്ടെങ്കിലും കാര്യത്തിൽ നടക്കുമോ എന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും കിട്ടുന്ന പൈസ റോഡിനുവേണ്ടി ചെലവാക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. അല്ലെങ്കിൽ ഞങ്ങളുടെ കാര്യം അപകടത്തിലാണ്.

ഇനി എനിക്ക് പറയുവാനുള്ളത് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനെ പറ്റിയാണ്. ഇപ്പോൾ ഒരു പ്രസ്താവന കണ്ടു, പ്രീഡിഗ്രി ഒരു പ്രത്യേക ബോർഡിന് കൊടുക്കാൻ പോകുന്നുവെന്ന്. പിന്നെ കോളേജുകളെ എന്താ സ്കൂളാണോ, അതോ മദ്രസയാണോ? കോളേജുകൾക്ക് വല്ല അഡീഷണൽ കോഴ്സും കൊടുത്ത് അത് അപ്ഗ്രേഡ് ചെയ്യുന്ന കാര്യത്തിൽ ഗവൺമെൻറ് ശ്രദ്ധിക്കണം. അതിന് മാണി സാർ പ്രത്യേകം താൽപ്പര്യമെടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തെ സംബന്ധിച്ച് ഗവൺമെൻറ് സമീപിച്ചപ്പോൾ അവർ പറഞ്ഞത്, സ്വന്തമായി കെട്ടിടമുള്ള ജൂനിയർ കോളേജുകൾക്കു മാത്രമേ അപ്പ്ഗ്രഡേഷൻ കൊടുക്കുകയുള്ളൂ എന്നാണ്. സ്വന്തമായി കെട്ടിടത്തിലേക്ക് മാറിയ ജൂനിയർ കോളേജുകൾക്ക് അപ്പ്ഗ്രഡേഷൻ കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്?

ശ്രീ. പി. സീതിഹാജി : സ്വന്തമായാലും ടെമ്പററിയായാലും, കൊടുക്കണമെന്നാണ് ഞാൻ പറഞ്ഞത്. അത് മാറ്റിവച്ചിട്ട് കാര്യമില്ല. അല്ലെങ്കിൽ ആ ഉദ്യോഗസ്ഥൻമാർക്ക് സർക്കാർ ശമ്പളം കൊടുക്കണം. പ്രീ-ഡിഗ്രി യൂണിവേഴ്സിറ്റിയുടെ കൈയിൽനിന്ന് വിട്ടാൽ പിന്നെ ആ കോളേജിലെ സ്റ്റാഫിനെ ആരാണ് നിയന്ത്രിക്കുക? ജനറൽ എഡ്യൂക്കേഷൻറെ കീഴിലാണോ? അതോ കൊളീജിയേറ്റ് എഡ്യൂക്കേഷൻറെ കീഴിലാണോ? യാതൊന്നുമില്ല. വെള്ളത്തിൽ പോയമാതിരി അങ്ങനെ തപ്പിനടക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സാമർത്ഥ്യമുള്ള ഒരാളാണ്, ഇതെല്ലാം നോക്കുമെന്ന് എനിക്കറിയാം.

ഈ രാജ്യത്തെ ഗവൺമെൻറിൻറെ പോളിസിയാണ് ഗവൺമെൻറ് ഉടമയിൽ കോളേജ് കൊടുക്കുകയാണെങ്കിലും സ്കൂൾ കൊടുക്കുകയാണെങ്കിലും സ്ഥലവും കെട്ടിടവും സ്പോൺസറിംഗ് കമ്മിറ്റി ഉണ്ടാക്കി കൊടുക്കണമെന്നുള്ളത് ഇടതുപക്ഷ ഗവൺമെൻറിൻറെ കാലത്താണെന്നാ തോന്നുന്നു, കുറെ കോളേജുകൾ കൊടുത്തു. ഈ ഗവൺമെൻറ് വന്നിട്ടും കുറെ കോളേജുകൾ കൊടുത്തു. അതിനുമുമ്പത്തെ ഗവൺമെൻറ് കൊടുത്തു. പെരിന്തൽമണ്ണ, തിരൂർ, കായിലാണ്ടി, പേരാമ്പ്ര, ചാവക്കാട്, ആറ്റിങ്ങൽ അങ്ങനെ പല സ്ഥലങ്ങളിലും കൊടുത്തു. കൽപ്പറ്റയിൽ 25 ഏക്കർ കാപ്പി എസ്റ്റേറ്റാണ് കൊടുത്തത്. നാട്ടുകാർ കെട്ടിടം കെട്ടിക്കൊടുത്തു. എൻറെ ജില്ലയായ പെരിന്തൽമണ്ണയിലും തിരൂരിലും പത്ത്, ഇരുപത് ലക്ഷം രൂപ ഓരോ സ്പോൺസറിംഗ് കമ്മിറ്റിയും ചെലവാക്കിയാണ് സ്ഥലം വാങ്ങി കെട്ടിടം കെട്ടിക്കൊടുത്തത്. കിടപ്പാടംപോലും മാറ്റിയിട്ടാണ് കോളേജിന് സ്ഥലം കൊടുത്തത്. എന്നാൽ കട്ടപ്പനയിൽ കോളേജിന് സ്ഥലമെടുക്കാൻ 'സ്പോൺസറിംഗ് കമ്മിറ്റിക്ക് 6 ലക്ഷം രൂപ കൊടുത്തു. ഇത് എന്ത് ന്യായമാണ്? അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അത് തെറ്റല്ലേ? എങ്കിൽ മാറ്റുള്ള

LIBRARY ARCHIVES Kerala Legislative Assembly

വർക്കും കൊടുക്കണ്ടേ ? ഞങ്ങളൊന്നും സമ്പന്നരല്ല. ഞങ്ങടെ പിച്ചപ്പാള കുത്തി പണം ഒപ്പൈസയും 20 പൈസയും വച്ച് കളക്ട് ചെയ്ത് സ്ഥലം വാങ്ങിയാണ് കെട്ടിടം കെട്ടിയത്. കട്ടപ്പന വന്നപ്പോഴും അവിടെ ആറ് ലക്ഷം രൂപ സ്പോൺസറിംഗ് കമ്മിറ്റിക്ക് കൊടുത്തു.

ശ്രീ. എ. കെ. പത്മനാഭൻ : കായിലാണ്ടി ഗവൺമെൻറ് കോളേജിനു വേണ്ടി സ്ഥലം നാട്ടുകാർ സംഭാവന കൊടുത്തു. അവിടത്തെ സ്പൊൺസറിംഗ് കമ്മിറ്റി ചെയർമാൻ മുമ്പത്തെ എം. എൽ. എ. ശ്രീ. നാരായണൻ നായരാണ്. നാട്ടുകാർ അകപയർ ചെയ്താണ് ആ ഭൂമി കോളേജിന് കൊടുത്തത്. ആ അക്വിസിഷൻ വാല്യു കൊടുത്തതിന്റെ പേരിൽ നാരായണൻ നായരുടെ സ്വത്തുപോലും വിൽക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ഡോ. കെ. സി. ജോസഫ് : പേരാമ്പ്ര കോളേജിന്റെ സ്ഥലം ഗവൺമെൻറ് മുഴുവൻ വിലയും കൊടുത്ത് അകപയർ ചെയ്യുകയായിരുന്നു എന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. പി. സീതിഹാജി : ഇങ്ങനെയും കള്ളക്കളി ഉണ്ടെന്നേ ഞങ്ങൾക്ക് അറിഞ്ഞുകൂടായിരുന്നു. ഞങ്ങളോട് ഗവൺമെൻറ് പറഞ്ഞു നിങ്ങൾ സ്ഥലം തരണമെന്ന്. മൂപ്പൻമാരുള്ള സ്ഥലത്ത്, ഡോ. ജോസഫിനെ പോലുള്ള ആളുകൾ ഉള്ള സ്ഥലത്ത് ഗവൺമെൻറ് അകപയർ ചെയ്യുകമാണി സാറിന്റെ നാട്ടിൽ വില കൊടുക്കുക. ഇതൊന്നും ഞങ്ങൾക്ക് അറിയില്ലായിരുന്നു. ഇതാണോ ഈ ഗവൺമെൻറിന്റെ നയം.

ഡോ. കെ. സി. ജോസഫ് : ബഹുമാനപ്പെട്ട മുഹമ്മദുകോയ എഡ്യൂക്കേഷൻ മന്ത്രിയായിരുന്ന കാലത്താണ് പേരാമ്പ്ര കോളേജിനുള്ള സ്ഥലം അകപയർ ചെയ്യാനുള്ള നടപടി നടത്തിയത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ? അന്ന് ഞാൻ പേരാമ്പ്രാ എം.എൽ.എ.ആയിരുന്നു.

ശ്രീ. പി. സീതിഹാജി : ശ്രീ. സി. എച്ച്. മുഹമ്മദുകോയ വിദ്യാഭ്യാസ മന്ത്രി. ആയതിനുശേഷം കരമന ആറിൽകൂടി കുറെ വെള്ളം ഒലിച്ചു പോയി.

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം ചെയ്തത് നല്ല കാര്യമാണ്.

ശ്രീ. പി. സീതിഹാജി : നല്ല കാര്യമല്ല. അങ്ങനെ ചെയ്യാൻ പാറുകയില്ല. ഒരു സ്ഥലത്തോ അല്ലെങ്കിൽ അഞ്ച് സ്ഥലത്തോ കൊടുക്കുകയും മറ്റ് സ്ഥലങ്ങളിൽ കൊടുക്കാതിരിക്കുകയും ചെയ്യുന്നത് ശരിയല്ല. കായിലാണ്ടി കോളേജ് ബാഫക്കിതങ്ങൾ സ്മാരക കോളേജാണ്. പേരാമ്പ്ര കോളേജ് സി. കെ. ജി. മെമ്മോറിയൽ കോളേജാണ്. തിരൂർ കോളേജ് കുഞ്ഞൻ നമ്പ്യാർ സ്മാരക കോളേജാണ്. അങ്ങനെയുള്ള വലിയ രാഷ്ട്രീയ നേതാക്കൻമാരുടേയും ദേശീയ നേതാക്കൻമാരുടേയും പേരിലുള്ള കോളേജുകൾ ഉണ്ട്. ശ്രീ. നാരായണൻ നായരെ എനിക്കറിയാം. അയാൾ ഒരു എം. എൽ. എ. ആയിരുന്നു. അദ്ദേഹത്തിന്റെ സ്ഥലം വിറ്റിട്ടാണ് പൈസ കൊടുത്തത്. ഇവിടെ ഗവൺമെൻറിന് കിട്ടിയ സ്ഥലത്ത് പിന്നെ സ്പോൺസറിംഗ് കമ്മിറ്റിക്ക് പൈസ കൊടുക്കുന്നത് ന്യായമല്ല.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : സ്ഥലം മാത്രം പോര പിന്നെ അഞ്ച് ലക്ഷം രൂപയുടെ കെട്ടിടവും ഉണ്ടാക്കി കൊടുക്കണം. തിരൂരിലും മുകയിരിയിലും മറ്റും കോളേജിന് സ്ഥലം കൊടുക്കുക മാത്രമല്ല, അഞ്ച് ലക്ഷം രൂപയുടെ കെട്ടിടം ഉണ്ടാക്കിക്കൊടുക്കാത്തതിന്റെ പേരിൽ തടസം ഉണ്ടാക്കുന്ന ഗവൺമെൻറാണെന്ന് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി : അതാണ് ഞാൻ പറഞ്ഞത്, ഒരു നയമുണ്ടാകണം. തിരുകൊച്ചിപോലെ കേരളത്തിന്റെ ഭാഗംതന്നെയാണ് മലബാറും. ഇപ്പോഴും ഒരൊറ്റ നിയമമേ ഉള്ളൂ. മുമ്പ് മദ്രാസിലെ നിയമമായിരുന്നു മലബാറിന് ബാധകം. ഇന്ന് അങ്ങനെയല്ല. അതുകൊണ്ട് ഇവിടെ നടക്കുന്ന നിയമം അവർക്കും ബാധകമാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന സ്ഥലത്താണ് നിങ്ങൾ കൊടുക്കേണ്ടത്. മുന്നിലായ സ്ഥലത്താണ് നിങ്ങൾ ഇപ്പോൾ കൊടുക്കുന്നത്. കട്ടപ്പനയിൽ നിങ്ങൾ ആറ് ലക്ഷം കൊടുത്തിട്ടുണ്ടെങ്കിൽ എല്ലാപേർക്കും കൊടുക്കണം. ഇത് തെറ്റായ നടപടിയാണ്. അങ്ങനെ കൊടുക്കാൻ പാടില്ല. കേരളത്തിലെ ജനങ്ങളുടെ നികുതി പണമാണെടുത്തു കൊടുക്കുന്നത്. ഒരു പ്രദേശത്തോ അല്ലെങ്കിൽ രണ്ട് പ്രദേശത്തോ കൊടുക്കുകയും മറ്റ് പ്രദേശങ്ങളിൽ കൊടുക്കാതിരിക്കുകയും ചെയ്യുന്ന നിഷേധാത്മകമായ ഈ നയം ഒരു ഗവൺമെന്റിനും ഭൂഷണമല്ല, അത് മാറണം.

ശ്രീ. എ. സി. ഷൺമുഖദാസ് : കട്ടപ്പന കോളേജിന് കൊടുത്തത് ശരിയല്ലായെന്ന് ബഹുമാനപ്പെട്ട സീതിഹാജി പറയുമ്പോൾ അതിന്റെ അർത്ഥം ഈ ഡിമാൻറിനെ എതിർക്കുന്നു എന്നല്ലേ? ആ ചെയ്തത് ന്യായമല്ലാത്ത കാര്യമാണല്ലോ? ന്യായമല്ലാത്ത കാര്യങ്ങൾ അനുവദിക്കാൻ സാധിക്കുകയില്ലല്ലോ.

ശ്രീ. പി. സീതി ഹാജി : എതിർക്കുകയോ എതിർക്കാതിരിക്കുകയോ ചെയ്യുന്ന കാര്യം ഞാൻ തീരുമാനിച്ചുകൊള്ളാം. രേണുകക്ഷി ഗവൺമെന്റിനു പറ്റിയതെറ്റ് ചൂണ്ടികാണിക്കുകയാണ്. അല്ലാതെ പ്രതിപക്ഷത്തിന്റെ മാതിരി അന്ധമായ എതിർപ്പല്ല ഞങ്ങളുടെ ഗവൺമെന്റിനു വല്ല പാളിച്ചയും വന്നിട്ടുണ്ടെങ്കിൽ അത് ഞങ്ങൾതന്നെ ചൂണ്ടിക്കാണിച്ച് പരിഹരിച്ചുകൊള്ളാം. ഞങ്ങളുടെ കുട്ടികളെ തല്ലിയെങ്കിൽ നിങ്ങൾക്ക് എന്താ കോൺഗ്രസേ എന്ന് ചോദിച്ച മാതിരി നിങ്ങൾക്ക് അത്. ചോദിക്കേണ്ട കാര്യമില്ല. ഞങ്ങൾ അത് പറഞ്ഞുകൊള്ളാം. അതുകൊണ്ട് ഞാൻ പറഞ്ഞ കാര്യം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രത്യേകം ശ്രദ്ധിക്കണം.

എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട സുപ്പി നേരത്തേ ഒരു കാര്യം പറഞ്ഞു. ഞങ്ങൾക്ക്, എന്തിനാണ് മലപ്പുറം ജില്ല തന്നിട്ടുള്ളത്? നിങ്ങൾക്ക് ആ ജില്ലയെ കോട്ടയം ജില്ലയോട് കൂട്ടിച്ചേർത്തുകൂടേ? എന്നാലും തരക്കേടില്ല? അവിടെ ടി. ടി. സി. കഴിഞ്ഞിട്ട് സർട്ടിഫിക്കറ്റ് കൊടുക്കാതെ മനഃപൂർവ്വം താമസിപ്പിച്ച് കോട്ടയത്തു നിന്നൊക്കെ കെയർ ആഫ് അഡ്രസ് വച്ച് വന്ന ആയിരത്തിൽ ചിലപ്പോൾ അദ്ധ്യാപകൻമാരെ അവിടെ നിയമിച്ചു. ഒരൊറ്റ മലപ്പുറം ജില്ലാക്കാരും ഇല്ല. ഇൻറർവ്യൂ കഴിഞ്ഞതിനുശേഷം മലബാറിലെ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ഇത് എന്താണു? എന്തെങ്കിലും പ്രശ്നമുണ്ടോ? ഞങ്ങൾക്ക് അർഹമായത് ഞങ്ങൾക്ക് കിട്ടണം. അല്ലെങ്കിൽ ഞങ്ങൾ അസംബ്ലിയിൽ വരുന്നില്ല. ഞങ്ങൾ അസംബ്ലിയിൽ വരുന്നത് ആ നാട്ടിലെ ജനങ്ങളുടെ കാര്യം പറയാനാണ്. ഇത് വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. കെയർ ആഫ് അഡ്രസിൽവന്ന ആളുകളെ നിയമിക്കുക, അവിടെയുള്ളവർക്ക് നിയമനം കൊടുക്കാതിരിക്കുക. അവിടത്തെ ആളുകൾ ഞങ്ങളുടെ എം. എൽ. എ. മാരുടെ അടുക്കൽ വരും. അതുകൊണ്ട് ആ നിയമനം സർക്കാർ നിറുത്തിവച്ച് പരിശോധിക്കണം. ഇത് പി.എസ്. സി. ഒന്നുമല്ല. ആയിരത്തിൽ ചിലപ്പോൾ ആളുകളെ അവിടെ നിയമിച്ചിട്ട് പത്ത് ആളുകളെ ആ ജില്ലയിൽനിന്ന് എടുത്തിട്ടില്ല. ആ ജില്ലയിൽ ആകെ

LIBRARY ARCHIVES Kerala Legislative Assembly

കുറച്ച് ആളുകളെ ഉള്ളു. അതുകൊണ്ട് ആ കാര്യത്തിന് എന്തെങ്കിലും പരിഹാരമുണ്ടാക്കണം, അല്ലെങ്കിൽ എല്ലാം നിങ്ങൾക്കുതന്നെ ആയിക്കൊള്ളട്ടെ; ഞങ്ങൾ കൈപൊക്കി തരാം. കോളേജ് ആണെങ്കിലും സ്കൂൾ ആണെങ്കിലും ഉദ്യോഗമാണെങ്കിലും.

ശ്രീ. ഇ പത്മനാഭൻ : വിദ്യാഭ്യാസവും ഫൈനാൻസും എല്ലാം ചില പ്രത്യേക ജില്ലകളിൽ മാത്രം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ കൈയിലായതുകൊണ്ടല്ലേ മലബാറും തിരുവിതാംകൂറും തമ്മിൽ ഈ ഡിസ്ക്രിമിനേഷൻ വന്നിരിക്കുന്നത് ?

ശ്രീ. പി. സീതിഹാജി : ആ അഭിപ്രായം ഞങ്ങൾക്കില്ല. ഈ കാര്യങ്ങൾ വളരെ മുമ്പേ തുടങ്ങിയതാണ്. 1956 മുതൽ ഞങ്ങളോട് അവഗണനയുണ്ടെന്ന് ഞങ്ങൾക്ക് അറിയാം. അരി മാറാനാണ് ഞങ്ങൾ ഇപ്പോൾ പറയുന്നത്.

ശ്രീ. എം. എം. ഹസ്സൻ : മലബാറിനെ അവഗണിക്കുന്നുവെന്ന് ബഹുമാനപ്പെട്ട സീതിഹാജി പറയുന്നു. തിരുവനന്തപുരത്തെ അവഗണിക്കുന്നുവെന്ന് തിരുവനന്തപുരത്തുകാരായ ഞങ്ങൾക്കെല്ലാം വളരെ ശക്തിയായ ആക്ഷേപമുണ്ട്. ഇത് ആരോട് പറയണം ?

ശ്രീ. പി. സീതിഹാജി : തിരുവനന്തപുരത്ത് എന്താണ് വരാനുള്ളത് ? കോഴിക്കോട് ആകെ രണ്ട് ആനബസ് ട്രാൻസ്പോർട്ട് ഉണ്ടായിരുന്നതും തിരുവനന്തപുരത്ത് കൊണ്ടുവന്നു.

ശ്രീ. എം. വി. രാഘവൻ : നിങ്ങളുടെ ഈ ഗവൺമെന്റ് എന്നു പറഞ്ഞാൽ സർവ്വ അവഗണനയാണ്. ഒന്നും ഗണിക്കുന്നില്ല. അതുകൊണ്ട് നിങ്ങൾ അസംബ്ലിയിൽ ഇരിക്കുന്നില്ലായെന്നു തീരുമാനിച്ചാൽ പിന്നെ ഇരിക്കാനേ പറ്റുകയില്ല.

ശ്രീ. പി. സീതിഹാജി : നിങ്ങളുടെ കാലത്തുള്ള ഗവൺമെന്റ് ഉണ്ടല്ലോ. അത്രമോശമല്ല ഈ ഗവൺമെന്റ്. ഈ ഗവൺമെന്റിനോട് പറഞ്ഞാൽ നടക്കും അതുകൊണ്ടാണ് ഇതെല്ലാം പറയുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് എനിക്ക് വീണ്ടും വീണ്ടും പറയാനുള്ളത്, കോളേജുകളുടെ കാര്യത്തിൽ നഷ്ടപരിഹാരം കൊടുക്കുന്നത് മലപ്പുറത്തിനുകൂടി ബാധകമാക്കണം, കട്ടപ്പനയിൽ കൊടുത്ത മാതിരി അവർക്കും കൊടുക്കണം. ഏതായാലും നമ്മൾ പണത്തിന് ബുദ്ധിമുട്ടുകയാണ്.

ശ്രീ. എം. വി. രാഘവൻ : ഈ ഭരണത്തിൽ യൂണിയൻ ലീഗിന് പങ്കില്ലേ ? ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ഭരണമാണോ ? നിങ്ങൾ ഇത്ര പാവങ്ങൾ ആയിപ്പോയോ ?

ശ്രീ. പി. സീതിഹാജി : ഈ ഭരണത്തിൽ യൂണിയൻ ലീഗിന്റെ ശക്തിയാണ് ഇത് പറയുന്നത്, അത് നടപ്പിലാക്കുകയും ചെയ്യും. നിങ്ങളുടെ മാതിരിയല്ല. എന്തെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അത് നോക്കാനാണ് ഞങ്ങൾ പറയുന്നത്. അത് നോക്കി നടപ്പിലാക്കും. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. കെ. എം. മാണി : ഇത് ഞങ്ങൾ തമ്മിൽ തീർത്തുകൊള്ളാം. ശ്രീ. രാഘവൻ ഇതിന്റെ ഇടയ്ക്ക് കയറണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, . ഞാൻ സപ്ലിമെൻററി ഡിമാൻറിനെ എതിർക്കുകയാണ്. കഴിഞ്ഞ തവണ ജൂലൈ 31 വരെയുള്ള ഡിമാൻറുകൾ അനുവദിച്ചു കൊടുത്തതാണ്. സർ, ഉണ്ണിയെക്കണ്ടാൽ ഊരിലെ പഞ്ഞം അറിയാമെന്നു പറഞ്ഞതുപോലെ, ഇവിടെ ശ്രീമാൻ സീതിഹാജി പറഞ്ഞതു പോലെ നമ്മുടെ സംസ്ഥാനത്തെ റോഡുകൾ കണ്ടാൽ അറിയാം അവിടത്തെ സാമ്പത്തികസ്ഥിതിയെന്താണെന്ന്. പൊട്ടിപ്പൊളിഞ്ഞ് കുഴിവീണ റോഡുകൾ പോലും പാച്ച്വർക്ക് ചെയ്യാൻ സാമ്പത്തികശേഷിയില്ലാത്ത ഒരു ഗവൺമെൻറിൻെറ ഡിമാൻറാണ് ഇത്. കടലാസിൽ എഴുതി വയ്ക്കാമെന്നല്ലാതെ ഗവൺമെൻറിൻെറ കൈയിൽ പണമില്ല. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് എടുത്തു പരിശോധിച്ചു നോക്കിയാൽ തൃശ്ശൂർ എൻജിനീയറിംഗ് കോളേജിൽ നാല്പത്തിയഞ്ച് ഡിവിഷനാണ് (ബാച്ച്) ഉള്ളത്. പക്ഷേ മുപ്പത്തിയഞ്ച് ക്ലാസ് മുറികളേ മാത്രമേയുള്ളു. പത്ത് ക്ലാസ് മുറികൾ ഇല്ല. അവിടെ കൂടുതൽ ക്ലാസ് മുറികൾ വേണം. 1800 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ 500 പേർക്ക് മാത്രമേ ഹോസ്റ്റൽ സൗകര്യമുള്ളു. കൂടുതൽ ഹോസ്റ്റൽ സൗകര്യം വേണം. അതിന് ഇവിടെ പണമില്ല. അതുപോലെ 1800 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ കോളേജിലെ ലൈബ്രറിയിൽ 50 പേർക്കു മാത്രമേ ഇരുന്നു പഠിക്കുന്നതിനും വായിക്കുന്നതിനും ഉള്ള സൗകര്യമുള്ളു. ലൈബ്രറി കെട്ടിടം കെട്ടാൻ ഇവിടെ പണമില്ല. ഇതല്ലേ സർ നമ്മുടെ ഗവൺമെൻറിൻെറ സാമ്പത്തികശേഷി ? റോഡുകളുടെ പാച്ച് വർക്കുപോലും ചെയ്യാൻ കഴിയാത്ത ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനത്തിൻെറ ബജനാവ്, നമ്മുടെ വിദ്യാഭ്യാസ മന്ത്രിയും അതുപോലെതന്നെ നമ്മുടെ സാമ്പത്തികമന്ത്രിയുമായി അവരുടെ സ്വന്തമായ പാർട്ടിക്കുവേണ്ടി, പ്രത്യേക സമുദായത്തിൻെറയും ജില്ലയുടെയും താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ചോർത്തിക്കൊണ്ടു പോയിരിക്കുകയാണ്. അതിൻെറ ഫലമായിട്ടാണ് നമ്മുടെ സംസ്ഥാനത്തെ റോഡുകൾ ഇപ്പോഴും പാച്ച്വർക്ക് ചെയ്യാൻ പണമില്ലാത്തത്. സർ, എനിക്ക് ഒരു നിർദ്ദേശമുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുവേണ്ടി ഓരോ മന്ത്രിമാരെ ഓരോ ജില്ലയിലെ ചുമതല ഏല്പിച്ചതുപോലെ പതിനാലു മന്ത്രിമാരെ പതിനാലു ജില്ലകളിലെ ചുമതല ഏല്പിക്കണം. മൂന്നു മന്ത്രിമാരെ മൂന്നു കോർപ്പറേഷനുകളുടെ ചുമതല ഏല്പിക്കണം. സിറ്റി കോർപ്പറേഷനുകളുടെ. അതിനു മറ്റു മാർഗ്ഗങ്ങളൊന്നുമില്ലെങ്കിൽ കവലകളിൽ തോർത്തുവിരിച്ച് സംസ്ഥാനത്തിലെ ബജനാവ് പോഷിപ്പിക്കുന്നതിനുവേണ്ടി ഇരിക്കണം.

തിരുവനന്തപുരം ലാകോളേജിലെ ശ്രീ. സുബ്രഹ്മണ്യപിള്ള പ്രിൻസിപ്പാളിൻെറ ചാർജ് കിട്ടിയ ആഴ്ച യാതൊരു മാർക്കുമില്ലാത്ത ഒരാൾക്ക് അവിടെ അഡ്മിഷൻ കൊടുത്തു. ഇത് ചൂണ്ടിക്കാണിക്കപ്പെടുകയും ട്രൈബ്യൂണലിൻെറ മുമ്പിൽ എത്തുകയും ചെയ്തു. ഇയാൾക്ക് പ്രൊമോഷൻ നൽകിയത് നിരോധിച്ചുകൊണ്ടും, അഞ്ചുവർഷക്കാലം ഇയാൾക്ക് പ്രൊമോഷൻ നൽകരുതെന്നും ട്രൈബ്യൂണലിൽനിന്നും വിധിയുണ്ടായി. പക്ഷെ നമ്മുടെ ബഹുമാനപ്പെട്ട വയലാർ രവിയുടെ സ്വന്തമായ ഒരാളുടെ ട്യൂഷൻ മാസ്റ്ററാണ് ശ്രീ. സുബ്രഹ്മണ്യപിള്ള എന്ന ഒറ്റക്കാരണത്താൽ ഒരു ഗവൺമെൻറ് ഓർഡർ ഇറക്കിക്കൊണ്ട് ട്രൈബ്യൂണലിൻെറ വിധി അസ്ഥിരപ്പെടുത്തിയിരിക്കുന്നു. ഇതാണ് നമ്മുടെ വിദ്യാഭ്യാസമേഖലയിൽ നടക്കുന്നത്. ശ്രീ. മണിമംഗലത്തു കുട്ട്യാലി ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു, വരുന്ന കുറെക്കാലത്തേക്ക് പുതിയ വർക്കുകളൊന്നും എടുക്കാതെ പഴയ വർക്കുകളെല്ലാം പൂർത്തീകരിച്ചുകൂടേയെന്ന്. തീർച്ചയായും അതു ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ അഞ്ചുവർഷക്കാലം പ്രവർത്തികളൊന്നും പുതുതായി ചെയ്തില്ലെങ്കിൽപ്പോലും ഓൺ ഗോയിംഗ് വർക്സ് കഴിഞ്ഞ അഞ്ചു വർഷമായി നടന്നുകൊണ്ടിരിക്കുന്ന വർക്കുകൾ പൂർത്തീകരിക്കാൻ പണമില്ലാത്ത ഒരു ഗവൺമെൻറാണ് അവിടെയുള്ളത്. ശ്രീ. എ. വി. താമരാക്ഷൻ ഇവിടെ സംസാരിച്ചപ്പോൾ കോൺഗ്രസ് സിൻെറ ഭാഗത്തുനിന്നും ശ്രീ. താമരാക്ഷൻ ഉയർത്തിപ്പിടിച്ച വാൾപോസ്റിനെ ആക്ഷേപിച്ചു. വിദേശത്തുനിന്നുള്ള പണം കൊണ്ടല്ലേ ഈ വാൾപോസ്റുണ്ടാക്കിയതെന്നു ചോദിക്കുകയുണ്ടായി. ഞാൻ ഈ സന്ദർഭത്തിൽ ചോദിക്കട്ടെ, വിദേശത്തുനിന്നും പണം പററിയതാരാണ്? 1957-ൽ അധികാരത്തിൽവന്ന സഖാവ് നമ്പൂതിരിപ്പാടിനെ അട്ടിമറിച്ചതിന്, സ്ക്കൂൾ കെട്ടിടങ്ങൾ തീവച്ചതിന്, ബസ്സുകൾ തീവച്ചതിന്, കല്ലെറിയുന്നതിന്വേണ്ടി വിദേശത്തുനിന്നും പണം പററിയതാരാണ്? 1960-ലെ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ് പാർട്ടി അധികാരത്തിൽ വരാതിരിക്കുന്നതിനുവേണ്ടി ഒഴുക്കിയ പണം ആര് പററിയതെന്ന് നിങ്ങൾക്കറിയാമോ? 1957-59 കാലത്തെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പ്രസിഡൻറാണ് ഈ പണം പററിയതെന്ന് അന്നത്തെ അമ്പാസിസറായിരുന്ന ശ്രീ. മൊയിഖാൻ അയാളുടെ പുസ്തകത്തിൽ എഴുതിവച്ചിട്ടുണ്ട്. 1980 ലെ ഗവൺമെൻറിനെ അട്ടിമറിക്കുന്നതിനുവേണ്ടി പണം പററിയതാര്? ഞങ്ങളാരെങ്കിലുമാണോ? 1980 ലെ ഗവൺമെൻറിനെ അട്ടിമറിക്കാൻ വിദേശ പണം പററിയ ആളുകളല്ലേ അപ്പുറത്തിരിക്കുന്നത്? കമ്മ്യൂണിസ്റ് പാർട്ടിയെയും കമ്മ്യൂണിസ്റു പ്രസ്ഥാനത്തെയും ഭൂമുഖത്തുനിന്നും തുടച്ചുമാററാൻ പ്രതിജ്ഞാബദ്ധമായി അമേരിക്കയുടേയും മറും പണം പററി. ഗവൺമെൻറുകളെ അട്ടിമറിക്കുകയും ഗവൺമെൻറിനെതിരായി തെരഞ്ഞെടുപ്പിന് പണം വാരിക്കോരി ചെലവഴിക്കുകയും ചെയ്ത കോൺഗ്രസിലെ നേതാക്കൻമാരാണ് ഇവിടെ പ്രഖ്യാപിച്ചത് വാൾപോസ്റടിക്കാൻ വിദേശത്തുനിന്ന് പണം പററിയെന്ന്. നിങ്ങൾക്ക് ലജ്ജയില്ലേ ഇതു പറയാൻ? അങ്ങനെ 1959-ൽ പണം പററിയതിൻെറ ഫലം കഴിഞ്ഞ ഒക്ടോബറിൽ ഡൽഹിയിൽ അനുവേലിക്കേണ്ടിവന്നു. അങ്ങനെ പണം പററിയാൽ.....

ശ്രീ. മണിമംഗലത്തു കുട്ട്യാലി: 1967-ലെ ഗവൺമെൻറിനെ അട്ടിമറിക്കാൻ സി.പി.ഐയും ആർ.എസ്.പി.യുമാണ് പണം പാറിയതെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് മറന്നോ?

ശ്രീ. വി. ജെ. തങ്കപ്പൻ: അവർ പണം പററിയിട്ടൊന്നുമില്ല. പക്ഷേ മററവർ പണം പററിയെന്ന് ശ്രീ. മൊയ്ഖാൻ അയാളുടെ പുസ്തകത്തിൽ എഴുതിവച്ചിട്ടുണ്ട്. ഇത് കൊടുത്ത ആളും പറഞ്ഞതാണ്. ശ്രീമാൻ കുട്ട്യാലി പററിയെന്ന് ഞാൻ പറഞ്ഞില്ല. പക്ഷേ ശ്രീ കുട്ട്യാലിയുടെ പാർട്ടിയിൽ ഉത്തരവാദപ്പെട്ട വലിയ നേതാക്കൻമാർ പണം പററിയിട്ടുണ്ട്. പണം കൊടുത്തവനും അവരുടെ ഗവർമെൻറും ഇന്നയാളുടെ കൈയിൽ ഇത്ര കോടി ഉറുപ്പിക കമ്മ്യൂണിസ്റു പാർട്ടിയെ വക വരുത്താൻ, തകർക്കാൻ, അധികാരത്തിൽ വരാതിരിക്കാൻ കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമായി പറയുന്നു. അത് ഒന്ന് നോക്കാൻ മെനക്കെടാതെ ഇവിടെ വന്നിരുന്ന് വാൾപോസ്റിനെ വെളിയിൽ നിന്നും പണം പററിയെന്ന് പറഞ്ഞാൽ അതിൽ അതിശയിച്ചിട്ട് കാര്യമില്ല. ഞാൻ ഈ സപ്ലിമെൻററി ഡിമാൻറിനെ എതിർക്കുന്നു. അത് പാസാക്കിക്കൊടുത്താൽപ്പോലും ഇവരുടെ കൈയിൽ ചെലവാക്കാൻ ഒരു നയാപൈസ പോലുമില്ല. ധനകാര്യമന്ത്രി ഒരു പുതിയ നയമുണ്ടാക്കി. ബഡ്ജറ് അവതരിപ്പിച്ചശേഷം രണ്ടു മൂന്നാഴ്ചക്കാലംകൊണ്ടു 803 കോടി രൂപ സ്വരൂപിച്ചു പോലും. ഈ സ്വരൂപിച്ചതെങ്ങനെയെന്ന് അറിയാമോ? യാതൊന്നിനും പണം ചെലവഴിക്കാതെ വിധവാ പെൻഷൻവരെയുള്ള എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ക്കാര്യങ്ങൾക്കും ഇക്കണോമി ഏർപ്പെടുത്തിക്കൊണ്ടാണ് കുറെ രൂപ ചെലവു ചെയ്തിരിക്കുന്നത്. ഈ ഗവൺമെൻറിൻെറ സപ്ലിമെൻററി ഡിമാൻറ് അനുവദിച്ചു കൊടുത്താൽപ്പോലും പണമില്ലാത്ത പരിതസ്ഥിതിയിൽ ജനങ്ങളു മുഴുവൻചോർത്തിക്കൊണ്ടുപോയ സാഹചര്യത്തിൽ സപ്ലിമെൻററി ഡിമാൻറിനെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

ഡോ. കെ. സി. ജോസഫ് : സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പ്രതിപക്ഷത്തുനിന്നും സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സ്വന്തക്കാർക്കു ജോലികൊടുക്കാൻ വേണ്ടിയും ചില നിയമനങ്ങൾ നടത്തുന്ന തിനുവേണ്ടിയും ഒക്കെയാണ് ഈ ഉപധനാഭ്യർത്ഥനയെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. 43.56 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതിൽ 40 കോടി രൂപ പ്രകൃതി ക്ഷോഭത്തിൽ ഇരയായവർക്കു ദുരിതാശ്വാസം കൊടുക്കുന്നതിനു വേണ്ടിയാണ്. മൂന്നു കോടി രൂപ കശുവണ്ടിശേഖരിക്കാൻവേണ്ടി കാഷ്യു കോർപ്പറേഷന് കൊടുത്തു. ഇവിടെ കാഷ്യൂ ഫാക്ടറികളിൽ ജോലിചെയ്യുന്ന ആളുകൾക്ക് ജോലിദിവസം കൂട്ടുവാൻവേണ്ടി ഇവിടെ ഉല്പാദിപ്പിക്കുന്ന കശുവണ്ടി പുറമെ പോകാതിരിക്കാൻ വേണ്ടി, ഗവൺമെൻറ് പ്രൊക്യൂർ ചെയ്യുന്നതിനുവേണ്ടി അവർക്ക് നൽകുകയാണ് മൂന്നുകോടി രൂപ. അങ്ങനെ 43 56 കോടി രൂപയിൽ 43 കോടി രൂപയും അവിടത്തെ പ്രകൃതി ക്ഷോഭത്തിന് ഇരയായവർക്ക് തൊഴിൽ താല്പര്യം സംരക്ഷിക്കുന്നതിനു വേണ്ടിയാണ് ചെലവാക്കുന്നത്. ബഹുമാനപ്പെട്ട താമരാക്ഷൻ ഇവിടെ സംസാരിച്ചപ്പോൾ, 40 കോടി രൂപ പ്രകൃതിക്ഷോഭകെടുതികൾ നേരിടുവാൻ വേണ്ടിയാണ് കൊണ്ടുവന്നിരിക്കുന്നതെങ്കിലും മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ അത് ശരിയായി ചെലവാക്കാൻ കഴിയുമോയെന്ന ആശങ്കയുള്ളതുകൊണ്ടാണ് എതിർക്കുന്നതെന്നു പറഞ്ഞു. സർ, പ്രകൃതി ക്ഷോഭം രൂക്ഷമായപ്പോൾ ഇവിടെ ചെയ്ത ദുരിതാശ്വാസ പ്രവർത്തനങ്ങളെ എന്തെങ്കിലും തെറ്റു ചൂണ്ടിക്കാണിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല. ഇവിടെ 1900 ഓളം റഫ്യൂജി ക്യാമ്പുകളിലും റിലീഫ് സെൻററുകളിലുമായി ഒരു കോടിയിലധികം ആളുകളെ മാററി പാർപ്പിച്ചിട്ടുണ്ട്. അവർക്ക് രോഗം വരാതിരിക്കുവാനും, ഭക്ഷണം എത്തിച്ചു കൊടുക്കുവാനും എല്ലാമുള്ള സത്വരമായ നടപടികൾ സ്വീകരിച്ചത് ഇവിടെ പ്രതിപക്ഷത്തെ ഉണ്ടർക്കുംതന്നെ വിമർശിക്കാൻ കഴിയുകയില്ല. അത്ര സത്വരമായ നടപടികൾ ഇതിനുമുമ്പുണ്ടാകാത്ത വിധം നടത്തുവാൻ ....

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ : ഒരു കോടിയോളം ജനങ്ങളെ കേരളത്തിൽ തന്നെയാണോ മാററിപ്പാർപ്പിച്ചത് ?

ഡോ. കെ. സി. ജോസഫ് : ഒരു കോടി ആൾക്കാർക്ക് കഷ്ടപ്പാടുണ്ടാക്കിയ പ്രകൃതിക്ഷോഭത്തിൽ 1,900 റിലീഫ് ക്യാമ്പുകളിൽ ആളുകളെ മാററി പാർപ്പിച്ചപ്പോൾ അവർക്കു ആരോഗ്യപരിപാലന പരിപാടികൾ നടപ്പിലാക്കാൻ, അവർക്ക് രോഗം വരാതിരിക്കാൻ കുത്തിവയ്പ് നടത്താൻ, അവർക്ക് ആഹാരസാധനങ്ങൾഎത്തിച്ചു കൊടുക്കാൻ തുടങ്ങിയിട്ടുള്ള കാര്യങ്ങളിലെല്ലാം സത്വരമായ നടപടികൾ നടത്തിയ തിനെക്കുറിച്ച് ആർക്കും ആക്ഷേപം ഉന്നയിക്കാൻ സാധിക്കുകയില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇത്രയും വേഗത്തിൽ ഇത്രയും സത്വരമായനടപടികൾ കേരളത്തിൽ ഇതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ല.

ശ്രീ. എ. വി. താമരാക്ഷൻ : സർ, വെള്ളപ്പൊക്കത്തിൻെറയും ഉരുൾപൊട്ടലിൻെറയും ഫലമായി കഷ്ടനഷ്ടങ്ങളുണ്ടായ അഭയാർത്ഥി ക്യാമ്പുകളിൽ താമസിക്കുന്ന ആളുകളെ രക്ഷിക്കാൻവേണ്ടി എല്ലാ രാഷ്ട്രീയ പാർട്ടികളും എല്ലാ സന്നദ്ധസംഘടനകളും ഗവൺമെൻറിൽ നിന്നുകൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങളും നോക്കാതെതന്നെ മുന്നോട്ടുവന്ന് സഹകരിക്കുകയും മറ്റും ചെയ്തു. എന്നാൽ ഇപ്പോൾ ഒരു മാസമായി ഗവൺമെൻറ് ജീല്ലാതലത്തിലും താലൂക്കു തലത്തിലും കമ്മിറ്റികളുണ്ടാക്കി. ആ കമ്മിറ്റികളും ഇപ്പോൾ കൂടുന്നില്ല. ഇതിനെക്കുറിച്ച് എന്താണ് ബഹുമാനപ്പെട്ട മെമ്പർക്ക് പറയാനുള്ളത്.

ഡോ. കെ. സി. ജോസഫ് : സർ, ഞാൻ പറഞ്ഞത് അന്ന് റിലീഫ് സെൻറുകളിൽ താമസിപ്പിച്ചവർക്ക് അടിയന്തിരമായി എത്തിച്ച സഹായത്തെക്കുറിച്ചാണ്. രാഷ്ട്രീയപാർട്ടികളും അഭിപ്രായവ്യത്യാസം മാറ്റിവച്ച് അവിടെ ഗവൺമെൻറുമായി സഹകരിച്ചുവെന്നതിൽ എതിരഭിപ്രായം എനിക്കില്ല. എല്ലാവരും ഒറ്റക്കെട്ടായി ഗവൺമെൻറിനോട് സഹകരിച്ചതുകൊണ്ട് മുമ്പൊരിക്കലും ഉണ്ടാകാത്തരീതിയിൽ പരാതിക്ക് ഇടം കൊടുക്കാതെ ഗവൺമെൻറിൻറെ നേതൃത്വത്തിൽ സത്വരമായി അടിയന്തിരമായി ആശ്വാസ നടപടികളും എത്തിക്കാൻ കഴിഞ്ഞുവെന്നുള്ളത് അഭിമാനിക്കാൻ കഴിയുന്ന നേട്ടമായി ഞാൻ കാണുകയാണ്. മുൻകാലങ്ങളിൽ പ്രകൃതിക്ഷോഭത്തിന് ഇരയാകുമ്പോൾ ഉണ്ടാകുന്ന കൊടുതികളും ഇവിടെ എംപ്ലോയ്മെൻറ് ജനറേറ്റ് ചെയ്യാൻ വേണ്ടിയുള്ള പദ്ധതികളും നടപ്പിലാക്കുമ്പോൾ നോമിനി വർക്കുകളായി എടുക്കുന്ന സംവിധാനമാണ് ഉണ്ടായിരുന്നത്. കഴിഞ്ഞ വരൾച്ചകാലഘട്ടം മുതൽ അത്തരം എംപ്ലോയ്മെൻറ് ജനറേഷനുവേണ്ടിയുള്ള സ്കീമുകളുടെ നോട്ടീസ് കലാവധി കുറച്ചിട്ടുണ്ടെങ്കിൽപോലും ടെണ്ടറിൽകൂടി മാത്രം വർക്കുകൾ കൊടുത്താൽ മതിയെന്ന് ഉറപ്പുവരുത്തിയ ഗവൺമെൻറാണിത് ഇനി കിട്ടാനുള്ള വർക്കുകളും ടെണ്ടർ നടപടികളിലൂടെ മാത്രമേ നടപ്പിലാക്കുകയുള്ളുയെന്ന് ഉറക്കെ പ്രഖ്യാപിച്ചിട്ടുള്ള ഒരു ഗവൺമെൻറാണിത്.

ശ്രീ. എം. കെ. പത്മനാഭൻ : ബഹുമാനപ്പെട്ട ഡോ. ജോസഫ് മുച്ചിക്കുണ്ട് പ്രദേശത്ത് വന്നതാണ്. പ്രകൃതിക്ഷോഭത്തിൻറെ ഫലമായി അവിടത്തെ റോഡെല്ലാം നഷ്ടപ്പെട്ടുപോയി. ആ റോഡുകളുടെ പുനരുദ്ധാരണത്തിന് അടിയന്തിരമായി സംഖ്യ നീക്കിവയ്ക്കാമെന്ന് റവന്യൂ വകുപ്പു മന്ത്രി അടക്കമുള്ള ആളുകൾ പറഞ്ഞതാണ്. ഇതുവരെ അതിന് സംഖ്യ നീക്കിവച്ചിട്ടില്ലെന്നുള്ള വസ്തുത ബഹുമാനപ്പെട്ട ജോസഫിന് അറിയാമോ ?

ഡോ. കെ.സി. ജോസഫ് : എനിക്ക് അതിനെക്കുറിച്ച് അറിഞ്ഞുകൂടാ. ആ പ്രദേശത്ത് നഷ്ടപ്പെട്ട റോഡുകളും പുനർനിർമ്മാണം നടത്തിയീല്ലെങ്കിൽ നടത്തേണ്ടതാണ്.

സർ, ഞാൻ പറഞ്ഞുവന്നത് കിട്ടുന്ന പണം ദുരുപയോഗപ്പെടുത്താതിരിക്കാൻവേണ്ടി ടെണ്ടറിലൂടെ മാത്രമേ ഇത്തരം വർക്കുകളും നടപ്പിലാക്കുയെന്ന് ഉച്ചൈസ്തരം പറഞ്ഞിട്ടുള്ള ഇതര ഗവൺമെൻറിൻറെ പ്രവർത്തനങ്ങളിൽ കൃത്യവിലോപം കാട്ടുമെന്ന് അല്ലെങ്കിൽ തെറ്റായ നടപടികളും കാണുമെന്ന് ആരെങ്കിലും പറഞ്ഞാൽ അത് സമ്മതിക്കാൻ സാദ്ധ്യമല്ല. ടെണ്ടറിലൂടെ അല്ലാതെ ആകപ്പാടെ എടുത്ത ഒരു വർക്കിനെക്കുറിച്ചാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. മടവീണ പാടശേഖരങ്ങളിൽ ഏറ്റവും വേഗം അടുത്ത കൃഷിയിറക്കാൻവേണ്ടി ആ മടമാത്രം കുത്തുന്നതിനുവേണ്ടിയുള്ള വർക്കുകളും പാടശേഖര കമ്മിറ്റിയോട് നെഗോഷിയേറ്റ് ചെയ്തു കൊടുക്കണമെന്നുള്ള ഒരു വർക്ക് മാത്രമേ എക്സംപ്റ്റ് ചെയ്തിട്ടുള്ളു. അതുതന്നെ കർഷകരുടെ ഭാഗത്തുനിന്നുള്ള നിരന്തരമായ നിവേദനങ്ങളുടെ ഫലമായിട്ടാണ്. അപ്പോഴും പോലും ഒരു പ്രത്യേക നിബന്ധന വയ്ക്കാൻ ഗവൺമെൻറ് തയ്യാറായി. അതായത് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ ഉണ്ടാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ തൊടാതെ നിന്നുകൊണ്ടു മാത്രമേ പാടശേഖര കമ്മിറ്റികൾക്കു ഇത്തരം വർക്കുകൾ കൊടുക്കാൻപാടുള്ളു എന്നു പറയുകയുണ്ടായി. അതുകൊണ്ട് ലാഭമെല്ലാതെ നഷ്ടം ഉണ്ടാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം വർക്കുകൾക്കുവേണ്ടി എസ്റ്റിമേറ്റ് എടുക്കുമ്പോൾ വയ്ക്കുന്ന കോൺട്രാക്ടറുടെ ലാഭമായ 10 ശതമാനം ഇങ്ങനെ നെഗോഷിയേറ്റ് ചെയ്തു കൊടുക്കുമ്പോൾ പാടശേഖരകമ്മിറ്റികൾക്ക് കൊടുക്കേണ്ടി വരുകയില്ല. എസ്റ്റിമേറ്റിനേക്കാൾ പത്തു ശതമാനം കുറച്ച് ഈ പണികൾ ചെയ്യാൻ ഗവൺമെൻറ് നിബന്ധന വച്ചിരിക്കുന്നുവെന്നുള്ളതുതന്നെ കിട്ടുന്ന പണം ദുരുപയോഗപ്പെടുത്താതിരിക്കാൻവേണ്ടി ഗവൺമെൻറ് സത്വര മായ നടപടികൾ വളരെ ജാഗ്രതയോടുകൂടി സ്വീകരിച്ചിട്ടുണ്ടെന്നാണ് കാണിക്കുന്നത്.

മറ്റൊന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് 26 എം. എൽ. എ. റോഡുകൾ പണിയുന്നതിനുവേണ്ടിയുള്ള തുക കഴിഞ്ഞപ്രാവശ്യം ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാൻ വിട്ടുപോയി; അതിന് ടോക്കൺ എമൗണ്ട് ചേർക്കാൻ വേണ്ടിയാണ്. മറ്റൊരു ഡിമാൻറ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത് ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡിൻെറ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് അതിന അഞ്ചുലക്ഷം രൂപയാണ് കൊണ്ടുവന്നിട്ടുള്ളത്. മറ്റൊരു ഐറ്റം ഉള്ളത് 10 ലക്ഷംരൂപ കട്ടപ്പന ഗവൺമെൻറ് കോളേജിൻെറ കെട്ടിടം നിർമ്മിക്കാനും അതിനായി സ്ഥലം അക്വയർ ചെയ്യാനുംവേണ്ടിയാണ്. ഏതെങ്കിലും ഒരു പ്രത്യേക കോളേജിനുവേണ്ടി മാത്രം സ്ഥലം അക്വയർ ചെയ്യാൻ നടപടി സ്വീകരിച്ചാൽ അത് ശരിയാണെന്നു പറയാൻ ഞാൻ തയ്യാറല്ല. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു ഗവൺമെൻറിന് ഇങ്ങനെയുള്ള നടപടികൾ സ്വീകരിക്കാൻ നിർബന്ധിതമാകേണ്ടിവരും. അതിലൊന്നായിരുന്നു പേരമ്പ്ര കോളേജിൻെറ സ്ഥിതി. ബഹുമാനപ്പെട്ട പത്മനാഭൻ എം. എൽ. എ. ആയിട്ടുള്ള പേരമ്പ്രയിലെ കോളേജിന് അന്ന് സ്പോൺസറിംഗ് കമ്മിറ്റി കൊടുത്ത സ്ഥലം കോളേജ് വയ്ക്കാൻ പറ്റിയ സ്ഥലമല്ലെന്നും ഉപയോഗശൂന്യമാണെന്നും അതുകൊണ്ട് അത് വിറ്റുകിട്ടുന്ന പണം കഴിച്ച് ബാക്കിയുള്ള തുകകൂടി കൊടുത്ത് കോളേജ് സ്ഥാപിക്കാൻ പര്യാപ്തമായ സ്ഥലം അക്വയർ ചെയ്യണമെന്ന് എല്ലാ രാഷ്ട്രീയപാർട്ടികളും ഉൾക്കൊള്ളുന്ന സ്പോൺസറിംഗ് കമ്മിറ്റിയുടെ നിരന്തരമായ നിർദ്ദേശം ഉണ്ടായതിൻെറ അടിസ്ഥാനത്തിൽ യശശരീരനായ ശ്രീ. സി. എച്ച്, മുഹമ്മദുകോയ സാഹിബ് അന്ന് സ്ഥലം അക്വയർ ചെയ്യാൻ നടപടി സ്വീകരിച്ചു. അതുപോലെതന്നെയാണ് കട്ടപ്പന കോളേജിനെ സംബന്ധിച്ചിടത്തോളവുമുള്ളത് നിരവധി തവണ വിദ്യാർത്ഥികളുടെ സമരമുണ്ടായി; എല്ലാ രാഷ്ട്രീയപാർട്ടികളുടേയും സമരമുണ്ടായി; ഒരു വർഷത്തോളം അവിടെ പഠനം നടന്നില്ല. സ്പോൺസറിംഗ് കമ്മിറ്റി കൊടുത്ത സ്ഥലം ഒരു കുന്നിൻെറ മുകളിലായിരുന്നു. കുട്ടികൾക്ക് ഗതാഗത സൗകര്യം ഉണ്ടായിരുന്നില്ല ഗവൺമെൻറ് നിരവധിതവണ തിരുവനന്തപുരത്ത് രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുകൂട്ടി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലുണ്ടായ ഒത്തുതീർപ്പു വ്യവസ്ഥയായിരുന്നു വിദ്യാർത്ഥികൾക്ക് എത്തിച്ചേരാൻ കഴിയുന്ന വിധത്തിൽ ആ കുന്നിൻെറ താഴെ കോളേജ് സ്ഥാപിക്കാൻ സ്ഥലം വാങ്ങണമെന്നുള്ളത്. ഇങ്ങനെ സ്പോൺസറിംഗ് കമ്മിറ്റി ചെലവാക്കിയ തുകയിൽ അധികംവരുന്ന തുകയാണ്, ആറ് ലക്ഷം രൂപ. ബാക്കിനാലുലക്ഷംരൂപകെട്ടിടം നിർമ്മിക്കാൻവേണ്ടിയാണ്. വിദ്യാർത്ഥികളുടെ ക്ഷേമത്തെകരുതി, ജനങ്ങളുടെ ക്ഷേമത്തെ കരുതി ഇങ്ങനെയുള്ള നടപടികൾ സ്വീകരിക്കേണ്ടി വരുമെന്നു മാത്രമേ പറയാൻ ഞാനാഗ്രഹിക്കുന്നുള്ളു. ഇങ്ങനെ ജനോപകാരപ്രദമായ പരിപാടികൾക്കുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഉപധനാഭ്യർത്ഥനയാണ്. ഇതിനെക്കുറിച്ച് ഒന്നും എതിർക്കാനില്ലാഞ്ഞതുകൊണ്ടാണ് പ്രതിപക്ഷം അപ്രസക്തമായ ചില കാര്യങ്ങൾ ഇന്ന് ചർച്ചകളിലൂടെ കൊണ്ടുവന്നത്. പ്രധാനമായി, ഇടമലയാർ പ്രോജക്ടിൻെറ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിപ്പിന്റെ കാര്യങ്ങളെക്കുറിച്ച്. ഇവിടെ വിമർശനമുണ്ടായി, പ്രോജക്ടിന്റെ നടത്തിപ്പിന്റെ കാര്യങ്ങളെക്കുറിച്ച്. ഇവിടെ വിമർശന ഇടമലയാർ പ്രോജക്ട് തെറ്റായി ചെയ്തുവെങ്കിൽ തെറ്റായി ചെയ്ത ആ ഉദ്യോഗസ്ഥൻമാരെ ന്യായീകരിക്കാനോ ആ കോൺട്രാക്ടറെ ന്യായീകരിക്കാനോ ആരെങ്കിലും മുതിരുമെന്ന് ഞാൻ കരുതുന്നില്ല. കോൺട്രാക്ട് വ്യവസ്ഥയിൽ നിന്നു മാറിനിന്നുകൊണ്ട് അല്ലെങ്കിൽ ഉള്ള ഡിസൈനിൽനിന്നു മാറിനിന്നുകൊണ്ട് ആരെങ്കിലും കുഴപ്പം കാണിച്ചിട്ടുണ്ടെങ്കിൽ ടെക്നിക്കലായ അന്വേഷണത്തിലൂടെ ആ അപാകത മനസ്സിലാക്കിക്കൊണ്ട് തെറ്റ് ചെയ്ത ആൾക്കാരെ കർശനമായി ശിക്ഷിക്കണം, ആവശ്യമായ നടപടി എടുക്കണം എന്നുതന്നെയാണു ഞങ്ങളുടെ അഭിപ്രായം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ടെക്നിക്കലായ കുഴപ്പം മാത്രമല്ല, ടെക്നിക്കലും അതുപോലെതന്നെ അത് നടത്തുന്നവരും രാഷ്ട്രീയരംഗത്തുള്ളവരും ചേർന്നു നടത്തിയ അഴിമതികളാണെങ്കിൽ എങ്ങനെ അത് പുറത്തുകൊണ്ടുവരാൻ കഴിയും?

ഡോ. കെ. സി. ജോസഫ് : അതുതന്നെയാണ് ഞാൻ പറഞ്ഞത്. ഈ രാജ്യത്തിന് കുഴപ്പംവരുന്ന രീതിയിൽ ഈ രാജ്യത്തിന്റെ താൽപ്പര്യങ്ങൾക്ക് ഹിതകരമല്ലാതെ ആരെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അവരെ ന്യായീകരിക്കാൻ ഞാൻ തയ്യാറാകുന്നില്ല. ഇപ്പോൾ ഇലക്ട്രിസിറ്റിവകുപ്പിന്റെ ചാർജ് വഹിക്കുന്ന ബഹുമാന്യനായ ധനകാര്യമന്ത്രി ഒന്നിലധികം തവണ ഉറപ്പുപറയുകയുണ്ടായി. അതായത് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടേയും വാട്ടർ കമ്മീഷന്റെയും പ്രതിനിധികൾ ഉൾപ്പെട്ട കേന്ദ്ര തലത്തിലുള്ള ഒരു അന്വേഷണസംഘം ഇതിന്റെ വിദഗ്ദ്ധപരിശോധനയ്ക്കായി വരും, അവർ വന്ന് പരിശോധിച്ചതിനുശേഷം കിട്ടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽനടപടികൾ ആവശ്യമാണെന്നു കണ്ടാൽ സ്വീകരിക്കും, വേണമെങ്കിൽ അതിന്റെ വിശദവിവരങ്ങൾ മെമ്പറൻമാർക്ക് നൽകുന്നതും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ തയ്യാറാണെന്നും ആദ്ദേഹം ആവർത്തിച്ചു പറയുകയുണ്ടായി സെൻട്രൽ വാട്ടർ അതോറിറ്റിയിലെ ബഹുമാനപ്പെട്ട മാധവൻ ഉൾപ്പെടെയുള്ള ആളുകൾ ഇതിനകംതന്നെ സ്ഥലത്തുപോയി പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ആ പരിശോധനയുടെ വിവരം കിട്ടുന്നതുവരെ ഇതിന്റെ യഥാർത്ഥത്തിലുള്ള സ്ഥിതി മനസ്സിലാക്കാൻവേണ്ടി നമ്മൾ കാത്തിരിക്കണം. ടെക്നിക്കലായിട്ടുള്ള അ ഗങ്ങളല്ല നമ്മളാരും. അതിന് അർഹതയുള്ള ആളുകൾ പരിശോധിക്കും, തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആ തെറ്റ് ചെയ്ത ആൾക്കാരെ രാഷ്ട്രീയം നോക്കാതെ ശിക്ഷിക്കാൻ തയ്യാറാകണം. കേരളാകോൺഗ്രസ്സ് പാർട്ടി കോൺട്രാക്ട് എടുക്കുന്ന പാർട്ടി അല്ല കേരളാകോൺഗ്രസ് പാർട്ടിയിൽപ്പെട്ട ഏതെങ്കിലും വ്യക്തി കോൺട്രാക്ട് എടുക്കുകയും വർക്ക് ചെയ്യുന്നതിനിടയിൽ എന്തെങ്കിലും കുഴപ്പം കാണിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കുന്നതിന് കേരളാകോൺഗ്രസ് പാർട്ടി ഒരിക്കലും തടസ്സമായി നിൽക്കുകയില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. എം. വി. രാഘവൻ : കേരളാകോൺഗ്രസിന്റെ ഒരു നേതാവാണല്ലോ സജീവൻ, അദ്ദേഹമാണല്ലോ ഈ കോൺട്രാക്ട് നടത്തിയത്, ഈ കുഴപ്പം മുഴുവൻ ഉണ്ടാക്കിയത്, ഇതിന് എന്ത് നടപടിയാണ് എടുക്കേണ്ടത് ?

ഡോ. കെ. സി. ജോസഫ് : എനിക്ക് മനസിലാക്കാൻ കഴിഞ്ഞിടത്തോളം കെ. പി. പൗലോസാണ് ഇതിന്റെ കോൺട്രക്ടർ. കെ. പി. പൗലോസിന് കേരളകോൺഗ്രസ്സുമായി യാതൊരു ബന്ധവുമില്ല. കെ. പി. പൗലോസ് സജീവിന്റെ പങ്കാളിത്തത്തോടുകൂടി എന്തെങ്കിലും നടപടി നടത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

രാജ്യ താൽപ്പര്യത്തിന് വിരുദ്ധമായ രീതിയിൽ കുഴപ്പം ഉണ്ടാകത്തക്കവിധത്തിനാണ് പണിയുകയും ചെയ്തതെന്ന് തെളിയുകയും ചെയ്താൽ നടപടി സ്വീകരിക്കാൻ ഈ പാർട്ടി പ്രിജ്ഞാബദ്ധമാണ്. ഈ രാജ്യത്തിന്റെ ഹിതത്തിനെതിരായി ഒന്നും ചെയ്യാൻ കേരളകോൺഗ്രസ് പാർട്ടി കൂട്ടുനിൽക്കുകയില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

സർ, ശ്രീ. കാനം രാജേന്ദ്രൻ എന്താണ് ഇവിടെ പറഞ്ഞത്? സർജ് ഷാഫ്റ്റിന്റെ കോൺക്രീറ്റ് ലൈനിംഗിന്റെ പണിയിൻ വളരെ അപാകതകളുണ്ടായിരിക്കുന്നുവെന്ന് എന്താണ് സർജ് ഷാഫ്റ്റ്? അത് പവർ ഹൗസിൽ ഉള്ള സേഫ്റ്റി വാൽവ്പോലെയുള്ള ഒരു കറക്കമാണ്. ടണലിൽ, കൂടി വെള്ളം വന്നുപോകുമ്പോഴും എന്തെങ്കിലും കേടുവന്നാൽ വെള്ളം പെട്ടെന്ന് പുറത്തേയ്ക്ക തള്ളി ടണലിൽ പ്രഷർ ഇംബാലൻസ് വളരെയധികം ഉണ്ടാകാതിരിക്കാനുള്ള ഒരു സേഫ്റ്റി അറേഞ്ചമെന്റ് എന്ന നിലയ് ഉള്ളതാണ് അത്. വെള്ളം മുകളിലേയ്ക്ക് തള്ളാൻവേണ്ടി പുകക്കുഴൽ പോലെയുള്ള ഒരു അറേഞ്ച്മെന്റാണ്. അതിന് കോൺക്രീറ്റ് ലൈനിംഗ് വേണമെന്നുണ്ടായിരുന്നു. അതിനുവേണ്ടി എസ്റ്റിമേറ്റ് പ്രിപ്പെയർ ചെയ്തു. അതിനുശേഷം പാറയ്ക്ക് ഉറപ്പുള്ളതുകൊണ്ട് കോൺക്രീറ്റ് ലൈനിംഗിന്റെ ആവശ്യമില്ല എന്നും ഗണൈറ്റിംഗ് വർക്ക് എന്നുപറയുന്ന സിമന്റ് ഉപയോഗിച്ചുകൊണ്ട് ചെലവുകുറഞ്ഞ ഒരു പണി ചെയ്താൽ മതിയെന്നും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയിൽ നിന്നും നിർദ്ദേശമുണ്ടായി. അതനുസരിച്ച് കോൺക്രീറ്റ് ലൈനിംഗിനു പകരം ഗണൈറ്റ്വർക്ക് ചെയ്താൽമതിയെന്നു തീരുമാനിച്ചു. അതുകൊണ്ട് കോൺട്രാക്ടർക്ക് കൊടുത്തിരുന്ന കോൺട്രാക്ടിൽനിന്നും 45 ലക്ഷം രൂപ കുറവുവരുത്തി. അങ്ങനെ ഇലക്ട്രിസിറ്റി ബോർഡിന് 40 ലക്ഷം രൂപയുടെ ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർജ് ഷാഫ്റ്റിന് കോൺക്രീറ്റ് ലൈനിംഗ് ആവശ്യമാണെന്നുമനസ്സിലാക്കിയതുകൊണ്ടാണ്. അത് വളരെ സ്ക്കിൽഡ് ആയിട്ടുള്ളവർക്ക് ആണെന്നുള്ളതുകൊണ്ട് ഇന്നത്തെ റേറ്റിൽ ചെയ്യാൻ സാധിക്കുകയില്ല അതുകൊണ്ട് റേറ്റ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലല്ലേ.....

ഡോ. കെ. സി. ജോസഫ് : അതാണ് ഞാൻ പറഞ്ഞത്. കോൺക്രീറ്റ് ലൈനിംഗിനു വച്ചിരുന്ന തുക ഇല്ലാതാക്കിയിരിക്കുന്നു. ആ ടെണ്ടർ ക്യാൻസൽ ചെയ്തത്. ആ വർക്ക് നടത്തേണ്ട എന്നു പറഞ്ഞിരുന്നു. ചെയ്യാത്ത ജോലിക്ക് കോൺട്രാക്ടർക്ക് പണം കൊടുക്കാൻ ആരെങ്കിലും തയ്യാറാകുമോ? അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെപേരിൽ നടപടിയെടുക്കണം. ഞാൻ അതിനെക്കുറിച്ചല്ല പറയുന്നത്. കോൺക്രീറ്റ് ലൈനിംഗ് മാറ്റി ഗണൈറ്റ് വർക്ക് ചെയ്തതുവഴി ഇലക്ട്രിസിറ്റി ബോർഡിന് 45 ലക്ഷം രൂപയുടെ ലാഭമാണ് ഉണ്ടായത്. ടണലിന്റെ വർക്കിന് കോൺക്രീറ്റ് ലൈനിംഗ് മുഴുവൻ ഉണ്ടാകണമെന്നു പറഞ്ഞു. എൻഫോഴ്സ്മെന്റ് എല്ലായിടത്തും വേണമെന്നില്ല. സ്റ്റീൽ ഉപയോഗിക്കുന്നത് എൻഫോഴ്സ്മെന്റ് വർക്കിനാണ്. ഉറപ്പിനുവേണ്ടിയല്ല അതുപയോഗിക്കുന്നത്, വാട്ടർ ഹ്ഡ്രോയുടെ വെലോസിറ്റിമൂലം ഹെഡ്ഡിൽ ഉണ്ടാകുന്ന പ്രഷർ തടയാൻ വേണ്ടി ഉപയോഗിക്കുന്നതാണ്. കോൺക്രീറ്റ് ലൈനിംഗ് എല്ലായിടത്തും ചെയ്തിട്ടുണ്ട്. എൻഫോഴ്സ്മെന്റ് അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ചെയ്താൽമതിയെന്നാണ് നിർദ്ദേശം ഉണ്ടായിരുന്നത്. ആവശ്യമായ എൻഫോഴ്സ്മെന്റ് വർക്കുകൾ ചെയ്തിട്ടുണ്ടെന്നാണ് മനസിലാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചിട്ടുള്ളത്. അതിൽനിന്നും വ്യത്യസ്ഥമായിട്ടുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതു തെറ്റാണ്. അതിനെക്കുറിച്ച് പരിശോധനനടത്തേണ്ടതാണ് അത്തരം ഒരു പരിശോധനയ്ക്ക് തയ്യാറാണെന്ന് ഇലക്ട്രിസിറ്റി വകുപ്പിന്റെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ടെക്നിക്കലായിട്ടുള്ള വിപുലമായ അന്വേഷണം അവിടെ നടത്തിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ വിവാദമുണ്ടാക്കിക്കൊണ്ടു പോകുന്നതു ശരിയല്ല. ഏതെങ്കിലും തെറ്റായ നടപടി രാജ്യത്തിന്റെ താൽപര്യത്തിനു വിരുദ്ധമായിട്ടുള്ള നടപടി ആരെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അവരെ പ്രൊട്ടക്ട് ചെയ്യാൻ കേരളാകോൺഗ്രസ് പാർട്ടി തയ്യാറാകുകയില്ല എന്നു വ്യക്തമാക്കിക്കൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ അസംബ്ലി സമ്മേളനം തുടങ്ങിയതിനുശേഷം നമ്മുടെ പദ്ധതി നടത്തിപ്പിലുള്ള അഴിമതികളെക്കുറിച്ചു ജനങ്ങം ഭയപ്പെടുന്ന രീതിയിലുള്ള സംഭവവികാസങ്ങളെക്കുറിച്ചു ഒക്കെ പല സന്ദർഭങ്ങളിലും ഈ സഭയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇന്നു തന്നെ നമ്മുടെ സംസ്ഥാനത്തെ രണ്ടു പ്രമുഖ പദ്ധതികളുടെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള അപാകതകളെക്കുറിച്ച് ശ്രീ. കാനം രാജേന്ദ്രൻ വളരെ വിശദമായി ഇവിടെ ചൂണ്ടിക്കാണിച്ചു കല്ലടപദ്ധതിയുടെ പ്രവർത്തനത്തിലുള്ള അപാകതയും ഇവിടെ ചൂണ്ടിക്കാണിച്ചു. ഈ രണ്ടു പദ്ധതികളും കാർഷിക വ്യവസായ മേഖലകളിൽ വളരെയേറെ മുന്നോക്കം പോകാൻ സഹായിക്കുന്ന പദ്ധതികളാണെന്നു ജനങ്ങം പ്രതീക്ഷിച്ചിരുന്നു. ആ പദ്ധതികളുടെ പ്രവർത്തനത്തിൽ വന്ന അപാകതകളെക്കുറിച്ച് ഇവിടെ എത്ര ന്യായീകരിക്കാൻ ശ്രമിച്ചാലും നമ്മുടെ സംസ്ഥാനത്ത് ജനങ്ങളാകമാനം ഇന്ന് ആശങ്കാകുലരാണ്. ആ കാര്യത്തിൽ തർക്കമില്ല. മന്ത്രിമാർ പലരും അപകടമില്ല, പേടിക്കേണ്ടതില്ല എന്നു പലപ്പോഴും പറയുകയും പിന്നീട് അവരുടെ സമീപനത്തിൽതന്നെ അൽപ്പാൽപ്പമായി മാറ്റം വരുത്തുന്നതു കാണുകയും ചെയ്യുമ്പോം ജനങ്ങം വളരെ ഭയത്തോടുകൂടിയാണ് ഈ സംഭവങ്ങളെ വീക്ഷിക്കുന്നത്. രണ്ടു പദ്ധതിയുടേയും

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

നടത്തിപ്പിലുണ്ടായിട്ടുള്ള അഴിമതികളെക്കുറിച്ച് ഇവിടെമാത്രമല്ല ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിലെ പോരായ്മകളെക്കുറിച്ച് പ്രതിപക്ഷത്തെ അനുകൂലിക്കുന്ന പത്രങ്ങം മാത്രമല്ല 'മാതൃഭൂമി' യും 'മലയാള മനോരമ'യും നിരന്തരമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അങ്ങനെ ഈ ഗവൺമെന്റിനെ കൊണ്ടുവരുന്നതിലും നിലനിറുത്തുന്നതിലും അതിന്റെ പ്രവർത്തനങ്ങളെ കുറെയൊക്കെ വെള്ളപുശുന്നതിനുമൊക്കെ പങ്കുവഹിച്ചിട്ടുള്ള പത്രങ്ങം പോലും പദ്ധതി പ്രവർത്തനത്തിലെ പോരായ്മകളെക്കുറിച്ച് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാൻപോകുന്ന കെടുതികളെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കുണ്ടായിരുന്ന പ്രതീക്ഷകം നിശേഷം നശിച്ചു പോകുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആരെല്ലാം ചൂണ്ടിക്കാണിച്ചാലും ഇതിലൊന്നുംശ്രദ്ധ നൽകാത്ത വകുപ്പുമന്ത്രിമാരാണ് ഇവിടെയുള്ളത്. അവർക്ക് കൊള്ള മുതലുണ്ടാക്കാനുള്ള സൗകര്യങ്ങം യഥേഷ്ടം ഈ പദ്ധതികളുപയോഗിച്ചു നടത്തണമെന്നതിനപ്പുറത്തേയ്ക്ക് ഒന്നും അവർ ചെയ്യില്ല.

കല്ലടപദ്ധതിയുടെ കാര്യംതന്നെ ഉദാഹരണമായി എടുക്കാം. സങ്കേതികമായി ഈ കാര്യങ്ങളെക്കുറിച്ച് അറിയാവുന്ന എത്രയോ ആളുകളുടെ മുന്നറിയിപ്പുകം ഇതേക്കുറിച്ച് ഉണ്ടായി, അതുവല്ലതും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ജാനുവരിമാസത്തിൽ ഈ പദ്ധതിപ്രവർത്തനത്തിലെ പോരായ്മകളും ചൂണ്ടിക്കാണിച്ചുകൊണ്ട് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഒരു റിപ്പോർട്ട് ഗവൺമെൻറിന് കിട്ടുകയുണ്ടായി. എന്നിട്ടും ഒരു ചെറുവിരൽ പോലും അനക്കാൻ ബന്ധപ്പെട്ടവർ തയ്യാറായിട്ടില്ല. ജനങ്ങളുടെ ഇടയിൽ നിന്നും അതുപോലെ നിയമസഭയിലും ഈ പ്രശ്നങ്ങൾ ഗൗരവപൂർവ്വം ശ്രദ്ധയിൽ പെടുത്തിയിട്ടും ആ ഗൗരവത്തിനനുസരിച്ചുള്ള ഒരു നടപടി സ്വീകരിക്കുവാൻ ഗവൺമെൻറ് തയ്യാറായിട്ടില്ല. ഡാമിൻ അസാധാരണമായ ചോർച്ചയുണ്ടായതിൻെറ സാങ്കേതിക കാരണങ്ങളിലേയ്ക്ക് ഒരു സാങ്കേതിക വിദഗ്ദ്ധനല്ലാത്ത ഞാൻ കടക്കുന്നില്ല. ഈ അസാധാരണമായ ചോർച്ച അപകടകരമാണെന്നും അതിൻെറ കാരണങ്ങളും ചീഫ് ടെക്നിക്കൽ എക്സാമിനർ അദ്ദേഹത്തിൻെറ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുപോലെ തന്നെ പദ്ധതിക്കുവേണ്ടി അലോട്ട് ചെയ്തിരുന്ന സിമൻറ് കൈകാര്യം ചെയ്തതിൽ വ്യാപകമായി തിരിമറി നടന്നിട്ടുണ്ടെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് സിമൻറിനു ദൗർലഭ്യം ഉണ്ടായ സന്ദർഭങ്ങളിലെല്ലാം കൊല്ലം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ സിമൻറ് കരിഞ്ചന്തയിൽ സുലഭമായിരുന്നു. അത് എവിടെനിന്നാണ്? പല സന്ദർഭങ്ങളിലും കല്ലട പദ്ധതിയുടെ ഉപദേശകസമിതിയിലെയും അതുപോലെതന്നെ കൊല്ലം ജില്ലാ വികസന സമിതിയിലും ഒക്കെ ബന്ധപ്പെട്ടവർ ഈ പദ്ധതിയെ ശ്രദ്ധിക്കുന്നവരെന്ന നിലയിൽ ഈ കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായിട്ടുണ്ട്. നൂറു കള്ളത്തരങ്ങൾ നടക്കുമ്പോൾ അതിൽ ഒന്നുപോലും വെളിച്ചത്തു വരുന്നില്ല. സിമൻറു കള്ളക്കടത്തു പിടിച്ചതിൻെറ കേസുകൾ പലതും ഇല്ല. കല്ലടപദ്ധതിക്കുള്ള സിമൻറ് കരിഞ്ചന്തയിൽനിന്നും പിടിച്ചതിൻെറ കേസ് ഇന്നും നിലവിലുണ്ട്. അങ്ങനെയുള്ള നൂറുകേസുകൾ നടക്കുമ്പോൾ ഒന്നുപോലും പിടിക്കപ്പെടുന്നില്ല. ഇതൊക്കെ നിയന്ത്രിക്കുന്നവർ ഇത്തരം കാര്യങ്ങൾ അറിയാത്തതല്ല. ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ പലതും ചെയ്യേണ്ട രീതിയിലല്ല ചെയ്തിട്ടുള്ളത്. അതിൻെറ പണിക്കു വേണ്ടി ഉപയോഗിച്ചിരുന്ന കല്ലുകളും മണ്ണും കഴുകിയല്ല ഉപയോഗിച്ചിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ നിയമവിരുദ്ധമായ പ്രവർത്തനങ്ങളാണ് അവിടെ നടന്നിട്ടുള്ളത്. ആ നിയമവിരുദ്ധമായ പദ്ധതി പ്രവർത്തനങ്ങളെല്ലാം ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

മറൊന്ന് എനിക്കു പറയാനുള്ളത് കോൺട്രാക്ടർമാർ സൈറ്റിൽ സാധനങ്ങൾ എത്തിച്ചിരുന്ന രീതിയെക്കുറിച്ചാണ്. കല്ലടുക്കിയശേഷം കുറഞ്ഞത് മൂന്നുനാല് ആഴ്ചകൾ കഴിഞ്ഞാൽ മാത്രമേ അത് ഉറയ്ക്കുകയുള്ളു. എന്നാൽ കല്ല് അടുക്കിയതിൻെറ തൊട്ടു പിന്നാലെതന്നെ ലോറിയിൽ സാധനങ്ങൾ ഈ വർക്ക് സൈറ്റിലേയ്ക്ക് ഇറക്കി. അതിനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തണമെന്നുള്ളതിന് വ്യവസ്ഥയുള്ളതാണ്.

ഈ വ്യവസ്ഥകളെല്ലാം ലംഘിച്ച കോൺട്രാക്ടർമാർക്ക് നമ്മുടെ സംസ്ഥാനത്തെ വളരെ ഗൗരവമേറിയ ഒരു പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇത്രയും അപകടകരമായ രീതിയിൽ എത്തിക്കുന്ന രീതിയിൽ നടത്താൻ കഴിഞ്ഞെങ്കിൽ, അത് ചീഫ് ടെക്നിക്കൽ എക്സാമിനറും അതുപോലെ കാര്യങ്ങൾ മനസിലാക്കാനും കഴിയുന്നവരും അതിനെക്കുറിച്ച് ചൂണ്ടിക്കണിക്കാൻ കഴിയുന്നവരും ചൂണ്ടിക്കാണിച്ചാലും ഈ ഗവൺമെൻറ് കഴിഞ്ഞ ഒരു വർഷക്കാലമായി ഈ റിപ്പോർട്ട് കിട്ടിയതിനുശേഷവും മൗനം പാലിച്ചുവെങ്കിൽ അതിൻെറയർത്ഥം എഞ്ചിനീയർമാരുടെയോ ടെക്നിക്കൽ വിഭാഗത്തിൻെറയോ മാത്രം പ്രശ്നമല്ല. ഒരു ഒത്തുകളിയാണ്, ഒരു കള്ളക്കളിയാണ് കറക്കുകമ്പനിയാണ് ഈ പദ്ധതി പ്രവർത്തനത്തിൽ നടന്നത്. എഞ്ചിനീയർമാരും മന്ത്രിയും (മന്ത്രി എന്നു പറയുന്നത് അതിൻെറ രാഷ്ട്രീയനേതൃത്വം)

LIBRARY ARCHIVES Kerala Legislative Assembly

ഒത്തൊരുമിച്ച് നടത്തിയ ഒരു കറക്കുകമ്പനിയാണിത്. അതാണ് കണ്ണട പദ്ധതിയുടെ പ്രവർത്തനത്തിൽ കാണാൻ കഴിയുന്നത്. ഇടമലയാർ പ്രശ്നത്തിലേക്കുവരുമ്പോഴും അതാണ് നമുക്ക് കാണാൻ കഴിയുന്നത്. നമ്മുടെ സംസ്ഥാനത്തെ കോൺട്രാക്ടർ ഭരണത്തിന്റെ രക്തസാക്ഷികളാണ് ഈ പദ്ധതികളും. രാഷ്ട്രീയ നേതൃത്വം അതിന് വെള്ളപൂശുന്നു. ഇവിടെ ഇതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നവരോട് ഒരു കാര്യം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. ഇവിടെ മന്ത്രിതന്നെ ചോദ്യോത്തരവേളയിൽ ചൂണ്ടിക്കാണിച്ചു അവരുടെ കാലഘട്ടത്തിലല്ലെന്ന്. ഏതു കാലഘട്ടത്തിലുമായിക്കൊള്ളട്ടെ. നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ പ്രതീക്ഷയോടുകൂടി നോക്കിക്കൊണ്ടിരുന്ന രണ്ട് സുപ്രധാന പദ്ധതികൾ ഇന്ന് ജനങ്ങൾക്കാകെ ഉൽക്കണ്ഠയുണ്ടാക്കുന്ന രീതിയിൽ എത്തിച്ചേർന്നെങ്കിൽ ഏത് കാലഘട്ടത്തിൽ നടന്ന നടപടികളായാലും ശരി, ഏത് ഗവൺമെന്റിന്റെ കാലഘട്ടത്തിലായാലും ശരി ആ പ്രവർത്തനങ്ങളിൽ നടന്ന പോരായ്മകൾ മുഴുവൻ വെളിച്ചത്തുകൊണ്ടുവരാൻ കഴിയുന്ന രൂപത്തിൽ, കുറ്റക്കാരെ മുഴുവൻ പിടികൂടാൻ കഴിയുന്ന രൂപത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. ഈ പദ്ധതിയുടെ പ്രവർത്തനത്തിൽ രാഷ്ട്രീയ നേതൃത്വം ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് പദ്ധതികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും കോൺട്രാക്ടർമാരുടെയും ഏത് ഘട്ടത്തിലാണെങ്കിലും ശരി ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള മന്ത്രിമാരുടെയും എല്ലാം സ്വത്തുവിവരത്തെക്കുറിച്ചന്വേഷിക്കണം. അവർ അനധികൃതമായി ജനങ്ങൾക്ക് ബോധ്യപ്പെടാത്തവിധത്തിലുള്ള സ്വത്ത് സമ്പാദിച്ചിട്ടുണ്ടെങ്കിൽ അത് പുറത്തുകൊണ്ടുവരാനും ഈ പ്രശ്നത്തിൽ ജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്ന രീതിയിലുള്ള ഒരു സമീപനമെടുക്കാനും ഗവൺമെന്റ് തയ്യാറുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങൾ പ്രതീക്ഷയോടെ നോക്കുന്ന പദ്ധതികളെത്തന്നെ തുരങ്കം വയ്ക്കുന്ന രൂപത്തിൽ സ്വാർത്ഥലക്ഷ്യത്തോടുകൂടി സ്വത്തുസമ്പാദനലക്ഷ്യത്തോടുകൂടി പൊതുമുതൽ കൊള്ള ചെയ്യുന്ന സമീപനത്തോടുകൂടി നമ്മുടെ പൊതുമുതലുപയോഗിക്കുന്ന സമീപനമുള്ള ഈ ഗവൺമെന്റിന്റെ ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി എതിർക്കുന്നു.

ശ്രീ. തോപ്പിൽ രവി : സർ; ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിലെ രാഷ്ട്രീയ ദുർമ്മന്ത്രവാദികളും നടത്തിക്കൊണ്ടിരുന്ന എല്ലാ പ്രവചനങ്ങളെയും വെല്ലുവിളികളെയും അതിജീവിച്ചുകൊണ്ട് സ്വന്തം, കർമ്മബലം കൊണ്ടുമാത്രം ശക്തി ചൈതന്യങ്ങളാർജ്ജിച്ച് മുന്നോട്ടു പോകുന്ന ഒരു ഗവൺമെന്റിനുവേണ്ടി അവതരിപ്പിക്കപ്പെട്ടിട്ടുള്ളതാണ് ഈ ഉപധനാഭ്യർത്ഥന. സർ, കലിതുള്ളിയ കാലവർഷത്തിൽ നമ്മുടെ പ്രിയപ്പെട്ട മണ്ണും മരങ്ങളും മുങ്ങിമരിക്കുന്നതുകണ്ട് വിലപിച്ചുകൊണ്ടാണ് നമ്മളും ഈ സമ്മേളനം ആരംഭിച്ചത്. കാലത്തിന്റെ കാൽച്ചുവട്ടിലേറെ കേരളത്തിലെ രാഷ്ട്രീയ കക്ഷി ബന്ധങ്ങളും ഉലയുന്നതും, അതിന്റെ ഫലമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വാരിയെല്ലുകളും ഞെരിയുന്നതും കണ്ടുകൊണ്ടാണ് നമ്മളും ഈ സമ്മേളനം വിട്ടുപിരിയാൻ പോകുന്നത്. കൊടുത്ത കൈയ്ക്ക് കടിക്കുന്നവരാണ് മാർക്സിസ്റ്റുകാർ എന്ന് പലപ്പോഴും ഞങ്ങളും പറഞ്ഞപ്പോഴും അവിടെന്തുകാലിഗിലുള്ള ഞങ്ങളുടെ സ്നേഹിതൻമാർക്ക് ഞങ്ങളുടെ ഉദ്ദേശശുദ്ധിയും ആത്മാർത്ഥതയും മനസിലാക്കാൻ കഴിയാതെപോയി. പക്ഷേ വൈകിയാണെങ്കിലും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അവർ പാഠം പഠിച്ചിരിക്കുന്നു. അപമാനഭാരത്തിന്റെ അരക്കല്ല് ചുമന്ന് നടുവൊടിയുന്നതിനുമുമ്പ് തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ കൂടാരം വിട്ട് അവർ പുറത്തുവന്നിരിക്കുന്നു. നേരായമാർഗ്ഗത്തിലേക്ക് വന്നിരിക്കുന്ന അഖിലേന്ത്യാലീഗിന്റെ സഹോദരൻമാരെ ഞങ്ങൾ അഭിവാദ്യം ചെയ്യുന്നു. ഇനിയുള്ള രാഷ്ട്രീയ യാത്രയിൽ സൗഭാഗ്യം അവർക്ക് നേർവഴികാട്ടട്ടെ എന്ന് ഞങ്ങൾ ജഗദീശ്വരനോട് പ്രാർത്ഥിക്കുന്നു. പണ്ട് ഒരു ചെന്നായയുടെ വായിലകപ്പെട്ടുപോയ മുളെളടുത്തുകൊടുത്ത കൊക്കിനോട് ചെന്നായ കാണിച്ച സൗമനസ്യമെങ്കിലും അഖിലേന്ത്യാലീഗിനോട് മാർക്സിസ്റ്റു പാർട്ടി കാണിച്ചിരുന്നുവെങ്കിൽ അത് നമുക്ക് മനസിലാക്കാമായിരുന്നു. ഞങ്ങൾക്ക് അഖിലേന്ത്യാലീഗിലെ സഹോദരൻമാരോട് പറയാനുള്ളത് ജനാധിപത്യ കേരളത്തിന്റെ വിജയ സ്തൂപത്തിന് കൂടുതൽ കരുത്ത് നൽകാനുള്ള ഈ കാലത്തിന്റെ വിളിഅഖിലേന്ത്യാലീഗിലെ സഹോദരൻമാർ കേൾക്കണം എന്ന് മാത്രമാണ്. അഖിലേന്ത്യാലീഗും യൂണിയൻ ലീഗുമായുള്ള ലയനം ഈ അടുത്ത വെള്ളിയാഴ്ച നടക്കുമെന്നാണ് വാർത്ത. ആ പുനഃസമാഗമനത്തിന്റെ പുളകവും പൂക്കളും കാണാൻ ഞങ്ങൾ താൽപര്യപൂർവ്വം കാത്തിരിക്കുകയാണ്. കഴിഞ്ഞ 24-ാം തീയതി ബുധനാഴ്ച ശ്രീ. പി. എം. അബൂബക്കർ ഈ സഭയിൽ നടത്തിയ ഉജ്ജ്വലമായ പ്രസംഗം ഇപ്പോഴും എന്റെ കാതുകളിൽ മുഴങ്ങുന്നു. അദ്ദേഹത്തിന്റെ പ്രസംഗം എന്റെ സിരകളെ ത്രസിപ്പിച്ചു. ശ്രീ പി. എം. അബൂബക്കറിന്റേത് കേവലം വാക്കുകളായിരുന്നില്ല : തോക്കുകളായിരുന്നു എന്ന് ഞാൻ കരുതുന്നു. ആ തോക്കുകൾ കണ്ണിൽ ചോരയില്ലാത്ത മാർക്സിസ്റ്റുകാരുടെ നെഞ്ചിനുനേരെ ഈ സഭാതലത്തിൽ ഇപ്പോഴും ഉയർന്നു നിൽക്കുന്നതായി ഞാൻ കാണുന്നു. "ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ" എന്ന കേട്ടിട്ടുണ്ട്. സർ, എനിക്ക് മാർക്സിസ്റ്റുകാരോട് അസൂയ തോന്നുന്നു. കഷ്ടകാലം വരുമ്പോൾ കൂട്ടത്തോടെ എന്ന് പറയുംപോലെ നല്ലകാലം വരുന്നതും കൂട്ടത്തോടു കൂടിയാണ്. മാർക്സിസ്റ്റുകാർക്ക് ഇപ്പോൾ നല്ല കാലമാണ്. സാമ്പത്തിക കുറ്റം ചുമത്തി അവർ പാത്തുണ്ണി മാസ്റ്ററെ പുറത്താക്കി. എൻ. ഒ. സി. യുടെ തട്ടിപ്പുകളുടെ പേരിൽ എ. എസ്. എൻ. നമ്പീശനേയും സി. പി. നാരായണനേയും പുറത്താക്കി. സഹപ്രവർത്തകൻമാരോട് സോളിഡാരിറ്റിയും കോമ്രേഡ്ഷിപ്പും കാണിക്കാതിരുന്നതിന് ബുദ്ധി ഉപദേശകനായ മാത്യുകുര്യനെ പുറത്തള്ളി. ഇപ്പോൾ ബൂർഷ്വാപണ്ഡിതനെന്ന് വിശേഷിപ്പിച്ചുകൊണ്ട് കെ.എൻ. രാജിനെപ്പറ്റി, ഇതുവരെയും സൈദ്ധാന്തികനായി ചുമന്നുകൊണ്ടുനടന്ന ഡോ: കെ. എൻ. രാജിനെപ്പറ്റി നമ്പൂതിരിപ്പാട് ലേഖനമെഴുതാൻ പോവുകയാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇപ്പോൾ ഒരു ഗർഭസ്ഥ നിലയിലാണ്. ഒരു ആദർശ പുത്രനെ പ്രസവിക്കുന്നതിനുവേണ്ടി ഗർഭം ധരിച്ച് നിറവയറുമായി വിളറിയ മുഖവുമായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നിൽക്കുകയാണ്. ഒട്ടേറെ മക്കളെ പ്രസവിച്ചുവെങ്കിലും ആ മക്കളെല്ലാം മരിച്ചു പോയതുകൊണ്ട് മദ്ധ്യവയസ്ക്കയായെങ്കിലും ഒന്നുകൂടി പ്രസവിച്ചുകളയാം എന്ന് കരുതുന്ന ഒരു വീട്ടമ്മയുടെ നിലയിലാണ് ഇപ്പോൾ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി നിൽക്കുന്നത്. സർ, ആദർശത്തിന്റെ കാര്യത്തിൽ സന്താനനിയന്ത്രണമാവശ്യമാണെന്ന് കരുതുന്ന ഒരാളല്ല ഞാൻ. അതുകൊണ്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഞാൻ ഒരു സുഖപ്രസവം ആശംസിക്കുന്നു : ഒരു അന്തിമതീരുമാനം എന്നുള്ള നിലയിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ശരിഅത്തിനെതിരായി നടത്താൻ പോകുന്ന ആദർശ പ്രസവത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി ആ പ്രസവത്തിനു തയ്യാറായി നിൽക്കുമ്പോൾ അതിന്റെ സൂതികർമ്മിണികളായി അപ്പുറത്തു നിൽക്കുന്ന സി. പി. ഐ. ക്കാരോടും ആർ. എസ്. പി. ക്കാരോടും എനിക്ക് അപേക്ഷിക്കാനുള്ളത് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അൽപ്പം ഷുഗറിന്റെയും പ്രഷറിന്റെയും ഉപദ്രവമുള്ള കാലമായതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രായം തെറ്റിയുള്ള ഈ പ്രസവത്തിൽ നല്ല ജാഗ്രത പാലിക്കണമെന്നാണ്. അൽപ്പം കോംപ്ലിക്കേഷൻസ് ഉണ്ടാകാനുള്ള സാധ്യതയുള്ളതുകൊണ്ട് അവർ ഒന്നിച്ചുദ്ധിച്ചാൽ തരക്കേടില്ല. ഈഴവാദി പിന്നോക്കസമുദായങ്ങളെ സംഘടിപ്പിക്കാനും പിന്നോക്കസമുദായ ഫെഡറേഷനുണ്ടാക്കാനും സമുദായവാദമില്ലാത്ത മാർക്സിസ്റ്റു പാർട്ടി-വർഗ്ഗീയതയ്ക്ക് എതിരെ കുരിശുയുദ്ധം പ്രഖ്യാപിച്ചിട്ടുള്ള മാർക്സിസ്റ്റ് പാർട്ടി പണ്ട് സഖാവ് പി. ഗംഗാധരനെ നിയോഗിച്ചിരുന്നു. പി. ഗംഗാധരനെ നിങ്ങൾ ഇപ്പോൾ സ്മരിക്കുന്നുണ്ടോ എന്നെനിക്ക് നിശ്ചയമില്ല. സമാന്തര എസ്. എൻ. ഡി. പി. യും പിന്നോക്ക സമുദായ ഫെഡറേഷനും സംഘടിപ്പിച്ചു കൊണ്ടുനടന്ന പി. ഗംഗാധരനെ ഒരു സുപ്രഭാതത്തിൽ കറിവേപ്പിലപോലെ തെരുവിലേക്ക് വലിച്ചെറിഞ്ഞ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ താത്വികാചാര്യൻമാരും തറവാട്ടു കാരണവൻമാരുമായിരുന്ന ആർ. സുഗതനേയും എം. എൻ. ഗോവിന്ദൻ നായരെയും, റ്റി. വി. തോമസിനെയും, പി. റ്റി. പുന്നൂസിനെയും കളളൻമാരെന്ന് വിളിച്ച് കഴുമരമേറ്റാൻ ആഹ്വാനം ചെയ്ത മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അഖിലേന്ത്യാ ലീഗിനോട് ഈ കൊലചതി ചെയ്തതിൽ അൽഭുതപ്പെടാനെന്തിരിക്കുന്നു? പെറ്റതളളക്ക് ഒരിറ്റു കഞ്ഞിവെള്ളം കൊടുക്കാത്തവരാണോ സർ, അകന്ന ബന്ധുക്കൾക്കു വേണ്ടി അത്താഴവിരുന്ന് നൽകുക? അവർ അഖിലേന്ത്യാലീഗിനോട് ഈ കൊലചതി കാണിച്ചതിൽ എനിക്ക് അൽഭുതമൊന്നുമില്ല. സഖാവ് അച്യുതമേനോന്റെ കാലത്ത് സഖാവ് എം. വി. രാഘവനും കൂട്ടരും വിളിച്ചിരുന്ന ഒരു മുദ്രാവാക്യമുണ്ടായിരുന്നു. "ഇതുപോലൊരു നാറിയ ഭരണം കേരളം ഇതുവരെ കണ്ടിട്ടില്ല. എന്ന്. ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടി നടത്താൻ പോകുന്ന ആദർശപ്രസവത്തിന്റെ പശ്ചാത്തലത്തിൽ സഖാവ് രാഘവൻ അവിടെ നിന്നും വിളിക്കുന്ന മുദ്രാവാക്യം ഞാൻ കേൾക്കുന്നു. "ഇതുപോലൊരു കൂടിയ പ്രസവം കേരളമിതുവരെ കണ്ടിട്ടില്ല" എന്ന്. ഇവിടെ ആദർശത്തിന്റെ പേരിൽ ശരിഅത്ത് വിരുദ്ധസമരത്തിന്റെ പേരിൽ ജനിക്കാൻ പോകുന്ന ആദർശ ശിശുവിനെ കാണുന്നതിനുവേണ്ടി ആ ശിശു പെറ്റു വീഴുന്ന മുഹൂർത്തത്തെ സ്വപ്നം കണ്ടുകൊണ്ട് ഇപ്പോൾ എം. വി. രാഘവനും കുഞ്ഞിക്കണ്ണനുമൊക്കെ അവിടെ നിന്നുകൊണ്ട് പറയുകയാണ്, ആ നിമിഷത്തിന്റെ നിർവൃതിയിൽ ഞാനൊരാവണിത്തെന്നലായി മാറും' എന്ന്. സർ, അഖിലേന്ത്യാമുസ്ലീംലീഗുകൂടി വിട്ടുപോയതോടുകൂടി നനഞ്ഞ കരിമരുന്നും തളർന്ന കുതിരുകളും മാത്രമുള്ള ഒരു പൊളിഞ്ഞ കോട്ടയായി ഇടതുപക്ഷ ജനാധിപത്യമുന്നണി മാറിയിരിക്കുകയാണ്. സ്വന്തം കാലിനടിയിലെ മണൽത്തരികംപോലും ഒഴുകിപ്പോകുന്നത് കണ്ട് കണ്ണീരുമൊലിപ്പിച്ചു നിൽക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കൂട്ട് നിൽക്കാൻ ആയോധന വീരൻമാർ ഏറെയുണ്ടെങ്കിലും ആയുധങ്ങളില്ലാത്ത ആർ. എസ്. പി. യും സിദ്ധാന്തശിരോമണിമാരായ സി. പി. ഐ. ക്കാരും ജനങ്ങളില്ലാത്ത ജനതാപാർട്ടിയും ഇടതുപക്ഷ ഇടവകയിലെ വിശുദ്ധലോനപ്പനായ ശ്രീ. നമ്പാടനും മാത്രമല്ലാതെ വേറെ ആരുമില്ല. അതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഇപ്പോഴത്തെ സ്ഥിതി.

ഉണ്ണാൻ വിളിക്കുമ്പോൾ ചില കൂലിപ്പണിക്കാർ പണിതിരക്ക് കാണിക്കുന്നതുപോലെ ഞങ്ങളുടെ സ്നേഹിതൻ ശ്രീ. എ. സി. ഷൺമുഖദാസിനെ ഞങ്ങൾ സ്വന്തം തറവാട്ടിലേക്ക് വിളിക്കുമ്പോൾ അദ്ദേഹം ഇപ്പോൾ പണിതിരക്ക് കാണിക്കുകയാണ്. ഞങ്ങൾക്ക് ശ്രീ. ഷൺമുഖദാസി [2P. M. നോട് പരിഭവമില്ല. ശ്രീ കാരൂർ നീലകണ്ഠപിള്ളയുടെ ഒരു കഥ ഞാൻ വായിച്ചിട്ടുണ്ട്. ഒരു അദ്ധ്യാപകന്റെ കഥ. ശ്രീ. കാരൂർ നീലകണ്ഠപിള്ള പറഞ്ഞ കഥ ഇതാണ്. ആ കഥയിൽ

LIBRARY ARCHIVES Kerala Legislative Assembly

ട്യൂഷൻ പഠിപ്പിക്കാൻ വരുന്ന ഒരു അദ്ധ്യാപകൻ പഠിക്കുന്ന കുട്ടിയുടെ വീട്ടിൽ ഒരു നേരം ഊണ് കൊടുക്കുമായിരുന്നു. എല്ലാ ദിവസവും വീട്ടമ്മ വിളിച്ചു ചോദിക്കും : സാറിനും പട്ടിക്കും ചോറ് കൊടുത്തുവെങ്കിൽ പിന്നെ വാതിൽ അടച്ചുകൂടേ?" എന്ന്. അതുപോലെ കോൺഗ്രസ്-എസ്-നെ പറഞ്ഞു മാർക്സിസ്റ്റു വീട്ടമ്മമാർ കോൺഗ്രസ്-എസിനും പട്ടിക്കും ചോറ് കൊടുത്തുവെങ്കിൽ വാതിലടച്ചു കൂടേ?" എന്ന് ചോദിക്കുന്നത് കേട്ടിട്ടേ ശ്രീ. ഷൺമുഖദാസിനെ പോലുള്ളവർ വേണ്ടതേ ചെയ്യൂ എന്നാണെങ്കിൽ ഞങ്ങൾ കാത്തിരിക്കാൻ തയ്യാറാണ്. ശ്രീ. ഷൺമുഖദാസിന്റെ സേവനത്തിനുവേണ്ടി പ്രത്യാശയോടും പ്രതീക്ഷയോടും കൂടി ഞങ്ങൾ ഉറ്റു നോക്കുമ്പോൾ ശ്രീ. ഷൺമുഖദാസ് നാട്ടിൽ നടക്കുന്നതൊന്നും കണ്ടില്ല എന്നു നടിച്ചു നിൽക്കുന്നത് ശരിയാണോ ? എന്ന് മാത്രമെ ഞാൻ ഈ അവസരത്തിൽ ചോദിക്കുന്നുള്ളൂ. രണ്ട് ദിവസം മുമ്പ് ഇവിടെ കൂറുമാറ്റ നിരോധന നിയമത്തെപ്പറ്റി ഊറ്റം കൊള്ളുന്ന കോൺഗ്രസുകാർ, കോൺഗ്രസ്-എസ് കാരെ കൂറ് മാറാൻ ക്ഷണിക്കുന്നത് ഓർഡറിലാണോ എന്ന് ശ്രീ. സിറിയക് ജോൺ ചോദിക്കുകയുണ്ടായി. കൂറ്മാറ്റ നിരോധന നിയമത്തോട് ശ്രീ. സിറിയക് ജോണിന് മുൻകാലപ്രാബല്യത്തോടുകൂടിയ ബഹുമാനം ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹം അങ്ങനെ പറയുകയില്ലായിരുന്നു എന്ന് മാത്രമെ ഞാൻ പറയുന്നുള്ളൂ.

സർ, എനിക്ക് വളരെയേറെ ബഹുമാനമുള്ള ശ്രീ. കെ. ചന്ദ്രശേഖരൻ കഴിഞ്ഞ ദിവസം ഇവിടെ ഒരു വെല്ലുവിളി നടത്തുകയുണ്ടായി. എനിക്ക് അപ്പോഴാ തൊട്ട് തുടങ്ങിയതാണ് മനസിന് ഒരു വല്ലായ്മ. സ്വന്തം കാലിൽ എഴുന്നേറ്റ് നിൽക്കാൻ ശേഷിയില്ലാത്ത ഒരാൾ ഭാരവണ്ടി വലിക്കുന്നത് കാണുമ്പോൾ ഉണ്ടാകുന്ന ഒരു ദുഃഖമാണ് എന്റെ മനസിൽ. ശ്രീ. ചന്ദ്രശേഖരൻ വളരെ മാന്യനായ, ആപാദചൂഡം മാന്യത നിറഞ്ഞു നിൽക്കുന്ന ഒരാളാണ്. എനിക്ക് അങ്ങയോട് അപേക്ഷിക്കാനുള്ളത് അങ്ങയുടെ പാർട്ടി കേരളത്തിൽ ഒരു ചെറിയ പാർട്ടിയാണ്. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും കൂടി രാഷ്ട്രീയ നിരീക്ഷകൻമാർ അങ്ങയുടെ പാർട്ടിക്ക് കണക്കാക്കിയിട്ടുള്ളത് 14,000 വോട്ടുകളാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇന്ത്യയൊട്ടുക്ക് പത്തേപത്ത് സീറ്റിൽ മാത്രമേ അങ്ങയുടെ പാർട്ടി ജയിച്ചുള്ളൂ. അതുകൊണ്ട് അങ്ങയെപോലുള്ള ആളുകൾ ഈ ആയാസകരമായ ഔത്യത്തിനൊന്നും മേലിൽ തുനിയരുത് എന്ന് വളരെ വിനയപൂർവ്വം ഞാൻ അപേക്ഷിക്കുകയാണ്.

"അരിമണിയൊന്നു കൊറിക്കാനില്ല
തരിവളയിട് കിലുക്കാൻ മോഹം."

എന്ന് പറയുന്നതുപോലെ അരിമണിയൊന്നു കൊറിക്കാനില്ലാത്തവർ എന്തിനാണ് തരിവളയിട്ട് കിലുക്കാൻ ആഗ്രഹിക്കുന്നത്.

സർ, ശ്രീ. നായനാർ വളരെ ഫലിതപ്രിയനായ ഒരാളാണ്. അദ്ദേഹം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പറഞ്ഞ പഞ്ചാബ് പ്രശ്നത്തിൽ ഞങ്ങൾ നേരത്തെ പറഞ്ഞത് കേട്ടിരുന്നുവെങ്കിൽ ശ്രീമതി ഇന്ദിരാഗാന്ധി കൊല്ലപ്പെടുകയില്ലായിരുന്നു, പഞ്ചാബ് പ്രശ്നം സങ്കീർണ്ണമാകുകയില്ലായിരുന്നു എന്ന്. വളരെ നന്ദി. ഇപ്പോൾ ഹരിയാനയിലും രാജസ്ഥാനിലും അദ്ദേഹം പറയുന്ന അതേ പ്രതിപക്ഷങ്ങൾ സമരത്തിലാണ്. പഞ്ചാബ് പ്രശ്നം സംബന്ധിച്ചുണ്ടായ ധാരണയിൽ, പ്രതിഷേധിച്ച് പ്രതിപക്ഷം ഹരിയാനയിൽ രാജിവെക്കുന്നു : രാജസ്ഥാനിൽ ധർണ സംഘടിപ്പിക്കുന്നു. അതുകൊണ്ട് ശ്രീ. നായനാർക്ക് എന്ത് തിരക്കുണ്ടെങ്കിലും, അങ്ങ് രാജസ്ഥാനിലും

LIBRARY ARCHIVES Kerala Legislative Assembly

ഹരിയാനയിലും ഒന്ന് പോകണം. അവിടെയുള്ള പ്രതിപക്ഷത്തെ പറഞ്ഞിടത്ത് നിർത്തണം. അതുപോലെതന്നെ ആസ്സാം പ്രശ്നം പരിഹരിക്കാൻ ഉള്ള ചർച്ച നടക്കുകയാണ്, വിലപ്പെട്ട എന്തെങ്കിലും അഭിപ്രായം ഉണ്ടെങ്കിൽ മുൻകൂറായി ഒന്നു പറഞ്ഞുതന്നാൽ ആ പ്രശ്നം കൂടി പരിഹരിക്കാമായിരുന്നു; അതൊന്ന് കാലേക്കൂട്ടി പറയണമെന്ന് മാത്രമാണ് എനിക്ക് ഈ അവസരത്തിൽ അപേക്ഷിക്കാനുള്ളത്.

സർ, ശ്രീ. രാമകൃഷ്ണ ഹെഗ്ഡേ ഇന്നലെ കേരളത്തിൽ വന്നിരുന്നു. അദ്ദേഹം മൗനവ്രതത്തിലായിരുന്നു, എന്നിട്ടുപോലും ആ മൗനവ്രതം ലംഘിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു ഇന്ദിരാഗാന്ധിയെക്കാൾ എത്രയോ നല്ലവനാണ് ശ്രീ. രാജീവ്ഗാന്ധി എന്ന്. ഇൻഡ്യയിലെ 73 കോടി ജനങ്ങളുടെ മാനസമലർ വനത്തിൽ ഒരു സൂര്യകാന്തിപോലെ വിടർന്നു നിൽക്കുന്ന ശ്രീ. രാജീവ്ഗാന്ധിക്ക് വിശേഷണം ആവശ്യമില്ല. പൊന്നിൻ കുടത്തിനെന്തിനാണ് പൊട്ട്? അതുകൊണ്ട് ശ്രീ. ഹെഗ്ഡേ പോലും തികച്ചും നീതിമാനും മാന്യനുമായി വിശേഷിപ്പിച്ചിട്ടുള്ള ശ്രീ. രാജീവ്ഗാന്ധിയെ ഈ കാര്യത്തിൽ ശ്രീ. നായനാർ ഒന്ന് സഹായിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ 1970 മുതൽ അവിടത്തെ ജനങ്ങൾ പ്രതീക്ഷയോടുകൂടി ഉറ്റുനോക്കിക്കൊണ്ടിരുന്ന സ്പെഷ്യൽ റിഫ്രാക്ടറി ഫാക്ടറിക്ക് കഴിഞ്ഞ ദിവസം ഗവൺമെന്റ് അംഗീകാരം നൽകി. എന്റെ നിയോജകമണ്ഡലത്തിലെ ഒന്നേകാൽ ലക്ഷം ജനങ്ങൾക്ക് ഇക്കാര്യത്തിലുള്ള നിറഞ്ഞ കൃതാർത്ഥത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും വ്യവസായ വകുപ്പുമന്ത്രിയെയും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ വീണ്ടും പിൻതാങ്ങുന്നു.

ശ്രീ. എം. വി. രാഘവൻ: സർ, ഞാൻ ഈ സപ്ലിമെന്ററി ഡിമാൻഡിനെ എതിർക്കുകയാണ്. ഞാൻ എതിർക്കുന്നതുകൊണ്ട് തന്നെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. മാണിയോട് ഒരു കാര്യം പറയുകയാണ്. 40 കോടി രൂപ പ്രകൃതിക്ഷോഭത്തിനുവേണ്ടിയും മൂന്നുകോടി രൂപ കാഷ്യൂ കോർപ്പറേഷനും— കാഷ്യൂ കോർപ്പറേഷൻ എന്താണ് ബഡ്ജറ്റ് കൊണ്ടുവരുന്നത് എന്നുള്ളത് അറിയില്ല, കഴിഞ്ഞ പ്രാവശ്യം പത്തുകോടിരൂപ വച്ചതിൽ രണ്ടുലക്ഷം രൂപ പ്രകൃതിക്ഷോഭം എന്ന് പറഞ്ഞ് ചെലവാക്കി— ഇതെല്ലാം ജനങ്ങളെ പറഞ്ഞുകുന്നതിനു വേണ്ടിയുള്ള ഒരു ഇടപാട് എന്നുള്ളതിൽക്കവിഞ്ഞ് വല്ലതുമുണ്ടോ? നമ്മുടെ ധനകാര്യമന്ത്രി പ്രസംഗത്തിന്റെ അവസാനത്തിൽ അത് ഒന്നു വ്യക്തമാക്കിയാൽ തരക്കേടില്ല എന്ന് ഞാൻ ആദ്യം തന്നെ അതേക്കുറിച്ച് പറയുകയാണ്. നമ്മുടെ രാജ്യത്ത് കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക നയവും അതുപോലെതന്നെ കേരളത്തിലെ ഈ ഗവൺമെന്റിന്റെ സാമ്പത്തിക പാപ്പരത്വവും ഇതിന്റെയെല്ലാംഫലമായിട്ട് പാപ്പരായിട്ടുള്ള ഒരു ബഡ്ജറ് അവതരിപ്പിച്ച പാപ്പരായിട്ടുള്ള ഒരു ധനകാര്യമന്ത്രിയുടെ പാപ്പരായിട്ടുള്ള ഒരു സപ്ലിമെന്ററി ഡിമാൻഡ് ആണ് ഇന്ന് ഈ സഭയ്ക്കുമുമ്പിൽ വന്നിട്ടുള്ളത്. അതുകൊണ്ട് തന്നെയാണ് ഞാൻ പറഞ്ഞത് ഈ പാപ്പരായ ധനകാര്യ വകുപ്പുമന്ത്രി ഈ സപ്ലിമെന്ററി ഡിമാൻഡിൽ വച്ചതുതന്നെ നടപ്പിൽ വരുത്താൻ വേണ്ടി വച്ചതല്ല എന്ന് നമ്മുടെ രാജ്യത്തിന്റെ സ്ഥിതി. മാർച്ച് മാസം ബഡ്ജറ് അവതരിപ്പിച്ചതിനുശേഷം 40 ശതമാനത്തോളം വില കൂടി എന്നാണ് ഇന്ന് വന്നിട്ടുള്ള റിപ്പോർട്ടുകളിൽ നിന്നും മനസിലാകുന്നത്. മാർച്ച് കഴിഞ്ഞിട്ട് അധികനാളായിട്ടില്ല, ഇപ്പോൾ ജൂലൈ മാസം കഴിയാൻ പോകുന്നേയുള്ളു. ഇത്രയും മാസത്തിനിടയിൽ 40 ശതമാനത്തോളം വിലക്കയറ്റം ഉണ്ടായി. ശ്രീ. മാണി ചിലപ്പോൾ ഇത് കേരളം ഗവൺമെന്റിന്റെ ഇരുപത്തിരണ്ടര കോടിരൂപയുടെ നികുതി കൊണ്ടോ എന്റെ കമ്മി ബഡ്ജറ്

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടോ മാത്രം ആണോ, കേന്ദ്രഗവൺമെന്റിലേ എന്ന് പറയുമായിരിക്കും, തീർച്ചയായിട്ടും കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ ഫലമാണ് ഇത്. ആയിരത്തിൽപരം കോടി രൂപയുടെ നികുതി, അതുപോലെ റെയിൽവേ ചാർജ്ജ് 495 കോടി രൂപ കൂടിയത്, സ്റ്റീലിന്റെ വില 400 കോടി രൂപ അതിനുമുമ്പ് കൂടിയത്, അതുപോലെതന്നെ കഴിഞ്ഞ പ്രാവശ്യം ഉള്ള കമ്മി 3300 കോടിരൂപ എന്നു പറയുന്നു, എണ്ണായിരത്തിൽപരം രൂപയുടെ കമ്മി നോട്ട് അടിച്ചത്, ഇതിന്റെയെല്ലാം ഫലമായിട്ട് രാജ്യത്തിന്റെ സാമ്പത്തിക ഘടന തന്നെ തകർന്നിരിക്കുകയാണ്. അതുകൊണ്ടാണ് വിലനിലവാരം ഈ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് 40 ശതമാനം കൂടുന്ന ഒരു സ്ഥിതിയിലേക്ക് ചെന്നെത്തിയിട്ടുള്ളത്. അതിന് കുറച്ച് ഊക്ക് കൊടുക്കാനേ ഈ കേരളത്തിലെ ഗവൺമെന്റിന്റെ നടപടിയും സഹായകരമായിട്ടുള്ളു. ഇവിടെ കള്ളപ്പണക്കാരുടെയും കള്ള വ്യാപാരികളുടെയും ഒരു രാജ്യമായിത്തീർന്നിരിക്കുകയാണ്. പാർലമെന്റ് എസ്റ്റിമേറ്റ് കമ്മിറ്റി നടത്തിയിട്ടുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് നടത്തിയിട്ടുള്ള അന്വേഷണത്തിൽതന്നെ വന്നിട്ടുള്ള കള്ളപണത്തെപ്പറ്റി പറയുന്നത് 31,000-ത്തിനും 36,000ത്തിനും ഇടയ്ക്ക് ബ്ലാക്ക് മണി ഉണ്ടെന്നേ ആണ്. കഴിഞ്ഞ വർഷത്തേത് കണക്കാക്കിയാൽ നമ്മുടെ ബഡ്ജറ്റിനകത്തുതന്നെ 21 ശതമാനത്തോളം ഇവിടെ കള്ളപ്പണമാണ് പ്രചരിപ്പിക്കുന്നത്. ഒരു ഭാഗത്ത് കമ്മിപണം, ഇതിന്റെയെല്ലാം ഫലമായിട്ട് വില കയറിക്കൊണ്ടിരിക്കുകയാണ്. ഈ ദുഃസ്ഥിതി കേരളത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ കൂടുതൽ പാപ്പരായിട്ടുള്ള ഒരു സ്ഥിതിയിലേക്ക് മാറുകയാണ്. തൊഴിലില്ലായ്മ പെരുകുന്നു, പട്ടിണി ഉണ്ടാകുന്നു, ശ്രീ. തോപ്പിൽ രവി ഇവിടെ ഒരു പ്രസംഗം നടത്തി, അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അദ്ദേഹം ഒരു കാലത്ത് ഇന്ദിരാസോഷ്യലിസത്തെപ്പറ്റിയും ഇന്ദിരാഗാന്ധിയുടെ കിരാതഭരണത്തെപ്പറ്റിയും ഞങ്ങളുടെ കൂടെ നിന്ന് പെട്ടിപ്പാട്ട് പാടിയതാണ്. അതുകൊണ്ട് അത് ഇടക്കിടക്ക് അദ്ദേഹം പാടും എന്നുള്ളതുകൊണ്ട് ഞാൻ അതിനെപ്പറ്റി ഒന്നും പറയുന്നില്ല. ഇനിയും വേണമെങ്കിൽ പാടും ഈ പെട്ടിപ്പാട്ട് എന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് അതൊന്നും വകവച്ചുകൊണ്ട് പറയുന്നതല്ല, പക്ഷേ തമ്മുടെ രാജ്യത്തിന്റെ സ്ഥിതി, ശ്രീ. രാജീവ്ഗാന്ധിയെ പൊൻകുടം എന്ന് ഇപ്പോഴും പറഞ്ഞ ശ്രീ. രവിതന്നെ കുറച്ച് ദിവസംകൂടി കഴിഞ്ഞാൽ മൺകുടം എന്നും പറയാൻ മടിക്കുകയില്ല. പൊൻകുടം എന്നു പറയുന്ന ആ രാജീവ്ഗാന്ധിയുടെ കേന്ദ്ര ബഡ്ജറ്റിന്റെ സാമ്പത്തിക നയത്തിന്റെ ദുരിതങ്ങളാണ് ജനങ്ങൾ അനുഭവിക്കുന്നത്. ആറാം പദ്ധതി അവസാനിക്കുമ്പോഴേക്കും 500ലക്ഷം ആളുകൾക്ക് തൊഴിലില്ല എന്ന് പറഞ്ഞു, ഏഴാം പഞ്ചവൽസര പദ്ധതി തുടങ്ങുകയാണ്. ഇപ്പോഴേ തന്നെ നമ്മുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പൂട്ടാത്തതുകൊണ്ട് ഏതാണ്ട് രണ്ടരകോടി ആളുകൾ തൊഴിൽ ഇല്ലാത്തവരായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൊഴിലില്ലായ്മ പെരുകുന്നു, വിലക്കയറ്റം കൊണ്ട് മനുഷ്യനു ജീവിക്കാൻ സാധിക്കുന്നില്ല, അതിന്റെയെല്ലാം ഫലമായിട്ട് ജനങ്ങളുടെ പ്രക്ഷോഭണവും സമരങ്ങളും ആർത്തിരമ്പിവരുമ്പോഴേക്കും ഇവിടെ ശ്രീ. രവി പറഞ്ഞിട്ടുള്ള ഈ പൊൻകുടം ഈ രാജ്യത്തിലെ 73 കോടി ജനങ്ങൾക്കു എതിരായിട്ടുള്ള ഒരു ഭീഷണിയാണ്. അടിയന്തിരാവസ്ഥ എന്നു പറഞ്ഞിട്ട്.....

ശ്രീ. എം. എം. ഹസ്സൻ : പൊന്നിൻകുടത്തിനെന്തിനാണ് പൊട്ട് എന്നാണ് ചോദിച്ചത്. പൊന്നും മണ്ണും തമ്മിൽ തിരിച്ചറിയാൻ കഴിയാത്ത ആളുകൾ എങ്ങനെയാണ് ഇത് മൺകുടം എന്നു പറയുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ : പൊന്നിൻകുടമല്ല, ഇത് പൊന്നിൻ കോളാമ്പിയാണോ എന്നാണ് പറഞ്ഞത് എന്നറിയില്ല പൊന്നിൻകുടമെന്നാണ് ഞാൻ മനസിലാക്കിയത്. ശ്രീ. രവി പൊന്നിൻകോളാമ്പി എന്നാണ് പറയുന്നത് എങ്കിൽ എനിക്ക് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല.

ശ്രീ. എം. എം. ഹസ്സൻ : കോളാമ്പിയും കുടവും തമ്മിൽ തിരിച്ചറിയാൻ കഴിയാത്തതാണ് അടിസ്ഥാനപരമായ തകരാറ്.

ശ്രീ. എം. വി. രാഘവൻ : ഞാൻ പറയുന്നത് ആ പൊന്നിൻ കുടമോ പൊന്നിൻ കോളാമ്പിയോ എന്തായാലും ശരി ശ്രീ. ഹസ്സനും ഞങ്ങളുടെ കൂടെ ഇരുന്നിട്ട് ഇന്ദിരാഗാന്ധിയെപ്പറ്റി പറഞ്ഞ പുലഭ്യത്തിന് വല്ല കണക്കും ഉണ്ടോ ? രാഷ്ട്രീയമെന്നു പറഞ്ഞാൽ അധരവ്യായാമമായിട്ട് അധഃപതിച്ചിട്ടുള്ള നാണംകെട്ടവരേ നിങ്ങൾക്ക് ഞങ്ങളോട് രാഷ്ട്രീയം പറയണോ ? കമ്മ്യൂണിസ്റ്റുകാരോടും ഇടതുപക്ഷക്കാരോടും രാഷ്ട്രീയം പറയാൻ വന്നിരിക്കുന്നു ! രാഷ്ട്രീയം പറയാൻ ശ്രീ. ഹസ്സനും രവിയും പഠിച്ചിട്ടില്ല, അതുകൊണ്ട് ശ്രീ. രാജീവ് ഗാന്ധിയുടെ ഈ രാജ്യത്തിലെ ഭരണം വിലക്കയറ്റവും ദുരിതവും ഈ രാജ്യത്ത് സൃഷ്ടിച്ചു എന്നു മാത്രമല്ല, തൊഴിലില്ലാത്ത ആളുകൾ എത്രയാണ് 750 ലക്ഷമാണ്. നമുക്ക് 25 ലക്ഷമെന്നാണ് ഇപ്പോൾ പറഞ്ഞത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 25 ലക്ഷമാണ്. അതിലും എത്രയോ മടങ്ങ് ആണ് യഥാർത്ഥത്തിൽ ഈ രാജ്യത്ത് തൊഴിലില്ലാത്തവർ. തൊഴിലില്ലാത്ത പട്ടാളം ! ഈ അസംതൃപ്തരായ ജനങ്ങൾ, അവർ നടത്തുന്ന പ്രക്ഷോഭണ സമരങ്ങളെ അടിച്ചമർത്താൻ, അതിനെ നേരിടാൻ അടിയന്തിരാവസ്ഥ ഉപയോഗിക്കും എന്ന പഴയ പ്രഖ്യാപനമാണ് ശ്രീ. രാജീവ്ഗാന്ധി നടപ്പിലാക്കിയിട്ടുള്ളത്. ആ പ്രഖ്യാപനംതന്നെയാണ് ആവർത്തിച്ചാവർത്തിച്ച് പറയുന്നത്. അതുകൊണ്ട് രാജീവ്ഗാന്ധി എന്നു പറയുന്ന പൊന്നിൻകുടമോ അതുപോലുള്ള ഇൻഡ്യയിലെ പ്രധാനമന്ത്രിയോ രാജ്യത്തിലെ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടിയല്ല രാജ്യത്തിലെ ജനങ്ങളെ കുത്തക മുതലാളിത്ത താല്പര്യത്തിനുവേണ്ടി 73 കോടി ജനങ്ങളെ ബലികൊടുക്കുകയാണ് ചെയ്യുന്നത്. അത്തരം ജനവിഭാഗങ്ങൾ നടത്തുന്ന പ്രക്ഷോഭണങ്ങളെയും സമരങ്ങളേയും അടിച്ചമർത്താൻ വേണ്ടി ഇന്ദിരാഗാന്ധി പ്രയോഗിച്ച, അല്ലെങ്കിൽ തന്റെ പ്രിയപ്പെട്ട മാതാവ് പ്രയോഗിച്ച അതേ സ്വേച്ഛാധിപത്യം വീണ്ടും ഇൻഡ്യയുടെ മേൽ അടിച്ചേല്പിക്കുമെന്നാണ് ശ്രീ. രാജീവ്ഗാന്ധി പാർലമെന്റിലും വ്യക്തമാക്കിയിട്ടുള്ളത്.

സർ, ഒരു കാര്യം വ്യക്തമാണ്. ശ്രീമതി ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പു കേസിനെ തുടർന്ന് ഒരു വിധി പ്രഖ്യാപിച്ചപ്പോഴുണ്ടായ ഒരു അടിയന്തിരാവസ്ഥയിലേക്ക് ശ്രീ. രാജീവ്ഗാന്ധിക്ക് പോകാൻ കഴിയുകയില്ല. അതിന് കാരണം ശ്രീമതി ഇന്ദിരാഗാന്ധിയെ തന്നെ അടിയന്തിരാവസ്ഥയുടെ പേരിൽ ജനങ്ങൾ പുറത്താക്കുകയും അന്ന് പാർലമെന്റിൽ ഭൂരിപക്ഷമുണ്ടായിരുന്ന ജനതാ പാർട്ടിയുടെ ഗവൺമെന്റ്, അന്നത്തെ പ്രതിപക്ഷത്തിന്റെ ഒരു വിഭാഗത്തിന്റെ സഹായത്തോടുകൂടി ഭരണഘടന 46-ാം ഭേദഗതി പാസ്സാക്കിയിട്ടുണ്ട്. സായുധ കലാപമോ, വിദേശ ആക്രമണമോ ഉണ്ടെങ്കിൽ മാത്രമേ ഇനി അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുവാൻ സാധിക്കുകയുള്ളൂ. ഈ രാജ്യത്തെ പിന്നോട്ട് വലിക്കാൻ ഇന്ദിരാ കോൺഗ്രസ് സ്വേച്ഛാധിപത്യം സാധിക്കുകയില്ല എന്ന് ശ്രീ. രാജീവ്ഗാന്ധിയെപ്പറ്റി പ്രസംഗിക്കുന്നവർ മനസ്സിലാക്കണം. ശ്രീ. മാണിയുടെ ഈ ബഡ്ജറും ധനാഭ്യർത്ഥനയും എവിടെയെത്തും എന്നു് അറിയുകയില്ല. ശ്രീ. മാണി ബഡ്ജറ് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് 1600 കോടി രൂപ 6-ാം പഞ്ചവൽസര പദ്ധതി അവസാനിക്കുമ്പോൾ കമ്മി ഉണ്ടാകുമെന്നാണ്, എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു, കമ്മി കൂടാനാണ് സാദ്ധ്യത, കാരണം

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ജീവനക്കാർക്ക് 500 കോടി രൂപ ശമ്പളത്തിനും ഡി. എ ക്കും കൂടി കൊടുക്കേണ്ടിവരുമെന്ന്. അപ്പോഴേ ആയിരത്തി അറുനൂറും അഞ്ഞൂറും കൂടി രണ്ടായിരത്തിയൊരുനൂറു കോടി രൂപയാകും. പിന്നെ പി. ഡബ്ലിയു. ഡി. ക്ക് 500 കോടി കൊടുക്കാനുണ്ട്. അതുംകൂടി കൂട്ടിയാൽ 2600 കോടി രൂപയാകും. അപ്പോൾ ഈ പദ്ധതി എവിടെയാണ് നടക്കുവാൻ പോകുന്നത് ?

ശ്രീ. കെ. എം. മാണി : സർ, രാഘവനു വേണ്ടി ഒന്നു പറയാം. ഈ രണ്ടായിരം കോടി അങ്ങനെ നിൽക്കുകയല്ല, അതു തീർത്തുതീർത്തു പോരുകയാണ്.

ശ്രീ. എം. വി. രാഘവൻ : ഇതു എങ്ങനെയാണ് തീരുന്നത് ? മുക്കറം കടം കയറിയിട്ടുള്ള ഒരു പോപ്പർസ്യൂട്ടിനു അരങ്ങു കൊടുത്തിട്ടുള്ളയാളാണ് നമ്മുടെ കേരളത്തിലെ ധനകാര്യമന്ത്രി. പിന്നെ സപ്ലിമെന്ററി ഡിമാൻഡിനു എന്തു വിലയാണ് ഉണ്ടാകാൻ പോകുന്നത്. വെള്ളപ്പൊക്കത്തിനു എന്തെങ്കിലും കിട്ടണമെന്നും പറഞ്ഞു മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും ഡൽഹിയിൽ തന്നെയാണ്. അതിനു നമുക്കെന്തെങ്കിലും കിട്ടണം, കിട്ടിയില്ലെങ്കിൽ നമ്മുടെ സ്ഥിതി എന്താണ് ? നമ്മുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോട് പറഞ്ഞിരിക്കുന്നത് റോഡു മുഴുവൻ പീത്തയായതു വെള്ളം കയറിയിട്ടാണ് എന്നാണ്. വല്ലതും കിട്ടുന്നെങ്കിൽ കിട്ടിക്കോട്ടെ എന്നു വിചാരിച്ചാണ്. അതല്ലാതെ നിങ്ങളുടെ ഈ ഭരണകാലത്ത് എന്നെങ്കിലും റോഡ് റിപ്പെയർ ചെയ്യാൻ സാധിക്കുമോ ? ഏതായാലും കെ. പി. സി. സി. പ്രസിഡൻറ് ശ്രീ. സി. വി പത്മരാജൻ ഈ നിയമസഭാ സമ്മേളനം തുടങ്ങിയിട്ട് ഇതുവരെ ശബ്ദിച്ചിട്ടില്ല. അദ്ദേഹം എവിടെ പോയി എന്നെനിക്ക് അറിയുകയില്ല. അയ്യോ ! ഹാ, കഷ്ടം എന്നല്ലാതെ എന്തു പറയാനാണ്. ഇനി നിയമസഭാ സമ്മേളനം അവസാനിക്കാൻ രണ്ടുദിവസമേ ഉള്ളൂ. ഇനി എന്നാണ് ശബ്ദിക്കുന്നത് എന്നറിയുകയില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, കെ. പി. സി. സി. (ഐ) ക്ക് ഇപ്പോൾ ഒരു പ്രസിഡൻറില്ല. ഉള്ളത് മുഖ്യമന്ത്രിയാണ്.

ശ്രീ. എം. വി. രാഘവൻ : സർ, അതു ഞാൻ അറിഞ്ഞില്ല. ശ്രീ. ഷൺമുഖദാസ് കൂടെയുള്ളതുകൊണ്ട് ചില വിവരങ്ങൾ കിട്ടും. അതുകൊണ്ട് പറഞ്ഞതാണ്. ഏതായാലും അങ്ങനെയൊരു ഗതികേട് നമ്മുടെ കെ. പി. സി. സി. (ഐ)യുടെ പ്രസിഡൻറിനു വന്നുപെട്ടതിൽ അഗാധമായി ഉള്ള ദുഃഖം ഞാൻ രേഖപ്പെടുത്തുകയാണ്. ഞാൻ അതിനെപ്പറ്റി വേറെയൊന്നും പറയുന്നില്ല. ശ്രീ. പത്മരാജൻ കേന്ദ്രത്തിൽ നിന്നു കിട്ടേണ്ട വിഹിതം കിട്ടിയെന്നു പറഞ്ഞാലും, ശ്രീ. മാണി കിട്ടിയില്ല എന്നു പറഞ്ഞാലും, ശ്രീ. കരുണാകരൻ അവിടെ പട്ടുകിടന്നാലും യാതൊരു ഗുണവുമില്ല. നമ്മുടെ 6-ാം പഞ്ചവത്സര പദ്ധതിയുടെ മൂന്നിരട്ടി വലിപ്പമുള്ളതാണ് 7-ാം പഞ്ചവത്സര പദ്ധതി. 7-ാം പഞ്ചവത്സര പദ്ധതിക്ക് 2,100 കോടിയാണ് വേണ്ടത്. അത് വച്ചാൽ അത് വരുത്താനുള്ള കഴിവ് ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഈ ഗവൺമെൻറ് എങ്ങനെയാണ് മുന്നോട്ടുപോകുന്നത് ? അതിനെ സംബന്ധിച്ച് ശ്രീ. മാണി പറയണം. അദ്ദേഹം പറയുന്നത് ഞാൻ ശരിപ്പെടുത്തിക്കൊള്ളാമെന്നാണ്. ഇൻഡ്യാ രാജ്യത്ത് ഏതെങ്കിലും ഒരു സംസ്ഥാനത്തെ ധനകാര്യമന്ത്രി അഭിമാനത്തോടുകൂടി ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം ശ്രീ. മാണി പ്രസംഗിച്ചതുപോലെ പ്രസംഗിച്ചോ ? ശ്രീ. മാണി എന്താണ് അഭിമാനത്തോടുകൂടി പറഞ്ഞത്. ഓരോ ദിവസവും 60 ലക്ഷം രൂപയുടെ കമ്മിയോടുകൂടിയാണ് ഈ ഗവൺമെൻറ് കടന്നുപോകുന്നത് എന്നാണ് അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത്. കേന്ദ്ര ഗവൺമെൻറ് ഓവർഡ്രാഫ്റ്റ് നിർത്തലാക്കി. ഉള്ള ഓവർഡ്രാഫ്റ്റ് കടമായിട്ട് മാറി. അത് നല്ലതാണെന്നാണ് ശ്രീ. കരുണാകരൻ പറഞ്ഞത്. ഇനി എന്തുചെയ്യാനാണ് പോകുന്നത് ? 20 കോടി രൂപവരെ കടമെടുക്കാം. ഞാൻ ശ്രീ. മാണിയോട് ചോദിക്കട്ടെ, 50 ദിവസം കഴിഞ്ഞാൽ എന്ത് ചെയ്യാനാണ് പോകുന്നത് ? എങ്ങനെയാണ് രാജ്യം ഭരിക്കുന്നത്. കട്ടപ്പന കോളേജിന് നാല് ലക്ഷവും പാലായിലും ഇടുക്കിയിലും കുറച്ച് നാട്ടുകാർ അടിക്കേണ്ട എന്നു വിചാരിച്ചാണ് എഴുതിവച്ചത് അല്ലേ ? സീതിഹാജി പ്രസംഗിച്ചപ്പോൾ ശ്രീ. മാണി ചിരിക്കുന്നതുകണ്ടു. കാരണം ശ്രീ. മാണി അങ്ങോട്ട് നോക്കുന്നുണ്ട് എന്ന് അവർ വിചാരിച്ചു. ഇത് നടക്കാനുള്ളതല്ല. എങ്ങനെയാണ് ഈ ഭരണം മുന്നോട്ടുകൊണ്ടുപോകുന്നത് ?

ഇവിടെ ഇടമലയാറിനെപ്പറ്റി ഡോക്ടർ കെ. സി. ജോസ്ഫ് പ്രസംഗിച്ചു. 23 കോടി രൂപയുടെ പ്രോജക്ട് തുടങ്ങിയിട്ട് ഇപ്പോൾ 90 കോടി രൂപയായി. ഈ ഓഗസ്റ്റ് മാസത്തിൽ കമ്മീഷൻ ചെയ്യാമെന്ന് പറഞ്ഞതാണ്. ഒരു കൊല്ലം 375 കോടി യൂണിറ്റ് കറൻറ് ഉല്പാദിപ്പിക്കാൻ സാധിക്കുമായിരുന്നതാണ്. ഇനി അതിൻെറ റിപ്പെയർ നടത്താൻതന്നെ വളരെയധികം രൂപ വേണ്ടിവരുമെന്ന് ഡോക്ടർ കെ. സി. ജോസഫ് പറഞ്ഞു, ഇടമലയാറിൽ അഴിമതി നടന്നിട്ടുണ്ടെങ്കിൽ ഞങ്ങളുടെ പാർട്ടിക്കാരൻ അതിന് കൂട്ടുനിന്നിട്ടുണ്ടെങ്കിൽ, നടപടിയെടുക്കാമെന്ന്. പൗലോസിൻെറ പേരിൽ സജീവൻ ആണ് സജീവമായിട്ട് പ്രവർത്തിച്ചത്. അല്ലെന്ന് പറയാൻ സാധിക്കുമോ ? ഇടമലയാറിൻെറ ഇൻകംടാക്സ് ആരാണ് അടച്ചത് ? സജീവിൻെറ കൂട്ടുകാരനാണ്. നിങ്ങളാണ് ഈ കൊള്ളരുതായ്മ നടത്തിയത്. ഇടമലയാറിൽ അഴിമതി നടത്തിയതിൽ കേരള കോൺഗ്രസ്സിൻെറ കോൺട്രാക്ടർ ഉണ്ടെന്നു തെളിഞ്ഞാൽ പാർട്ടി അതിന് നടപടിയെടുക്കുമെന്ന് ഡോക്ടർ കെ. സി. ജോസഫ് പറഞ്ഞിട്ടുണ്ട്. അന്വേഷണം നടത്താൻ നിങ്ങൾ തയ്യാറുണ്ടോ ? ഇടമലയാറിൻെറ പേരിൽ നിങ്ങൾ അഴിമതി നടത്തിയിട്ടില്ലേ. ഒരു ജുഡീഷ്യൽ എൻക്വയറിക്ക് ഭരണകക്ഷിയിലുള്ളവർ തയ്യാറുണ്ടോ ? ധൈര്യം ഉണ്ടെങ്കിൽ പറയണം.

ഡോക്ടർ കെ. സി. ജോസഫ് : സർ, ഞാൻ പറഞ്ഞത്, ഇവിടെ ടെക്നിക്കലായിട്ടുള്ള അന്വേഷണത്തിൽ അപാകതയുണ്ടെങ്കിൽ കൂടുതൽ അന്വേഷണം നടത്തുന്നതിന് ഞങ്ങൾക്ക് വിരോധമില്ല എന്നാണ്.

ശ്രീ. എം. വി. രാഘവൻ : ടെക്നിക്കലെന്നു പറഞ്ഞാൽ കനിഷ്ക്കാ വിമാനാപകടത്തെക്കാൾ വലിയ ഒരു അപകടമുണ്ടോ ? ആ വിമാനാപകടത്തെപ്പറ്റി ജുഡീഷ്യൽ എൻക്വയറി നടത്തിയപ്പോൾ അതിന് സാങ്കേതിക വിദഗ്ദ്ധൻമാരെ സഹായിക്കുകയാണ് ചെയ്തത്. അതിനേക്കാൾ വലുതുണ്ടോ ? ഇടമലയാറിൻെറ ജുഡീഷ്യൽ എൻക്വയറി എന്നു പറയുന്നത് സാങ്കേതിക വിദഗ്ദ്ധൻമാരുടെ സഹായത്തോടുകൂടിയുള്ള എൻക്വയറിയാണ്. ആ എൻക്വയറി നടത്താൻ നിങ്ങൾക്ക് ധൈര്യമുണ്ടോ ? ഇവിടെ വന്നിട്ട് ആളുകളുടെ കണ്ണിൽ പൊടിയിടാൻ ബഡായി പ്രസംഗം നടത്തുകയാണ്. കല്ലടയെ സംബന്ധിച്ച് ചോദ്യോത്തര സമയത്ത് പറഞ്ഞു. മെയ് 13 മുതൽ 18 വരെ വേൾഡ് ബാങ്കിൻെറ സ്റ്റഡി ടീം വന്നിട്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ ഇതിൻെറ കൊള്ളരുതായ്മയെപ്പറ്റി പറഞ്ഞിട്ടുണ്ട്. നിങ്ങൾ അതിന് എന്തെങ്കിലും നടപടിയെടുത്തോ ? ഡാം റിവ്യൂപാനലിൻെറ റിപ്പോർട്ട് 7 എണ്ണം വന്നിട്ടുണ്ട്. അതിലും ഇതിൻെറ കൊള്ളരുതായ്മയെപ്പറ്റി പറഞ്ഞിട്ടുണ്ട്. കേരളശബ്ദത്തിൽ വന്നിട്ടുള്ള ഒരു വാർത്തയുടെ അടിസ്ഥാനത്തിൽ ശ്രീ. എം. പി. ഗംഗാധരൻ തന്നെ ഇതിൽ അഴിമതി നടന്നിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ട് അന്വേഷണത്തിന് ആവശ്യപ്പെട്ടു. ആ ഫയൽ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് അയച്ചു. അതിന് എന്തുനടപടിയാണ് എടുത്തത് ?

LIBRARY ARCHIVES Kerala Legislative Assembly

അവിടെ സിമൻറ് തിരിമറി നടന്നു, സിമൻറ് ചേർക്കാതെ വർക്ക് നടത്തിയവരുടെ പേരിൽ ഡിസിപ്ലിനറി ആക്ഷൻ എടുക്കാൻ ഗവൺമെൻറിനോട് ആവശ്യപ്പെട്ടിരുന്നതാണ്. എന്തു നടപടിയാണ് എടുത്തത്. ശ്രീ. എം. പി. ഗംഗാധരനോട് ഞാൻ ഒരു കാര്യം പറയുകയാണ്. നിങ്ങളുടെ കൈ പരിശുദ്ധമല്ല. നിങ്ങളും ഈ രാജ്യത്തെ കൊള്ളമുതൽ പങ്കുവയ്ക്കുന്ന കരുണാകരൻ കമ്പനിയുടെ പാർട്ണറാണ്. അതുകൊണ്ട് നിങ്ങളുടെ കൈ പരിശുദ്ധമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. നിങ്ങളെപ്പറ്റി സീതിഹാജി എന്താണ് പറഞ്ഞത് ? സ്വന്തം കക്ഷിയിലെ ആളുകളാണ് പറയുന്നത്.

കല്ലട ഡാമിൻറെ ക്വാളിറ്റി കൺട്രോളിനെപ്പറ്റി പറഞ്ഞു. അത് ലോകബാങ്ക് പറഞ്ഞതിനുശേഷമാണ്. അതിന് അവിടത്തെ എഞ്ചിനീയർമാർ ഉത്തരവാദികളാണ്. ക്വാളിറ്റി കൺട്രോൾ നടത്തിയതും വർക്ക് സൂപ്പർവിഷൻ നടത്തിയതും അവിടത്തെ എഞ്ചിനീയർമാരാണ്. അവിടത്തെ ജുഡീഷ്യറിയും എക്സിക്യൂട്ടീവും ബ്രിട്ടീഷുകാർ നടത്തുന്നതുപോലെയാണ് നടത്തിയത്. ഈ രാജ്യത്ത് അഴിമതിയെപ്പറ്റി വാർത്തയില്ലാതെ ഒരു ദിവസം പോലും പത്രം കാണാൻ കഴിയുകയില്ല. ബൊവറേജ് കോർപ്പറേഷനെപ്പറ്റി എന്താണ് പറഞ്ഞത് ? പറഞ്ഞപ്പോൾ ശ്രീ. ശ്രീനിവാസൻ അത് നിഷേധിച്ചു. 30 ലക്ഷം രൂപയുടെ വിദേശമദ്യം കച്ചവടം നടത്തിയിട്ട് അഞ്ചുകോടി രൂപ തട്ടിപ്പ് നടത്തിയെന്നുള്ള ആരോപണം ഇവിടെ എഴുതിത്തന്നു. അന്വേഷണത്തിന് നിങ്ങൾ തയ്യാറുണ്ടോ ? അതിന് നിങ്ങൾ തയ്യാറില്ല. അതുപോലുള്ള കുംഭകോണങ്ങളുടെ കുംഭമേളയായിട്ടുള്ള ഒരു ഭരണമാണ് ഇവിടെ നടക്കുന്നത്. ഈ രാജ്യത്തെ ജനങ്ങളുടെ ഒരു പ്രശ്നവും പരിഹരിക്കാൻ പോകുന്നില്ല. സർക്കാർ ജീവനക്കാർ ആഗസ്റ്റ് 7-ാം തീയതി പൊതുപണിമുടക്കാണ്. പ്രതിപക്ഷ പാർട്ടി പറയുന്നതിൽ ക്ലേശിക്കേണ്ട. കോൺഗ്രസ് (ഐ) യെ പിൻതുണയ്ക്കുന്ന ജീവനക്കാരുമില്ലേ ?

സർ, കേരളത്തിലെ നാലു ലക്ഷത്തിഇരുപത്തയ്യായിരം വരുന്ന ഗവൺമെൻറ് ജീവനക്കാർ ആഗസ്റ്റ് 7-ാം തീയതി മുതൽ പണിമുടക്കാൻ പോകുകയാണ്. അവർ ജൂലൈ 16-ാംതീയതി ഒരു സൂചനാ പണിമുടക്ക് നടത്തിയിരുന്നു. ഇപ്പോൾ മുഖ്യമന്ത്രി പറയുന്നത് അവരുമായി യാതൊരു കൂടിയാലോചനയും ഇല്ലെന്നാണ്. പ്രൈവറ്റ് കമ്പനി ഉടമകളെ കാണിക്കുന്ന മര്യാദയെങ്കിലും ഇവിടത്തെ ജീവനക്കാരോട് ഗവൺമെൻറ് കാണിക്കണ്ടേ ? ശമ്പളത്തിനും ഡി. എ.ക്കും കൂടി 500 കോടി രൂപ വേണമെന്നു ശ്രീ മാണി പറയുന്നു. 5 വർഷത്തിലൊരിക്കൽ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കാം എന്ന് 1983-ൽ പ്രഖ്യാപിച്ചിരുന്നതല്ലേ ? അങ്ങനെ നടപ്പിൽ വരുത്തിയിരുന്നെങ്കിൽ 8-ാം ധനകാര്യ കമ്മീഷനു മുമ്പിൽ ഈ 500 കോടി രൂപയുടെ അധികബാദ്ധ്യത ചൂണ്ടിക്കാണിക്കാനും അതിൻറെ സഹായം വാങ്ങാനും സാധിക്കുമായിരുന്നില്ലേ ? നിങ്ങൾ ജീവനക്കാരോട് മാത്രമല്ല സംസ്ഥാനത്തോടും ദ്രോഹമാണ് ചെയ്തിരിക്കുന്നത്. ഈ സംസ്ഥാനം ഭരിക്കാനുള്ള അർഹതയെപ്പറ്റി കഥാപ്രസംഗം നടത്തിയിട്ട് കാര്യമില്ല. എൻറെ സുഹൃത്ത് ശ്രീ. പി. എം. അബൂബക്കർ വളരെ വേദനയോടുകൂടി അദ്ദേഹവും ഞാനും കൂടി സഹിച്ച യാതനകളെപ്പറ്റിയൊക്കെ പറയുന്നതു കേട്ടു. ഞങ്ങൾക്ക് അതൊന്നും വലിയ കാര്യമല്ല. ബംഗാളിലെ മുസ്ലീം വോട്ട് കിട്ടുന്നതിനു വേണ്ടിയാണോ ശരിയത്തിനെ എതിർക്കാത്തതെന്നു ചോദിച്ചു. ഞങ്ങൾ ശരിയത്തിനെ എതിർക്കാൻ പോയിട്ടില്ല. അബൂബക്കർക്ക് അപ്പുറം ചേരണമെങ്കിൽ ചേർന്നാൽ മതി. ലീഗുകാർക്ക് കരുണാകരൻറെ കൂടെ കൂടാൻ മോഹമെങ്കിൽ കൂടിക്കോ. അതിന് ഞങ്ങളെ എന്തിനു പഴി പറയുന്നു ? കഴിഞ്ഞ പാർലമെൻറ് തെരഞ്ഞെടുപ്പിൽ സീതിഹാജി അപ്പുറത്ത് നിന്നിട്ട് ശരിയത്തിനു വിരുദ്ധമാണ് മാർക്സിസ്റ്റ് പാർട്ടി എന്നു പറഞ്ഞപ്പോൾ അന്നു ഞാനും പി. എം. അബൂബക്കറും അങ്ങനെയല്ല എന്നു ഏകസ്വരത്തിൽ പറഞ്ഞില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ പാർലമെൻറ് തെരഞ്ഞെടുപ്പിനും മഞ്ചേരി ഉപതെരഞ്ഞെടുപ്പിനും അതിനുശേഷം നടന്ന അസംബ്ലി തെരഞ്ഞെടുപ്പിനും അങ്ങനെ പറഞ്ഞില്ലേ? നമ്മൾ ഒരുമിച്ചല്ലേ അന്നു പ്രസംഗിച്ചത്? എന്നിട്ടിപ്പോൾ ശ്രീ കുഞ്ഞാലിക്കുട്ടിയും കൊരമ്പയിൽ അഹമ്മദ് ഹാജിയും ചവച്ചു തുപ്പിയിട്ട കരിമ്പിൻ ചണ്ടിക്കു പിന്നാലെ പോയിരിക്കുന്നു. ബംഗാളിലെ സുപ്രീം കോടതി വിധിയെ ആരും എതിർത്തിട്ടില്ല. സഖാവ് ഇ. എം. എസ്., ഉൾപ്പെടെയുള്ള എല്ലാ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കൻമാരും പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയും ഇറക്കിയ പ്രസ്താവനയിൽ ഞങ്ങൾ അത് വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. ഞങ്ങൾ ശരിയത്തിനെയല്ല എതിർക്കുന്നത്. ഞങ്ങൾക്ക് ശരിയത്തിനെ എതിർക്കലല്ല ജോലി. ഞങ്ങൾ ഹിന്ദുമതത്തേയോ ക്രിസ്ത്യൻ മതത്തേയോ എതിർക്കുന്നില്ല. മതത്തിൽ വിശ്വസിക്കുന്നവർക്കു വിശ്വസിക്കാം. അല്ലാത്തവർക്ക് വിശ്വസിക്കാതിരിക്കാം. അതാണ് ഇൻഡ്യയുടെ മതേതരത്വ ഭരണഘടന. ഇത് പാകിസ്ഥാനല്ല. ഇത് ബി. ജെ. പി. വിചാരിക്കുന്ന ഹിന്ദുസ്ഥാനുമല്ല. ഇത് മതേതരത്വ രാജ്യമാണ്. അതിൻറെയടിസ്ഥാനത്തിൽ മതേതരത്വത്തെ എതിർക്കലല്ല ഞങ്ങളുടെ ജോലി. (ബഹളം)

ശ്രീ. കെ. എം. മണി: സർ, മതം മനുഷ്യനെ കറക്കുന്ന കറുപ്പാണെന്ന് അങ്ങ് വിശ്വസിക്കുന്നുണ്ടോ?

ശ്രീ. എം. വി. രാഘവൻ: സർ, ശ്രീ. മാണിക്ക് എങ്ങനെ വേണമെങ്കിലും വിശ്വസിക്കാം. ഞങ്ങളുടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിശ്വാസത്തിൻറെ കാര്യമാണ് ഞാൻ പറഞ്ഞത്. അതിൽ ഏതു മതത്തിലും വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. പക്ഷേ പാവപ്പെട്ട ഒരു പെൺകുട്ടിയെ കല്യാണം കഴിച്ച് അതിന് നാലോ അഞ്ചോ കുട്ടികളുമായാൽ അതിന് ഭർത്താവ് ചെലവിനു കൊടുക്കേണ്ട, അത് തെരുവ് തെണ്ടണമെന്നു പറഞ്ഞാൽ അത് തെറ്റാണെന്നു പറയുന്നത് ശരിയത്തിനും ഖുറാനും വിരുദ്ധമാണെന്നു പറയുന്നത് ശരിയല്ല. ഖുറാൻറെ 2-ാം അദ്ധ്യായം 249-ാം സൂക്തം ഉദ്ധരിച്ചുകൊണ്ടാണ് സുപ്രീം കോടതി വിധി പറഞ്ഞത്. മെമ്പർമാർ ഇത് വായിച്ചുമനസ്സിലാക്കണം. യൂണിയൻ ലീഗുകാരുടെ നേതാവ് ശ്രീ. പാണക്കാട് തങ്ങളെ വിമർശിക്കണമെന്ന് ഞാൻ ഉദ്ദേശിച്ചില്ല. നിലമ്പൂർ മണ്ഡലത്തിലെ ഇടക്കര പഞ്ചായത്തിൽ നദീറ എന്നു പറയുന്ന സ്ത്രീ തൻറെ ഭർത്താവ് രണ്ടാം വിവാഹം കഴിച്ചാൽ തൻറെ മൂന്നു കുട്ടികളെയും കൊന്ന് താൻ മരിക്കുമെന്ന് പള്ളി അധികൃതർക്ക് എഴുതി കൊടുത്തു. അപ്പോൾ പാണക്കാട് തങ്ങൾ വിവാഹകാര്യവുമായിട്ട് വരുന്നു എന്നല്ലേ പള്ളി ഖാസി പറഞ്ഞത്. പാണക്കാട് തങ്ങൾ കൊടുത്ത കത്ത് ഞാൻ വായിക്കാം. ആ കത്തിൽ പറയുന്നത് 2-ാം വിവാഹം ആവശ്യപ്പെട്ടുവരുന്നു, വേണ്ടതു ചെയ്തുകൊടുക്കണമെന്നാണ്. അങ്ങനെ പറയുന്നതിൻറെ അർത്ഥമെന്താണ്? ഇവർക്ക് വിശക്കുന്നു. ഭക്ഷണം വേണമെന്നല്ലേ? മുസ്ലീം ലീഗിൻറെ അനിഷേധ്യനേതാവായ പാണക്കാട് തങ്ങൾ കത്ത് കൊടുത്തിട്ട് 2-ാം വിവാഹം നടത്തപ്പെട്ട നദീറ എന്നു പറയുന്ന പാവപ്പെട്ട.....(ബഹളം)

ഞാൻ ഉദ്ധരിച്ചത് ചന്ദ്രിക ദിനപ്പത്രത്തിൽ വന്ന കാര്യമാണ്. മൂന്ന് കുട്ടികളുള്ള ഒരു സ്ത്രീയെ കിണറ്റിൽ തള്ളിയിട്ടു കൊന്ന നിങ്ങൾ മനുഷ്യത്വമുള്ളവരാണോ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി ഞാൻ യൂണിയൻ മുസ്ലീം ലീഗുകാരോട് പറയട്ടെ ശരിയത്തിൻറെ ക്രിമിനൽ വശംകൂടി നടപ്പിൽ വരുത്താൻ നിങ്ങൾ ഒരു പ്രക്ഷോഭണം ആരംഭിക്കണം. ഞങ്ങൾ കട്ടവൻറെ കൈ വെട്ടുവാനും വ്യഭിചരിക്കുന്നവനെ എറിഞ്ഞുകൊല്ലുവാനും അതുപോലെ മദ്യം ഉണ്ടാക്കുന്നവരെ എറിഞ്ഞുകൊല്ലുവാനും ശരിയത്തിനു ക്രിമിനൽ

LIBRARY ARCHIVES Kerala Legislative Assembly

നടപടി നടപ്പിൽ വരുത്തുവാനും മാർക്സിസ്റ്റ് പാർട്ടി സഹകരിക്കാൻ തയ്യാറാണ്. നിങ്ങൾ പ്രക്ഷോഭണം കൂട്ടുമോ ? അതിന് യൂണിയൻ മുസ്ലീം ലീഗിനു ധൈര്യം ഉണ്ടോ ? ഞാൻ ഈ സപ്ലിമെൻററി ഡിമാൻഡിനെ ഒരിക്കൽ കൂടി എതിർക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട ശ്രീ. രാഘവൻ ഇവിടെ പ്രസംഗിച്ചത് സപ്ലിമെൻററി ഡിമാൻറി നേക്കാൾ കൂടുതലായി അവർ അടുത്തകാലത്ത് അഖിലേന്ത്യാ മുസ്ലീം ലീഗിനോടെടുത്ത സമീപനം നീതീകരിക്കുന്നതിനുവേണ്ടിയായിരുന്നു. എന്തായാലും ശ്രീ. രാഘവൻ ഒരബദ്ധം പറ്റിയത് ഇപ്പോൾ തിരുത്താൻ ശ്രമിക്കുകയാണ്. ബസ്സ് പോയി എന്നുമാത്രമേ ശ്രീ. രാഘവനോടു എനിക്കു പറയാനുള്ളു. കഴിഞ്ഞ അപ്രോപ്രിയേഷൻ പ്രതിപക്ഷ നേതാവ് പറഞ്ഞത് ഞങ്ങൾ നിങ്ങളെ വിട്ടു എന്നാണ്. ഇപ്പോൾ ശ്രീ. രാഘവൻ പറയുന്നത് ഞങ്ങൾ വിട്ടതല്ല നിങ്ങൾ പോയതാണ്. അബദ്ധം ഇനി തിരുത്താൻ കഴിയുകയില്ല. ബസ്സ് പോയി എന്നു പറഞ്ഞതിന്റെ കാരണം അതാണ്. ഈ സംസ്ഥാനത്തേയും ജനങ്ങളേയും സംബന്ധിച്ചിടത്തോളം ഇതിൽ കൂടുതൽ ഒരു രാഷ്ട്രീയ വിദ്ധ്വംസം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കാണിക്കാനുണ്ടോ ?

ശ്രീ. എം. വി. രാഘവൻ : സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയതൊരു വിദ്ധ്വംസവും കാണിച്ചിട്ടില്ല. അവർ വിട്ടുപോയതിൽ ഞങ്ങൾ അഭിമാനിക്കുകയാണ്.

ശ്രീ. കെ. എം. മാണി : സർ, എന്തായാലും നിങ്ങൾക്ക് ഇനി അവരെ തിരിച്ച് കിട്ടുകയില്ല. ശ്രീ. രാഘവന്റെ പ്രസംഗം കേട്ടിരിക്കാൻ വളരെ രസമായിരുന്നു. ആരോഹണാവരോഹണാ ക്രമത്തിൽ എപ്പോഴും പാപ്പരായ ഗവൺമെൻറ് പാപ്പരായ സപ്ലിമെൻററി ഡിമാൻഡ് പാപ്പരായ ബഡ്ജറ്റ് എന്നൊക്കെ പറഞ്ഞുകൊണ്ടിരിക്കും. സപ്ലിമെൻററി ഡിമാൻഡിന്റെ അർത്ഥം എന്താണ് ? ഇതൊരു പ്രവർത്തിക്കുന്ന ഗവൺമെൻറും പ്രവർത്തനാത്മക പരിപാടിയുമാണ്. ഈ സപ്ലിമെൻററി ഡിമാൻഡിന്റെ കാര്യത്തിൽ ശ്രീ. രാഘവൻ അതിന്റെ ഫിഗർ പോലും പരിശോധിച്ചിട്ടില്ല. പദ്ധതി ചെലവിനു ഉണ്ടായിരുന്നത് 3.36 കോടി രൂപയായിരുന്നല്ലോ ? ഈ സംസ്ഥാനത്തെ കൃഷ്യു ഡെവലപ്മെൻറ് കോർപ്പറേഷനു കശുവണ്ടി വാങ്ങുന്നതിനും പ്രോസസ് ചെയ്യുന്നതിനും വേണ്ടി ചെലവഴിച്ചത് 3 കോടി 62 ലക്ഷം രൂപയാണ്. ഈ രൂപ കണ്ടിജൻസി ഫണ്ടിൽ നിന്നു എടുത്തു ചെലവഴിച്ചത് റഗുലറൈസ് ചെയ്യുന്നതിനുവേണ്ടി ഈ സപ്ലിമെൻറി ഡിമാൻഡിനകത്ത് ഒരു പ്രൊവിഷനുണ്ടെന്നു ബഹുമാനപ്പെട്ട എം. വി. ആർ. ഓർത്തില്ല. തൊഴിലാളി കൾക്കുവേണ്ടി ചെയ്ത ആ ചെലവു റഗുലറൈസ് ചെയ്യുന്നതിനുവേണ്ടി കൂടി കൊണ്ടുവന്ന ഈ സപ്ലിമെൻററി ഡിമാൻഡിനെ എങ്ങനെ ശ്രീ. രാഘവനു എതിർക്കാൻ കഴിയും ? ഉപധനാഭ്യർത്ഥനകളിൽ 43 കോടി രൂപയാണ് ആകെയുള്ളത്. അതിൽ 3 കോടി 38 ലക്ഷം രൂപ കഴിച്ചാൽ ബാക്കി 40 കോടി രൂപ നോൺപ്ലാനാണ്.

സർ, ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ അദ്ധ്യക്ഷന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി നോൺ പ്ലാനിനുവേണ്ടി 40 കോടി രൂപ കൊണ്ടുവന്നിരിക്കുന്നുവെന്ന്. വികസനേതര ചെലവുകൾക്കുവേണ്ടി 40 കോടി രൂപ ചെവഴിക്കുന്നുവല്ലോയെന്ന് കേട്ടാൽ തോന്നും. അദ്ധ്യക്ഷനോട് എനിക്കൊരു കാര്യം പറയാനുള്ളത് ഇവിടെ വികസനേതര ചെലവ് എന്നു പറയുന്നത് ഫ്ളഡ് റിലീഫ് അസിസ്റ്റൻസാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവനും നോൺ പ്ലാനായിട്ടാണ് നമ്മൾ പരിഗണിക്കുന്നത്. നോൺ പ്ലാൻ എന്നൊരു വാക്ക് കേട്ടതുകൊണ്ട് അത് ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം പ്രയോജനകരമല്ലാ എന്നൊരു ചിന്ത പാടില്ല. ഈ സംസ്ഥാനത്തെ ദുരിതാശ്വാസ പ്രവർത്തനം ഏറെടുക്കുന്നതിനുവേണ്ടി 40 കോടി രൂപ വകയിരുത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ആ നിലയിൽ ചിന്തിച്ച് കാണില്ല അദ്ദേഹം മറെറാരു കാര്യം പറഞ്ഞത് ബഡ്ജറ്റ് രൂപീകരിച്ച പ്പോഴും അത് ഓർത്തിരുന്നെങ്കിൽ ഇപ്പോഴും ഈ രൂപയും ചോദിക്കേണ്ട കാര്യമില്ലായിരുന്നുവെന്ന്. ഒരു ധനകാര്യ മന്ത്രിക്ക് ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴും ഇതുപോലുള്ള വെള്ളപ്പൊക്കമോ ദുരിതങ്ങളോ ഉണ്ടാകുമെന്ന് ഓർക്കാൻ കഴിയുമോ ? ഒരു കാലത്തും ഉണ്ടാകാത്ത വിധത്തിലുള്ള വെള്ളപ്പൊക്ക ദുരിതമാണ് ഇപ്പോഴും ഉണ്ടായിരിക്കുന്നത്. നമുക്ക് 743 കോടി രൂപയുടെ നാശ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്രയും കെടുതികൾ അനുഭവിക്കുന്ന ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അവശ്യമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ എറെടുക്കുന്നതിനുവേണ്ടി ഗവൺമെൻറ് വളരെയധികം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എല്ലാ വിഭാഗം ജനങ്ങളുടെ അനുമോദനവും പ്രശംസയും പിടിച്ചുപറിയ ഈ ഗവൺമെൻറിൻെറ പ്രവർത്തനം എത്രയോ ശ്ലാഘനീയമാണെന്ന് ഞാൻ ഓർക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ : സർ, വളരെയധികം അനുമോദനമാണല്ലോ ഇപ്പോൾ അർഹിക്കുന്നത്. 1983-84 ൽ വരൾച്ചയും വെള്ളപ്പൊക്കവുംകൊണ്ട് 1000 കോടി രൂപ 1984-85 ൽ വെള്ളപ്പൊക്കംകൊണ്ട് 763 കോടി രൂപ നിങ്ങളുടെ ബഡ്ജറ്റ് വച്ചത് 1984 മാർച്ചിലാണ്. പഴയ കിട്ടാതെ കിടന്ന 40 കോടി രൂപയുടെ കടമാണ് തന്നത്. ആ കണക്ക് വച്ചിട്ട് പണം അതിന് നീക്കികൂടായിരുന്നോ ?

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് വളരെ ബഹുമാനത്തോടെ പറയട്ടെ ഇത് ഇപ്രാവശ്യത്തെ വെള്ളപ്പൊക്ക കെടുതികളുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി നമുക്കുള്ള മാർജിൻ മണിയായിട്ട് വച്ചിരിക്കുകയാണ്. ഇവിടെ സെൻട്രൽ ടീം വന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംബന്ധിച്ച് നമുക്കു കിട്ടുന്ന സഹായത്തെപ്പററി ഒരു വ്യക്തമായ ധാരണയില്ലാതെ പോയിരിക്കുന്നതുകൊണ്ടാണ് ഇതിൻെറ പ്രാധാന്യം മനസ്സിലാക്കാൻ കഴിയാത്തത്. അപ്പോൾ ഈ വെള്ളപ്പൊക്കത്തെ സംബന്ധിച്ച്, നമുക്ക് കിട്ടുന്ന ഗ്രാൻറ് എങ്ങനെയാണ" കിട്ടുന്നത് എന്നതിനെ സംബന്ധിച്ച് നമുക്കു പൂർണ്ണമായ ഒരു ഗ്രാഹ്യം വേണം. സെൻട്രൽ ടീം ഇന്നോ നാളയോ റിപ്പോർട്ട് കൊടുക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും ദൽഹിയിലുണ്ട്. സെൻട്രൽ ടീം റിപ്പോർട്ട് ഹൈലവൽ കമ്മിററിക്ക് സമർപ്പിച്ചാൽ അതിനുശേഷം കേന്ദ്ര ധനകാര്യവകുപ്പു പരിശോധിച്ചതിനുശേഷം ഒരു സീലിംഗ് ഓഫ് എക്സപെൻഡിച്ചർ നിശ്ചയിക്കും. അതായത് ഈ രാജ്യത്തെ ദുരിതാശ്വാ പ്രവർത്തനങ്ങൾക്കുവേണ്ടി എത്ര കോടി രൂപ ചെലവഴിക്കേണ്ട ആവശ്യമുണ്ടായിരിക്കുന്നു എന്ന് തീരുമാനിക്കും. അതാണ് സീലിംഗ് ഓഫ് എക്സ്പെൻഡിച്ചർ എന്ന് പറയുന്നത്. ഈ രാജ്യത്ത് ചെലവഴിക്കേണ്ട തുക എത്രയാണെന്ന് നിർണ്ണയിക്കുക. ആ നിർണ്ണയിക്കുന്ന തുക കേന്ദ്ര സഹായമല്ല. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി കേളത്തിൽ എത്രമാത്രം തുക ചെലവഴിക്കണമെന്ന് ധനകാര്യവകുപ്പു നിർണ്ണയിച്ചു കഴിഞ്ഞാൽ ആ തുക മുഴുവൻ കേന്ദ്ര ഗവൺമെൻറ് നൽകുകയില്ല. നമ്മുടെ നോംസ് അനുസരിച്ച് അതിൽ 75 ശതമാനമാണ്. കേന്ദ്ര ഗവൺമെൻറ് തരുന്നത്. ബാക്കി 25 ശതമാനം നമ്മുടെ ഗവൺമെൻറ് തന്നെ മാർജിൻ മണിയായി വയ്ക്കണം എന്നുള്ളതാണ് സാധാരണ ഗതിയിൽ ഇപ്പോൾ അനുവർത്തിച്ച് വരുന്ന ഒരു ധാരണ. ഈ 75 ശതമാനമായിട്ട് കേന്ദ്ര ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാന്റു നിർത്തുകയാണെങ്കിൽ, മാർജിൻ മണിയില്ലാതെ ഇപ്പോഴത്തെ ആ 75 ശതമാനം കിട്ടുകയില്ലാത്തതുകൊണ്ട്, 75 ശതമാനമെങ്കിലും വാങ്ങിയെടുക്കുന്നതിനുവേണ്ടി നമ്മളെ മാർജിൻ മണിയായിട്ട് ബഡ്ജറ്റിനകത്ത് കുറച്ചു തുക വച്ചു എന്നേയുള്ളു.

ശ്രീ. ഇ. കെ. നായനാർ : സർ, അസംബ്ലിയെ തെറ്റിദ്ധരിപ്പിക്കരുത്. 7-ാം ധനകാര്യ കമ്മീഷൻ റെക്കമെന്റേഷൻ നടത്തിയിട്ടുണ്ട്. 8-ാം ധനകാര്യ കമ്മീഷൻ തന്നെ 7-ാം ധനകാര്യ കമ്മീഷന്റെ റെക്കമെന്റേഷൻ അംഗീകരിച്ച് കൊടുത്തിട്ടുണ്ട്. അതായത് സാധാരണ ഗതിയിലുള്ള വെള്ളപ്പൊക്കമാണെങ്കിൽ രണ്ടരകോടി നിങ്ങൾ ചെലവു ചെയ്താൽ രണ്ടര കോടി കേന്ദ്രം തരും. അതിനേക്കാളും വലിയ വെള്ളപ്പൊക്കമാണെങ്കിൽ 75 ശതമാനം തരും. എക്സ്ട്രാ ഓർഡിനറി വെള്ളപ്പൊക്കമാണെങ്കിൽ 100 ശതമാനവും കേന്ദ്രം തരണം. ഇത് എഴുതി വച്ചിട്ടുണ്ട്. ശ്രീ. കെ. എം. മാണി പറഞ്ഞ 75 ശതമാനമല്ല 7-ാം ധനകാര്യ കമ്മീഷൻ എഴുതി വച്ചത്. 8-ാം ധനകാര്യ കമ്മീഷനും റെക്കമെന്റ് ചെയ്തിട്ടുണ്ട്. അതാണ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചത്. ഇവിടെ പറയുന്നത് 75 ശതമാനമാണ് ഇപ്പോഴത്തരുന്നത് എന്നാണ്.

ശ്രീ. കെ. എം മാണി : സർ, ബഹുമാനപ്പെട്ട ഇ. കെ. നായനാർ ഇത് അങ്ങ് കൊണ്ടുവന്ന ഒരു കാര്യമല്ല ഞാൻ തന്നെ ശ്രീ. ഭൂട്ടാസിംഗ് കൊച്ചിയിൽ വന്ന് ചർച്ച ചെയ്തപ്പോഴും ഇക്കാര്യം പറയുകയുണ്ടായി. ഞാൻ തന്നെ കേന്ദ്ര ധനകാര്യമന്ത്രി ശ്രീ. വി. പി. സിംഗിനോടും ഇക്കാര്യം പറയുകയുണ്ടായിട്ടുണ്ട്. കഴിഞ്ഞ അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചാ വേളയിൽ 7-ാം ധനകാര്യ കമ്മീഷന്റെ നോംസിന്റെ അടിസ്ഥാനത്തിൽ സിവിയർ ആയിട്ടുള്ള കലാമിറ്റി ഉണ്ടായിട്ടുണ്ടെന്നു കേന്ദ്ര ഗവൺമെന്റിനു ബോദ്ധ്യമുണ്ടെങ്കിൽ 75 ശതമാനം ഗ്രാന്റായി നിർത്താതെ ആ എക്സ്പെൻഡിച്ചർ മുഴുവൻ കേന്ദ്ര ഗവൺമെന്റിനു തരാൻ കഴിയുന്നതാണെന്ന് ഞാൻ തന്നെ പറയുകയുണ്ടായി. അപ്പോൾ ഇവിടെ തർക്കത്തിനു കാര്യമില്ല.

750 കോടിയോളം രൂപയുടെ കെടുതികൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളതിനെ സംബന്ധിച്ചിടത്തോളം ഇതൊരു എക്സ്ട്രാ ഓർഡിനറി വെള്ളപ്പൊക്കമായതുകൊണ്ട്, വെയിസ് ആൻഡ് മീൻസിനു ബുദ്ധിമുട്ടി നില്ക്കുന്ന കേരളാ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആ വെയ്സ് ആൻഡ് മീൻസിന്റെ ബുദ്ധിമുട്ടിനു പുറമേ നാലിലൊന്നു തുകയും കൂടിയുണ്ടാക്കണമെന്ന് വച്ചാൽ അത് ബുദ്ധിമുട്ടാണ്. ഉദാഹരണമായി പറഞ്ഞാൽ 750 കോടി രൂപ കേന്ദ്ര ഗവൺമെന്റ് എക്സ്പെൻഡിച്ചർ സീലിംഗ് വച്ചുയെന്ന് വിചാരിക്കുക. അവർ 700 കോടി രൂപ തരുകയാണെങ്കിൽ നമ്മൾ 150 കോടി രൂപയുണ്ടാക്കണം. അവർ 200 കോടിയാണ് തരുന്നതെങ്കിൽ നമ്മൾ 50 കോടി രൂപയുണ്ടാക്കണം. വളരെ ബുദ്ധിമുട്ടി നില്ക്കുന്ന കേരള ഗവൺമെന്റ് ആ കിട്ടുന്ന തുക മേടിച്ചെടുക്കാൻ വേണ്ടി പുതുതായി ഒരു 50 കോടി രൂപയോ 150 കോടി രൂപയോ ഉണ്ടാക്കണമെന്ന് പറഞ്ഞാൽ അത് വളരെ ശ്രമകരമായ ഒരു കാര്യമാണ്. അതുകൊണ്ട് ഈ കാര്യത്തെ സംബന്ധിച്ച് 7-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയിൽ പറയുന്നതുപോലെ നമുക്ക് മുഴുവനും ഗ്രാന്റായിട്ട് തരണമെന്നാണ് കേരള ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂമന്ത്രിയുമൊക്കെ കൂടിയ ഉത്തരവാദിത്തത്തോടുകൂടി ഈ ആവശ്യം മുന്നോട്ട് വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഞങ്ങളുടെ ആ നിലപാടിനെ സംബന്ധിച്ച് ഒട്ടും സംശയിച്ചിട്ട് കാര്യമില്ല. അങ്ങ് പറഞ്ഞത് ശരിയാണ്. ആ നിലക്ക് കേരളത്തെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റ് കേരളത്തിന്റെ ബുദ്ധിമുട്ടുകൾ നോക്കേണ്ടതാണ്. അതനുസരിച്ചുള്ള ഒരു പരിഗണന നമുക്കു തരേണ്ടതാണ്. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു തെറ്റിദ്ധാരണയുണ്ട്. ബഹുമാനപ്പെട്ട എം. വി. രാഘവൻ ഇപ്പോൾ പ്രസംഗിച്ചു. "ഇപ്പോൾ കോളായല്ലോ, കാര്യങ്ങളൊക്കെ നടക്കുമല്ലോ, ഇത് കിട്ടിയില്ലായിരുന്നുവെങ്കിൽ" എന്നൊക്കെ. ഇവിടെ ഒരു തെറ്റിദ്ധാരണയുള്ളത് കേന്ദ്രത്തിൽ നിന്നും ഏതെങ്കിലും രൂപ കിട്ടിയാൽ അത് വെയ്സ് ആൻറ് മീൻസിനുവേണ്ടി ഉപയോഗിക്കാമെന്നാണ്. ഞാൻ ധനകാര്യമന്ത്രി എന്നുള്ള നിലയിൽ പറയുകയാണ് ഇതിൽ ഒറ്റ പൈസപോലും കേരളാ ഗവൺമെൻറിൻെറ വെയ്സ് ആൻറ് മീൻസിനുവേണ്ടി ഉപയോഗിക്കാൻ കഴിയുകയില്ല. കേരളാ ഗവൺമെൻറിൻെറ സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ഒരു പരിഹാരമായി ഇതിൽ ഒരു പൈസപോലും നമുക്ക് വിനിയോഗിക്കാൻ കഴിയുകയില്ലായെന്നുള്ള സത്യം നമ്മുടെ നിയമസഭയിലെ ബഹുമാനപ്പെട്ട മെമ്പർമാർ മനസ്സിലാക്കിയിരിക്കണം. കുറച്ചു രൂപ കിട്ടിയാൽ അത് മറ്റു കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കണം. എങ്ങനെ ചെലവഴിക്കണമെന്ന് നോംസിനകത്ത് പറഞ്ഞിട്ടുണ്ട്. ഓരോ കാര്യങ്ങൾക്കുവേണ്ടി നമ്മൾ അത് ചെലവിടണം. ചെലവിട്ടു കഴിഞ്ഞാൽ ഇൻസ്റ്റാൾമെൻറായിട്ടാണ് നമുക്കു ഇതിൻെറ തുക കിട്ടുന്നത്. നമ്മൾ പറയുന്ന ഓരോ കാര്യങ്ങൾക്കും വേണ്ടി—ഇറിഗേഷൻ ഹൗസിംഗ് റോഡിനു—ഐറ്റം ഐറ്റമായി തിരിച്ചാണ് രൂപ തരുന്നത്. ആ രൂപ നമ്മൾ ആ വക കാര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചിരിക്കണം. നമ്മൾ നമ്മുടെ ഷെയർകൂടി ഇട്ട് ചെലവഴിച്ച് കഴിയുമ്പോൾ ഓരോ ഇൻസ്റ്റാൾമെൻറു ആയിട്ടാണ് കിട്ടുന്നത്. അതിൻെറ ഫൈനൽ ക്ലിയറൻസ് വരുന്നതിനുമുമ്പ് കേരള ഗവൺമെൻറ് അവർ നിർദ്ദേശിച്ചിരിക്കുന്ന നോംസ് അനുസരിച്ച് മുഴുവൻ തുകയും ചെലവഴിച്ചുവെങ്കിൽ മാത്രമേ കേന്ദ്ര ഗവൺമെൻറിൽ നിന്നും സഹായം നമുക്കു കിട്ടുകയുള്ളൂ. ഈ കാര്യത്തിൽ ഒരു സംശയവും വേണ്ട.

ശ്രീ. ഇ. കെ. നായനാർ : അവിടെയാണ് എൻെറ ചോദ്യം. കിട്ടുന്നതിൽ നിന്ന് എടുക്കാൻ പറ്റുകയില്ലായെന്ന് പറഞ്ഞല്ലോ. 1983-ലെ ബഡ്ജറ്റിൽ ഇതേ അസംബ്ലിയിൽ വച്ച് വരൾച്ചയുടേയും വെള്ളപ്പൊക്കത്തിൻേറയും ഫലമായിട്ട് കുട്ടനാട്ടിലെ കൃഷിക്കാർക്കും തൃശ്ശൂരിലെ കോൾനില കൃഷിക്കാർക്കും ഇരുപത്തിയഞ്ചു ശതമാനം വളം സബ്സിഡിയ്ക്കുവേണ്ടി പാസ്സാക്കിയതാണ്. അത് 1984-ലെ ബഡ്ജറ്റ് സമയത്ത് ഡോ. കെ. സി. ജോസഫ് പറഞ്ഞു, ഫിനാൻസിൽ എഴുതിയെങ്കിലും കൃഷിക്കാരനു ഇതുവരെ വളം സബ്സിഡി കിട്ടിയിട്ടില്ല എന്ന്. ആ പണം നിങ്ങൾ ഡൈവർട്ട് ചെയ്തു, മറ്റ് വഴിയിലേക്ക് തട്ടിമാറ്റി. അല്ലെങ്കിൽ സ്വന്തം ആവശ്യത്തിനുവേണ്ടി ഡൈവർട്ട് ചെയ്യുന്നത് അങ്ങേയറ്റം തെറ്റും കൊള്ളരുതായ്മയും വഞ്ചനയുമാണ്. അതിൻെറ യാഥാർത്ഥ്യത്തിനു ഡോ. ജോസഫും സാക്ഷിയാണ്.

ശ്രീ. കെ. എം. മാണി : വരൾച്ചയുടെ കാലഘട്ടത്തിൽ നമുക്ക് 40 കോടി രൂപ കിട്ടിയിട്ടുണ്ട്. അതിനുവേണ്ടി ചെലവഴിച്ചിട്ടുമുണ്ട്. ഒന്നും ഡൈവർട്ട് ചെയ്തിട്ടില്ല; ചെയ്യാൻ കഴിയില്ല. ഇതിനെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യത്ത് ഒരു പാട് കെടുതികളുണ്ടായിട്ടുണ്ട്. ആ കെടുതികളം പരിഹരിക്കാൻ വേണ്ടി, ഈ കെടുതിയിൽ നിന്ന് ജനങ്ങൾക്ക് ആശ്വാസം കിട്ടുന്നതിനുവേണ്ടി ഈ തുകകൾ വിനിയോഗിക്കും. എന്തായാലും 700 കോടി രൂപ കിട്ടിയേതീരൂ. അതിൽ യാതൊരു സംശയവുമില്ല. കേന്ദ്ര ഗവൺമെൻറ് നമുക്ക് മതിയായ തരത്തിൽ സാമ്പത്തിക സഹായം നല്കണം. അത് പൂർണ്ണമായും ദുരിതാശ്വാസത്തിനുവേണ്ടി കേരള ഗവൺമെൻറ് വിനിയോഗിക്കുന്നതാണ്. പക്ഷേ നമ്മുടെ കയ്യിൽ സാമ്പത്തികമായി കൂടുതൽ സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് ഇതിനുവേണ്ടി കൂടുതൽ തുക നമ്മുടെ ഷെയറായിട്ട് മുടക്കണമെന്നുള്ള നിബന്ധന കേന്ദ്ര ഗവൺമെൻറ് മുറുകെ പിടിക്കുന്നു. ബഹുമാനപ്പെട്ട എം. വി. ആർ. ചോദിച്ചത്, ഇവിടെ നിങ്ങൾക്ക് പ്ലാൻ ഇപ്പോൾ നടത്താൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമോ എന്നാണ്. ഇതെപ്പോഴും ഒരു സൂചിക നില്ക്കുന്നതുപോലെ നില്ക്കുകയില്ല. ഇതിനെ താഴ്ത്തിക്കൊണ്ടുവരുമെന്ന് ഞാൻ വളരെ അർത്ഥവത്തായിട്ടാണ് പറഞ്ഞത്. ആറാം പദ്ധതിയിൽ വികസനയിതര ചെലവ് 500 കോടി രൂപയായി ഉയർന്നിട്ടും 200 കോടി വർദ്ധിച്ചിട്ടും അങ്ങനെ 700 കോടി രൂപയുടെ അധിക ബാദ്ധ്യതയുണ്ടായിട്ടും നമുക്ക് കുറച്ച് 200 കോടിയിലേക്കു കൊണ്ടുവരാൻ കഴിഞ്ഞു. എന്നാൽ ഏഴാം പദ്ധതിയിലും വളരെ സമഗ്രമായ ആ ജോലി ഏറ്റെടുക്കുമെന്ന് നമുക്ക് ആത്മാർത്ഥമായ ധൈര്യമുണ്ട്. അങ്ങനെ ജോലി ഏറ്റെടുത്തുകൊണ്ട്, ഈ വെല്ലുവിളിയെ നേരിട്ടുകൊണ്ട്, ഭദ്രമായി ഈ ധനകാര്യ മനേജ്മെന്റ് നടത്തുമെന്നുള്ളതിൽ എനിക്ക് ശുഭാപ്തി വിശ്വാസമുണ്ട്. അതിനകത്ത് ബുദ്ധിമുട്ടുകളുണ്ടായിരിക്കാം. പക്ഷേ അതിനാവശ്യമായ നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കാൻ പോവുകയാണ്.

<u>ശ്രീ. എം. വി. രാഘവൻ</u> : വെറുമൊരു വ്യക്തിയുടെ ധീരതയേയും വീര്യത്തേയും കുറിച്ച് പ്രസംഗിക്കാൻവേണ്ടിയല്ല ഞാനിവിടെ പ്രസംഗിച്ചത്. 'ഞാൻ നടത്തും നടത്തും' എന്ന് ബഹുമാന്പ്പെട്ട മാണി പറഞ്ഞിട്ട് കാര്യമില്ല. എങ്ങനെ നടത്തും എവിടെനിന്ന് പണമുണ്ടാക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ ? വീരത്വം പറഞ്ഞിട്ട് കാര്യമില്ല.

<u>ശ്രീ. കെ. എം. മാണി</u> : ശ്രീ. എം. വി. രാഘവന്റെ പ്രസംഗം കേട്ടപ്പോൾ ഈ പ്രസംഗമല്ല ഞങ്ങൾ വരവു വയ്ക്കുന്നത്. കണക്കുകൾ കണക്കുകളാണ്. ഇക്കൊല്ലം 355 കോടി രൂപയാണ് പദ്ധതിക്കുവേണ്ടി വച്ചതെങ്കിൽ മൂന്നിലൊന്നു തുക ഇപ്പോൾ തന്നെ ചെലവഴിച്ചുകഴിഞ്ഞു. സപ്ലിമെന്ററി ഡിമാൻറുമായി കേരള ഗവൺമെന്റ് നിയമസഭയിൽ വരികയാണ്. ബഡ്ജറ്റിൽ വച്ച തുക ചെലവഴിച്ചിട്ടുണ്ടോയെന്നുള്ളതു നമ്മൾ നോക്കേണ്ടതാണ്. ഈ ഗവൺമെന്റ് പദ്ധതി തുകകൾ യഥാസമയത്ത് ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് ഒരു സംശയത്തിനും കാര്യമില്ല. ദുരിതാശ്വാസ പ്രവർത്തനങ്ങളും പദ്ധതികളും ഈ ഗവൺമെന്റ് പൂർത്തിയാക്കുമെന്ന് ഞാൻ അഭിമാനിക്കുകയാണ്. ഓവർഡ്രാഫ്റ്റ് നിർത്തുന്ന ഈ ചുറ്റുപാടിൽ ഇത് സാദ്ധ്യമാണോയെന്ന ചോദ്യം വരാം. ഇതിനെക്കുറിച്ച് അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചാവേളയിൽ ഉത്തരം പറഞ്ഞിട്ടുള്ളതാണ്. ഓവർഡ്രാഫ്റ്റ് നിർത്തുംമ്പോഴും പ്ലാനിന്റെ പ്രവർത്തനങ്ങൾക്കോ, പദ്ധതി പ്രവർത്തനങ്ങൾക്കോ, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കോ ഒരു കോട്ടവും വരുത്താതെ, ഒരു ബുദ്ധിമുട്ടും വരുത്താതെ മുന്നോട്ടു കൊണ്ടുപോകണമെന്നാണ് ഗവൺമെന്റിന്റെ നിലപാട്. കഴിഞ്ഞ പ്രാവശ്യത്തെ ഡി. എ. ചെലവുകൾ കേന്ദ്ര ഗവൺമെന്റ് വഹിക്കുകയാണെങ്കിൽ, ഈ ദുരിതാശ്വാസം മുഴുവനും ഗ്രാന്റായിട്ട് നൽകുകയാണെങ്കിൽ ഓവർഡ്രാഫ്റ്റ് നിറുത്തിയതിന്റെ ബുദ്ധിമുട്ടു കൂടാതെ നമുക്ക് കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയും. ഡി. എ. ചെലവ് തരുന്നില്ലായെങ്കിൽ ബുദ്ധിമുട്ട് ഉണ്ടാകും. ബഹുമാനപ്പെട്ട നായനാരും ഞാനും ആ ഒരു കാര്യത്തിൽ യോജിക്കുന്നു. എന്റെ ആർഗ്യുമെന്റ് ഡി. എ. ചെലവു അവർ തരികയാണെങ്കിൽ ബുദ്ധിമുട്ടില്ലാതെ കാര്യങ്ങൾ നീക്കാം. ഇല്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. അതൊക്കെ പരിഹരിച്ച് മുന്നോട്ടു കൊണ്ടുപോകണം. സാമ്പത്തിക അച്ചടക്കത്തിനുവേണ്ടി ചില നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതുപോലെ ദൈനംദിന സാമ്പത്തിക സ്ഥിതിയുടെ ഒരു മോണിറ്ററിംഗ് നടത്താനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. റിസർവ്വ് ബാങ്കിൽ ഓരോ ദിവസവും ബുക്ക് ചെയ്യുന്ന വരവും ചെലവും കംപ്യൂട്ടർ വഴി അനലൈസ് ചെയ്ത് ട്രഷറി ട്രാൻസാക്ഷനുമായി റിലേറ്റ് ചെയ്തുകൊണ്ട് പോകാറുണ്ട്. ഇതിന്റെ ഫലമായി ദൈനംദിന

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക സ്ഥിതിയെക്കുറിച്ച് കൂടുതൽ വിശദമായ അറിവ് ഇപ്പോൾ ലഭിക്കുന്നതാണ്. അങ്ങനെ കംപ്യൂട്ടറിന്റെ സഹായത്തോടുകൂടി തന്നെ ഡെയിലി മോണിറ്ററിംഗ് നടത്താനുള്ള നടപടികളും നമ്മൾ സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇതുപോലെ മന്ത്രിലി മോണിറ്ററിംഗും നടത്തുന്നുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ച ക്യാഷിന്റെ ഇൻ ഫ്ളോയും ഔട്ട് ഫ്ളോയും കൃത്യമായി മനസ്സിലാക്കുന്നതിനും ചെലവിനെ സംബന്ധിച്ച് വേണ്ടത്ര ശിക്ഷണം കൈവരുത്തുന്നതിനും വേയ്സ് ആൻഡ് മീൻസിനെക്കുറിച്ച് ഗവൺമെന്റിന് ഓരോ നിമിഷവും അറിയുന്നതിനും കംപ്യൂട്ടർവഴിയുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇതും ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ റിസൾട്ടിനുവേണ്ടി കംപ്യൂട്ടർ ഉപയോഗിച്ചതുപോലെയാകുമോ ?

ശ്രീ. കെ. എം. മാണി : സർ, ശാസ്ത്രത്തെ ഒരിക്കലും തെറ്റ് പറയാൻ പറ്റില്ല. ചില കംപ്യൂട്ടർ മെഷീനുകൾക്ക് തെറ്റു പറ്റിയിരിക്കാം. ശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം എവിടെയെങ്കിലും ഒരു കംപ്യൂട്ടറിന് അതിന്റെ ഡേറ്റായിൽ തെറ്റ് വന്നാൽ അത് എഞ്ചിന്റെ കുഴപ്പമല്ല, സയൻസിന്റെ കുഴപ്പമല്ല. നിങ്ങൾ ഇവിടെ ചെയ്യുന്ന ഡേറ്റായിൽ കുഴപ്പം വന്നാൽ എഞ്ചിൻ തെറ്റായ റിസൾട്ട് തരും. എന്നാൽ എനിക്ക് വളരെ ഉത്തമ വിശ്വാസം ഇക്കാര്യത്തിലുണ്ട്. ധനകാര്യവകുപ്പ് വളരെ കൃത്യമായ അറിവിന്റെ അടിസ്ഥാനത്തിൽ കറക്ടായിട്ട് ഉള്ള റിസൾട്ട് ഈ കംപ്യൂട്ടർവഴി ലഭിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. തന്നെയുമല്ല വേയ്സ് ആൻഡ് മീൻസിനെ സംബന്ധിച്ചിടത്തോളം.....

ശ്രീ. പോൾ ജോൺ : ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്, 1600 കോടി രൂപയായി കമ്മി വർദ്ധിപ്പിക്കുന്നതാണെന്ന്. ഈ സാഹചര്യത്തിൽ അടുത്ത പദ്ധതിക്കാലത്ത് അധിക നികുതി ചുമത്തിയോ, മിച്ചംവച്ചോ, കടം വാങ്ങിയോ സംസ്ഥാനം സ്വരൂപിക്കുന്ന പണം ആദ്യമായി ഈ കമ്മി നികത്താൻവേണ്ടി ഉപയോഗിക്കേണ്ടിവരും. കമ്മി നികത്താൻ കഴിഞ്ഞ് എന്തെങ്കിലും മിച്ചമുണ്ടെങ്കിൽ അതും പദ്ധതിയിൽ കേന്ദ്ര സഹായമായി ലഭിക്കുന്നതായിരിക്കും. ഇതൊക്കെയാണ് മന്ത്രിപറഞ്ഞിരിക്കുന്നത്. കമ്മി നികത്തിക്കഴിഞ്ഞ് എന്തെങ്കിലും മിച്ചമുണ്ടെങ്കിൽ എന്ന് ധനകാര്യമന്ത്രിതന്നെ സംശയിക്കുകയാണ് :

ശ്രീ. കെ. എം. മാണി : ഇതെല്ലാം മാർഗ്ഗങ്ങളാണ്. കമ്മി നികത്തും കമ്മി നികത്തിയിട്ട് മിച്ചമുണ്ടാകും. അതിൽ യാതൊരു സംശയവുമില്ല. അത് ഞാൻ ജനറലൈസ് ചെയ്തതാണ്. മിച്ചമുള്ളത് വേറെ കാര്യങ്ങൾക്ക് വിനിയോഗിക്കാൻ ഒക്കുകയില്ല, അത് പദ്ധതിയ്ക്കേ ഉപയോഗിക്കാൻ പറ്റുയെന്നുള്ള അർത്ഥത്തിലാണ് ഞാൻ പറഞ്ഞത്. ഇതൊക്കെ ഞാൻ പറഞ്ഞതുകൊണ്ട് നമ്മുടെ രാജ്യത്ത് സാമ്പത്തിക ബുദ്ധിമുട്ടില്ലായെന്ന് അർത്ഥമില്ല. ഞാനീ സഭയെ തെറ്റിദ്ധരിപ്പിക്കുകയല്ല. നമ്മുടെ രാജ്യത്ത് കാലാകാലമായ സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ട്. ബുദ്ധിമുട്ടുകൾക്കിടയിലും വളരെ ജാഗ്രതയോടുകൂടി കാര്യങ്ങൾ മുന്നോട്ടു നീക്കും. അതിന്റെ ഫലമായി ഏത് ബുദ്ധിമുട്ടുകളെയും തരണം ചെയ്തുകൊണ്ട് അതിജീവിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടു പോവുകയും പദ്ധതികൾ പൂർണ്ണവിജയത്തിലെത്തുകയും ദുരിതാശ്വാസപ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പിലാക്കുകയും ചെയ്യുമെന്നുള്ളതാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ : അടുത്തകാലത്ത് ഓവർഡ്രാഫ്റ്റിന്റെ പ്രശ്നം കൂടി വന്നതുകൊണ്ടാണ്. ഓവർഡ്രാഫ്റ്റിനെ മീഡിയം ടേം ലോണായിട്ട് കൺവർട്ട് ചെയ്തു. എന്നിട്ട് ഈ വർഷംതന്നെ ആ ലോണിന്റെ ഒരു പോർഷൻ കേന്ദ്രഗവൺമെന്റ് പിടിക്കുന്നു. കഴിഞ്ഞ പ്രാവശ്യം 40 കോടി രൂപ വരൾച്ചയ്ക്കു റിലീസ് ചെയ്തു. അതിൽ ഒരു പോർഷനും ഇപ്പോഴും പിടിക്കുന്നു. ഇത് രണ്ടുംകൂടി പ്ലാനിൽ അഡ്ജസ്റ്റ് ചെയ്ത് കുറയ്ക്കുകയല്ലേ ചെയ്യുന്നത്? അത് കണ്ടുപിടിക്കാൻ എവിടെയാണ് സാദ്ധ്യത?

ശ്രീ. കെ. എം മാണി : ഓവർഡ്രാഫ്റ്റ് മീഡിയം ടേം ലോണാക്കുന്നത്. അഞ്ച് വർഷംകൊണ്ട് അടച്ചുതീർക്കണം.

ശ്രീ. ബേബിജോൺ : അടുത്ത വർഷംതന്നെ കേന്ദ്രഗവൺമെന്റ് അതിന്റെയൊരു ഭാഗം പിടിക്കുന്നു. അതുപോലെതന്നെ കഴിഞ്ഞവർഷം വരൾച്ചയുടെ കാലത്ത് കൊടുത്തതിന്റെ ഒരു ഭാഗം ഈ വർഷം പിടിക്കുന്നു. അതെയും തുക നമ്മുടെ ഈ പദ്ധതിയിൽ കുറയില്ലേയെന്നാണ് ചോദിച്ചത് ?

ശ്രീ. കെ. എം. മാണി : നമ്മുടെ ആകെയുള്ള ഓവർഡ്രാഫ്റ്റിന്റെ പത്ത് ശതമാനം ഇക്കൊല്ലം പിടിക്കും. പിടിക്കരുതെന്നുള്ളതാണ് നമ്മുടെ ആഗ്രഹം. പിടിക്കുന്നുവെന്നുള്ളതിനു ഞാനെന്തു ചെയ്യാനാണ്? അത് കേന്ദ്രഗവൺമെന്റാണ്..... ശ്രീ. ബേബിജോൺ മന്ത്രിയായിരുന്ന കാലഘട്ടത്തിലും ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലും അവർ പിടിച്ചിട്ടുണ്ട്. നമ്മളം കൊടുത്തിട്ടുമുണ്ട്. ഇനിയും കൊടുക്കേണ്ടിവരും. പക്ഷേ അങ്ങനെ ഒന്നുമല്ലാത്ത ഒരു കാലഘട്ടം ഉണ്ടാകണമെന്ന് ഞാനും ആഗ്രഹിക്കുന്നുണ്ട്. അതൊക്കെ നമ്മുടെ വെറും ആഗ്രഹങ്ങളാണ്.

ശ്രീ. എം. വി. രാഘവൻ : നിങ്ങളം ആഗ്രഹിക്കുന്നത് വരണമെങ്കിൽ രാജീവ്ഗാന്ധിയുടെ ഭരണം ഇവിടെ നിന്നു പോകണം. ഈ നയം മാറണമെങ്കിലും ഈ ഭരണം മാറണം. അതിന് നിങ്ങളം തയ്യാറുണ്ടോ ?

ശ്രീ. കെ. എം. മാണി : രാജീവ്ഗാന്ധിയുടെ പേരിൽത്തന്നെ കാര്യങ്ങളം നേരെയാക്കിക്കൊണ്ടുപോകാൻ കഴിയുമെന്ന് ഞങ്ങളം ആശിക്കുന്നു. അതിൽ യാതൊരു സംശയവുമില്ല. ചെക്ക് ഡ്രോയിങ്ങിനെ സംബന്ധിച്ചിടത്തോളം പി. ഡബ്ലിയു. ഡി., ഫോറസ്റ്റ് എന്നീ ഡിപ്പാർട്ടുമെന്റുകളം വഴിയാണ് പണം ചെലവഴിക്കുന്നത്. ഇപ്പോഴം എടുത്തിരിക്കുന്ന നിലപാട് ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ ഈ അഡ്ജസ്റ്റ്മെന്റ് പൂർത്തിയാക്കണമെന്ന് പി. ഡബ്ലിയു. ഡി. യ്ക്കും ഫോറസ്റ്റിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതൊക്കെ സാമ്പത്തിക ശിക്ഷണത്തിനു വേണ്ടിയാണ് ഞാൻ പറയുന്നത്. ഇവിടെ 'ടൈഡ് ലോറർ ഓഫ് ക്രെഡിറ്റ്' സംപ്രദായം ഏർപ്പെടുത്താൽ പോവുകയാണ്. പ്രധാനപ്പെട്ട വർക്കുകൾക്ക് രൂപ പ്രൊവൈഡ് ചെയ്തിട്ടുണ്ടെങ്കിൽ അതിനുവേണ്ടിതന്നെ അത് ചെലവഴിക്കണം. മറ്റു കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ ഒക്കുകില്ല. പ്രധാനപ്പെട്ട ഏത് വർക്കിനുവേണ്ടിയാണോ രൂപ നീക്കിവച്ചിട്ടുള്ളത്, ആ വർക്കുകൾ നടക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ഇത് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ആ സംപ്രദായം നടപ്പിലാക്കാൻ ധനകാര്യവകുപ്പ് ഉദ്ദേശിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ : സർ, ഇപ്പോഴും ഓരോ വർക്കിലും ലാറർ ഓഫ് ക്രെഡിറ്റ് ആക്കാൻ പോകുന്നുയെന്നാണ് പറഞ്ഞത്. ഇപ്പോഴത്തന്നെ ലാറർ ഓഫ് ക്രെഡിറ്റ് ഉണ്ടെന്നാണ് എന്റെ അറിവ്. അതു മാറിയിട്ട് ഓരോ വർക്കും ഇയർ മാർക്ക് ചെയ്തു കൊണ്ട് അതിൽ ലാറർ ഓഫ് ക്രെഡിറ്റ് ഉണ്ടാക്കാൻ പോകുന്നുയെന്നാണ് ധനകാര്യമന്ത്രി പറഞ്ഞത്.

ശ്രീ. കെ. എം. മാണി : ഒരു കാര്യത്തിനുവേണ്ടി വച്ചിരിക്കുന്ന തുക മറ്റൊരു കാര്യത്തിനുവേണ്ടി ഡൈവർട്ട് ചെയ്യും. ചിലപ്പോഴൊക്കെ എക്സപ്ഷണലായിട്ട് റീ-അപ്രോപ്രിയേഷൻ വേണ്ടി വരും. ഏതെങ്കിലും ഒരു വലിയ കാര്യത്തിനുവേണ്ടി വച്ചിരിക്കുന്ന തുക അതിനുവേണ്ടി ചെലവഴിക്കാതെ മറ്റു കാര്യത്തിനുവേണ്ടി ഡൈവർട്ട് ചെയ്യുന്ന ഒരു സമ്പ്രദായം നമ്മുടെ സാമ്പത്തിക നിയന്ത്രണത്തെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് സാമ്പത്തിക നിയന്ത്രണത്തിനുവേണ്ടി ഇങ്ങനെയുള്ള നടപടികളും ഒരിക്കലും ഗവൺമെന്റ് പ്രോൽസാഹിപ്പിക്കുകയില്ല. പൊതുവെ പറഞ്ഞാൽ ശാസ്ത്രീയമായ നടപടികളും സ്വീകരിച്ചുകൊണ്ട് സാമ്പത്തിക മാനേജുമെന്റ് കൂടുതൽ പ്രൊഫഷണലാക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി നമ്മുടെ സാമ്പത്തിക രംഗത്ത് കാര്യമായ ഇംപ്രൂവ്മെന്റ് കാണാനുണ്ട്. കഴിഞ്ഞ ഒന്നു രണ്ടു വർഷക്കാലമായി ഈ നിലയിലുള്ള ചില നടപടിക്രമങ്ങളുടെ ഫലമായി വളരെയധികം ഇംപ്രൂവ്മെന്റ് ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് തകരാറുകളൊന്നും കൂടാതെ ഈ വർഷത്തെ പ്ലാൻ ഏഴാം പദ്ധതി നടപ്പിലാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് പാപ്പരായിരിക്കുന്നു, പൊളിഞ്ഞിരിക്കുന്നു എന്നുള്ള പ്രചരണം തെറ്റാണ്.

ശ്രീ. ഇ. കെ. നായനാർ : വസ്തുത എന്താണ്? നിങ്ങൾക്ക് 761 കോടി രൂപയ്ക്ക് രണ്ടു ദിവസം മെമ്മോറാണ്ടം കൊടുത്ത് കാത്തിരിക്കേണ്ടി വരുന്നു. എത്രയാണ് കിട്ടാൻ പോകുന്നത്? 40 കോടിരൂപ ഡഫിഷിറ്റല്ലേ ഇപ്പോൾ ലഭിച്ചിരിക്കുന്നത്?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഞാൻ ഇതു പറഞ്ഞു. ഒരു രാജ്യത്തിന്റെ പ്രത്യേകമായ ചുറ്റുപാട്, ആ ഗവൺമെന്റിന് എത്ര രൂപ വരുമാനമുണ്ട്. വരുമാനമനുസരിച്ച് എത്ര രൂപ ചെലവഴിച്ചു? എന്തിനുവേണ്ടി ചെലവഴിച്ചു? റിസൾട്ട് എന്താണ്? ഇങ്ങനെയല്ലേ ഒരു ഗവൺമെന്റിനെ വിലയിരുത്തുന്നത്? ആ നിലയ്ക്ക് നോക്കുമ്പോൾ നമ്മുടെ പദ്ധതിയൊന്നും മുടക്കം വരുത്താതെ, പദ്ധതി രംഗത്ത് കൂടുതൽ ചെലവുകൾ ചെയ്തത് അത്യാവശ്യ കാര്യങ്ങളുടെ ചെലവുകൾ നിറവേറ്റി കാര്യങ്ങൾ ഭംഗിയായി കൊണ്ടുപോവുകയെന്നുള്ളതാണ് ഒരു ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഒക്കെയുണ്ടെങ്കിലും, ഒരു ബുദ്ധിമുട്ടും ഉണ്ടാക്കാതെ ഭീതി ജനിപ്പിക്കാതെ ഇവിടത്തെ കാര്യങ്ങൾ കൊണ്ടുപോകുക എന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. ഇവിടെ ശ്രീ. കാനം രാജേന്ദ്രൻ ചില കാര്യങ്ങളെ സംബന്ധിച്ച് ചില വിമർശനങ്ങൾ പറഞ്ഞു, ആ വിമർശനങ്ങൾ ഇടമലയാർ ടണലിനെ സംബന്ധിച്ചും സർജ്ഷാഫ്റ്റിനെ സംബന്ധിച്ചുമൊക്കെയാണ്. സർ, ഞാനൊരു വലിയ സങ്കേതിക വിദഗ്ദ്ധനല്ല. ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥൻമാരുമായി

LIBRARY ARCHIVES Kerala Legislative Assembly

സമ്പൂർണ്ണ ചർച്ചയും നടത്തിയിട്ടില്ല. ഉദ്യോഗസ്ഥൻമാരെല്ലാം ഇടമലയാറിലാണ്. എങ്കിലും എന്റെ ബുദ്ധിവച്ചും എനിക്കു കിട്ടിയ അറിവുവച്ചും ചില കാര്യങ്ങൾ ഞാൻ ക്ലാരിഫൈ ചെയ്യാൻ ആഗ്രഹിക്കുകയാണ്. സർജ് ഷാഫ്റ്റിൽ കോൺക്രീറ്റ് ലൈനിംഗ് വേണമെന്ന് എഗ്രിമെന്റിൽ ഉണ്ടായിട്ട് എന്തുകൊണ്ട് അത് ചെയ്തില്ലാ? ശ്രീ. കാനം രാജേന്ദ്രൻ ചോദിച്ച ഒരു ചോദ്യം ഇതാണ്. അതിന് എനിക്ക് ഉത്തരം പറയാനുള്ളത് സമയവും നിർമ്മാണച്ചെലവും ലാഭിക്കുന്നതിനുവേണ്ടി ഗണ്ണറിംഗ് എന്ന് പറഞ്ഞ് ഒരു സമ്പ്രദായമനുസരിച്ചാണ് ഷാഫ്റ്റ് നിർമ്മിച്ചത്. അങ്ങനെ ഗണ്ണറിംഗ് ചെയ്യാൻ ഇടയായതു തന്നെ, പ്രൊസീഡ്യൂർ അഡോപ്റ്റ് ചെയ്യാൻ ഇടയായതുതന്നെ ബോർഡിന്റെ സ്വന്തമായ ഒരഭിപ്രായം വച്ചല്ല. സെൻട്രൽ വാട്ടർ കമ്മിഷനുമായി കൺസൾട്ട് ചെയ്തിട്ടാണ്. അതിനു ശേഷമാണ് കോൺക്രീറ്റ് ലൈനിംഗിനു പകരം ഗണ്ണറിംഗ് സമ്പ്രദായം അഡോപ്റ്റ് ചെയ്തതെന്നാണ് എനിക്ക് അതിനെപ്പറ്റി പറയാനുള്ളത്.

ഇടമലയാറിലെ പവ്വർ ടണലിനെ സംബന്ധിച്ചിടത്തോളം ജീവനക്കാർ അവരുടെ ജോലി ചെയ്തുകൊണ്ടിരുന്നു. അവരുടെ കോൺട്രാക്ട് ടെർമിനേറ്റ് ചെയ്തിട്ട് വേറൊരു വ്യക്തിക്കു കൊടുത്തുയെന്നാണ്. എന്താണ് സംഭവമെന്ന് ബഹുമനപ്പെട്ട ബേബിജോണിനും ശ്രീ. നായനാർക്കുമൊക്കെ അറിയാം. ഇടുക്കി ഡാം പൂർത്തിയായിക്കഴിഞ്ഞപ്പോൾ, എംപ്ലോയീസ് എന്നു പറഞ്ഞാൽ കെ. എസ്. ഇ. ബി. അല്ല. ഇലക്ട്രിസിറ്റി ബോർഡ് ഗവൺമെന്റിന്റെയല്ല. ഇടുക്കി ഡാം പൂർത്തിയായിക്കഴിഞ്ഞപ്പോൾ അവിടെ പണിതുകൊണ്ടിരുന്ന തൊഴിലാളികൾക്ക് ജോലി കൊടുക്കാൻ വേണ്ടി ഇടമലയാറിൽ കൊണ്ടുവന്നു. അവിടെ കൊണ്ടുവന്നപ്പോൾ അവർക്കു കുറെ വർക്കു കൊടുത്തു. ഇടമലയാറിൽ പാറ തുരന്ന് തുരങ്കം നിർമ്മിക്കുന്ന പണി കൊടുത്തു. 1700 മീറ്ററാണ് അതിന്റെ നീളം. അതിന് 1676 മീറ്റർ അടിച്ചതിനുശേഷം 24 മീറ്റർ കൂടി അടിച്ചെങ്കിൽ മാത്രമേ അത് തുറക്കുകയുള്ളു. ആ 24 മീറ്ററിന്റെ അവസാന കവാടത്തിൽ പ്രഷർ ടാക്ടിക്സ് അവർ എടുത്തു. ഇനി ഞങ്ങൾ ജോലിചെയ്യുകയില്ല. ഇനി ഞങ്ങൾ ജോലി ചെയ്യണമെങ്കിൽ ഞങ്ങളെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ സ്ഥിരം ജീവനക്കാരായി അബ്സോർബ് ചെയ്യണം. അത് പറ്റുമോ ശ്രീ. കാനം? നമുക്കിവിടെ പി. എസ്. സി. വഴിയാണ് സെലക്ഷൻ. പി. എസ്. സി. യിൽ നിന്ന് സെലക്ട് ചെയ്യണമെന്ന് നിബന്ധനയുണ്ടായിരിക്കെ ഇടുക്കിയിൽ നിന്ന്, വന്ന തൊഴിലാളികളെല്ലാകെ മുഴുവനും നമുക്കിവിടെ അബ്സോർബ് ചെയ്യാൻ കഴിയുകയില്ല. അവർ പ്രഷർടാക്ടിക്സ് എടുത്തു, സമരമായി. സമരംകൊണ്ട് കുറെ കാലഘട്ടം കടന്നു. അങ്ങനെ വന്ന സാഹചര്യത്തിൽ എങ്ങനെയെങ്കിലും ഒന്നു പൂർത്തിയാക്കണമല്ലോയെന്നുള്ളതുകൊണ്ട് അവർക്ക് 15 ലക്ഷത്തോളം നഷ്ടപരിഹാരം കൊടുത്തുകൊണ്ട്, എന്റെ മക്കളെ നിങ്ങൾ പോ, എന്ന് സൗമനസ്യത്തോടുകൂടി പിരിച്ചു വിട്ടിട്ടാണ് ടെൻഡർ കൊടുത്തത്. അങ്ങനെയാണ് ശ്രീ. കെ. പി; പൗലോസ് ടെൻഡർ എടുക്കാൻ കാരണമായത്. അല്ലാതെ ശ്രീ. കെ. പി. പൗലോസിന് കൊടുക്കാൻവേണ്ടി തൊഴിലാളികളുടെ കോൺട്രാക്ട് ടെർമിനേറ്റ് ചെയ്തതല്ല. തൊഴിലാളികളുടെ സംഘത്തെക്കൊണ്ട് ഇതു നിർമ്മിക്കാൻ കഴിയാത്ത പ്രത്യേകമായ ഒരു സാഹചര്യം ഉണ്ടായപ്പോൾ അത് ടെർമിനേറ്റ് ചെയ്ത് കെ. പി. പൗലോസ് ഏറ്റെടുക്കുകയാണ് ചെയ്തത്. സർ, ഈ ടണലിനെ സംബന്ധിച്ചും, ഈ പണിയെ സംബന്ധിച്ചും ശ്രീ. കെ. പി. പൗലോസ് കോണ്ട്രാക്ടറാണ്. അങ്ങേർ ആരുടെയൊക്കെ സഹായം മേടിച്ചിട്ടുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ആരോടൊക്കെ രൂപ മേടിച്ചിട്ടുണ്ട്, ആരെയൊക്കെ കൂട്ടു പിടിച്ചിട്ടുണ്ട്. എന്നെനിക്കു അറിയാൻ പാടില്ല. ശ്രീ. കെ. പി. പൗലോസാണ് അതിനെ സംബന്ധിച്ചിടത്തോളം ഔപചാരികമായ കോൺട്രാക്ടർ എന്ന് വിശേഷിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിനെ സംബന്ധിച്ചിടത്തോളം ഒരു തെറ്റിദ്ധാരണയും വേണ്ട. ഇവിടെ ബഹുമാനപ്പെട്ട ഡോ. ജോസഫ് തന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു കാര്യം വിശദമാക്കുകയുണ്ടായി. ഈ ടണലിനെ സംബന്ധിച്ചിടത്തോളം എന്തുകൊണ്ട് കോൺക്രീറ്റ് ലൈനിംഗ് വേണ്ടെന്നു വച്ചു? കാരണം, ശ്രീ. കാനം രാജേന്ദ്രൻ ഇതു സാങ്കേതിക വിഷയമാണ്. നമ്മളാരും എൻജിനീയറിംഗ് സബ്ജക്ട് എടുത്തവരല്ല കോൺക്രീറ്റ് ലൈനിംഗ് എന്നു പറയുന്നത് കമ്പികളും സിമന്റുമിട്ട് ഉണ്ടാക്കുന്നതാണ്. എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്നത് എവിടെയൊക്കെ പാറ ദുർബലമാണോ അങ്ങനെയുള്ള സ്ഥലങ്ങളിൽ കോൺക്രീറ്റ് ലൈനിംഗ് വേണമെന്നുള്ളതാണ്. പാറ ദുർബലമാണെന്ന് ബോധ്യപ്പെട്ട സ്ഥലങ്ങളിലൊക്കെയും കോൺക്രീറ്റ് ലൈനിംഗ് ഇട്ടുകാണും. അത് ഇടാതെ നിവൃത്തിയില്ല കോൺക്രീറ്റ് ലൈനിംഗ് ഇടുകയെന്നുള്ളതാണ് അതിനെ സംബന്ധിച്ച നിബന്ധന. അതുകൊണ്ട് മനപൂർവ്വം പാറ ദുർബലമാണെന്നറിഞ്ഞിരിക്കെ ആ അറിവിനെതിരെ നിന്ന് കോൺക്രീറ്റ് ലൈനിംഗ് ചെയ്യാതെയിരുന്നുയെന്നുള്ളത് വേറൊരു കാര്യമാണ്. അങ്ങനെയൊന്നും ഞങ്ങളുടെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ല. അപ്പോഴും സാധാരണ ഗതിയിൽ പാറ ദുർബലമായിടത്തു മാത്രമേ കോൺക്രീറ്റ് ലൈനിംഗിന്റെ ആവശ്യമുള്ളൂ. ദുർബലമല്ലെന്നു തോന്നുന്നുവെങ്കിൽ ടെക്നിക്കലായിട്ടുള്ള ജഡ്ജ്മെന്റുണ്ടെങ്കിൽ അവിടെ കോൺക്രീറ്റ് ലൈനിംഗിന്റെ ആവശ്യമില്ലായിരുന്നു. അതനുസരിച്ചായിരിക്കാം ഇലക്ട്രിസിറ്റി ബോർഡ് അതിനെ സംബന്ധിച്ചിടത്തോളം പ്രവർത്തിച്ചതെന്നു മാത്രമേ എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളൂ. ഡിസൈനിലും എഗ്രിമെന്റിലും ഉള്ള വ്യവസ്ഥ കണ്ടീഷനിലാണ്. അതുകൊണ്ട് അതിനെപ്പറ്റി കുറ്റക്കാരുണ്ടെങ്കിൽ നമുക്കെന്തോ വിഷമം? ബഹുമാനപ്പെട്ട ഇ. കെ. നായനാരും, ബേബിജോണും ഷൺമുഖദാസും, കെ. പി. പ്രഭാകരനും എല്ലാം 1-ാം തീയതി അങ്ങു പോവുകയാണ്. ഇതിനകത്ത് വല്ല കാര്യവുമുണ്ടോ? ടെക്നിക്കലായിട്ട് ജോലി ചെയ്യുമ്പോൾ ചോർച്ച വരും. ചോർച്ച നീക്കണം അതിന്റെ കാരണങ്ങളെ സംബന്ധിച്ചിടത്തോളം വിദഗ്ദ്ധ സമിതി ഇന്നലെ വന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ റിപ്പോർട്ടിനകത്ത് അതിന്റെ കാരണങ്ങളെന്തെന്ന് കണ്ടു കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: വിദഗ്ദ്ധ സമിതി വന്നുവെന്നും അവിടെ സാമ്പിളും പാറ കാണുന്നില്ലായെന്നും ഇന്നു മനോരമയിൽ വന്ന വാർത്തയാണ് ഇങ്ങനെ പാറ കാണാതായാൽ അവിടെ സമിതി എന്താ പരിശോധിക്കുന്നത്? ഞാൻ ശ്രീ. മാണിയോട് പറയുന്നത് നിങ്ങളും നിരപരാധികളാണെങ്കിൽ ജുഡിഷ്യൽ എൻക്വയറിക്ക് ഓർഡറിടാൻ നിങ്ങളും തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: ശ്രീ. എം. വി. രാഘവന്റെ കോടതിയോടുള്ള ബഹുമാനമേ.... എന്റെ രാഘവാ ഇതൊക്കെ ഇവിടെ വേണ്ട. ഞങ്ങളും നിങ്ങളാരും പറയാതെ അങ്ങേയറ്റം സാങ്കേതിക വൈദഗ്ദ്ധ്യമുള്ള സമിതികളെ ഇതേൽപ്പിച്ചു കഴിഞ്ഞു. ആ റിപ്പോർട്ട് കിട്ടട്ടെ. ബഹുമാനപ്പെട്ട നായനാർ രാവിലെ ഒരു സബ്മിഷൻ ഉന്നയിച്ചു, ഞാൻ അതിന് മറുപടി പറഞ്ഞു കഴിഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കാനം രാജേന്ദ്രൻ : ഞാൻ പറഞ്ഞ കാര്യങ്ങൾ അങ്ങ് നിഷേധിച്ചില്ലായെന്നതിൽ സന്തോഷം. ഞാൻ വേറൊരു കാര്യം ഇവിടെ പറഞ്ഞു. 24 മണിക്കൂറെങ്കിലും സിമൻറ് മാനുവൽ അനുസരിച്ച് മിനിമം ക്യൂവറിംഗിനു ടൈം വേണമെന്നിരിക്കെ പന്ത്രണ്ട് മണിക്കൂറായും പത്തു മണിക്കൂറായും അത് ചൂരുക്കിയതിന്റെ ഉത്തരവിന്റെ കോപ്പി ഞാൻ ഇവിടെ വയ്ക്കാമെന്നുപറഞ്ഞു. അങ്ങ് അതിനെക്കുറിച്ചു മാത്രം ഒന്നും പറഞ്ഞില്ല. എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. കെ. എം. മാണി ; കോൺക്രീറിന് സെറ്റ് ചെയ്യാൻ ഇത്രമണിക്കൂർ മതിയെന്ന് അവർക്ക് ബോധ്യമുണ്ടെങ്കിൽ അതനുസരിച്ച് ഡയറക്ഷൻ കൊടുത്തുകാണും. അതെ സംബന്ധിച്ച് അന്വേഷിക്കാം. അത് 3 P. M.] സെറ്റ് ചെയ്യുകയില്ലെന്നുണ്ടെങ്കിൽ ആരെങ്കിലും ആ പലക മാറ്റുമോ ? ഒരിക്കലും ചെയ്യുകയില്ല. ഒരു എൻജിനീയർ അങ്ങനെ ചെയ്യുമോ ? ഒരു എൻജിനീയറെ സംബന്ധിച്ചിടത്തോളം സെറ്റ് ചെയ്തതിനുശേഷമേ എടുത്ത് മാറ്റുകയുള്ളൂ. അതുകൊണ്ട് പ്രത്യേക സാഹചര്യത്തെ സംബന്ധിച്ചിടത്തോളം ഇത്ര മണിക്കൂർ കൊണ്ട് സെറ്റ് ചെയ്യുമെന്ന് അയാൾക്ക് തോന്നിയെങ്കിൽ കാലതാമസം ഒഴിവാക്കാൻവേണ്ടി പറഞ്ഞിരിക്കാം. നിങ്ങൾ എത്ര ശ്രമിച്ചാലും ഇതുസംബന്ധിച്ച് yes or No ഉണ്ണൊന്നും ഞാൻ പറയാൽ ഒരുക്കമല്ല. ഇതിനെ സംബന്ധിച്ചിടത്തോളം എന്റെ ഇൻറർഷൻ നിങ്ങൾ വളരെ തെറ്റായ രീതിയിൽ കാണാൻ പാടില്ല എന്നാണ്. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഒന്നും മാച്ചുവയ്ക്കാനില്ല. മന്ത്രിയൊന്നുമല്ല ഡാം കെട്ടുന്നത്. എൻജിനീയർമാരാണ് അവിടെയുള്ള ജോലിക്കാരാണ്. ആ ഡാമിന് ചോർച്ച വന്നാൽ അതിനിടയിൽ രാഷ്ട്രീയം കാണുന്നതിലാണ് എനിക്ക് സങ്കടം. ശ്രീ. നായനാർ അങ്ങനെ പറഞ്ഞില്ല. ശ്രീ. നായനാർ ഒരിക്കലും അങ്ങനെ ഉദ്ദേശിക്കുകയില്ല. ശ്രീ. രാഘവൻ പറഞ്ഞാൽ കേരളാകോൺഗ്രസ്സ് എന്ന ഒരു വാക്ക് പറയാതിരിക്കുമോ ? ശ്രീ. രാഘവന് കേരളാകോൺഗ്രസിനോട് വിരോധമുണ്ടെന്ന് എനിക്ക് അറിയാം. വിരോധം തീർത്തേ പറ്റുകയുള്ളൂ. പക്ഷെ കേരളാകോൺഗ്രസ്സിനോടുള്ള വിരോധം തീർക്കാനായിട്ട് ഈ കാര്യത്തിൽ കൊണ്ടുവന്ന കണക്ട് ചെയ്യരുതെന്ന്, അപേക്ഷിക്കുകയാണ്. സീതിഹാജി കട്ടപ്പന കോളേജിനെപ്പറ്റി പറഞ്ഞപ്പോൾ എനിക്ക് സങ്കടം തോന്നി. കേരള ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നമ്മുടെ പരിമിതികളും കഴിവും അനുസരിച്ച് എവിടെയൊക്കെ ഗവൺമെൻറ് കോളേജുകളുണ്ടോ അവിടെയൊക്കെ എല്ലാവർക്കും സ്ഥലം കൊടുക്കുകയും കെട്ടിടം പണിയുകയും ചെയ്താൽ കൊള്ളാമെന്നുണ്ട്. കഴിവിന്റെ പരമാവധിയനുസരിച്ച് ചെയ്യാം. ശ്രീ. സീതിഹാജി പറഞ്ഞ പ്രദേശത്തെ സംബന്ധിച്ച് തീർച്ചയായും പരിഗണിക്കാം. കട്ടപ്പനയിൽ ഉണ്ടായത് എന്താണ് ? കട്ടപ്പന വലിയകണ്ടത്തിൽ കോളേജ് തുടങ്ങണമെന്നായിരുന്നു ഇതിനുമുമ്പ് എടുത്ത തീരുമാനം. വലിയകണ്ടത്തിലുള്ളവർ പാവപ്പെട്ടവരാണ്. അവിടെയുള്ളവരെ മുഴുവൻ കുടിയൊഴിപ്പിച്ചിട്ട് കോളേജ് സ്ഥാപിക്കാൻ പറ്റുകയില്ലെന്നുള്ളതുകൊണ്ട് അന്നത്തെ രാഷ്ട്രീയസാഹചര്യത്തിൽ ഒരു തീരുമാനം സ്പോൺസറിങ്ങ് കമ്മിറ്റി എടുത്തു. കുറെ പാവപ്പെട്ടവരെ ഒഴിപ്പിക്കാൻ. പക്ഷെ അവർക്ക് രൂപയല്ല പ്രധാനം തലചായ്ക്കാനുള്ള ഭൂമിയാണ് പ്രധാനം. അവർക്ക് കരിച്ചിൻകാനത്ത് ഫോറസ്റ്റ് ഭൂമി കൊടുക്കാമെന്ന് പറഞ്ഞതുകൊണ്ട് ഇരുപതേക്കർ സ്ഥലം കോളേജിനുവേണ്ടി കൊടുക്കാമെന്നുള്ളതായിരുന്നു തീരുമാനം. പക്ഷെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് വന്നപ്പോൾ ഗവൺമെൻറിന്റെ ഫോറസ്റ്റ് ഭൂമി കിട്ടുകയില്ലെന്നായി. ഫോറസ്റ്റ് ഭൂമി പകരം കൊടുക്കാൻ പറ്റുകയില്ലെന്ന് വന്നപ്പോൾ പുതിയ കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കണമെങ്കിൽ ഭൂമിയുമില്ല രൂപയുമില്ല എന്നുള്ളനിലയിൽ അവരെ പറഞ്ഞുവിടാൻ പറ്റുകയില്ലെന്നുള്ളതുകൊണ്ടു അവർക്ക് ഒരു നഷ്ടപരിഹാരം ഏർപ്പാടുചെയ്തു. സാഹചര്യത്തിന്റെ പ്രത്യേകതകൊണ്ടു അവിടെ നഷ്ടപരിഹാരം ഏർപ്പാട് ചെയ്തുവെന്നുള്ളതേയുള്ളൂ. ശ്രീ. സീതിഹാജി പറഞ്ഞ സ്ഥലത്ത് ഈ പ്രത്യേകസാഹചര്യം നിലവിലുണ്ടെങ്കിൽ തീർച്ചയായും ചെയ്യാവുന്നതാണ്. സാഹചര്യം ഇല്ലാത്ത സ്ഥിതിയ്ക്ക് ഒരു വിവേചന മായിട്ട് കണക്കാക്കാൻ പാടില്ല.

ശ്രീ. ബേബീജോൺ : സാധുക്കളുടെ കയ്യിൽ നിന്ന് വാങ്ങിച്ചിട്ട് സാധുക്കൾക്കാണോ വില കൊടുത്തത്? അതോ സ്പോൺസറിങ്ങ് കമ്മിറ്റിയ്ക്കാണോ ?

ശ്രീ. കെ. എം. മാണി : സ്പോൺസറിങ്ങ് കമ്മിറ്റി സാധുക്കളുടെ ഭൂമിയെടുത്താൽ അവർക്ക് ഇൻസെന്റീവ് എന്ന് പറയുന്നത് പകരം ഭൂമിയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ശ്രീ. ബേബീജോണിന് തന്നെ അറിയാം. അദ്ദേഹം വിദ്യാഭ്യാസമന്ത്രി യായിരുന്ന കാലത്ത് ഇതിനുവേണ്ടി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ആ ചർച്ചയെത്തുടർന്നുള്ള അനന്തരനടപടി പൂർത്തിയാകുന്നതിനുവേണ്ടി മാത്രമാണ് ഇന്ന് സപ്ലിമെന്ററി ഡിമാന്റ് ഇവിടെ മൂവ് ചെയ്തിരിക്കുന്നത്. അത് ബഹുമാനപ്പെട്ടമെമ്പറുടെ കാലത്ത് നടപ്പാക്കിയില്ല ഇന്ന് നടപ്പാക്കി.

ശ്രീ. ബേബീജോൺ : തർക്കമുണ്ടായിരുന്നത് സ്പോൺസറിങ്ങ് കമ്മിറ്റിയ്ക്ക് കൊടുക്കണമോ വസ്തു ഉടമസ്ഥർമാർക്ക് കൊടുക്കണമോ യെന്നുള്ളതായിരുന്നു.

ശ്രീ. ടി. എം. ജേക്കബ്ബ് : സ്പോൺസറിങ്ങ് കമ്മിറ്റിക്ക് വേണ്ടി യിട്ടാണ് അത് ഏർപ്പാട് ചെയ്തിരിക്കുന്നത്.

ശ്രീ. കെ. എം. മാണി : ശ്രീ. ബേബീജോണും കൂടി ഇരുന്ന് നയപരമായി എടുത്ത ഒരു തീരുമാനത്തിന്റെ ഇംപ്ലിമെന്റേഷനാണ് ഇവിടെ നടത്തിയത്. ഏതെങ്കിലും ഹാർഡ്ഷിപ്പ് ആ കാര്യത്തിലുണ്ടെന്ന് ശ്രീ. സീതിഹാജി ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അത് പരിഹരിക്കാം. അതിന് നമുക്ക് വേറെ മാർഗ്ഗം ആലോചിക്കാം. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഇത് വിവേചനമായിട്ട് ആരും കാണാൻപാടില്ല. 43 കോടിരൂപയിൽ നാൽപ്പതുകോടിരൂപയും ദുരിതാശ്വാസത്തിനുവേണ്ടി ചെലവഴിക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. മൂന്നുകോടി രൂപ കശുഅണ്ടിത്തൊഴിലാളി കൾക്കു വേണ്ടി ചെലവഴിച്ച കാര്യം റഗുലറൈസ് ചെയ്യുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഉപധനാഭ്യർത്ഥനയാണ്. പ്രതിപക്ഷത്തുള്ളവർ എതിർക്കുകയില്ലെന്ന് അറിയാം. നിങ്ങൾക്ക് ദുരിതാശ്വാസ പ്രവർത്തനം ഈ രാജ്യത്ത് നടക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ നിങ്ങൾ ഗവൺമെന്റുമായി സഹകരിക്കുന്നുവെങ്കിൽ കശുവണ്ടിത്തൊഴിലാളികൾക്ക് മൂന്നുകോടിരൂപ കൊടുക്കുന്നതിന് നിങ്ങൾ സഹകരിക്കുന്നുവെങ്കിൽ നിങ്ങൾ എതിർക്കരുത് നിങ്ങൾ എതിർത്താൽ അത് ഇവിടെ റിക്കാർഡാകും. അതുകൊണ്ട് നിങ്ങൾ എതിർക്കാൻ പാടില്ല.

പോലീസ് എന്ന 12-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 300 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം വോട്ടിനിട്ട് സഭ പാസാക്കി.

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥന പാസാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

പൊതുമരാമത്ത് എന്ന 15-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,600 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

വിദ്യാഭ്യാസം കല സംസ്ക്കാരം എന്ന 171-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,75,100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന 261-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

പ്രകൃതിക്ഷോഭത്തിന് ഇരയായവർക്ക് ദുരിതാശ്വാസം എന്ന 27-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40 കോടിരൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

സാമൂഹ്യവികസനം എന്ന 37-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട പാസ്സാക്കി.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

വ്യവസായമെന്ന 38-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 31 51,800 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

ജലസേചനം എന്ന 39-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന 5-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ 100 രൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭവോട്ടിനിട്ട് പാസ്സാക്കി.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ട്രഷറികളും അക്കൗണ്ടുകളും എന്ന 10-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,90,000 രൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

പെൻഷനും പലവകയും എന്ന 16-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,94,600 രൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

ഉപധനാഭ്യർത്ഥന പാസാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

മെഡിക്കൽ എന്ന 18-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 500 രൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

തൊഴിലും തൊഴിൽസൗകര്യങ്ങളുമെന്ന 25-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,20,000 രൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

ഉപധനാഭ്യർത്ഥന പാസാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

കൃഷിയെന്ന 30-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200 രൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

ഉപധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

കുടുംബാസൂത്രണം എന്ന 19-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1979-80 സാമ്പത്തികവർഷത്തിൽ 5,57,379 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

അധികധനാഭ്യർത്ഥന പാസ്സാക്കിക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

വാഹനനികുതിയെന്ന 9-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1980-81 സാമ്പത്തികവർഷത്തേക്ക് 2,30,231 രൂപയുടെ അധികധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

അധികധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

സ്റ്റേറേഷനറിയും ഭരണപരമായ മറ്റ് സർവ്വീസുകളും എന്ന 14-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1980-81 സാമ്പത്തിക വർഷത്തിലേക്ക് 1,71,11,925 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി. അധികധനാഭ്യർത്ഥന പാസാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

മെഡിക്കൽ എന്ന 18-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1980-81 സാമ്പത്തികവർഷത്തേക്ക് 26,94,639 രൂപയുടെ അധികധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

LIBRARY ARCHIVES Kerala Legislative Assembly

അധികധനാഭ്യർത്ഥന പാസാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

വിനോദസഞ്ചാരം എന്ന 42-ാം ധനാഭ്യർത്ഥനയുടെ പേരിൽ 1980-81 സാമ്പത്തികവർഷത്തേക്ക് 2,10,620 രൂപയുടെ അധികധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

അധികധനാഭ്യർത്ഥന പാസാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

പൊതുജനാരോഗ്യ എൻജിനീയറിഗ് എന്ന 21-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1980-81 സാമ്പത്തികവർഷത്തേക്ക് 14,306 രൂപയുടെ അധികധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

അധികധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

മൃഗസംരക്ഷണം എന്ന 32-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1980-81 സാമ്പത്തികവർഷത്തേക്ക് 41,786 രൂപയുടെ അധികധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

അധികധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

ജലസേചനം എന്ന 37-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1980-81 സാമ്പത്തികവർഷത്തേക്ക് 63,25,752 രൂപയുടെ അധികധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

അധികധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

മൂനിക്കുതിയെന്ന 8-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തികവർഷത്തേയ്ക്ക് 5,69,471 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

അധികധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

വാഹനനികുതിയെന്ന 9-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തികവർഷത്തേക്ക് 7,11,723 രൂപയുടെ അധികധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

അധികധനാഭ്യർത്ഥന പാസാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

ട്രഷറികളും അക്കൗണ്ടുകളും എന്ന 10-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തികവർഷത്തേക്ക് 12,81,401 രൂപയുടെ അധികധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

അധികധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

ജില്ലാഭരണവും പലവകയും എന്ന ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തികവർഷത്തേക്ക് 86,834 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

LIBRARY ARCHIVES Kerala Legislative Assembly

അധികധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

ജയിൽ എന്ന 13-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തികവർഷത്തേക്ക് 5,89,611 രൂപയുടെ അധികധനാഭ്യർത്ഥന പാസ്സ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

അധികധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

സാമൂഹ്യവികസനമെന്ന 36-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തികവർഷത്തേയ്ക്ക് 3,75,667 രൂപയുടെ അധിക ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

അധികധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

പലവകയും വായ്പകളും മുൻകൂറും എന്ന 45-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1982-83 സാമ്പത്തികവർഷത്തേക്ക് 81,29,358 രൂപയുടെ അധികധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന പ്രശ്നം സഭ വോട്ടനിട്ട് പാസ്സാക്കി.

അധികധനാഭ്യർത്ഥന പാസ്സാക്കുകും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

ശ്രീ. എ. വി. താമരാക്ഷൻ : റൂൾ 190 The sitting of a committee shall be held on such days and at such hours as the Chairman of the committee may fix ഇതനുസരിച്ച് സബ്ജക്ട് കമ്മിറ്റി 3-ലെ ഏഴ് അംഗങ്ങളും ഇടമലയാറും കല്ലട പ്രോജക്ടും സംബന്ധിച്ച് സംഭ്രമജനകമായ സ്ഥിതി ഉള്ളതിനാൽ ആ കമ്മിറ്റി വിളിച്ചുകൂട്ടണമെന്നും അവിടെ പോകാൻ അവസരം ഉണ്ടാക്കണമെന്നും അവശ്യപ്പെട്ടുകൊണ്ട് എഴുതി കൊടുത്തു. എഴുതി കൊടുത്തതിനുശേഷം ഞങ്ങൾക്ക് കിട്ടിയ മറുപടി ഇറിഗേഷൻ സെക്രട്ടറിക്ക് ആ കത്ത് അയച്ചിരിക്കുന്നു എന്നാണ്. അങ്ങ് (മി. സ്പീക്കർ) ശിൽപശാല നടത്തിയപ്പോൾ അറിവുശാലയാണെന്നു പറഞ്ഞ് ആക്ഷേപിച്ച ആളുകളാണ് ഇപ്പോൾ ഈ നിലയിൻ മറുപടി തന്നിരിക്കുന്നത്. ഇത് നിയമസഭാ കമ്മിറ്റിയോടുള്ള അവഹേളനമാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : സർ, സബ്ജക്ട് കമ്മിറ്റിയിലെ ഏഴ് അംഗങ്ങളും ഒപ്പിട്ടുകൊണ്ട് എനിക്ക് ഒരു കത്ത് തരുകയുണ്ടായി. ആ കത്തിൽ കമ്മിറ്റി വിളിച്ചുകൂട്ടാൻ ആവശ്യപ്പെട്ടിട്ടില്ല. ആ കത്തിൽ പറഞ്ഞിട്ടുള്ളത്, കല്ലട, ഇടമലയാർ എന്നീ പദ്ധതികളെ സംബന്ധിച്ച് പല വിവാദങ്ങളും ഉള്ളതുകൊണ്ട് അവിടം പരിശോധിക്കുന്നതിനും വസ്തുതകളും നേരിൽ മനസ്സിലാക്കുന്നതിനും സന്ദർശിക്കാൻ സൗകര്യമുണ്ടാക്കണമെന്നാണ്. ഒന്നുകിൽ വിവരമില്ലായ്മ അല്ലെങ്കിൽ മറന്നു പോയതുകൊണ്ട്. എന്റെ സ്നേഹിതൻ ഇങ്ങനെ പറയുകയാണ്. അവിടം പരിശോധിക്കാൻ സൗകര്യം ചെയ്തുതരണമെന്നു പറഞ്ഞ് എനിക്ക് കത്തു തന്നു. അത് മാർക്ക് ചെയ്തുകൊണ്ട് വേണ്ട അറേൻജ്മെൻറ് ചെയ്തു കൊടുക്കാൻ വേണ്ടി കത്ത് ഇറിഗേഷൻ സെക്രട്ടറിക്ക് അയച്ചുകൊടുത്തു. ഞാൻ ഇക്കാര്യത്തിൽ യാതൊരു തെറ്റും ചെയ്തിട്ടില്ല. ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : കമ്മിറ്റി കൂടണമെന്നും കമ്മിറ്റി നേരിട്ട് പോയി പരിശോധിക്കണമെന്നുമാണ് പറഞ്ഞിട്ടുള്ളത്. ചെയർമാനാണ് ഇതിൽ തീരുമാനമെടുക്കേണ്ടത്. സെക്രട്ടറിക്ക് ഇതിൽ യാതൊരു കാര്യവുമില്ല. കമ്മിറ്റി കൂടണമെന്ന് തീരുമാനിക്കേണ്ടത് ചെയർമാനാണ്.

മി. സ്പീക്കർ : ഇതു സംബന്ധിച്ച്, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ചെയറിലിരുന്നപ്പോഴും തന്നെ പറഞ്ഞു. ഇതു സംബന്ധിച്ച് വിവരം കിട്ടിയപ്പോഴും തന്നെ ബഹുമാനപ്പെട്ട കാനം രാജേന്ദ്രനേയും ബഹുമാനപ്പെട്ട ഇറിഗേഷൻ മിനിസ്റ്ററേയും ചേമ്പറിൽ വിളിച്ചുവരുത്തി ഇതിന്റെ പൊസിഷൻ ക്ലിയറായി അറിയാൻവേണ്ടി. കത്തുകളും ചെയർ പരിശോധിച്ചു. ഇതിനകത്തുള്ള പ്രശ്നമെന്താണെന്നു വച്ചാൽ, കമ്മിറ്റി വിളിച്ചുകൂട്ടണമെന്ന് അതിനകത്ത് പറഞ്ഞിട്ടില്ല. ആദ്യം സബ്ജക്ട് കമ്മിറ്റി വിളിച്ചുകൂട്ടാൻവേണ്ടി ആയിരിക്കുമെന്ന് കരുതി ബഹുമാനപ്പെട്ട ഇറിഗേഷൻ മിനിസ്റ്റർ ആദ്യം അത് അസംബ്ലി സെക്രട്ടറിക്ക് മാർക്ക് ചെയ്തുവെങ്കിലും പിന്നീട് അവിടം സന്ദർശിക്കാൻ വേണ്ടിയിട്ടായിരിക്കും എന്നുള്ള ധാരണ അദ്ദേഹത്തിന് ഉണ്ടായതിനെ തുടർന്നാണ് അദ്ദേഹം അങ്ങനെ ചെയ്തത്. ഏതായാലും ഇതൊരു കമ്മ്യൂണിക്കേഷൻ ഗ്യാപ്പിന്റെ ഫലമായി ഉണ്ടായിട്ടുള്ള പ്രശ്നമാണ്. ഇത്തരത്തിലുള്ള കത്തുകളെ സംബന്ധിച്ചിടത്തോളം അത് വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യണം. ബഹുമാനപ്പെട്ട അംഗങ്ങളുടെ അവകാശങ്ങളെ ചോദ്യം ചെയ്യാൻ ഒരു കാരണവശാലും ചെയർ അനുവദിക്കുന്ന പ്രശ്നമില്ല. ഇതിനകത്ത് വന്നിട്ടുള്ളത് കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് മാത്രമാണ്. അതുകൊണ്ട് ഒരു വിവാദത്തിലേക്ക് പോകേണ്ട കാര്യമില്ല.

സഭ ഇപ്പോഴും പിരിയുന്നതും നാളെ രാവിലെ 8-30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1985 ജൂലായ് 30-ാം തീയതി രാവിലെ 8-30-ന് സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചകഴിഞ്ഞ് 3-15-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly